KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE

# JAGRATHA

## ജാഗ്രത ന്യൂസ് NEWS


For Private circulation Only | July - September 2020 | Issue 276

## ചെല്ലാനം കടലാക്രമണം

സർക്കാരിന്റെ അനാസ്ഥ ക്രൂരം, പ്രതിഷേധാർഹം

## ഓർത്തുപറയലുകളെ ശ്രദ്ധിക്കുക

ബിഷപ്പ് ഡോ. ജോസഫ് കരിയിൽ



## ഹാഗിയ സോഫിയ

ചരിത്ര യാഥാർത്ഥ്യങ്ങൾ

## അഭികാമ്യമല്ല ഈ നിശബ്ദതയും നിഷ്ക്രിയത്വവും

സിബി മാത്യൂസ് ഐപിഎസ്

## പാൻ ഇസ്ലാമിക് രാഷ്ട്രീയം പിടിമുറുക്കുന്നോ?

ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്

## ലൗജിഹാദ്

ക്രൈസ്തവസമൂഹം ശ്രദ്ധിക്കേണ്ട ചില യാഥാർത്ഥ്യങ്ങൾ

നിഷ ജോസ്

## നവസ്വാതന്ത്ര്യ ലബ്ധി

ജോൺപോൾ

## Growing Majoritarian Nationalism

Dr. Vinod K. Jose

JAGRATHA
ജാഗ്രത ന്യൂസ് NEWS

July - September 2020
Issue 276

**Chairman**
Rt. Rev. Dr. Joseph Kariyil

**Vice Chairmen**
Adp. Mar Andrews Thazhath
Bp. Mar Pauly Kannookadan

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi - 25
Phone 0 484 2806262

e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
www.kcbcsite.com
Blog: Jagrathakcbc.blogspot.com

**കെസിബിസി വാർത്താക്കുറിപ്പ്** ............... 5 - 6

**പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ മൂടിവയ്ക്കുന്നതാര്?** ...... 20 - 21
ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി.

**ഡിപ്ലോമാറ്റിക് ബാഗേജുകൾ പലയിനം!** ................ 22 - 24
ഫാ. ജോഷി മയ്യാറ്റിൽ

**മനുഷ്യാവസ്ഥയുടെ സംത്രാസങ്ങൾ!** ............... 30 - 31
ഫാ. വർഗീസ് വള്ളിക്കാട്ട്

**കള്ളക്കടത്തിലൂടെ തഴയ്ക്കുന്ന തീവ്രവാദം**....... 32 - 35
ഫാ. നോബിൾ തോമസ് പാറയ്ക്കൽ

**ഹാഗിയ സോഫിയ മോസ്ക് ആയി മാറുമ്പോൾ**.... 36 - 38

**അടർന്നു വീഴുന്ന മതേതരത്വ മുഖംമൂടികൾ** ...... 40 - 41
ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി.


**കെസിബിസി കോവിഡ് പ്രതിരോധ പ്രർത്തനങ്ങൾ ഊർജ്ജിതമാക്കി** ............ 42 - 43

**Kerala Bishops Seek Action Against Terror Network ....** 54

**ജാഗ്രതയോടെ സന്ന്യാസിനീ കൂട്ടായ്മ വോയ്സ് ഓഫ് നൺസ്** ............ 55

**കെസിബിസി പ്രസ്താവനകൾ**
പരിസ്ഥിതി ആഘാത വിലയിരുത്തൽ കരടുവിജ്ഞാപനം 31
ഹാഗിയ സോഫിയ മോസ്കാക്കി മാറ്റുന്നത് അപലപനീയം 35
സ്പെഷൽ മാരേജ് ആക്ടിന്റെ ദുരുപയോഗത്തിന് സർക്കാർ കൂട്ടുനില്ക്കരുത് 42
മത്തായിയുടെ കുടുംബത്തിന് നീതി ലഭിക്കണം 51





# ഓർത്തുപറയലുകളെ ശ്രദ്ധിക്കുക!

**ബിഷപ്പ് ഡോ. ജോസഫ് കരിയിൽ**
(ചെയർമാൻ, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ)

ജീവിക്കുക എന്നാൽ ഓർമ്മിക്കുക എന്നാണ്; ഓർമ്മിക്കുക എന്നുപറഞ്ഞാൽ ഓർത്തുപറയുക എന്നാണ്- ഗബ്രിയേൽ ഗാർസ്യാ മർക്കേസ് Vivir Para Contar എന്ന തന്റെ ആത്മകഥ തുടങ്ങുന്നത് ഇങ്ങനെയാണ്. മറ്റനേകം വ്യഗ്രതകൾക്കിടയിലും ജീവിതം ഓർമ്മിക്കലും ഓർത്തുപറയലുമാണ്. ഓർമ്മകൾ വിവേചനപര(Selective)മായിരിക്കും. അസുഖകരമായതിന്റെ അരിച്ചുമാറ്റൽ ഓർമ്മയുടെ കാര്യത്തിലുണ്ട്. വ്യക്തി തന്റെ ജീവിതമെഴുതുന്ന ആത്മകഥയുടെ അടുത്ത് വസ്തുനിഷ്ഠതയുടെ അളവുകോലുമായി ചെല്ലാൻ പാടില്ല. വ്യക്തി തന്റെ ചുറ്റുപാടുകളെക്കുറിച്ചെഴുതുമ്പോൾ സമകാലിക ചരിത്രമുണ്ടാകും. തന്റെ സാന്നിധ്യമോ പങ്കാളിത്തമോ ഇല്ലാത്ത ഭൂതകാലത്തെക്കുറിച്ചു പറയുന്നത് ചരിത്രരചനയാണ്. ചരിത്രരചനയിൽ വ്യക്തിനിഷ്ഠതയെക്കാൾ വസ്തുനിഷ്ഠതയ്ക്കു മുൻതൂക്കമുണ്ടാകും; മുൻതൂക്കം ഉണ്ടാകണം. അപ്പോഴും ചരിത്രം വെറുതെ വിഴുങ്ങാനുള്ളതല്ല. രുചിച്ചുനോക്കി വേണം ഉള്ളിലേക്കെടുക്കാൻ. വ്യക്തിയുടെ ആഭിമുഖ്യങ്ങൾ ആവുന്നത്ര ഒഴിവാക്കിയത് എന്നേ വസ്തുനിഷ്ഠതയ്ക്ക് അർത്ഥമെടുക്കേണ്ടതുള്ളൂ. നിഷ്പക്ഷത എന്നൊരു പക്ഷമുണ്ടോ എന്നത് തർക്കവിഷയം തന്നെയാണ്. "ഇന്ത്യ ഇന്ത്യയുടേതെന്നും ചൈന ചൈനയുടേതെന്നും പറയുന്ന....." രീതിയിലുള്ള നിഷ്പക്ഷത കണ്ട ശീലം നമുക്കുണ്ട്. ചെന്നായ്ക്കും കുഞ്ഞാടിനും ഒരേ നീതി വിളമ്പുന്ന നിഷ്പക്ഷതയെ കവി തള്ളിപ്പറയുന്നത് വായിച്ചിട്ടില്ലേ?

ചരിത്രം തീറെഴുതി വാങ്ങാൻ, പൂർണ്ണാധികാരത്തോടുകൂടി കൈവശം വയ്ക്കാനും കൈമാറാനുമുള്ള അവകാശത്തിനായി ശ്രമിക്കുന്ന ഏകാധിപത്യങ്ങളും സങ്കുചിത താത്പര്യങ്ങളും എക്കാലത്തും ഉണ്ടാവും. അവർ പുതിയ ചരിത്രമെഴുത്തുപള്ളിക്കൂടങ്ങൾ സ്ഥാപിച്ചെന്നുമിരിക്കും. ഇതൊക്കെ മനസ്സിലാക്കിയാണ് ജോർജ് ഓർവെൽ 1984 എന്ന നോവൽ എഴുതിയത്. അതിൽ അദ്ദേഹം കുറിച്ചു: Who controls the past, controls the future; who controls the present controls the past. അധികാരമുള്ളവർക്കാണ് ഇതു സാധിക്കുക. അധികാരം രാഷ്ട്രീയാധികാരമാവാം, മൂലധനാധികാരവുമാകാം. രണ്ടും ഒന്നിക്കുമ്പോൾ കൂടുതൽ ഭയക്കണം. വർത്തമാനകാലത്തെ, ശക്തികൊണ്ടും കൗശലംകൊണ്ടും വരുതിയിലാക്കി, ഭാവിയെ ചൊൽപ്പടിയിലാക്കാൻ ആഭിചാരകർമ്മങ്ങൾ ചുറ്റും നടക്കുമ്പോൾ ജോർജ് ഓർവെല്ലിനെ ഓർക്കാതിരിക്കുന്നതെങ്ങനെ!

എഴുതപ്പെട്ട ചരിത്രം വീണ്ടുമെഴുതേണ്ടതുണ്ട്, തിരുത്തി എഴുതേണ്ടതുമുണ്ട്. നിലവിലുള്ള ചരിത്രമെല്ലാംതന്നെ ഉടമയുടെ ചരിത്രമാണല്ലോ. We may have to 'right' the history and then 'write' the history. പക്ഷേ, പുനർവായനകളിലും പുനരെഴുത്തുകളിലും നിലനില്പ്പിന് അർഹതയുള്ള സത്യങ്ങളെ തമസ്ക്കരിക്കരുത് എന്ന നിഷ്ഠ വേണം. എല്ലാവർക്കും അവരർഹിക്കുന്ന ഇടം കിട്ടുന്ന ചരിത്രത്തിന്റെ ജനാധിപത്യവത്കരണം ആശിക്കാവുന്ന ഒരവസ്ഥയാണ്. വേണമെന്നുവച്ചാൽ ചക്ക വേരിലും കായ്ക്കുമല്ലോ. ഗാന്ധിജിയെത്തന്നെ മൂലയിലേക്കു തള്ളിമാറ്റിക്കൊണ്ട് പുതിയ ചരിത്രനായകരും പുത്തൻ സ്വാതന്ത്ര്യസമരകഥകളും പിറവിയെടുക്കുന്നതു കാണുന്നതിനാലാണ് ഞാനിതൊക്കെ പറഞ്ഞുപോകുന്നത്. 'ഗാന്ധിയായി വേഷംകെട്ടാൻ വളരെ എളുപ്പം; കെട്ടിയ വേഷങ്ങൾ അഴിച്ചുകളഞ്ഞാൽ മതി' എന്ന് കവി കല്പ്പറ്റ നാരായണൻ പറഞ്ഞിരുന്നു. വേഷങ്ങളുടെ അണിയലും അഴിക്കലും തകൃതിയായി നടക്കുന്നുണ്ട്, നമ്മുടെ പരിസരങ്ങളിൽ.

നവോത്ഥാനകേരളത്തിന്റെ ചരിത്രമെഴുതുന്നവരുടെ നോട്ടം ഇതുവരെ 100 കൊല്ലം പിറകോട്ട് എത്തിയിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. ഈ നാടിന്റെ നവോത്ഥാനത്തിന് ക്രൈസ്തവമിഷണറിമാർ നല്കിയ സംഭാവനകൾക്ക് അർഹമായ പരാമർശം ആരു നല്കുന്നു? ഒരുദാഹരണം പറയട്ടെ: മേരിറോയ് കേസിന്റെ വിധി വന്നത് 1986-ൽ ആണ്. ആൺമക്കൾക്കും പെൺമക്കൾക്കും പിതൃസ്വത്തിൽ തുല്യാവകാശം നല്കുന്ന ചരിത്രവിധിയാണ് അന്ന് സുപ്രീം കോടതിയിൽ നിന്നുണ്ടായത്. എന്നാൽ 1599-ൽ നടന്ന ഉദയം പേരൂർ സൂനഹദോസിലെ 16-ാം കാനോനായിൽ പെൺമക്കളുടെ തുല്യാവകാശം നിയമമാക്കി. മറ്റനേകം അനാചാരങ്ങളെയും നിരോധിക്കുകയുണ്ടായി. നവോത്ഥാനചരിത്രമെഴുതുന്നവർ ഇക്കാര്യം കണ്ടമട്ടില്ല. (അനഭിലഷണീയമായ ചില തീരുമാനങ്ങളും ഉദയംപേരൂർ സൂനഹദോസിൽ ഉണ്ടായി എന്നത് വിസ്മരിക്കുന്നില്ല).

മലബാർകലാപത്തിന്റെ ശതാബ്ദി വർഷമാണ് 2021. അതിനു മുന്നൊരുക്കമെന്നോണം മലബാർകലാപത്തിന്റെ മുൻനിരക്കാരനായിരുന്ന വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെക്കുറിച്ച് നാലു സിനിമകളാണ് ഒരേ ദിവസം പ്രഖ്യാപിക്കപ്പെട്ടത്. (അതിലെ യാദൃശ്ചികതയുടെ കൗതുകം ബാക്കി നില്ക്കുന്നു)! മൂന്നെണ്ണം വാരിയൻകുന്നത്തിനെ സ്വാതന്ത്ര്യസമരചരിത്രത്തിലെ ജ്വലിക്കുന്ന സൂര്യതേജസ്സായും ഒരെണ്ണം ഹിന്ദുകൂട്ടക്കൊലയുടെ കാരണക്കാരനായും അവതരിപ്പിക്കാനാണു പോകുന്നതെന്നു തോന്നുന്നു. വിവാദങ്ങൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഇസ്ലാമിനെയും ഇസ്ലാമികജീവിതത്തെയും ഉദാത്തവത്കരിച്ചും ഇതരസമൂഹങ്ങളെ, പ്രത്യേകിച്ച് ക്രിസ്തുമതത്തെ, അപഹസിച്ചും അടുത്ത കാലത്ത് പല സിനിമകളും ഉണ്ടായി. ഇവയ്ക്കെല്ലാം

പിറകിൽ 'ഷാഡോ പ്രൊഡ്യൂസേഴ്സ്' ഉണ്ടെന്ന സംശയം വെറും സംശയമല്ല എന്ന് അടുത്തകാലത്തെ സംഭവപരമ്പരകൾ വെളിപ്പെടുത്തുന്നുണ്ട്.

മലബാർകലാപം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നോ? കൂടുതൽ പഠനങ്ങൾ ഇക്കാര്യത്തിൽ നടക്കേണ്ടതല്ലേ? മലബാർകലാപം ജന്മിമാരുടെ ചൂഷണത്തിനെതിരേ ഒരു കർഷകമുന്നേറ്റമായിരുന്നു എന്നു കരുതാൻ ന്യായമുണ്ട്. കർഷകർ മുസ്ലീങ്ങളും ജന്മിമാർ മിക്കവരും ഹിന്ദുക്കളും എന്ന വർഗ്ഗ വിഭജനം ഉണ്ട്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രവും ചേർത്തുവായിക്കണം. വാരിയൻകുന്നത്ത് തുർക്കിയിലെ ഖിലാഫത്ത് പുനഃസ്ഥാപനത്തിനായി പടയ്ക്കിറങ്ങിയ ആളാണ്. ഖാലിഫേറ്റിനെ തോല്പ്പിച്ചില്ലാതാക്കിയത് ബ്രിട്ടീഷുകാരാണ്. ഖിലാഫത്തിനായുള്ള ഒരു ഐക്യനിര ബ്രിട്ടീഷുകാർക്കെതിരേ ഉയർത്തിക്കൊണ്ടുവരാൻ വാരിയൻകുന്നത്തിനു സാധിച്ചു. ആ ഒറ്റ കാരണത്താൽ മലബാർകലാപം ഇന്ത്യയിലെ ബ്രിട്ടീഷുകാർക്കെതിരെയുള്ള സ്വാതന്ത്ര്യസമരത്തിന്റെ സ്വാഭാവിക ഭാഗം എന്ന് എങ്ങനെ പറയാനൊക്കും? എല്ലാ ജനവിഭാഗങ്ങളെയും സ്വാതന്ത്ര്യസമരത്തിൽ പങ്കുകാരാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഗാന്ധിജി ഖിലാഫത്ത്കാരെയും സ്വാതന്ത്ര്യസമരത്തിലേക്ക് ഉൾക്കൊണ്ടത്. അക്രമരഹിതമായിരിക്കണം സമരം എന്നത് ഗാന്ധിജിയുടെ പ്രഖ്യാപിത നയമായിരിക്കേ മലബാർകലാപം അക്രമാസക്തമായപ്പോൾ സ്വാതന്ത്ര്യസമരത്തോടുള്ള അതിന്റെ ബന്ധവും ഫലത്തിൽ ഇല്ലാതാവുന്നുണ്ട്. മലബാറിലെ കർഷകരുടെ സമരത്തിന് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാകാൻ സാധുവായ മറ്റെന്തെല്ലാം കാരണങ്ങളുണ്ട്. ബോധ്യപ്പെടുംവിധം തെളിവുകൾ ഇനിയും ചൂണ്ടിക്കാണിക്കപ്പെടേണ്ടതുണ്ട്. അതിനുമുമ്പ് വാരിയൻകുന്നത്തെ സ്വാതന്ത്ര്യസമരചരിത്രത്തിലെ സൂര്യതേജസ്സായിട്ടും മറ്റും ഉയർത്തിക്കാണിക്കുന്നത് വിശ്വസനീയമാകുമോ? ആഗ്രഹംകൊണ്ടുമാത്രം ചരിത്രമുണ്ടാകുന്നില്ല. "ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്" എന്ന ആനമക്കാരുടെ മകൾ കുഞ്ഞുപാത്തുമ്മാ പറയുന്ന 'സത്യം' "അതു കുയ്യാനേർന്ന്" എന്ന പറച്ചിലിൽ ഒടുങ്ങിത്തീർന്നുപോകരുതല്ലോ.

സിനിമ കലയാണ്, ഭാവനയാണ്, ആവിഷ്കാരസ്വാതന്ത്ര്യമാണ് എന്നൊക്കെ പറഞ്ഞൊഴിയുന്നതുകൊണ്ട് കാര്യം തീരുന്നില്ല, രാമായണം സീരിയലിലൂടെ പാകപ്പെടുത്തിയ ഹിന്ദുസമ്മതിയുടെ ബലത്തിലാണ് ബാബറിമസ്ജിദ് തകർക്കപ്പെട്ടത് എന്നൊരു വാദഗതിയുണ്ടല്ലോ. ചലിക്കുന്ന ചിത്രം നടന്നസംഭവമായി സ്വീകരിക്കുന്ന ഒരു ജനമനസ്സ് നാട്ടിലുണ്ടെന്നല്ലേ ഇത് സൂചിപ്പിക്കുന്നത്. അപ്പോൾ സൂക്ഷിച്ചുവേണം ചരിത്രസിനിമകൾ ചിത്രീകരിക്കേണ്ടത്. മറുപക്ഷത്തിനും മേൽപ്പറഞ്ഞതൊക്കെ ബാധകമാണ്.

ദൂരെ ദൂരെ നിന്നുവരുന്ന ചരിത്രനദിയെ ഒരു പ്രത്യേകസ്ഥാനത്തുവച്ച് തടയണകെട്ടി തങ്ങൾക്കു ഗുണകരമായിടത്തേക്കെത്തിച്ച ശേഷം അവിടെ നിന്നാണ് നദി ഉത്ഭവിക്കുന്നതെന്ന രീതിയിൽ ചരിത്രം പറയുന്ന വിചിത്രമായ കാഴ്ച ഹാഗിയാ സോഫിയായുടെ "രൂപമാറ്റ"ത്തിൽ കാണാം. ഇത് ശരിക്കുള്ള ചരിത്രത്തിന്റെ ഹൈജാക്കിങ് ആണ്. എ.ഡി. 537-ൽ നിർമ്മിക്കപ്പെട്ട ക്രിസ്ത്യൻ ദേവാലയമാണ് തുർക്കിയിലെ ഹാഗിയാ സോഫിയാ ദേവാലയം. ആയിരത്തോളം വർഷം അത് ക്രൈസ്തവരുടെ പ്രധാനപ്പെട്ട ആരാധനാകേന്ദ്രമായിരുന്നു. ഓട്ടോമൻ പടയോട്ടത്തിൽ 1567ൽ മുസ്ലീങ്ങൾ അതുപിടിച്ചടക്കി മോസ്ക്ക് ആക്കി. 1923 വരെ അത് മോസ്ക്ക് ആയിരുന്നു. ഖലീഫേറ്റിന്റെ അവസാനംകുറിച്ച കെമാൽപാഷ ഹാഗിയ സോഫിയയെ ഒരു മ്യൂസിയമാക്കി. ഇപ്പോൾ തുർക്കിയിലെ ഏകാധിപതിയായ എർദോഗൻ മ്യൂസിയത്തെ മോസ്ക്കാക്കി ആരാധന തുടങ്ങിയിരിക്കുന്നു. ലോകത്തിലെ എല്ലാ ഭാഗത്തുനിന്നും ഇതിനെതിരേ പ്രതിഷേധമുയരുന്നുണ്ട്.

ഇക്കാലംവരെ സെക്കുലർ വേഷമണിഞ്ഞ ചന്ദ്രിക ദിനപ്പത്രം ഇതിനെക്കുറിച്ച് എഴുതിയ എഡിറ്റോറിയലിന്റെ തലക്കെട്ട് ഇപ്രകാരമാണ്: "ഹാഗിയാ സോഫിയയിലെ ബാങ്കുവിളിയിൽ ആർക്കാണ് അരിശം?" തൊട്ടടുത്ത ദിവസമൊന്നിൽ പാണക്കാട് സയ്യിദ് സാദിഖാലി ശിഖാബ് തങ്ങൾ ചന്ദ്രികയിൽത്തന്നെ എർദോഗനെ " ലോകത്തിന്റെ വിവിധകോണുകളിൽ വ്യവസ്ഥാപിതമായി അടിച്ചമർത്തപ്പെടുന്ന മുസ്ലീങ്ങൾക്കുവേണ്ടി അന്തർദേശീയവേദികളിൽ ശബ്ദമുയർത്തുന്ന" ആളായിട്ടാണ് വിശേഷിപ്പിക്കുന്നത്. ഹാഗിയാ സോഫിയ മോസ്ക്ക് ആക്കിയതിനെതിരേയുള്ള പ്രതിഷേധം വ്യാജസെക്കുലറിസമാണ് എന്ന് അദ്ദേഹം പറയുന്നു. ഹാഗിയാ സോഫിയയുടെ ചരിത്രം തുടങ്ങുന്നത് 1453-ലാണെന്ന രീതിയിലാണ് ശിഹാബ് തങ്ങൾ ചരിത്രവാദങ്ങൾ പറയുന്നത്. ചരിത്രത്തിന്റെ ന്യൂനീകരണമാണ് അദ്ദേഹം നടത്തുന്നത്. ഇത്തരമൊരു വാദഗതി ബാബറിമസ്ജിദിനെക്കുറിച്ച് ഉന്നയിച്ചാൽ എങ്ങനെയിരിക്കും?

കേരളത്തിലെ മുസ്ലീംലീഗ് മതേതര വേഷം അഴിച്ചുമാറ്റുന്ന പ്രക്രിയയിലാണ്. ഇക്കാലംവരെ തീവ്രവാദികളെന്നുപറഞ്ഞ് പ്രത്യക്ഷത്തിൽ അകറ്റിനിർത്തിയിരുന്ന തീവ്രവാദഗ്രൂപ്പുമായി തിരഞ്ഞെടുപ്പിൽ സഖ്യമുണ്ടാക്കാൻ ഔദ്യോഗികമായി ധാരണ ഉണ്ടാക്കിയതായി പത്രവാർത്ത ഉണ്ടായിരുന്നു. സ്വന്തം അണികളുടെ കൊഴിഞ്ഞുപോക്കിനു തടയിടാനോ കൂടുതൽ രാഷ്ട്രീയാധികാരം നേടാനോ ആവാം ഈ നയവ്യതിയാനം. ഇത്രയുംനാളത്തെ സ്വന്തം ചരിത്രത്തിന്റെ തള്ളിപ്പറയൽ ഇവിടെ ഉണ്ട്. ഇതൊക്കെ കണ്ടിട്ടും മുഖ്യധാരാരാഷ്ട്രീയപാർട്ടികളും ബുദ്ധിജീവികളും മൗനവ്രതത്തിലാണ്. ഇവർക്കെല്ലാവർക്കും തമ്മിൽത്തമ്മിൽ പ്രത്യക്ഷത്തിൽ അഭിപ്രായവ്യത്യാസമുള്ളപ്പോഴും, ഇവർക്കും തീവ്രവാദപ്രസ്ഥാനങ്ങൾക്കുമിടയിൽ പരസ്പരസഹായത്തിന്റെ "സജീവമായ ഒരു അന്തർധാര" നിലനില്ക്കുന്നുവെന്നു കരുതേണ്ടിവരുന്നു! മാടപ്രാവിന്റെ വിശുദ്ധിയും സർപ്പത്തിന്റെ വിവേകവും കൂടുതലളവിൽ വേണ്ടിവന്നിരിക്കുന്നു എന്നാണ് കാലസൂചനകൾ പറഞ്ഞുതരുന്നത്.

*******

# കെസിബിസി വാർത്താക്കുറിപ്പ്

***ആഗസ്റ്റ് 7, 8 തീയതികളിൽ ചേർന്ന കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വർഷകാല സമ്മേളനം***

1. കാലവർഷം ശക്തമാകുകയും ന്യൂനമർദത്തിന്റെ ഫലമായി മഴ അതിശക്തമായി തുടരുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ തീരദേശത്തും മലയോര പ്രദേശങ്ങളിലും താമസിക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ പ്രത്യേകം ജാഗ്രത പുലർത്തണം. മൂന്നാറിലെ രാജമലയിൽ മണ്ണിടിച്ചിൽ മൂലമുണ്ടായ ദുരന്തം നാടിന്റെ മുഴുവൻ ദുഃഖമാണ്. ഇപ്പോഴും തുടരുന്ന രക്ഷാപ്രവർത്തനങ്ങൾ ദുരന്തത്തിൽ കാണാതായവരെക്കുറിച്ചുള്ള ആശങ്ക വർധിപ്പിക്കുന്നു. പല കുടുംബങ്ങളും പൂർണമായും ദുരന്തത്തിൽ അകപ്പെട്ട സാഹചര്യമാണുള്ളത്. ഇത്തരം ദുരന്തങ്ങൾ ഓരോ വർഷവും ആവർത്തിക്കുന്നത് മലയോരപ്രദേശങ്ങളെയാകെ ആശങ്കയിലാക്കുന്നതാണ്. കാണാതായവരിൽ അവസാനത്തെയാളെയും കണ്ടെത്തുന്നു എന്നുറപ്പുവരുത്തണം. ജീവൻ നഷ്ടമായവരുടെ ആശ്രിതർക്ക് അടിയന്തര സഹായവും നഷ്ടപരിഹാരവും എത്തിക്കുകയും വേണം.

രാജമലയിലെ ദുരന്തത്തിനു തൊട്ടുപിന്നാലെയാണ് കരിപ്പൂർ വിമാനത്താവളത്തിൽ അപകടമുണ്ടായതും 18 വിലപ്പെട്ട മനുഷ്യജീവൻ നഷ്ടമായതും. ഈ അപകടം കരിപ്പൂർ വിമാനത്താവളത്തിന്റെ സുരക്ഷിതത്വം സംബന്ധിച്ചും ആശങ്കയുണ്ടാക്കുന്നതാണ്. ശാസ്ത്രീയമായ പരിശോധന നടത്തി അടിയന്തര പരിഹാര നടപടികൾ സർക്കാർ സ്വീകരിക്കണം. മണ്ണിടിച്ചിലിലും വിമാനാപകടത്തിലും ജീവൻ നഷ്ടമായവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

### ചെല്ലാനം: പരിഹാരം വേണം

2. കോവിഡ്– 19 സമൂഹവ്യാപനമായി പടരുന്ന പശ്ചാത്തലത്തിൽ ഒരുമാസത്തോളമായി ചെല്ലാനം പഞ്ചായത്തിൽ സമ്പൂർണ്ണ ലോക്ക്ഡൗൺ ഏർപ്പെടുത്തിയിരിക്കുകയാണ്. ഇതേകാലത്തുതന്നെ ഇതുവരെ കാണാത്ത രീതിയിലുള്ള കടൽകയറ്റവും ഉണ്ടായി. 70 വീടുകൾ പൂർണ്ണമായും 550 വീടുകൾ ഭാഗികമായും തകർന്നിരിക്കുന്നു. കടലാക്രമണംമൂലം വീടുകളിൽ നിന്ന് മാറേണ്ടിവന്നവർക്ക് കോവിഡ് ഭീതിമൂലം ദുരിതാശ്വാസകേന്ദ്രങ്ങളിലേക്ക് പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ജോലിയെടുക്കാൻ കഴിയാത്തതിനാൽ ദിവസക്കൂലിക്കാരായ ഇവിടുത്തെ ജനങ്ങളുടെ ദുരിതം ഭീകരമാണ്. ചെറിയൊരിടവേളയ്ക്കു ശേഷം രണ്ടാമതും കടൽകയറ്റം രൂക്ഷമായിരിക്കുന്നു. പൂലിമുട്ടുകൾ കെട്ടി കടൽക്ഷോഭം നിയന്ത്രിക്കണമെന്ന ജനങ്ങളുടെ ആവശ്യം മാറിമാറി വരുന്ന സർക്കാരുകളോട് ഉന്നയിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ അതിനുള്ള നടപടികൾ ഉണ്ടായിട്ടില്ല. മഴക്കാലത്തിനു തൊട്ടുമുമ്പ് താത്ക്കാലികാടിസ്ഥാനത്തിൽ ചില പണികൾക്ക് തുടക്കമിടുന്നുണ്ട്. എന്നാൽ ഒന്നും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നില്ല. ചെല്ലാനം മുതൽ വടക്കു ഫോർട്ടുകൊച്ചിവരെ കടൽക്ഷോഭം വളരെ ശക്തമാണ്. ഈ മേഖലയിൽ കോവിഡ് രോഗവ്യാപനവുമുണ്ട്. കടൽകയറ്റം ഏറ്റവും രൂക്ഷമായ സ്ഥലങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ ആദ്യം പുലിമുട്ടുകൾ കെട്ടാൻ സർക്കാർ തയ്യാറാകണം. ആലപ്പുഴയിലും കൊല്ലത്തെ ചില പ്രദേശങ്ങളിലും തിരുവനന്തപുരത്തും ഇത്തരം പ്രശ്നങ്ങളുണ്ട്. സമഗ്രമായ പ്ലാനുണ്ടാക്കി മനുഷ്യരുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകുന്നതിന് ഒട്ടും വൈകാതെ സർക്കാർ നടപടി സ്വീകരിക്കണമെന്ന് കെസിബിസി ആവശ്യപ്പെടുന്നു.

3. കൊറോണ വൈറസ് വ്യാപനം തീവ്രമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കോവിഡിനെതിരെയുള്ള ചെറുത്തുനില്പും പരിഹാരമാർഗങ്ങളും ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. ജനങ്ങളുടെ തൊഴിൽ, വരുമാനം, സാമ്പത്തികനില, സാമൂഹിക ജീവിതം എന്നിവയിലെല്ലാം വലിയ മാറ്റങ്ങളാണ് ഈ രോഗം ഉണ്ടാക്കിയിരിക്കുന്നത്. മനുഷ്യർ മാനസികമായും വലിയ സമ്മർദം അനുഭവിക്കുന്നുണ്ട്. സർക്കാരിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടെങ്കിലും രോഗമുണ്ടാക്കുന്ന സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലെ തകർച്ചയെ അതിജീവിക്കുന്നതിന് ദീർഘകാല അടിസ്ഥാനത്തിലുള്ള ആലോചനയും ആസൂത്രണവും ആവശ്യമാണ്. ജനപങ്കാളിത്തത്തോടെയുള്ള പരിഹാരമാർഗങ്ങളെ സംബന്ധിച്ച് ജനങ്ങളുടെ അവബോധം ഉയർത്തുകയും സഹകരണം ഉറപ്പാക്കുകയും വേണം. തൊഴിലിന്റെ പുതിയ സാധ്യതകളും ഉരുത്തിരിഞ്ഞുവരണം.

മാറിയ സാഹചര്യത്തിന് അനുയോജ്യമായ നൂതന അജപാലനശൈലികളും ശുശ്രൂഷകളും ആവിഷ്കരിക്കുന്നതിന് ആധ്യാത്മിക രംഗത്തു പ്രവർത്തിക്കുന്നവർ ശ്രദ്ധ വയ്ക്കേണ്ടതായുണ്ട്. പ്രാർത്ഥന, ധ്യാനം, വിശുദ്ധഗ്രന്ഥ പാരായണം തുടങ്ങിയവയിലൂടെ കുടുംബങ്ങളിൽ ആധ്യാത്മിക ചൈതന്യവും ആത്മീയശക്തിയും ജ്വലിപ്പിച്ചു നിർത്താൻ ജാഗ്രത പുലർത്തണം. ഒപ്പം, ദുർവ്യയം കുറയ്ക്കുകയും ഭൂമിയും മറ്റ് ആസ്ഥികളും നഷ്ടപ്പെടുത്താതിരിക്കുകയും കാർഷിക രംഗത്തും, ഉല്പാദനപരമായ മറ്റു രംഗങ്ങളിലും കൂടുതൽ ശ്രദ്ധ വയ്ക്കുകയും വേണം.

4. കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയത്തിൽ സ്വാഗതം ചെയ്യപ്പെടേണ്ടതായി ഏറെക്കാര്യങ്ങളുണ്ടെങ്കിലും വിദ്യാഭ്യാസത്തെ ഏകീകരിക്കുകയും ദേശീയതലത്തിൽ കേന്ദ്രീകരിക്കുകയും ചെയ്യുന്നതിനുള്ള പരിശ്രമം ഈ നയത്തിൽ വളരെ കൂടുതലാണ്. പ്രാദേശികവും സാംസ്കാരികവുമായ വൈവിധ്യങ്ങൾ അവഗണിക്കപ്പെടുകയോ തകർക്കപ്പെടുകയോ ചെയ്യാൻ ഇടവരരുത്. ഓരോ സംസ്ഥാനത്തിന്റെയും സവിശേഷതകൾ പരിഗണിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിന് അധികാരസ്ഥാനങ്ങളിലുള്ളവർ ശ്രദ്ധ വയ്ക്കണം. പുതിയ വിദ്യാഭ്യാസ നയത്തിന്റെ വിവിധ വശങ്ങൾ പഠിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിന് കെസിബിസി വിദ്യാഭ്യാസകമ്മീഷനെ ചുമതലപ്പെടുത്തി.

5. കേന്ദ്രസർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമപദ്ധതികൾ സംസ്ഥാനത്തു നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ ന്യൂനപക്ഷ ജനസംഖ്യയ്ക്ക് ആനുപാതികമായി നടപ്പാക്കുകയും ഇപ്പോഴുള്ള 80:20 അനുപാതം അടിയന്തരമായി പുനഃപരിശോധിക്കുകയും വേണം. ഈ രംഗത്ത് ക്രൈസ്തവ സമൂഹം സ്പഷ്ടമായ വിവേചനമാണ് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്.

6. മതമൗലിക വാദത്തിന്റെയും ഭീകരവാദത്തിന്റെയും സ്വാധീനം സമൂഹത്തിൽ വർധിച്ചുകൊണ്ടിരിക്കുന്നത് ഗൗരവമായിക്കാണണം. കേരളത്തിലെ ഐഎസ് സാന്നിധ്യത്തെക്കുറിച്ച് യുഎൻ നല്കിയ മുന്നറിയിപ്പ് അധികാരികളുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. തീവ്രവാദികളുടെ സുരക്ഷിത താവളമായി കേരളം മാറുന്ന രാഷ്ട്രീയ-സാമ്പത്തിക ഘടകങ്ങളും ഉത്തരവാദിത്വപ്പെട്ടവരുടെ പരിശോധനയ്ക്കും ഗൗരവപൂർണമായ നടപടിക്കും വിധേയമാകണം. ഇത്തരം വിഷയങ്ങളിൽ സമൂഹത്തിൽ അവബോധം ഉണ്ടാക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് മാധ്യമങ്ങളും സാംസ്കാരിക ലോകവും ഒഴിഞ്ഞു മാറരുത്. ഉയർന്ന അവബോധവും സാമുഹ്യജാഗ്രതയുമാണ് തീവ്രവാദഭീകരവാദ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം.

# ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി ചുമതലയേറ്റു ഫാ. വള്ളിക്കാട്ടിനു യാത്രയയപ്പു നല്കി

**കൊച്ചി:** കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) ഡെപ്യൂട്ടി സെക്രട്ടറി ജനറലും ഔദ്യോഗിക വക്താവും പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി) ഡയറക്ടറുമായി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി ചുമതലയേറ്റു. കെസിബിസി പ്രസിഡന്റ് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ പി.ഒ.സിയിൽ നടന്ന ചടങ്ങിലാണു ചുമതലയേറ്റെടുത്തത്.



കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും ഔദ്യോഗിക വക്താവും പി.ഒ.സി ഡയറക്ടറുമായി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി ചുമതലയേറ്റെടുക്കുന്നു. കെസിബിസി പ്രസിഡന്റ് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, സ്ഥാനമൊഴിഞ്ഞ ഫാ. വർഗീസ് വള്ളിക്കാട്ട് എന്നിവർ സമീപം.

സഭയുടെ വിവിധ ശുശ്രൂഷാമേഖലകളിൽ സമർപ്പണ മനോഭാവത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ സംഘാടന മികവും, പ്രതിഭയും തെളിയിച്ചിട്ടുള്ള ഫാ. പാലയ്ക്കാപ്പിള്ളിക്കു പുതിയ നിയോഗം ഫലപ്രദമായി നിർവഹിക്കാൻ സാധിക്കുമെന്നു മാർ ആലഞ്ചേരി പറഞ്ഞു. സ്തുത്യർഹമായ രീതിയിൽ പി.ഒ.സി.യിലെ ശുശ്രൂഷ പൂർത്തിയാക്കിയ ഫാ. വർഗീസ് വള്ളിക്കാട്ടിനു നന്ദി അറിയിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ഏൽപിക്കപ്പെട്ടിരിക്കുന്ന സുപ്രധാനമായ ദൗത്യം ദൈവവും സഭയും ആഗ്രഹിക്കുന്ന രീതിയിൽ അതിന്റെ പൂർണതയിൽ നിർവഹിക്കാൻ ഏവരുടെയും പ്രാർഥനകളും സഹകരണമുണ്ടാകുമെന്നു പ്രത്യാശിക്കുന്നതായി ഫാ. പാലയ്ക്കാപ്പിള്ളി പറഞ്ഞു.

വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖരും സ്ഥാനമേൽക്കൽ ചടങ്ങിൽ പങ്കെടുത്തു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന ഫാ. വർഗീസ് വള്ളിക്കാട്ട് പ്രവർത്തന കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്നാണു ഫാ. പാലയ്ക്കാപ്പിള്ളി ചുമതലയേറ്റത്. പി.ഒ.സി.യിലെ ആറു വർഷത്തെ സേവനത്തിനു ശേഷം, ഫാ. വള്ളിക്കാട്ട് മാതൃ അതിരൂപതയായ തിരുവല്ലയുടെ ഹൈറേഞ്ച് മിഷന്റെ ചുമതല ഏറ്റെടുക്കും.

നേരത്തെ ഫാ. വർഗീസ് വള്ളിക്കാട്ടിനുള്ള യാത്രയയപ്പിനോടനുബന്ധിച്ച് അദ്ദേഹത്തിന്റെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ ദിവ്യബലി അർപ്പിച്ചു. റവ.ഡോ. ജേക്കബ് പ്രസാദ് വചനസന്ദേശം നല്കി. പൊതുസമ്മേളനം കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. ആർച്ചുബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. ബിഷപ്പുമാരായ ഡോ. ജോസഫ് കരിയിൽ, യൂഹാനോൻ മാർ തിയഡോഷ്യസ്, ഡോ. ജെയിംസ് ആനാപറമ്പിൽ, ജസ്റ്റീസ് സിറിയക് ജോസഫ്, ജസ്റ്റീസ് ഏബ്രഹാം മാത്യു, റവ.ഡോ. ജോഷി മയ്യാറ്റിൽ, റവ.ഡോ. ജോൺസൺ പുതുശേരി, റവ.ഡോ. സ്റ്റാൻലി മാതിരപ്പിള്ളി, ഫാ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

# നവസ്വാതന്ത്ര്യ ലബ്ധി:
## ഉണരേണ്ട ആത്മീയ നേതൃത്വങ്ങളും വേരറ്റ സാംസ്കാരിക പൈതൃകങ്ങളും



**ജോൺ പോൾ**
തിരക്കഥാകൃത്ത്

മനുഷ്യ വികാരങ്ങളുടെ അങ്ങോട്ടുമിങ്ങോട്ടുമുള്ള അന്യോന്യങ്ങളിൽ നിന്ന്, സ്പർശങ്ങളിൽനിന്ന്, ആശ്ലേഷങ്ങളിൽനിന്ന്, വൈകാരികമായ ഉൾച്ചേരലുകളിൽനിന്ന് മനുഷ്യർക്കിടയിലുണ്ടാകേണ്ട പാരസ്പര്യമെന്നത് കിട്ടാക്കനിയാകുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. കമ്പ്യൂട്ടർ യുഗത്തിലേക്ക് കടന്നതോടുകൂടി ഭ്രാന്ത് പിടിച്ച ഓട്ടമാണ് എല്ലാവരും. സായാഹ്നവേളകളിൽ സ്വന്തം മക്കളെ ചേർത്ത് പിടിച്ചു സന്തോഷിക്കുന്ന മുഹൂർത്തങ്ങൾ നമുക്ക് ഇല്ലാതെയായി. എല്ലാവരും കമ്പ്യൂട്ടറുകളും മൊബൈലുകളുമായി അവരവരുടെ തുരുത്തുകളിലേക്ക് ഒതുങ്ങി. അതിനിടയിൽ, വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാതെപോകുന്ന, ഒരു സ്നേഹസ്പർശത്തിന്റെ സാന്ത്വനവും സുരക്ഷിതത്വവും അനുഭവിക്കാൻ കഴിയാതെ പോകുന്ന കുഞ്ഞുങ്ങൾ. അവർക്ക് പിന്നെ പ്രാപ്യമായിട്ടുള്ളത്, ലഭ്യമായിട്ടുള്ളത് യന്ത്രങ്ങളാണ്. സൈബർ വിദ്യകളിൽ നമ്മളാണ് ഏറ്റവും മുന്നിലെന്ന് അവകാശപ്പെടുമ്പോൾ, ഈ സൈബർ ലോകം തുറന്നു തരുന്ന അറിവരുതുകളുടെ അതിഭീകരമായ ദുരന്തമുഖത്തെക്കുറിച്ച് നമ്മൾ സൗകര്യപൂർവ്വം കണ്ണടയ്ക്കുകയാണ്. ഇന്നത്തെ രാഷ്ട്രീയം എന്നുപറയുന്നത് ആരുനശിച്ചാലും, നമ്മുടെകൂടെയുള്ള കുറെപ്പേരെ ചാവേറുകളായി കൊലയ്ക്ക് കൊടുത്താലും, ഒരു രക്തസാക്ഷിയെ സൃഷ്ടിക്കാൻ കഴിയുമെങ്കിൽ അത് മുന്നിൽ വച്ചുകൊണ്ട് വിലപേശി നിലവിലുള്ള അധികാരിയെ താഴെയിറക്കി, ആ കസേരയിൽ കയറിയിരുന്ന് ഇവർ ചെയ്തിരുന്നതിനെക്കാൾ വലിയ തെറ്റുകൾ അതിനെക്കാൾ കൗശലപൂർവ്വം എങ്ങനെ ചെയ്യാമെന്ന് ചിന്തിക്കുന്ന കുറേപ്പേരുടേതാണ്. ഇത് ഞാനൊരു കക്ഷിയെയോ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെയോ മനസ്സിൽ കണ്ടുകൊണ്ടു പറയുകയല്ല. ഇപ്പുറത്തിരിക്കുന്നവർ അപ്പുറത്തുവന്നാലും ഇതുതന്നെയാണ് ചെയ്യുക.

**പിടിച്ചടക്കുന്നതിനും കൊള്ളചെയ്യുന്നതിനും വേണ്ടിയുള്ള ഏറ്റവും അടിസ്ഥാനപരമായ ഹീനവാസനയാണ് രാഷ്ട്രീയധാരയെ നയിക്കുന്നത്. ഇവിടെ നടക്കുന്നത് വർഗ്ഗീയവാദത്തിന്റെ പൈശാചിക മായ തിരയിളക്കങ്ങളാണ്.**

മതമൗലിക വാദികൾ, മതത്തിന്റെ ആദർശമൂല്യങ്ങളും അനുഷ്ഠാനങ്ങളും പിന്തുടരാത്തവർ, മതങ്ങളുടെപേരിൽ രക്തക്കൊതി പൂണ്ടു വിറളിപിടിച്ച് കൊലപാതകങ്ങൾ നടത്തുക യാണ്. അതിനെ ന്യായീകരിക്കാനും അതിന് താവളങ്ങൾ ഒരുക്കിക്കൊടുക്കാനും അവർക്കുവേണ്ട ഒത്താശകൾ ചെയ്തുകൊടുക്കാനും ഈ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി നില്ക്കേണ്ടതായ ഒരുപാട് ഉന്നത വ്യക്തികൾ സ്വന്തം വ്യക്തിത്വം നഷ്ടപ്പെടുത്തിക്കൊണ്ട് ഈശ്വരാംശത്തെ ത്യജിച്ചുകൊണ്ട് കാപാലിക്കാർക്ക് കാവൽനില്ക്കുന്നു. എല്ലാ സമുദായങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ദു:ഖകരമായ ഒരവസ്ഥയാണിത്. ഇത്തരം അവസ്ഥകളിൽ നിന്ന് നമ്മുടെ സമൂഹത്തെ മോചിപ്പിക്കണമെങ്കിൽ, ഇത്തരം തെറ്റായ വ്യാപനങ്ങളിലേക്ക് വഴുതിപ്പോകുന്ന സമൂഹത്തിലെ ഒരു വിഭാഗത്തെ മോചിപ്പിച്ചെടുക്കണമെങ്കിൽ, അതിനെതിരെയും കൃത്യമായ ജാഗരൂഗത വേണം. അതിന് ഒരുവൻ മറ്റൊരുവനുമായുള്ള ഹൃദയൈക്യത്തിൽ ഊന്നിനിന്നുകൊണ്ടുള്ള പുതിയ ചിട്ടകളുണ്ടാകണം. അക്കാര്യത്തിൽ ഏറ്റവും വലിയ മുൻകൈ എടുക്കാൻ കഴിയുന്നത് നമ്മുടെ ആത്മീയധാരകൾക്കാണ്. തങ്ങൾ വഹിക്കേണ്ടതായ ദൗത്യത്തിൽനിന്ന് വ്യതിചലിച്ചുപോയവർ, അത് തിരിച്ചറിഞ്ഞു പുതിയ അജഗണത്തെ നയിക്കുന്ന പുതിയ അജപാലകരായി മാറണം.

ഫ്രാൻസിസ് മാർപ്പാപ്പ വളരെ അർത്ഥവത്തായ ഒരു കാര്യം പറഞ്ഞിരുന്നു, നൂറിൽ ഒരാട് വഴിതെറ്റിപ്പോയപ്പോൾ തൊണ്ണൂറ്റൊമ്പതിനെയും വിട്ട് ഒന്നിനെ തേടിപ്പോയ ആട്ടിടയന്മാരുടെ കാലം കഴിഞ്ഞിരിക്കുന്നു. നൂറിൽ തൊണ്ണൂറ്റൊമ്പതും വഴിതെറ്റിപ്പോകുമ്പോൾ, അനുസരണയുടെ പേരിൽ തിന്നുകൊഴുത്ത ഒറ്റ ഒന്നിനെ കൂട്ടിൽ വിട്ടിട്ട് ഈ തൊണ്ണൂറ്റൊമ്പത്തിനേയും തേടിപ്പോകാൻ വിധിക്കപ്പെട്ടിരിക്കുന്ന അജപാലകരുടെ നാളുകളാണിത്. മറ്റൊന്നുകൂടി അദ്ദേഹം പറഞ്ഞു, സ്വന്തം ആട്ടിൻ പറ്റത്തിന്റെ വിയർപ്പിന്റെ ചൂരും കിതപ്പിന്റെ വീര്യവും സ്വന്തം ശരീരത്തിൽ പേറാത്തവൻ നല്ല ആട്ടിടയനല്ല എന്ന്. ഒരുപാട് അർത്ഥതലങ്ങളുള്ള ഒരു പ്രസ്താവമാണിത്. അപ്പോൾ, **ഇടയന്മാർ അജഗണങ്ങളിലേക്ക് ഇറങ്ങിവരികയും, അവരോടൊപ്പം സഞ്ചരിച്ചുകൊണ്ട് അവരുടെ തെറ്റായ വ്യതിഭ്രംശങ്ങളെ സ്നേഹസാഹോദര്യ ഉപദേശ രൂപേണ തിരുത്തിയെടുക്കേണ്ട ഒരു കാലഘട്ടമാണിത്.** പ്രാർത്ഥന എന്നുപറയുന്നത്

അജഗണങ്ങളെ നേർവഴിക്ക് നയിക്കുന്നതിനു വേണ്ടിയുള്ളതാണ്. ഭണ്ഡാരപ്പെട്ടികളിലെ ലക്ഷ്യാധിഷ്ഠിതമായ ഒരു പ്രാർത്ഥനയും ദൈവത്തിന്റെ മുന്നിലല്ല സമർപ്പിക്കപ്പെടുന്നത്. ദൈവത്തിന്റെ മുന്നിൽ സമർപ്പിക്കപ്പെടുന്ന, സ്വീകരിക്കപ്പെടുന്ന പ്രാർത്ഥന എന്നുപറയുന്നത്, അപരനെ നന്മകൊണ്ട് തിരുത്തിയെടുക്കുന്നതിനും, അവന്റെ മുഖം വേദമായി വായിക്കുന്നതിനും എന്റെ മനസ്സിൽ ജനിച്ച് ഞാനനുഷ്ഠിക്കാൻ തയ്യാറാകുന്ന പ്രാർത്ഥനയുടെ സാഫല്യമാണ്, അർച്ചനയുടെ സാഫല്യമാണ്. അത് തിരിച്ചറിഞ്ഞുകൊണ്ടുള്ള ഒരുപാടൊരുപാട് പുനർ അനുപാദപ്പെടുത്തലുകൾ നമ്മുടെ സമീപനങ്ങളിൽ ആവശ്യമാണ്. അതിന് നേതൃത്വം നല്കാൻ സഭാനേതൃത്വങ്ങൾ മുന്നോട്ടുവരട്ടെ. ആത്മീയ നേതാക്കൾ മുന്നോട്ടു വരട്ടെ. അങ്ങനെയൊരു ശക്തിയായി ആത്മീയവഴിയിൽ നമ്മെ നയിക്കാൻ തേരാളികളുണ്ടെങ്കിൽ കാപാലികവും ബീഭത്സവും അറപ്പുളവാക്കുന്നതുമായ മനുഷ്യവർഗ്ഗത്തിന്റെ ഏറ്റവും വൃത്തികെട്ട കർമ്മത്തെക്കാൾ കലുഷിതമായിരിക്കുന്ന രാഷ്ട്രീയ വൃത്തങ്ങൾക്ക് സ്വയംശുദ്ധി തേടേണ്ടിവരും. അല്ലെങ്കിൽ അവർ ഈ സമൂഹത്തിൽനിന്ന് പുറംതള്ളപ്പെടും. കച്ചവടത്തിന്റെപേരിൽ എന്ത് പോക്രിത്തരവും കാണിക്കുന്നവർക്ക് സ്വയം തിരുത്തേണ്ടിവരും. മതമൗലികവാദം കൊണ്ട്, വർഗ്ഗീയതയുടെ വിഷവിത്തുകൾ ചുറ്റുപാടും വമിപ്പിച്ചുകൊണ്ട് അതിനുള്ളിൽ നിന്ന് സ്വന്തം കോട്ടകൊത്തളങ്ങൾ തയ്യാറാക്കാൻ നിൽക്കുന്നവർക്ക് നിരായുധരായി കീഴടങ്ങേണ്ടിവരും. ഒരു യുദ്ധം ചെയ്യാൻവേണ്ട ഒരു പടപ്പുറപ്പാടിന്റെ ദിവസങ്ങൾ കൂടിയാണിത്. ആ പടപ്പുറപ്പാടിന് വേണ്ടിയുള്ള ഒരുക്കമാണ് നമ്മിൽനിന്ന് കാലം ആവശ്യപ്പെടുന്ന ജാഗ്രത.

## ഉൾസ്വാതന്ത്ര്യം നഷ്ടപ്പെടുന്ന സാംസ്കാരിക നേതൃത്വം

നേതൃത്വത്തിൽ സ്വയം അവരോധിച്ചവർ പലപ്പോഴും അധികാരസ്ഥാനങ്ങൾക്ക് വിടുപണി ചെയ്തുകൊണ്ട് പലതും നേടുന്നതിന് വേണ്ടിയുള്ള നെട്ടോട്ടത്തിലാണ്; അല്ലെങ്കിൽ, പക്ഷം ചേർന്നുകൊണ്ട് നടത്താൻകഴിയുന്ന വിലപേശലുകളിലൂടെ സ്വന്തം സ്ഥാനങ്ങൾ ഉറപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളിലാണ്. **ഉറക്കെ ശബ്ദിക്കേണ്ടിയിരുന്ന പല മുഹൂർത്തങ്ങളിലും നിശ്ശബ്ദരായി തലകുനിച്ച് വിധേയത്വം പ്രകടിപ്പിക്കുന്ന സാംസ്കാരിക നേതൃത്വവും, മാധ്യമ നേതൃത്വവും കാലഘട്ടത്തിന്റെ ശാപമായി മാറുന്ന നാളുകളാണിത്.**

ചെറിയ കാര്യങ്ങളെ പറഞ്ഞുവലുതാക്കി അതിന്റെ പേരിൽ സമരമുഖങ്ങളിലേക്കിറങ്ങാൻ കാണിക്കുന്ന ആർജ്ജവത്തിന്റെയും ആവേശത്തിന്റെയും പത്തിലൊന്ന് ഉറക്കെപ്പറയേണ്ടതും എതിർക്കേണ്ടതുമായ വിഷയങ്ങളിൽ, നമ്മുടെ ഈ പറയുന്ന സാംസ്കാരിക നേതാക്കന്മാരോ മാധ്യമ ചക്രവർത്തികളോ കാണിക്കുന്നില്ല. ആർക്കും വിലയ്ക്കെടുക്കാവുന്ന വിധത്തിലാ യിരിക്കുന്നു അവരുടെ മൗലികത. അഥവാ, മൗലികത തൊട്ടുതീണ്ടാത്തതായിരിക്കുന്നു അവരുടെ നിലപാടുകൾ. വിലയ്ക്കെടുക്കപ്പെടാൻ നിന്നു കൊടുക്കുന്നവൻ ഒരിക്കലും സാംസ്കാരികം എന്ന് പറയുന്ന വിശേഷണത്തിന്റെ പരിവൃത്തത്തിൽ വരുന്നില്ല. **മാനവികത എന്നുപറയുന്നത് ഒരു പ്രത്യേക പ്രത്യയശാസ്ത്രമല്ല, രാഷ്ട്രീയധാരയല്ല, അതൊരു സാംസ്കാരിക പ്രതിഭാസമാണ്.** ഈ മാനവികതയിൽ അടിസ്ഥാനമുറപ്പിച്ച സാംസ്കാരിക പ്രവർത്തകർ ഒരിക്കലും തങ്ങളെ വിലയ്ക്ക് കൊടുക്കുവാൻ തയ്യാറുള്ളവരല്ല. ശത്രുതാമനോഭാവത്തോടെ ചിലരെ അടിച്ചൊതുക്കി വ്യക്തിഹത്യ നടത്തി, കരി തേച്ചു കാണിക്കുന്നതിൽ ആവേശം - തിടുക്കം - പ്രകടിപ്പിക്കുന്നവർ എന്തുകൊണ്ടാണ് വളരെ പ്രസക്തവും പ്രബലമായ ഇടപെടൽ ആവശ്യപ്പെടുന്നതുമായ നിമിഷങ്ങളിൽ നിശ്ശബ്ദത പാലിക്കുന്നത്? ഉദാഹരണ ങ്ങളിലേയ്ക്ക് പോയാൽ ഒരുപാട് പറയേണ്ടിവരും. എതിർക്കേണ്ടതിനെയെല്ലാം എതിർക്കുക തന്നെ വേണം. പക്ഷെ, ആ എതിർപ്പ് ചില കാര്യങ്ങളിൽ സംവരണം ചെയ്ത് നിശബ്ദതയ്ക്കു കീഴടങ്ങുകയും, അല്ലാത്തിടത്ത് ആവശ്യത്തിൽ കൂടുതൽ ശബ്ദായമാനമാവുകയും ചെയ്യുന്നത് വ്യക്തികൾ മൂല്യാധിഷ്ഠിത മനഃസാക്ഷിയുള്ളവർ അല്ലാതാകുമ്പോഴാണ്. അവരല്ല നയിക്കേണ്ടവർ. അത് ആത്മീയധാരയിൽ നിന്നായാലും, സാംസ്കാരിക ധാരയിൽ നിന്നായാലും, രാഷ്ട്രീയ ധാരയിൽ നിന്നായാലും. ജനങ്ങളുടെ നന്മകൾക്കുവേണ്ടി സ്വന്തം നന്മകളെ അൽപ്പം പരിമിതപ്പെടുത്തിക്കൊണ്ടുപോലും ത്യാഗ മനസ്ഥിതിയോടുകൂടി സഹവർത്തിക്കാൻ തയ്യാറാകുന്നവരെയാണ് ദൈവത്തിനാവശ്യം, സമൂഹത്തിനാവശ്യം, കാലഘട്ടത്തിനാവശ്യം. അത് ചെയ്യുന്നില്ല എന്നുള്ളത് ഈ കാലഘട്ടത്തോട് നാം ചെയ്യുന്ന ദ്രോഹങ്ങളിൽ ഒന്നാണ്.

*******

# പാൻ ഇസ്ലാമിക് രാഷ്ട്രീയം പിടിമുറുക്കുന്നോ?



**ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി, കെസിബിസി

സംസ്ഥാന രാഷ്ട്രീയത്തിലെ നിർണായക ശക്തിയായ മുസ്ലീം ലീഗ് വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ 'വെൽഫെയർ പാർട്ടി'യുമായി സഹകരിക്കുമെന്ന, പ്രത്യക്ഷത്തിൽ നിർദ്ദോഷമെന്നു തോന്നിയേക്കാവുന്ന ഒരു വാർത്ത മാധ്യമങ്ങൾ ഈയിടെ റിപ്പോർട്ടു ചെയ്തു. ഇടതുപക്ഷത്തെ എങ്ങനെയും നേരിടാനും ഭരണം പിടിക്കാനും വഴികളാലോചിച്ചുകൊണ്ടിരിക്കുന്ന യുഡിഎഫിന് ഈ പ്രഖ്യാപനം ആത്മവിശ്വാസം പകർന്നിട്ടുണ്ട് എന്നാണു മനസ്സിലാക്കുന്നത്. വർഗരാഷ്ട്രീയത്തെ ഉയർത്തിപ്പിടിക്കുന്ന ഇടതുപക്ഷത്തെ ചില രാഷ്ട്രീയ നിരീക്ഷകരും അടുത്തകാലത്തായി സ്വത്വ രാഷ്ട്രീയത്തെക്കുറിച്ചു സംസാരിച്ചു തുടങ്ങിയിട്ടുണ്ട്. എല്ലാവരുടെയും കണ്ണ് വോട്ടുബാങ്ക് തന്നെയാണ്. ജനാധിപത്യത്തിൽ അത് സ്വാഭാവികവുമാണ്.

ബിജെപിയുടെ സവർണ ഹിന്ദുത്വ രാഷ്ട്രീയത്തെ ചെറുക്കാൻ വിശാലമായ ദളിത്മുസ്ലിം പിന്നോക്ക ഐക്യം എന്ന മുദ്രാവാക്യത്തോടു കൂടിയാണ് സ്വത്വരാഷ്ട്രീയത്തെപ്പറ്റിയുള്ള ചർച്ചകൾ ഇപ്പോൾ സജ്ജീവമയിട്ടുള്ളത്. ഇതിൽ പതിയിരിക്കുന്ന അപകടം ചെറുതല്ല. കാരണം, 'സ്വത്വ രാഷ്ട്രീയം' എന്ന ലേബലിൽ ഇസ്ലാമിക മതരാഷ്ട്രീയത്തെ അവതരിപ്പിക്കുകയും അത് കേരള രാഷ്ട്രീയത്തിന്റെ മുഖ്യധാരയിൽ ത്തന്നെ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ദളിത് പിന്നോക്ക മുദ്രാവാക്യങ്ങളാകട്ടെ ഉപരിപ്ലവമായി നിൽക്കുക മാത്രം ചെയ്യുന്നു. കേരളത്തിലെ സാംസ്കാരിക-രാഷ്ട്രീയ ചിന്തകർ ഇക്കാര്യത്തിൽ അർത്ഥഗർഭമായ മൗനം പാലിക്കുകയോ, ഇത് ഹിന്ദുത്വ രാഷ്ട്രീയത്തോളം അപകടകരമല്ല എന്ന രീതിയിൽ വ്യാഖ്യാനിക്കുകയോ ചെയ്യുന്നു.

ഈ വിധത്തിൽ, ജമാ അത്തെ ഇസ്ലാമി പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ നിലപാടിന് വെള്ളപൂശാൻ, കേരളത്തിലെ പുരോഗമന സെക്കുലർ കാഴ്ചപ്പാടുള്ളവർ എന്ന് പൊതു സമൂഹം കരുതുന്നവർ പോലും ശ്രമങ്ങൾ നടത്തുന്നു. സംഘപരിവാർ രാഷ്ട്രീയത്തെ വിമർശിക്കാനും എതിർക്കാനും എന്നപേരിൽ 'ഇസ്ലാം മതരാഷ്ട്രീയത്തെ പ്രോത്സാഹിപ്പിച്ചു വളർത്തുന്ന സാംസ്കാരികരാഷ്ട്രീയ ബുദ്ധിജീവികൾ', യഥാർത്ഥത്തിൽ, ഒരു പ്രത്യേക മതസാംസ്കാരികനിയമ വ്യവസ്ഥയിലേക്കു രാജ്യത്തെയും ലോകത്തെയും ചുരുക്കിക്കൊണ്ടുവരണം എന്ന രാഷ്ട്രീയ നിർബന്ധബുദ്ധിക്ക് കൂട്ടുനില്ക്കുകയാണ്.

**ബാസ്റ്റ്യനും ഫൈസിയും...**

ഈ സാംസ്കാരികരാഷ്ട്രീയ ഒത്തുകളിക്കിടയിൽ ഫൗൾ വിസിലൂതാൻ മുന്നോട്ടുവന്ന രണ്ടു പേരെ ശ്രദ്ധിക്കാനിടയായി സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക രംഗങ്ങളിലെ വിദഗ്ദ്ധവും നിഗൂഢവുമായ ഇടപെടലുകളിലൂടെ ചിലർ ബോധപൂർവം വളർത്തിക്കൊണ്ടുവരുന്ന 'പൊളിറ്റിക്കൽ ഇസ്ലാ'മിനെക്കുറിച്ച് തന്റെ പിതാവുൾപ്പെടെയുള്ള രാഷ്ട്രീയസാംസ്കാരിക നിരീക്ഷകർ ഗ്രഹണം ബാധിച്ചതുപോലെ പെരുമാറുന്നതിനെപ്പറ്റി ചൂണ്ടിക്കാണിച്ച ഡോ. സെബാസ്റ്റ്യൻ പോളിന്റെ മകനും കേരള ഹൈക്കോടതിയിൽ ഗവണ്മെൻറ് പ്ലീഡറുമായ അഡ്വ. റോൺ ബാസ്റ്റ്യനാണ് ഒരാൾ. 'അധ്യാപകന്റെ കൈ വെട്ടിയതിനും അഭിമന്യുവിൻറെ കൊലപാതകത്തിനും ശേഷവും ഇവർ ആരും എന്തുകൊണ്ട് പൊളിറ്റിക്കൽ ഇസ്ലാമിസ്റ്റുകളെക്കുറിച്ചു പറയുന്നില്ല എന്നാലോചിച്ചിട്ടുണ്ടോ?', എന്നാണ് റോൺ ചോദിച്ചത്. പുതുതലമുറയുടെ ഈ ചോദ്യം നമ്മുടെ ബുദ്ധിജീവികളെയും സാംസ്കാരിക നായകരെയും പ്രകോപിപ്പിച്ചേക്കാം. എങ്കിലും, അവരാരും ഇതൊന്നും കണ്ടിട്ടില്ല കേട്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല എന്നു ഭാവിക്കുകയാണ്.

സമാനമായ ഒരു രാഷ്ട്രീയ നിരീക്ഷണം ശ്രീ. ഉമർ ഫൈസി മുക്കം ജൂലൈ 1 ലെ സുപ്രഭാതം ദിനപത്രത്തിന്റെ 'നയരേഖ' എന്ന പംക്തിയിൽ ചൂണ്ടിക്കാണിച്ചിരുന്നു. 'മത മൗലികവാദ കൂട്ടുകെട്ട് സന്തുലിതാവസ്ഥ തകർക്കും' എന്നാണ് അദ്ദേഹം സംസ്ഥാന രാഷ്ട്രീയത്തിലെ പ്രമുഖ കക്ഷികളിലൊന്നായ മുസ്ലിം ലീഗിനെ ഓർമിപ്പിക്കുന്നത്. മുസ്ലിം സമുദായത്തിലെ ഒരു വിഭാഗത്തിനുള്ള ഈ വിവേകം കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾക്കില്ലാതെ പോകുന്നതിനു കാരണം ദുരൂഹമാണ്.

**തനിനിറം...**

കേരളത്തിൽ ജമാ അത്തെ ഇസ്ലാമിയുടെ 'പരിസ്ഥിതി ദളിത് മനുഷ്യാവകാശ'പ്രവർത്തനങ്ങളിലൂടെ സെറ്റു ചെയ്യപ്പെടുന്ന അജണ്ടകളും ടാർജറ്റ് ചെയ്യപ്പെടുന്ന സമൂഹങ്ങളും ഏതൊക്കെയെന്നത് ഇക്കൂട്ടരുടെ സാമൂഹികസാംസ്കാരിക രംഗങ്ങളിലെ ഇടപടലുകളിൽനിന്ന് തികച്ചും വ്യക്തമാണ്. സംഘടിത

മായി ആസൂത്രണം ചെയ്യപ്പെടുന്ന മാധ്യമ കോലാഹലങ്ങളും ചില പ്രത്യേക സമരമുറകളും ശ്രദ്ധിച്ചിട്ടുള്ളവർക്ക്, അതിനുപിന്നിൽ പ്രവർത്തിക്കുന്നവരുടെ അതിതീവ്ര സ്വഭാവമുള്ള (വർഗീയ) നിലപാടുകളും (സാമുദായിക) സ്പർദ്ധയും (രാഷ്ട്രീയ) ലക്ഷ്യങ്ങളും വ്യക്തമാവും.

കേരളത്തിൽ, പരിസ്ഥിതിയുടെ പേരിൽ കുടിയേറ്റ കർഷകർ ആക്രമിക്കപ്പെടുമ്പോഴും, ദളിതുസ്നേഹത്തിന്റെ പേരിൽ ക്രിസ്തീയസഭകളുടെ മേൽ കുതിരകയറുമ്പോഴും, മനുഷ്യാവകാശത്തിന്റെ പേരിൽ കത്തോലിക്കാസഭയിലെ മെത്രാന്മാരെയും വൈദികരെയും സന്ന്യസ്തരെയും ചളി വാരിയെറിയുമ്പോഴും, പണത്തിന്റെയും രാഷ്ട്രീയ സ്വാധീനത്തിന്റെയും ബലത്തിൽ മീഡിയ വിലയ്ക്കെടുക്കപ്പെടുമ്പോഴും ആരാണ് പിന്നിൽ എന്ന് രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ലാത്ത നിലയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു!

എന്തുകൊണ്ട് മറ്റു മതങ്ങളെയും സമുദായങ്ങളെയും പൊളിറ്റിക്കൽ ഇസ്ലാമിന്റെ ഭാഗമായ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് ലക്ഷ്യം വയ്ക്കുന്നു എന്നു മനസ്സിലാക്കാൻ ജമാ അത്തെ ഇസ്‌ലാമിയുടെ നയപരിപാടികൾ വ്യക്തമാക്കുന്ന അതിന്റെ കോൺസ്റ്റിട്യൂഷൻ ശ്രദ്ധിച്ചാൽ മതി. ഇസ്‌ലാമിന്റെ വിശുദ്ധ ഗ്രന്ഥവും (ഖുർആൻ) നബിചര്യയും (സുന്ന) മാനദണ്ഡമാകുന്നതും, ഇസ്‌ലാമിക നിയമം (ശരിയത്ത്) അക്ഷരംപ്രതി അനുസരിക്കാൻ എല്ലാവരും കടപ്പെട്ടിരിക്കുന്നതുമായ ഇസ്‌ലാമിക രാജ്യം ('ദീൻ') സ്ഥാപിക്കുക എന്നതാണ് ജമാ അത്തെ ഇസ്‌ലാമിയുടെ സ്ഥാപക ലക്ഷ്യം. ഇന്ത്യയിൽ ഇതു യാഥാർഥ്യമാക്കാൻ മറ്റു മതസമുദായങ്ങളുടെയും രാജ്യത്തിന്റെ സെക്കുലർ ജനാധിപത്യ സംവിധാനങ്ങളുടെയും അടിത്തറ ഇളക്കുക എന്ന ബാധ്യതയും ഉത്തരവാദിത്തവുമാണ് അവർ ഇപ്പോൾ കേരളത്തിലുൾപ്പെടെ നിർവഹിച്ചുകൊണ്ടിരിക്കുന്നത്! ഇസ്‌ലാമിക രാജ്യത്തിലേക്കുള്ള മാർഗ്ഗരേഖയും 'വഴിയടയാളങ്ങളുമായി' അവർ മുന്നേറുകയാണ്. ഈ പശ്ചാത്തലത്തിൽ, കേരളത്തിന്റെ രാഷ്ട്രീയ രംഗത്ത് ഉരുത്തിരിയുന്ന പുതിയ സമവാക്യങ്ങൾ കാണുമ്പോൾ, കേരളത്തിൽ വരാനിരിക്കുന്ന നാളുകൾ ഉത്കണ്ഠയുണ്ടാക്കുന്നത് സ്വാഭാവികം മാത്രം.

**ഹിന്ദുത്വയും മുസ്‌ലിം ലീഗും ദീനും...**

ശക്തമായ സെക്കുലർ ജനാധിപത്യം നിലനില്ക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇക്കാര്യത്തിൽ കേരളം ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങൾക്കും മാതൃകയാണ്. ഉയർന്ന രാഷ്ട്രീയ ബോധമുള്ള ഒരു പൊതുസമൂഹം ഇവിടെ നിലനില്ക്കുന്നു എന്നതാണ് അതിനു പ്രധാന കാരണം. കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങളിൽ മുന്നിട്ടു നില്ക്കുന്നതും ഈ രാഷ്ട്രീയ ബോധമാണ്. എന്നാൽ, സ്വത്വ രാഷ്ട്രീയത്തിന്റെ പേരിൽ ഉരുത്തിരിഞ്ഞു വരുന്ന രാഷ്ട്രീയ ചങ്ങാത്തങ്ങൾ ഈ ബോധത്തിന് ചേരുന്നതാണോ എന്ന് വിലയിരുത്ത പ്പെടേണ്ടതാണ്.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ പ്രസ്ഥാനമായ വെൽഫെയർ പാർട്ടിയുമായി കൈകോർക്കുന്നു എന്ന വാർത്ത, കേരള രാഷ്ട്രീയത്തിൽ ഒരു പാർട്ടിയെയും മുന്നണിയെയും ആശ്ചര്യപ്പെടുത്തിയതായി കണ്ടില്ല. പ്രായോഗിക രാഷ്ട്രീയത്തിന്റെ പരീക്ഷണശാലയിൽ ഇങ്ങനെ ചിലതെല്ലാം നടന്നുകൊണ്ടിരിക്കും എന്ന ഭാവമാണ് രാഷ്ട്രീയരംഗത്ത് പൊതുവെ കാണുന്നത്. പ്രായോഗിക രാഷ്ട്രീയമെന്നാൽ അധികാരം കൈക്കലാക്കാനുള്ള രാഷ്ട്രീയം എന്നാണല്ലോ അർത്ഥമാക്കുന്നത്. അധികാരം ആരു കൈയാളുന്നു വെന്നത് സാധാരണക്കാരായ ജനങ്ങളെ സംബന്ധിച്ച് അത്ര നിസ്സാര കാര്യമല്ല. അത് അവരുടെ ജീവിതത്തിൻറെ ഭാഗധേയം നിർണ്ണയിക്കുന്ന കാര്യമാണ്. സ്വത്വരാഷ്ട്രീയം പടർന്നു പന്തലിച്ച കാഷ്മീരിന്റെ മാതൃകയിൽ കേരളവും സമീപഭാവിയിൽ പ്രത്യേക നിയമങ്ങളും, പ്രത്യേക പദവിയും, പ്രത്യേക ദേശീയഗാനവും, പ്രത്യേക ദേശീയപതാകയുമൊക്കെയുള്ള ഒരു പ്രദേശമായിക്കാണാൻ കേരളത്തിന്റെ സെക്കുലർ ജനാധിപത്യബോധം തയ്യാറാകുമോ? കാഷ്മീരിൽ നീക്കം ചെയ്യപ്പെട്ട ഇത്തരം 'പ്രത്യേകത'കളെപ്പറ്റിയുള്ള ഉത്കണ്ഠകളാണ് കേരളത്തിന്റെ സാംസ്കാരിക രംഗത്തെ ഈയിടെ ഏറെ അസ്വസ്ഥമാക്കിയത്! സി. എ. എ. വിഷയത്തിൽ നടന്ന ചർച്ചകളും അതിന്റെ ഭരണഘടനാപരവും നിയമപരവുമായ സാധുതയുടേതിനേക്കാൾ സ്വത്വ രാഷ്ട്രീയത്തിന്റെ മുഖമായ 'ഇരവാദത്തിൽ' ഊന്നിയുള്ളതായിരുന്നു എന്നതും ശ്രദ്ധേയമായിരുന്നു. ഇതിന്റെ അടുത്ത ഘട്ടമായാണ് ഇപ്പോൾ മുസ്‌ലിം ലീഗിന്റെ പ്രഖ്യാപനമുണ്ടായിരിക്കുന്നത്.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് നിലവിൽ വന്നത് 1948 മാർച്ച് 10 നാണ്. ഒരു സാമുദായിക സ്വത്വമാണ് ആ പാർട്ടിക്കുള്ളതെങ്കിലും 'പാൻ ഇസ്‌ലാമിക് മതരാഷ്ട്രീയം' അത് ഒരിക്കലും ഉയർത്തിപ്പിടിക്കുകയോ അത്തരം ഒരു രാഷ്ട്രീയം അവർ കൊണ്ടുനടക്കുന്നതായി മറ്റുള്ളവർ ആരോപിക്കുകയോ ചെയ്തിട്ടുള്ളതായി അറിവില്ല. അതുകൊണ്ടുതന്നെ, കേരളത്തിൽ ശക്തിപ്പെട്ടുവരുന്ന തീവ്ര മതാഭിമുഖ്യമുള്ള മുസ്‌ലിം രാഷ്ട്രീയത്തിന്റെ

വക്താക്കളായ ജമാഅത്തെ ഇസ്ലാമിയുടെ വെൽഫെയർ പാർട്ടിയുമായി ലീഗ് നേതൃത്വം കൈകോർക്കുന്നു എന്നത് നിസ്സാരമായി തള്ളിക്കളയാവുന്ന ഒന്നല്ല. കേരളത്തിലെ ഇടതു വലതു മുന്നണികൾ ഇക്കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കും എന്ന് പൊതു സമൂഹം കണ്ണും കാതും കൂർപ്പിച്ചു കാത്തിരിക്കുകയാണ്.

മുസ്ലിം സമുദായത്തിന്റെ സമഗ്രമായ പുരോഗതി ലക്ഷ്യംവയ്ക്കുന്ന ഒരു സാമുദായിക സെക്കുലർ പാർട്ടി എന്ന നിലയിലാണ് നാളിതുവരെ ജനങ്ങൾ മുസ്ലിം ലീഗിനെ മനസ്സിലാക്കിയിട്ടുള്ളത്. പ്രത്യയശാസ്ത്രപരമായി ഒരു തീവ്ര പാൻ ഇസ്ലാമിക് പ്രസ്ഥാനത്തിൻറെ രാഷ്ട്രീയ രൂപമായ വെൽഫെയർ പാർട്ടിയുമായി ലീഗ് കൈകോർക്കുകയെന്നാൽ, ഒന്നുകിൽ ലീഗിന്റെ രാഷ്ട്രീയം സമ്പൂർണ്ണമായും മാറുകയാണ്, അല്ലെങ്കിൽ ലീഗ് ഇത്രനാളും അണിഞ്ഞിരുന്ന അതിന്റെ സെക്കുലർ മുഖംമൂടി അവർ അഴിച്ചുമാറ്റുകയാണ്. രണ്ടായാലും, മുസ്ലിം രാഷ്ട്രീയത്തിന്റെ മുഖ്യധാരയിൽ തീവ്ര മത രാഷ്ട്രീയത്തിന് സ്വീകാര്യത ലഭിക്കുകയാണ് എന്നാണർത്ഥം. ‘ഹാഗിയ സോഫിയ’ സംഭവത്തിൽ മുസ്ലിം ലീഗിന്റെ മലപ്പുറം ജില്ലാ പ്രസിഡന്റും സംസ്ഥാന ഉന്നതാധികാര സമിതി അംഗവുമായ പാണക്കാട് സൈദ് സാദിഖ് അലി ശിഹാബ് തങ്ങൾ ചന്ദ്രികയിലൂടെ അത് പ്രഖ്യാപിക്കുകയും ചെയ്തു. മുസ്ലിം ലീഗിലെ ‘മുതിർന്ന’ നേതാക്കൾ മൗനത്തിലൂടെ അതിനു സമ്മതവും നല്കി. മുസ്ലിം ലീഗ് മറയില്ലാതെ അതിന്റെ ‘തനിസ്വരൂപം’ (സ്വത്വം) കാട്ടിത്തുടങ്ങിയോ? ഇന്ത്യയുടെ ചരിത്രത്തിൽ സമാന സംഭവങ്ങൾ സ്വാതന്ത്ര്യ സമരകാലത്തുണ്ടായിട്ടുണ്ട് എന്നത് സുഖകരമായ ഒരു ഓർമ്മയല്ല.

ദേശീയതലത്തിൽ അധികാരം കൈയാളുന്ന ഹിന്ദുത്വ രാഷ്ട്രീയത്തിന് ഒരു ഇസ്ലാമിക ബദൽ അവർ വിഭാവനം ചെയ്യുകയാവാം. ഇത് ഇപ്പോൾ ത്തന്നെ പരുക്കേറ്റിരിക്കുന്ന ഇന്ത്യൻ സെക്കുലർ ജനാധിപത്യത്തെ എങ്ങനെയാക്കിത്തീർക്കും എന്നത് പ്രവചനാതീതമാണ്. സെക്കുലർ പാർട്ടികളും സെക്കുലർ രാഷ്ട്രീയവും അപ്രസക്ത മാകുന്ന ഒരു ഭാവികാലത്തെ മുൻകൂട്ടി കണ്ടുകൊണ്ടും ജനസംഖ്യാനുപാതികമായി മുസ്ലിം സ്വാധീനം കൂടുതലുള്ള സംസ്ഥാനം എന്ന നിലയിൽ കേരളത്തിന്റെ തന്ത്രപരമായ രാഷ്ട്രീയ പ്രാധാന്യം മനസ്സിലാക്കിയുമുള്ള ഈ നീക്കങ്ങളെ അതർഹിക്കുന്ന ഗൗരവത്തോടെ കാണാൻ കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും സാംസ്കാരിക സംഘടനകളും തയ്യാറാകേണ്ടിയിരിക്കുന്നു.

**ചില സൂചനകൾ...**

‘വാരിയൻകുന്നൻമാരെ’ നെഞ്ചേറ്റി ലാളിക്കാൻ കമ്യൂണിസ്റ്റുപാർട്ടിയുടെ പശ്ചാത്തലമുള്ളവർപോലും അമിതാവേശം കാട്ടുന്ന ഒരു കാലത്ത്, ‘മതരാഷ്ട്രം’ എന്ന സ്വപ്നം ലാളിക്കുന്നവരുടെ എണ്ണം കൂടിവരുന്നതിൽ അത്ഭുതമില്ല. വാളെടുക്കുന്നവരെല്ലാം വിപ്ലവകാരികളാണെന്നു ചിന്തിക്കുന്ന കുറെ ആളുകൾ കമ്യൂണിസ്റ്റുകാർക്കിടയിൽ എപ്പോഴും കാണാറുള്ളതാണ്! അത്തരം ‘വിപ്ലവ നാടകങ്ങൾ’ അവർ കേരളത്തിൽ ഇടയ്ക്കിടെ നടത്താറുള്ളതുമാണ്. ഈ ആധുനിക കാലത്തും, രാഷ്ട്രീയമെന്നാൽ ആരോമലുണ്ണിമാരുടെ കുടിപ്പക തീർക്കലാണെന്നാണ് അവർ ധരിച്ചുവച്ചിരിക്കുന്നതെന്നു തോന്നുന്നു! പക്ഷെ, അതല്ല കേരളത്തിലെ കമ്മ്യൂണിസ്റ്റു മുഖ്യധാര രാഷ്ട്രീയം എന്ന് തെളിയിക്കാൻ ആ പാർട്ടിക്കും ബാധ്യതയുണ്ട്.

**ചരിത്രം സുബോധം സമ്മാനിക്കും...**

‘ഇന്ത്യ എന്ന ആശയത്തിന്റെ’ രാഷ്ട്രീയത്തിന് കുടിപ്പകയുടെ രാഷ്ട്രീയമോ മതരാഷ്ട്രീയമോ മതിയാവുകയില്ല എന്ന് ദേശീയ പ്രസ്ഥാനം മുതൽ ഇങ്ങോട്ടുള്ള ചരിത്രമെങ്കിലും ശ്രദ്ധിച്ചു വായിക്കുന്നവർക്കറിയാം. അതിനു ഓരോ തലമുറയിലും ഇന്ത്യയുടെ ആത്മാവ് കണ്ടെത്താനുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടേയിരിക്കണം. ലോകം ചുരുങ്ങുകയാണെന്ന് പറയാറുണ്ട്. എന്നാൽ, രാഷ്ട്രീയം ചുരുങ്ങിയാൽ അത് ഒരുതരം ‘ടോക്സിക് ട്രൈബലിസ’ത്തിലേക്കു സമൂഹത്തെ തിരിച്ചുകൊണ്ടുപോയേക്കാം. അന്യപ്രവേശമില്ലായ്മയാണ് അതിന്റെ കാതൽ. അതല്ലാത്തതിനെയൊക്കെ അതു പുറംതള്ളുകയും നിരാകരിക്കുകയും രക്തരൂക്ഷിതമായിപ്പോലും ഇല്ലാതാക്കാൻ യത്നിക്കുകയും ചെയ്യും. ഇതാണ് ജമാഅത്തെ ഇസ്ലാമി പ്രചരിപ്പിക്കുന്ന ‘സ്വത്വ രാഷ്ട്രീയ’ത്തിന്റെ പ്രശ്നം. ശ്രീലങ്കയെപ്പോലെ, കേരളം ഇതുവരെ അതിന്റെ ഭീകര മുഖം കണ്ടിട്ടില്ല. എന്നാൽ, യുഎൻ ഉൾപ്പെടെയുള്ള ഏജൻസികൾ നല്കുന്ന മുന്നറിയിപ്പുകൾ പൂർണ്ണമായി തള്ളിക്കളയാനാവുമോ?

‘മതത്തിന്റെ സ്വത്വ രാഷ്ട്രീയം’ തലപൊക്കിയ ഇടങ്ങളിലൊന്നും അത് മനുഷ്യാവകാശങ്ങളോ, ജനാധിപത്യ വ്യവസ്ഥിതിയോ സമാധാനപൂർണമായ സഹവർത്തിത്വമോ മതേതര രാഷ്ട്രീയമോ അംഗീകരിച്ചിട്ടില്ല. ‘ഏകദൈവമതസംസ്കാര’ നിയമങ്ങളും നിർബന്ധിത മതപരിവർത്തനങ്ങളും വിവേചനപരമായ സാമ്പത്തിക നയങ്ങളും സാമുദായിക പദവികളും അടിമത്തത്തോളമെത്തുന്ന സാമൂഹ്യ വിവേചനങ്ങളുമാണ് അങ്ങനെയുള്ള ഇടങ്ങളിലെല്ലാം പിന്തുടർന്നു വന്നിട്ടുള്ളത്. ‘ഹിന്ദുത്വ’ എന്നതുപോലെ, ‘ജിഹാദ്’

അഥവാ പൊളിറ്റിക്കൽ ഇസ്‌ലാം, ഒരു സമ്പൂർണ്ണ മതരാഷ്ട്രീയ പ്രത്യയശാസ്ത്രമാണ്. അതിന്റെ ആധുനിക രൂപങ്ങൾപോലും ഭീതിദമാണ്. തുർക്കിയിലും നൈജീരിയയിലും പാക്കിസ്താനിലും സമാന ഇസ്‌ലാമിക രാജ്യങ്ങളിലും മതന്യൂനപക്ഷങ്ങൾ നേരിടുന്ന പീഡനങ്ങളും വിവേചനവും ആരും കണ്ടില്ല എന്നു നടിക്കരുത്. ആ വഴിക്ക് ഇന്നത്തെ കേരള രാഷ്ട്രീയത്തിൽ ഒരു വിഭാഗം സ്വീകരിക്കുന്ന പ്രത്യക്ഷമായ സമീപനം വോട്ടുബാങ്ക് രാഷ്ട്രീയത്തിന്റെ മാത്രം പ്രശ്നമല്ല എന്ന് തിരിച്ചറിയാനുള്ള ഉത്തരവാദിത്വം എല്ലാ രാഷ്ട്രീയ പാർട്ടികൾക്കുമുണ്ട്.

പിൻകുറിപ്പ്: മത രാഷ്ട്രീയത്തിന്റെ അന്യപ്രവേശമില്ലായ്മയും, ഇരവാദവും, കുടിപ്പകയും, നിഷേധാത്മക നിലപാടുകളുമല്ല, ഭരണഘടനയിലും നിയമ വ്യവസ്ഥയിലും ഊന്നിയുള്ള സഹവർത്തിത്വവും സമഭാവനയുമാണ് സമാധാനത്തിലേക്കുള്ള ആദ്യ ചുവടുവയ്പ് എന്നും, അതിനു വിഘാതമായതൊന്നും രാഷ്ട്രീയമായി ശരിയാവുകയില്ല എന്നും രാഷ്ട്രീയബോധമുള്ള എല്ലാവരും തിരിച്ചറിയണം. സാമുദായിക സ്പർദ്ധയും ശത്രുതയും വളർത്തുന്ന യാതൊന്നും രാഷ്ട്രീയ മര്യാദയ്ക്ക് ചേരുകയില്ല; നമ്മുടെ രാഷ്ട്രീയ ബോധവും ചരിത്രബോധവും അതിനെ അംഗീകരിക്കുകയുമില്ല. അതാണ് കേരളം പ്രബുദ്ധമാണ് എന്നതിന്റെ അർത്ഥം!

*******

കെസിബിസി പ്രസ്താവന



# ക്രൈസ്തവ ദേവാലയങ്ങൾ പതിവായി ആക്രമിക്കപ്പെടുന്നതിനെ ലോകരാജ്യങ്ങൾ ഗൗരവമായി കാണണം:

## കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

ഫ്രാൻസിൽ ക്രൈസ്തവ ദേവാലയങ്ങൾ ആക്രമിക്കപ്പെടുന്നത് നിത്യ സംഭവമാണ്. പൂർണ്ണമായി നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തീയിടുന്ന സംഭവങ്ങളും വിരളമല്ല. കഴിഞ്ഞ രണ്ടു വർഷങ്ങൾക്കിടെ ഫ്രാൻസിലെ അമ്പതോളം ദേവാലയങ്ങളിൽ അഗ്നിബാധ ഉണ്ടായിട്ടുണ്ടെന്നാണ് കണക്കുകൾ. ഏറ്റവും പുതിയ ഉദാഹരണമാണ് നാന്റസിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള കത്തീഡ്രലിലുണ്ടായ തീപിടുത്തം. തീയിട്ടതിന് പിന്നിൽ ഒരു അഭയാർത്ഥിയാണ് എന്ന വിവരം പുറത്തുവന്നിട്ടുണ്ട്. മൂന്ന് വ്യത്യസ്ത ഭാഗങ്ങളിൽ ഒരേസമയം തീയിട്ടത് ദേവാലയം നശിപ്പിക്കാനാണ് എന്ന് അന്വേഷണ ഉദ്യോഗസ്ഥർ കരുതുന്നു.


ദേവാലയങ്ങൾ ആക്രമിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ പതിവാകുന്നതിനെ ലോകരാജ്യങ്ങൾ ഗൗരവത്തോടെ കാണേണ്ടതുണ്ട്. ഹൃദയവിശാലതയോടെ അഭയാർത്ഥികൾക്ക് ഇടം നല്കിയ യൂറോപ്യൻ രാജ്യങ്ങളിൽ, തീവ്ര ഇസ്ലാമിസ്റ്റുകളുടെ സാന്നിധ്യത്തിന്റെ ലക്ഷണങ്ങളായാണ് ക്രൈസ്തവ ദേവാലയങ്ങൾക്കു നേരെയുള്ള ഇത്തരം അക്രമങ്ങൾ വിലയിരുത്തപ്പെടുന്നത്. ക്രൈസ്തവരെയും ക്രൈസ്തവ ദേവാലയങ്ങളെയും ഇല്ലായ്മ ചെയ്യുവാനുള്ള യുദ്ധക്കൊതിപൂണ്ട ചിലരുടെ ശ്രമങ്ങൾ തിരിച്ചറിഞ്ഞ്, ആഗോള സമൂഹം ശക്തമായി ഇടപെടുക മാത്രമാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ഒരേയൊരു മാർഗ്ഗം.

ഭാരതത്തിലെ മതേതര സമൂഹവും ഈ വിപത്തിനെതിരെ കരുതലുള്ളവരായിരിക്കുവാൻ ഓർമ്മിപ്പിക്കുന്നു. ഇത്തരം ആക്രമണങ്ങളെയും അധിനിവേശങ്ങളെയും പിന്തുണയ്ക്കുകയും ഇവിടെയും ആവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന മതാധിഷ്ഠിത ഗൂഢസംഘങ്ങൾ നമുക്കിടയിലും വളർന്നുവരുന്നതിനെ ജാഗ്രതയോടെ കാണേണ്ടതുണ്ട്. **(20/7/2020)**



Interview

# Growing Majoritarian Nationalism



**Dr. Vinod K. Jose**
**Executive Editor, The Caravan**

**The People of India, passing through seventy-three years of Independence in which we dreamt of democracy and secularism, have now come to times of autocracy and to the concept of allegiance to a single-religion, instead of a secular State. Would you please throw some light on the crises of the sort that we are encountering today?**

The debate on the idea of India was started some 95-100 years ago. When it was clear the British coloniser will leave the subcontinent eventually, what kind of a nation must India be, was a serious question in the minds of all shades of freedom fighters: the Indian National Congress, the Hindu Right forces, the Muslim League, the communists, socialists, the dalit leaders etc. Including the British government, the political parties in the UK, the British academics all entered in the deliberations on what kind of a nation India must be.

The Hindu Right and Muslim League agreed in a two nation theory, which after many riots and violence, the Congress and the British government also agreed eventually. Thus, Pakistan was formed as an Islamic state as Muslim League wanted. But India did not become a Hindu rashtra, as the Hindu Mahasabha and the RSS wanted. Indian remained a secular nation, since the Hindu Right lost the debate to the secular, liberal Congress leaders like Gandhi, and Nehru, stalwarts like Ambedkar, the communists and the socialists, who were mostly western educated and strong believers of plural democracy. Inside the constituent assembly and outside, the idea of contractual nationalism won over the idea of majoritarian nationalism of the Hindu Right.

This wide range of supporters of contractual nationalism--of people who speak many languages, follow many faiths, eat many kinds of food, all agreeing to live together as one people on the promise of the Constitution was an idea borrowed directly from France and England. Majoritarian nationalism, as Germany and Italy followed under Hitler and Mussolini, was something that was condemned by democrats in India, except, by the Hindu Right forces. They could not win the public opinion initially, but gradually, over many landmark historical events, and movements, the once condemned idea of majoritarian nationalism is today the dominant idea in India. The religious freedom, rule of law, freedom of speech and expression, are all under threat when a plural democracy give way to majoritarian democracy. Multiple international agencies have expressed their worries in India's sliding ranks in many of these yardsticks measuring the many kinds of freedoms.

This tells us two things today: we are at an important time historically in the direction in which Indian democracy is heading. Second, when all democratic institutions, from judiciary, to media to administration to legislature, lose the democratic character, what does it mean for religious minorities such as Christians? The sense of security of a person in a democracy is from the fact that its institutions will be fair. Can India continue to be fair and treat everyone equal in front of the law?

**Much discussion has been there relating to religious fundamentalism, extremism and terrorism.In the last few months in Kerala, Islamic fundamentalism has been in discourse. Organisations related to SanghParivar have been actively involved in these deliberations. Even as Islamic fundamentalism is a reality here, the Hindu outfits have also contributed to communal polarisation and violence. Would you then indicate why the present responses are imbalanced?**

Terrorism in the name of religion is a political reality all over the world. One must understand it playing out globally, as well as nationally and regionally. It is also true that many of the religious extremist forces work together. Like how the British helped the Hindu Mahasabha and Jinnah's Muslim League come together and form governments jointly, when it put the leaders of the Congress, communists and socialists in jail. Hindu Mahasabha and Muslim League were two extremes. Similarly, we see the CIA had helped Osama bin Laden and Al Queda in the 1980s, and closer home, Indira Gandhi helped Jarnail Singh Bhindranwale, the Khalistani militant in the 1970s. So these political coming together of terrorist or extremist forces behind the scenes is something that one should learn from history. So deepening one's own understanding beyond the media headlines of the current times is important. Peace loving people can't have allies in extremist organisations or forces believing in violence. The only allies a democrat can work together are those who work for truth, justice and peace. And the means to achieve truth, justice and peace must be nonviolent. So to attack one kind of extremist force, one should not seek the help of another extremist force.

I haven't followed the debates going on in Kerala in detail. But from a cursory look, I feel people are emotionally approaching many issues, without proper perspective or adequate studies. This helps those who set an agenda in advance and those who create narratives. The question that must be asked is that do we have the right information, understanding and spiritual preparedness before we jump at something, and start fighting emotionally?

To fight the right fights in modern Indian, we need the spirit of people like St Thomas More. In the early 1500, when Thomas More said he imagined a political system where every adult must be having a right to cast his or her vote, people laughed at him, and ridiculed him. More's moral position later for another issue was questioned by the king and was given death penalty. But in a couple of centuries later, Europe adopted More's foundational principle of democracy--universal adult franchise. Where are the Thomas More's of 21st century Asia? Can they come from our Kerala, our homes, our neighborhoods?

**Of late, even the Vatican news has reported of the persecution of Christians in India. Would you kindly pinpoint the persecutions of today and explore the causes thereto. Is it because the SanghParivar has taken up the reins of the mainline media that they maintain silence in this regard?**

A recent study has shown the hate crimes against Christians in India have risen by an alarming 40 percent since the Corona lockdown. Nearly 300 cases are reported in India in the past few months, and these include attacks at religious leaders, priests, attacks on those who attend churches or attacking the church building etc.

Often these attacks happen away from the big cities, in the small towns and villages, and hardly get the media attention it deserves. The reason why mainstream Indian press do not cover most of the atrocities against religious minorities, and the backward class people are because Indian media is predominantly owned by the trading Baniya or priestly Brahmin castes. According to the latest studies on representation, the jobs of reporters and editors--about 88 percent of them--are in the hands of upper castes who come to less than fifteen percent of the population. In other words, about 85 percent of people get only 12 percent jobs. The lack of diversity in Indian media is a big problem. It is also true for Indian judiciary. Some of these questions in the coming years may become major flashpoints, since the questions on what democracy, whose democracy would continue to get asked as Indian society becomes majoritarian in its character.

*******

# അഭികാമ്യമല്ല, ഈ നിശബ്ദതയും നിഷ്ക്രിയതയും



## സിബി മാത്യൂസ് ഐപിഎസ്

**മുഖ്യധാരാമാധ്യമങ്ങളിലും, സമൂഹമാധ്യമങ്ങളിലും കത്തോലിക്കാസഭയും ക്രൈസ്തവ വിശ്വാസവും പതിവായി ആക്രമിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്നതായി കാണുന്നു. മാധ്യമരംഗത്ത് നാം നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് സാറിന്റെ നിരീക്ഷണം എന്താണ്?**

കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലെ ക്രൈസ്തവ സമൂഹം, പ്രത്യേകിച്ച് കത്തോലിക്കാസഭ, മാധ്യമങ്ങളിൽ കുറെയേറെ ആക്രമണങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിനെ ഫലപ്രദമായി തടയുവാനോ പ്രതിരോധിക്കാനോ നമുക്ക് സാധിച്ചിട്ടില്ല. പ്രത്യക്ഷത്തിൽ ക്രൈസ്തവരുടേതായ നിരവധി മാധ്യമ സ്ഥാപനങ്ങളുണ്ട്, പത്രങ്ങളുണ്ട്, മാസികകളുണ്ട്. കത്തോലിക്കാ സഭയെപ്പറ്റി പറയുകയാണെങ്കിൽ ഓരോ രൂപതയ്ക്കും, സന്ന്യാസ സമൂഹങ്ങൾക്കും അവരുടേതായ പ്രസിദ്ധീകരണങ്ങളുണ്ട്. ഇതൊക്കെയുണ്ടായിട്ടും സഭ തുടർച്ചയായ ആക്രമണങ്ങളെ നേരിടുമ്പോൾ ഫലപ്രദമായി പ്രതിരോധിക്കാനോ, നമ്മുടെ തന്നെ വിശ്വാസികളോട് എന്താണ് നടക്കുന്നത്, എന്താണ് വാസ്തവങ്ങൾ, പുറമെനിന്നുള്ള ആക്രമണങ്ങൾ എന്തുകൊണ്ടുണ്ടാകുന്നു എന്നുള്ളതൊന്നും വിശദീകരിക്കാനും വേണ്ടരീതിയിൽ കഴിഞ്ഞിട്ടില്ല. അത് നമ്മുടെ ഒരു പോരായ്മ തന്നെയാണ്. വിഷ്വൽ മീഡിയയുടെ കാര്യത്തിൽ നമുക്ക് കാര്യമായിട്ടുള്ള യാതൊരു സ്വാധീനവും ഇന്നില്ല. ശാലോം ടിവി, ഗുഡ്നെസ്സ് ടിവി, ഷെക്കെയ്ന തുടങ്ങിയ ചില ചാനലുകൾ ഉണ്ടെങ്കിലും അവയ്ക്ക് വിശ്വാസി സമൂഹത്തിനു പുറത്ത് സ്വാധീനമില്ല. പുറത്തുള്ളവർ ആ ചാനലുകൾ കാണുന്നുണ്ടെന്നും ഒരു അഭിപ്രായരൂപീകരണത്തിന് അത് സഹായിക്കുന്നുണ്ടെന്നും എനിക്ക് തോന്നുന്നില്ല.

**രാഷ്ട്രീയമായി സഭ പിന്നോക്കം പോവുകയും, മുഖ്യധാരാ രാഷ്ട്രീയത്തിൽ ക്രൈസ്തവ വിരുദ്ധ വികാരം സൃഷ്ടിക്കപ്പെടുകയും വർഗ്ഗീയ നിലപാടുകൾക്ക് കൂടുതൽ പ്രാമുഖ്യം ലഭിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തെക്കുറിച്ച് സാറിനെന്താണ് പറയാനുള്ളത്?**

കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് പറയുകയാണെങ്കിൽ, കുറെ എംഎൽഎമാർ ഉണ്ട് എന്നതിനപ്പുറം, പൊതുവായ ക്രൈസ്തവ സമൂഹവുമായോ കത്തോലിക്കാ സഭയുമായോ ബന്ധപ്പെട്ട എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ സഭയ്ക്കുവേണ്ടി സംസാരിക്കാൻ ആരെയുംതന്നെ ഞാൻ കണ്ടിട്ടില്ല. കഴിഞ്ഞ കുറെ വർഷങ്ങളായി അനേകം പ്രശ്നങ്ങൾ നാം കണ്ടുകൊണ്ടിരിക്കുന്നുണ്ട്. വ്യക്തിപരമായി അവരോട് ചോദിക്കുമ്പോൾ, താൻ ക്രൈസ്തവരുടെ ആളാണെന്ന് ബ്രാൻഡ് ചെയ്യപ്പെടും, അത് തന്റെ ഭാവിയെ അപകടത്തിലാക്കും എന്ന ആശങ്കയാണ് പറഞ്ഞുകേട്ടിട്ടുള്ളത്. അക്കാരണത്താൽ തനിക്ക് സെക്കുലർ കാഴ്ചപ്പാട് മാത്രമേ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് പതിവ് നിലപാട്. ഇത്തരം വിഷയങ്ങളിൽ, വ്യക്തിപരമായി വേറിട്ട അഭിപ്രായങ്ങൾ ഉണ്ടായിരിക്കാമെങ്കിലും അവർക്കൊന്നും തന്നെ രാഷ്ട്രീയ നിലപാടുകൾ സ്വീകരിക്കാൻ സാധിക്കുന്നില്ല. അത് തീർച്ചയായും ഒരു വലിയ പോരായ്മയാണ്.

കേരളത്തിൽ ഇരുപത് ശതമാനത്തിനടുത്ത് ക്രൈസ്തവരുണ്ട് എന്നാണ് കണക്ക്. ആകെ ജനസംഖ്യയുടെ അഞ്ചിലൊന്ന് വരുന്ന ഒരു സമൂഹത്തിന് ഒരു രാഷ്ട്രീയ ശക്തിയായി വളരാൻ കഴിയുന്നില്ല. എല്ലാ പാർട്ടികളിലും നമ്മുടെ സാന്നിദ്ധ്യമുണ്ട്. കൂടുതലായി യുഡിഎഫുമായി ബന്ധപ്പെട്ട പാർട്ടികളിലാണ് ക്രൈസ്തവ സാന്നിദ്ധ്യമുള്ളത്. എങ്കിൽപ്പോലും പ്രകടമായി ഒരു പ്രശ്നം ക്രൈസ്തവർക്ക് ഉണ്ടാകുമ്പോൾ സംസാരിക്കാൻ ആളില്ലാത്ത ശൂന്യതയാണ് കാണുന്നത്. അതിന് ഇനിയുള്ള കാലത്തെങ്കിലും എങ്ങനെ പരിഹാരം കാണാം എന്നുള്ളത് പ്രധാനപ്പെട്ട ഒരു ചർച്ചാവിഷയമാകേണ്ടതാണ്.

**സമീപകാലങ്ങളിൽ സഭ നേരിട്ടുകൊണ്ടിരിക്കുന്ന ആക്രമണങ്ങൾക്കും അവഹേളനങ്ങൾക്കും എതിരെ നിയമപരമായിത്തന്നെ പലതും ചെയ്യാമായിരുന്നിരിക്കെ കൈകെട്ടി നിന്ന അവസരങ്ങളാണ് കൂടുതലും ഉണ്ടായിരുന്നത്. സഭയ്ക്കും സമൂഹത്തിനും എതിരെയുള്ള ഗൂഢനീക്കങ്ങളെ എപ്രകാരമാണ് നിയമപരമായി നേരിടാൻ കഴിയുക?**

നിയമപരമായി സഭ പൊതുവായി നേരിടുന്ന പ്രശ്നങ്ങളും ജനശ്രദ്ധയാകർഷിക്കുന്ന വിവാദ പ്രശ്നങ്ങളും ശരിയായ വിശകലനം നടത്തി ഫലപ്രദമായി കൈകാര്യം ചെയ്യുവാനായി നമുക്കൊരു ലീഗൽ സെൽ അത്യാവശ്യമാണ്. അത്തരം സംവിധാനങ്ങൾ വളരെ മുമ്പേ തന്നെ വേണ്ടിയിരുന്നു. അതിനാവശ്യമുള്ള ധാരാളം വിദഗ്ദർ നമുക്കിടയിൽ ത്തന്നെയുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ വ്യക്തിപരമായും അപൂർവ്വമായും മാത്രമാണ് ചിലർ ചിലതൊക്കെ ചെയ്യുന്നത്. സഭയെ മൊത്തമായി

ബാധിക്കുന്ന പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്നുള്ള വിഷയത്തിൽ നിയമപരമായ ഉപദേശം നല്കുവാൻ ഔദ്യോഗികമായ ഒരു പരിവേഷംതന്നെ കൊടുത്തുകൊണ്ട് ശക്തമായ ഒരു ടീമിനെ തയ്യാറാക്കേണ്ടതാണ്. ഏതെങ്കിലുമൊരു ബിഷപ്പിന് പരിചയമുള്ള ഒരാളെ വിളിച്ച് ഉപദേശം ചോദിക്കുന്ന രീതിയല്ല വേണ്ടത്; കെസിബിസി - പി.ഒ.സി. പോലുള്ള ഔദ്യോഗിക സംവിധാനങ്ങളുടെ ഭാഗമായിത്തന്നെ ഇത്തരം കാര്യങ്ങളിൽ നിയമ സഹായം നല്കാൻ കഴിയുന്ന ഒരു ഗ്രൂപ്പ് ഉണ്ടാകണം. സഭയുടെയും വിശ്വാസിസമൂഹത്തിന്റെയും പ്രധാന പ്രശ്നങ്ങൾ എന്നതിലുപരി ഇത്തരത്തിൽ നിയമ സഹായം തേടുന്നവർക്ക് ഒരു ഹെൽപ്പ്‌ലൈൻ തന്നെ ആരംഭിക്കുന്നത് ആവശ്യമാണ് എന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. ആരെപ്പോയി കാണണം, ആരെ സമീപിച്ചാൽ ശരിയായ ഉപദേശം കിട്ടും എന്നിങ്ങനെ വലിയ ആശങ്കകളിൽ അകപ്പെടുന്ന ക്രൈസ്തവരെ സഹായിക്കാൻ കഴിയും.

**സമൂഹത്തിന്റെ മുമ്പിൽ നാം പലപ്പോഴും തെറ്റുകാരായി ചിത്രീകരിക്കപ്പെടുന്നു. യാഥാർഥ്യം മറ്റൊന്നായിരിക്കാമെങ്കിലും മുഖ്യധാരാമാധ്യമങ്ങൾ സഭയെ കടന്നാക്രമിക്കുന്നു, കണ്ടുനില്ക്കുന്ന വരെല്ലാം കൈകൊട്ടി അത് സന്തോഷത്തോടെ സ്വീകരിക്കുന്നു. അതാണ് ഈ കാലത്തിന്റെ ശൈലി.** സഭ ആക്രമിക്കപ്പെടുന്നതിൽ ജനങ്ങൾ സന്തോഷി ക്കുന്ന ഒരു പശ്ചാത്തലം ഇന്നുണ്ട്. വർഗ്ഗീയമായ അജണ്ടകളെക്കുറിച്ചല്ല ഞാൻ പറയുന്നത്. പൊതു സമൂഹം കരുതുന്നത്, സഭയ്ക്ക് ലക്ഷക്കണക്കിന് കോടി രൂപയുടെ സ്വത്തുണ്ട്, അതെല്ലാം സഭ പൂഴ്ത്തി വച്ചിരിക്കുകയാണ് എന്നിങ്ങനെയൊക്കെയാണ്. കഴിഞ്ഞ ദിവസം സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന ഒരു പോസ്റ്റ് കാണുകയുണ്ടായി. അതിൽ സ്ഥാപിക്കാൻ ശ്രമിക്കുന്നത് കത്തോലിക്കാ സഭയ്ക്ക് ഇൻഡ്യാഗവണ്മെന്റിനെക്കാൾ സമ്പത്തുണ്ടെന്നും അതിനെ സംരക്ഷിക്കുകയാണ് ബിഷപ്പുമാരുടെ ജോലി എന്നുമൊക്കെയാണ്. അത്തരം അടിസ്ഥാനരഹിത മായ ആരോപണങ്ങളെ പോലും ഖണ്ഡിക്കാൻ നമുക്ക് സാധിക്കുന്നില്ല. അതൊക്കെ ശരിയാണെന്ന് പൊതുസമൂഹം മാത്രമല്ല, ചില വിശ്വാസികൾപോലും കരുതുന്നു എന്നുള്ളതാണ് പരിതാപകരമായ അവസ്ഥ. ഇത്തരം ദുരാരോപണങ്ങൾ നിഷേധിക്കാനും, യാഥാർഥ്യമെന്താണെന്ന് പറഞ്ഞുകൊടുക്കാനും ആളില്ല എന്നുള്ളതാണ് അടിസ്ഥാനപരമായ കാരണം.

**പൊതുസമൂഹത്തിന് മുന്നിൽ സഭയെക്കുറിച്ചു പ്രചരിക്കുന്ന ചിത്രം അയഥാർത്ഥമാണ് എന്ന് സർ സൂചിപ്പിക്കുകയുണ്ടായി. കത്തോലിക്കാ സഭയ്ക്കും സഭയുടെ പ്രവർത്തനങ്ങൾക്കും സാമൂഹിക ഇടപെടലുകൾക്കും എക്കാലവും ഇവിടെ വലിയ സ്ഥാനമുണ്ട്. സാറിന്റെ അനുഭവങ്ങളുടെ വെളിച്ച ത്തിൽ അത് വിശദീകരിക്കാമോ?**

കുറച്ചുനാൾ മുമ്പ് സന്ന്യാസ സഭയുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ടായ സാഹചര്യത്തിൽ ഒരു സംഭാഷണ മദ്ധ്യേ ഞാൻ പറയുകയുണ്ടായി, ഈ രീതിയിലുള്ള കടന്നാക്രമണങ്ങളൊക്കെ ഉണ്ടായാൽ സന്ന്യാസസഭകളിലേക്ക് ചേരാൻ ആളുകളില്ലാതെ വരും എന്ന്. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത ആക്രമണങ്ങളായിരുന്നു നടന്നിരുന്നത്. ഞാനുമായി അപ്പോൾ ഈ വിഷയം സംസാരിച്ചുകൊണ്ടിരുന്ന വ്യക്തി ഒരു കത്തോലിക്കൻ ആയിരുന്നില്ല. ഈ സന്ന്യാസ സഭകളെല്ലാം നിന്നുപോവുകയാണെങ്കിൽ കേരളത്തിലെ സാമൂഹിക സ്ഥിതി എന്തായിത്തീരും എന്നാണ് അദ്ദേഹം എന്നോട് ചോദിച്ചത്. അശരണരെ നോക്കാൻ പിന്നെ ആരുണ്ടാവും? പ്രത്യേകിച്ച് മദർ ലിറ്റിയെപ്പോലുള്ളവരുടെ സ്ഥാപനങ്ങളും മദർ തെരേസയുടെ ശിശുഭവനങ്ങളുമൊക്കെ കണ്ടിട്ടുള്ള യാളായിരുന്നു അദ്ദേഹം. ഇതുപോലുള്ള ആയിരങ്ങളെ വേണ്ടവിധം ശുശ്രൂഷിക്കാൻ സർക്കാരിനെക്കൊണ്ട്



യാതൊരുകാരണവശാലും സാധിക്കുകയില്ല. സാമ്പത്തികമായിപ്പോലും താങ്ങാൻ സർക്കാരിനെ ക്കൊണ്ട് കഴിയില്ല.

ഇതെല്ലാം നടന്നുപോകുന്നത് സഭയുടെയും, സഭയെ സ്നേഹിക്കുന്ന അനേകരുടെയും പങ്കു വയ്ക്കലുകൾ കൊണ്ടാണ്. **കുറെയേറെ സന്ന്യാസിനി മാരും ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി സമൂഹത്തിനു സേവനം ചെയ്യാനായി ജീവിതം ഉഴിഞ്ഞുവച്ചിരിക്കുകയാണ്. അവരൊന്നുമില്ലാത്ത ഒരവസ്ഥയിൽ കേരളം ബീഹാറുപോലെയോ യുപി പോലെയോ ആയിപ്പോകും.** സാമൂഹിക ക്ഷേമ

രംഗത്ത് വലിയൊരു ശൂന്യതയായിരിക്കും വരുന്നത്. കേരളം ഇന്ന് 'ഗോഡ്സ് ഓൺ കൺട്രി' എന്ന് വിളിക്കപ്പെടുന്നതിന്റെ ഒരു കാരണം ഇവരൊക്കെയാണ്. ആരോഗ്യ രംഗത്തും വിദ്യാഭ്യാസ മേഖലയിലും സഭയുടെ കഴിഞ്ഞ നൂറുവർഷത്തെ സേവനം നിർണ്ണായകമാണ്. അത് സന്ന്യസ്തരിലൂടെ ഇന്നും തുടർന്ന് പോരുകയാണ് ചെയ്യുന്നത്. സേവനരംഗത്തുള്ള സന്ന്യാസിനികളുടെയും കത്തോലിക്കാ സഭയുടേതായിട്ടുള്ള സ്ഥാപനങ്ങളുടെയും സാന്നിധ്യം ഒരുകാലത്ത് നഷ്ടപ്പെടുകയാണെങ്കിൽ മാത്രമേ അതിന്റെ ഭവിഷ്യത്ത് മനസ്സിലാവുകയുള്ളു. കാരണം, ഇവരുടെ സേവനങ്ങൾ കത്തോലിക്കർക്കു വേണ്ടിയോ ക്രൈസ്തവർക്കു വേണ്ടിയോ മാത്രല്ല. ജാതിമത വ്യത്യാസമില്ലാതെ എല്ലാവരെയും ഒരുപോലെയാണ് അവർ സ്വീകരിക്കുന്നത്. മദർ ലിറ്റിയുടെ തിരുവല്ലയിലെ സ്ഥാപനത്തിലും മറ്റു പല സ്ഥാപനങ്ങളിലും ഞാൻ പോയിട്ടുണ്ട്. അവിടങ്ങളിലെ അന്തേവാസികളുടെ കണക്കെടുക്കുകയാണെങ്കിൽ തൊണ്ണൂറു ശതമാനവും അക്രൈസ്തവരായിരിക്കും. ജാതിയോ മതമോ നോക്കിയല്ല ഇവരൊന്നും സേവനം ചെയ്യുന്നത്.

എയിഡ്സ് രോഗികളെ ശുശ്രൂഷിക്കാൻ വേറെ ആരുണ്ടാവും? പ്രളയം വന്നപ്പോൾ എത്രമാത്രം സേവനങ്ങളാണ് ഇവർ ചെയ്തത്? ചങ്ങനാശേരി രൂപതാപരിധിയിലെ കാര്യം എനിക്കറിയാം അതുപോലെ മറ്റുള്ള സ്ഥലങ്ങളിലും നടന്നിട്ടുണ്ടാവുമെന്നു കരുതുന്നു. ഇങ്ങനെ സേവനരംഗത്തുള്ള ക്രൈസ്തവ സാന്നിധ്യം ഇന്ന് പാടെ അവഗണിക്കപ്പെടുകയാണ്. പലരും എന്നോട് ചോദിക്കാറുണ്ട്, ഇതൊക്കെ നിങ്ങൾ ചെയ്യുന്നവയാണോ, നിങ്ങൾക്ക് പബ്ലിസിറ്റി ഇല്ലേ, ഇതൊക്കെ പൊതുസമൂഹത്തോട് പറഞ്ഞുകൂടേ എന്നൊക്കെ. ഞാൻ പറയാറുണ്ട്, പബ്ലിസിറ്റിക്ക് വേണ്ടിയല്ല ഇതൊന്നും ചെയ്യുന്നത് എന്ന്. പബ്ലിസിറ്റിക്ക് വേണ്ടിയല്ല ചെയ്യുന്നതെങ്കിലും സഭയ്ക്കുള്ളിലുള്ള ആളുകൾ പോലും ഇതൊന്നും അറിയുന്നില്ല എന്നുകൂടി നാം ഓർക്കണം. **എത്രകോടി രൂപയാണ് സാമൂഹ്യസേവന പരിപാടികൾക്കായി ഓരോ വർഷവും സഭ ചെലവഴിക്കുന്നത്? അതാരും അറിയുന്നില്ല. അത്തരം കാര്യങ്ങൾ പത്രസമ്മേളനം വിളിച്ചൊന്നും പറഞ്ഞില്ലെങ്കിലും സഭയുടേതായ ഒരു സെക്കുലർ ഓൺലൈൻ പത്രമെങ്കിലും ഉണ്ടാകേണ്ടതാണ്. ഒരു ടിവി ചാനലും വേണ്ടത് തന്നെയാണ്.** അങ്ങനെയുള്ള മാധ്യമങ്ങളിൽകൂടി ജനങ്ങൾ അറിയേണ്ട കാര്യങ്ങളാണ് ഇതൊക്കെ.

**വഴിതെറ്റുന്നവരും വ്യാജം പറയുന്നവരുമായ ചിലരെ ചൂണ്ടിക്കാണിച്ച് സകല സന്ന്യസ്തരെയും മോശക്കാരാക്കി ചിത്രീകരിക്കാനായുള്ള ശ്രമങ്ങൾ ആസൂത്രിതമായി നടക്കുന്നുണ്ട്. അതല്ല വാസ്തവം എന്ന് നമുക്ക് വ്യക്തമായറിയാം. ഇത്തരത്തിൽ മോശക്കാരാക്കി ചിത്രീകരിക്കപ്പെടുന്ന എണ്ണമറ്റ സന്ന്യസ്തരുടെ സമർപ്പണ ജീവിതത്തെക്കുറിച്ച് സാറിന്റെ വീക്ഷണങ്ങൾ പങ്കുവയ്ക്കാമോ?**

കൃത്യമായ അംഗസംഖ്യ എനിക്കറിയില്ലെങ്കിലും കേരളത്തിലെ വലിയ സന്ന്യാസിനീ സമൂഹങ്ങളിൽ ഒന്നാണ് ക്ളാരിസ്റ്റ് കോൺഗ്രിഗേഷൻ(FCC). ഏഴായിരത്തോളം സന്ന്യാസിനിമാർ ആ കോൺഗ്രിഗേഷനിലുണ്ടെന്ന് ഒരു കണക്ക് കേട്ടിരുന്നു. അതുപോലെ അംഗസംഖ്യയുള്ളതും അൽപ്പം കുറവുള്ളതുമായ മറ്റനേകം കോൺഗ്രിഗേഷനുകളുണ്ട്. അവർ സ്കൂളുകൾ നടത്തുന്നു, അനാഥാലയങ്ങളിൽ ശുശ്രൂഷ ചെയ്യുന്നു, എസ്ഡി സന്ന്യാസിനിമാരെപ്പോലെ അനേകർ ആരോഗ്യപരിപാലന രംഗത്തുണ്ട്. അത്തരത്തിൽ ഒരുപാട് സേവനങ്ങൾ അവർ ചെയ്യുന്നുണ്ട്. അതിൽ ഏതാനും ചിലർ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് അവരുടേതായ ആവലാതികൾ പറയുന്നു, ശരിയായിരിക്കാം തെറ്റായിരിക്കാം. അവരുടെ പിന്നാലെയാണ് മാധ്യമങ്ങൾ. കാരണം, ലോകം മുഴുവനും എന്നതുപോലെ കേരളത്തിലും നെഗറ്റിവ് ആയ കാര്യങ്ങൾക്ക് കൂടുതൽ പബ്ലിസിറ്റി കിട്ടുന്ന അവസ്ഥയാണ് ഇന്നുള്ളത്. നല്ലകാര്യങ്ങൾക്ക് അതുപോലെ പബ്ലിസിറ്റി കിട്ടാറില്ല. **സന്ന്യസ്തർക്കിടയിൽ അപൂർവ്വം ചിലർ സ്വതന്ത്രരായി നടക്കുന്നു, അവർക്ക് ഇഷ്ടമുള്ളിടത്തെല്ലാം പോകുന്നു, അവരെ കൊണ്ടുനടക്കാനും അവർക്ക് വേദികളൊരുക്കാനും മാധ്യമ ശ്രദ്ധ നേടിക്കൊടുക്കാനുമെല്ലാം ആളുകളുണ്ട്. ഇത്തരത്തിൽ സഭയ്ക്കെതിരേ പ്രവർത്തിക്കുന്ന ശക്തികൾ എല്ലാക്കാലത്തുമുണ്ടായിരുന്നു, ഇപ്പോഴുമുണ്ട്.** അവരെ ആക്രമിക്കണമെന്നോ ഒറ്റപ്പെടുത്തണമെന്നോ ഒന്നും ഞാൻ പറയുന്നില്ല, പക്ഷെ, മറുവശത്ത് നാം ചെയ്യുന്ന നല്ലകാര്യങ്ങൾ പുറത്ത് വരണം.

സിസ്റ്റർമാരെ സംബന്ധിച്ച് എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ള കാര്യമുണ്ട്. കുടുംബവുമായുള്ള ബന്ധം വിച്ഛേദിച്ച് കോൺവെന്റുകളിലേയ്ക്ക് വരുന്നവരാണ് അവർ. പല സ്ഥലത്തുനിന്നും പല പശ്ചാത്തലങ്ങളിൽ നിന്നും വരുന്നവരാണ് അവരൊക്കെ. പക്ഷെ, പിന്നീട് ജീവിതകാലം മുഴുവനും സന്ന്യസ്ത ജീവിതം നയിക്കേണ്ടവരാണ്. അവർക്ക് അവരുടേതായ ക്ലേശങ്ങളും, വിഷമതകളും ഉണ്ടാകാം. പക്ഷെ, അത് പറയാനും പരിഹരിക്കാനുമായി ഒരു grievance redressal നുള്ള വേദിയില്ല. ആരോട് പറയും? അവരുടെ മദർ സുപ്പീരിയറിനോട് ഒരുപക്ഷെ പറയാമായിരിക്കും. മഠങ്ങൾക്കുള്ളിൽ നടക്കുന്ന ഒരു

കാര്യമായതിനാൽ അതെങ്ങനെയാവും സ്വീകരിക്കപ്പെടുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷെ, ഇത്തരമൊരു വേദിയുണ്ടാകണമെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. അതെന്തായിരിക്കണം എങ്ങനെയായിരിക്കണമെന്ന് കെസിബിസിയും ഉത്തരവാദിത്തപ്പെട്ടവരും തീരുമാനിക്കേണ്ട കാര്യമാണ്. തന്റെ സുപ്പീരിയറിനോട് പറഞ്ഞതുകൊണ്ട് പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളുണ്ടെങ്കിൽ, അതിൽ ഇടപെടാൻ ഒരു വേദി ഉണ്ടാകണം എന്നുള്ളതിൽ സംശയമില്ല. കോൺവെന്റിലേക്ക് ചേർന്നുപോയി, ഇനി തിരിച്ചു വീട്ടിലേക്ക് പോയാൽ അവിടെ സ്വീകരിക്കപ്പെടില്ല, സമൂഹത്തിൽനിന്ന് പ്രശ്നങ്ങളുണ്ടാകും; അതിനാൽ സഹിച്ച് ജീവിതാവസാനം വരെ ഇവിടെ കഴിയാം എന്നുള്ള അവസ്ഥ നല്ലതല്ല.

'ചെറിയ പ്രായത്തിൽ തിരിച്ചറിവില്ലാത്ത പ്രായത്തിൽ കൊണ്ടുപോയി ജീവിതകാലം മുഴുവൻ തടങ്കൽ പാളയത്തിൽ എന്നതുപോലെ അടച്ചിടുകയാണ്, അത് ക്രൂരതയാണ്' എന്നും മറ്റുമുള്ള അതിരുകടന്ന വിമർശനങ്ങളും ആരോപണങ്ങളും ഉയർന്നുകാണാറുണ്ട്. അങ്ങനെയൊരവസ്ഥ ഇല്ല എന്നുള്ളത് വാസ്തവമാണെങ്കിലും അത്തരമൊരു കാഴ്ചപ്പാട് സമൂഹത്തിൽ ഉണ്ടാകുന്നത് തുറന്നു സംവദിക്കാൻ വേദികളില്ലാത്തതുകൊണ്ടാണ്. അത്തരം അവസരങ്ങൾ ഇനിയെങ്കിലും ഉണ്ടാകട്ടെ.

**സന്ന്യസ്തരെ കുറച്ചുകാണുകയും അവഹേളിക്കുകയും ചെയ്യുന്നവരോട് എന്താണ് പറയാനുള്ളത്?**

അത്തരക്കാർ പുറമെനിന്ന് വീക്ഷിക്കുന്നവരാണ്. പിന്നെ, അടുത്തകാലത്ത് ഇത്തരം വിഷയങ്ങൾ പ്രമേയമാക്കി കുറെ സിനിമകൾ ഇറങ്ങി. എല്ലാത്തിന്റെയൊന്നും പേരുകൾ ഞാൻ ഓർമ്മിക്കുന്നില്ല. വർഷങ്ങൾക്ക് മുമ്പിറങ്ങിയ 'ക്രൈം ഫയൽ' എന്ന സിനിമ എത്രയോ തവണയാണ് ടെലിവിഷൻ ചാനലുകളിൽകൂടി പ്രദർശിപ്പിച്ചിട്ടുള്ളത്? അടുത്ത കാലത്ത് 'വിശുദ്ധൻ' എന്നൊരു സിനിമ ഇറങ്ങിയിരുന്നു. സന്ന്യാസിനിമാരെ മോശക്കാരാക്കി ചിത്രീകരിക്കുന്ന ഒരുപാട് സിനിമകൾ ഇങ്ങനെ ഇറങ്ങിയിട്ടുണ്ട്. വളരെ അപഹാസ്യമായ രീതിയിലാണ് വൈദികരുടെയും സന്ന്യസ്തരുടെയും ജീവിതത്തെപ്പറ്റിയും സഭയെപ്പറ്റിയും അവയിൽ പരാമർശിച്ചിട്ടുള്ളത്. കുമ്പസാരക്കൂടിനെയും കുമ്പസാരത്തെയുമൊക്കെ അവഹേളിച്ചുകൊണ്ടുള്ള നിന്ദ്യമായ രീതിയിലുള്ള ചിത്രീകരണങ്ങളൊക്കെ ഉണ്ടായി. ഇങ്ങനെയൊക്കെ സംഭവിച്ചിട്ടും സഭയും വിശ്വാസികളും മിണ്ടിയില്ല. അത്തരം സിനിമകളിൽ കാണുന്നത് വിശ്വാസികൾ വിശ്വസിച്ചു എന്ന് ഞാൻ കരുതുന്നില്ല. പക്ഷെ സഭയ്ക്ക് പുറത്തുള്ളവർ ഇതൊക്കെയാണ് നടക്കുന്നതെന്ന്







ചിന്തിച്ചിട്ടുണ്ടാവണം. 'റോമൻസ്' എന്ന സിനിമ കാണുകയുണ്ടായി. എത്ര പരിഹാസ്യമായിട്ടാണ് അവർ വൈദികരെ അവതരിപ്പിച്ചിരിക്കുന്നത്? മെത്രാനെ തെരഞ്ഞെടുക്കുന്നത് അച്ചന്മാർ വോട്ട് ചെയ്തിട്ടാണ് എന്നുവരെ അതിൽ കാണിച്ചു. ഇതൊക്കെ കണ്ടുകഴിഞ്ഞപ്പോൾ എനിക്ക് തോന്നിയത്, എല്ലാം സഹനമായി കാണാമെങ്കിലും ഇത്രമാത്രം സഹിക്കേണ്ട കാര്യമില്ല എന്നാണ്. കാരണം, കാണുന്നവർ വിചാരിക്കും, ഇതൊക്കെ ശരിയായിരിക്കുമെന്ന്.

എന്തും കാണിക്കാമോ ഈ രാജ്യത്ത്? വേറെ ഒരു മതത്തിൽപ്പെട്ട കാര്യമാണ് ഇങ്ങനെ അവതരിപ്പിക്കുന്നതെങ്കിൽ എന്തായിരിക്കും അവസ്ഥ? പണ്ടൊരിക്കൽ ചിറ്റൂർ റാണിയായിരുന്ന പത്മാവതിയെപ്പറ്റി ഒരു സിനിമ നിർമ്മിച്ചപ്പോൾ എന്തെല്ലാം കോലാഹലങ്ങൾ നടന്നു? **കത്തോലിക്കാ സഭയിലെ വൈദികരെയും, സന്ന്യസ്തരെയും സഭയുടെ സമ്പ്രദായങ്ങളെയും ബിഷപ്പുമാരെയും കുറിച്ച് ആര് എന്തുപറഞ്ഞാലും ചോദിക്കാനാരുമില്ല എന്ന നിലയിലേക്ക് കാര്യങ്ങൾ പോകുന്നത് ശരിയല്ല. അതിനുള്ള സംവിധാനങ്ങൾ ഉണ്ടാവുകതന്നെ വേണം.** ക്ഷമയും സഹനവും ഇല്ല എന്നുള്ളതുകൊണ്ടല്ല, അതൊക്കെയുണ്ട്. പക്ഷെ തെറ്റായ ആശയങ്ങൾ സമൂഹത്തിലൂടെ പ്രചരിക്കപ്പെടുമ്പോൾ അത് ചോദ്യം ചെയ്യാനുള്ള നിയമങ്ങളും കോടതിയും മാർഗ്ഗങ്ങളും ഉള്ള സ്ഥിതിക്ക് അവ ഉപയോഗിക്കുക തന്നെ വേണം.

ഒരിക്കൽ 'പിതാവും പുത്രനും പരിശുദ്ധാത്മാവും' എന്ന പേരിൽ ഒരു സിനിമ പ്രഖ്യാപിച്ചപ്പോൾ ബോംബെക്കാരായ ചിലർ പരാതി കൊടുക്കുകയും നിർമ്മാതാവിന് പേര് മാറ്റേണ്ടിവരികയും ചെയ്ത ഒരു സംഭവം ഉണ്ടായിട്ടുണ്ട്. പേരിൽ മാറ്റം വരുത്തി 'പിതാവും പുത്രനും' എന്നപേരിൽ ആ സിനിമ പുറത്തിറങ്ങിയപ്പോൾ വീണ്ടും പരാതി പോവുകയും അത് പെട്ടിയിലാവുകയും ഉണ്ടായി. ശക്തമായ നടപടികൾ ഇതുപോലുള്ള സിനിമകൾക്കെതിരേ സ്വീകരിക്കാനുള്ള നിയമവും, സെൻസർ ബോർഡും ഇവിടെയുണ്ട്. നിയമപരമായി ഇത്തരം അവഹേളനങ്ങളെ നേരിടണം. ഇപ്രകാരം നമ്മുടെ സ്വയരക്ഷയ്ക്ക് വേണ്ടിയുള്ള മാർക്ഷങ്ങൾ നാം തേടുകതന്നെ വേണം. അല്ലാത്തപക്ഷം, ഇതൊക്കെ ആവർത്തിച്ചു കൊണ്ടിരിക്കും. ഒരുപക്ഷെ ഇതൊക്കെ 'ടെസ്റ്റ് ഡോസുകൾ' ആയിരിക്കാം. ഇക്കാര്യങ്ങളിലൊന്നും പ്രതികരണങ്ങൾ ഉണ്ടായില്ലെങ്കിൽ, കൂടുതൽ ശക്തമായ ആക്രമണങ്ങൾ നാം നേരിടേണ്ടിവന്നേക്കാം. അതിനെ അനുവദിക്കാൻ പാടില്ല.

**അടുത്തകാലത്തായി രൂപപ്പെട്ടിട്ടുള്ള ഒട്ടേറെ ഓൺലൈൻ പത്രങ്ങൾ സഭയ്ക്കും വിശ്വാസത്തിനു മെതിരായി വ്യാജ വാർത്തകൾ പ്രചരിപ്പിക്കുകയും സഭാനേതൃത്വത്തെ കരുതിക്കൂട്ടി അവഹേളിക്കുകയും ചെയ്യുന്നത് പതിവാണ്. വാർത്തകൾ വളച്ചൊടി ക്കുകയും, ദുർവ്യാഖ്യാനം ചെയ്യുകയും, പെരുപ്പിച്ചു കാണിക്കുകയും ചെയ്ത് സമൂഹത്തിൽ തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന അവരെ നിലയ്ക്ക് നിർത്താൻ നിയമത്തിന് പോലും കഴിയാത്ത സാഹചര്യമുണ്ട്. സാറിന്റെ നിരീക്ഷണങ്ങൾ പങ്കുവയ്ക്കാമോ?**

ഓൺലൈൻ പത്രങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച നിയമങ്ങളെക്കുറിച്ച് എനിക്ക് വ്യക്തതയില്ല. പക്ഷെ, ഇൻഫർമേഷൻ ടെക്നോളജി ആക്ട് എന്നൊരു നിയമം ഇവിടെയുണ്ട്. രാഷ്ട്രീയ നേതാക്കൾക്കെതിരെ കാർട്ടൂൺ വരയ്ക്കുമ്പോൾ അവരെ പിടിച്ചു ജയിലിൽ ഇടാറുണ്ടല്ലോ. അതിനുള്ള നിയമം ഇപ്പോഴും നിലവിലുണ്ട്. ബംഗാളിൽ സംഭവിച്ചത് നമുക്കറിയാം, മമതാ ബാനർജിക്കെതിരേ കാർട്ടൂൺ വരച്ച് ജയിലിലായ പ്രഫസർക്ക് സുപ്രീംകോടതി ഇടപെട്ടാണ് പുറത്തിറങ്ങാനായത്. ആ നിയമങ്ങൾ എപ്പോൾ ആർക്കെതിരെ ഉപയോഗിക്കണമെന്ന് പൊലീസാണ് തീരുമാനിക്കുന്നതെന്നു മാത്രം. ഇവിടെ ഇതുവരെ വേണ്ട നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ അതിനുള്ള സമ്മർദ്ദം പോലീസിലും ഉണ്ടായിട്ടുണ്ടാ വില്ല. ഇത്തരം മാധ്യമങ്ങളുടെ രജിസ്ട്രേഷൻ തടയാനോ ബാൻചെയ്യാനോ ഒന്നും നാം പോകേണ്ടതില്ല. എന്നാൽ അപകീർത്തിപ്പെടുത്തലിനെ തിരേ അതിനെതിരെ ക്രിമിനൽ നടപടികളും, ഐടി ആക്ട് പ്രകാരമുള്ള നടപടികളും സ്വീകരിക്കാം. പക്ഷെ, അതിനുള്ള ശക്തമായ നീക്കങ്ങളോ, നടപടിക്രമങ്ങളോ നിയമത്തിന്റേതായ വഴിയിൽ ചെയ്തിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ഓൺലൈൻ മാധ്യമമായതുകൊണ്ട് എന്തും ചെയ്യാം എന്ന സ്ഥിതി ഇന്ത്യയിലില്ല. നാം ഫലപ്രദമായ വഴി നോക്കിയിട്ടില്ല എന്നുള്ളതാണ് കാര്യം. ഒരുപക്ഷേ, കുറേപേർ കണ്ടാലും അതൊന്നും സഭയെ ബാധിക്കില്ല എന്നോ, രണ്ടായിരം വർഷമായി പാറപോലെ നിലകൊള്ളുന്ന സഭയ്ക്ക് ഇതുകൊണ്ട് ഒന്നും സംഭവിക്കാൻ പോകുന്നില്ല എന്നോ ആണ് സഭയെ നയിക്കുന്നവർ ചിന്തിക്കുന്നതെങ്കിൽ ഇത്തരം സംഭവങ്ങൾ തുടർന്നുകൊണ്ടിരിക്കും.

തയ്യാറാക്കിയത്: **വിനോദ് നെല്ലയ്ക്കൽ**

*******

കെസിബിസി പ്രസ്താവന

# CBSE സിലബസ് വെട്ടിച്ചുരുക്കൽ: ഒഴിവാക്കിയത് ഭാരതത്തിന്റെ ആത്മാവിനെ

## കെസിബിസി വിദ്യാഭ്യാസകമ്മീഷൻ

കോവിഡ് 19 പശ്ചാത്തലത്തിൽ പഠനഭാരം കുറയ്ക്കാനെന്ന പേരിൽ പാഠഭാഗങ്ങളിൽ നിന്ന് ഇന്ത്യയുടെ ആത്മാവിനെ തന്നെ മുറിച്ചു മാറ്റിയ കേന്ദ്ര സർക്കാരിന്റെ നടപടി ഞെട്ടിപ്പിക്കുന്നതാണെന്ന് കെസിബിസി വിദ്യാഭ്യാസകമ്മീഷനും ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാനസമിതിയും അഭിപ്രായപ്പെട്ടു. പൗരത്വം, മതേതരത്വം, ജനാധിപത്യം, ഫെഡറലിസം, ദേശീയത, ബഹുസ്വരത, പഞ്ചവത്സരപദ്ധതികൾ തുടങ്ങിയ പാഠഭാഗങ്ങൾ പഠിക്കേണ്ടതില്ലെന്ന കേന്ദ്രമനുഷ്യവിഭവശേഷി വകുപ്പിന്റെ തീരുമാനം NDA സർക്കാരിന്റ രഹസ്യ അജണ്ട നടപ്പിലാക്കുന്നതിന്റെ ഭാഗമാണ്. പൗരത്വനിയമവും സങ്കുചിത മതദേശീയതയും രാജ്യത്തെ മതന്യൂനപക്ഷങ്ങളിലും ജനാധിപത്യ വിശ്വാസികളിലും സൃഷ്ടിച്ച ആശങ്കയും അരക്ഷിതബോധവും വർദ്ധിപ്പിക്കാൻ മാത്രമേ കേന്ദ്ര സർക്കാരിന്റെ പുതിയ തീരുമാനം കാരണമാകൂ.

കോവിഡ് 19 പടർന്നു പിടിക്കുകയും ആയിരങ്ങൾ മരിക്കുകയും, ഒരു ജനത മുഴുവൻ അതിജീവനത്തിനായി പോരാടുകയും വിദേശശക്തികൾ രാജ്യത്തിനു നേരെ കടുത്ത ഭീഷണി ഉയർത്തുകയും ചെയ്യുന്ന അതീവ ഗുരുതരമായ സാഹചര്യത്തിലൂടെ രാജ്യം കടന്നുപോകുമ്പോൾ സങ്കുചിത മത-രാഷ്ട്രീയ നിലപാടുകൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ പ്രതിരോധം തീർക്കാൻ മുഴുവൻ ജനാധിപത്യ വിശ്വാസികളും തയ്യാറാകണമെന്ന് കെസിബിസി വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി ഫാ. ജോസ് കരിവേലിക്കൽ, ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡന്റ് സാലു പതാലിൽ, ജനറൽ സെക്രട്ടറി ജോഷി വടക്കൻ എന്നിവർ ആവശ്യപ്പെട്ടു. **(11/7/2020)**

# പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ മൂടിവയ്ക്കുന്നതാര്?



**പ്രതികരണം**

**ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി**
സെക്രട്ടറി, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

ജൂലായ് അഞ്ചിന് ദീപിക പ്രകടിപ്പിച്ച ആർജ്ജവത്തെ അംഗീകരിക്കാതെ വയ്യാ. 'വിലകൂടിയ ഈന്തപ്പഴങ്ങളും വിമാനടിക്കറ്റുകളും' എന്ന തലക്കെട്ടിൽ ദിജൻ എഴുതിയ ലേഖനം ഇന്നത്തെ കേരളം ചർച്ച ചെയ്യേണ്ട ചില ആശങ്കകളെ തുറന്നു കാട്ടി. ഇത്തരം പ്രശ്നങ്ങളെ മൂടിവയ്ക്കുകയും നിസ്സാരവത്കരിക്കുകയും ചെയ്യുന്ന ഒരു പൊതു ബോധം ഇവിടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതും സത്യമാണ്. ജോസഫ് സാറിന്റെ കൈ വെട്ടിയതിനെ മാത്രമല്ല, ആ ഭീകര പ്രവർത്തനത്തെ വെള്ളപൂശാൻ അദ്ദേഹത്തെതന്നെ ഉപകരണമാക്കിയ കുടിലതയും നാം മനസ്സിലാക്കേണ്ടതുണ്ട്. തന്റെ ആത്മകഥയിൽ ജോസഫ്സാർ, തന്നെ ആക്രമിച്ചവരെ നീതീകരിക്കാൻ ശ്രമിച്ചിട്ടുള്ളത് യാദൃശ്ചികമാണെന്ന് കരുതാനാവില്ല. 'അറ്റുപോകാത്ത ഓർമ്മകൾ' എന്ന ആ ഗ്രന്ഥത്തിൽ പേരെടുത്തുപറയാതെ എഴുതിത്തള്ളിയത് അവരെ മാത്രമാണ്.

രാഷ്ട്രീയ സാമുദായികരംഗങ്ങളിൽ ഉത്തരവാദിത്വമുള്ളവർ ഇത്തരം കാര്യങ്ങളിൽ പാലിക്കുന്ന ദുരൂഹമായ മൗനം പൊതുസമൂഹത്തിൽ പലരേയും ഈ വിഷയങ്ങൾ ഗൗരവമായി പഠിക്കാൻ നിർബന്ധിതരാക്കിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളായി കെസിബിസി ഐക്യജാഗ്രതകമ്മീഷൻ ഈ വിഷയങ്ങൾ ഗൗരവമായി കാണുകയും വിവിധ തലങ്ങളിൽ പഠിക്കുകയും ചെയ്തുവരുന്നു. പി.ഒ.സി.യിൽ നടന്ന ''മതഭീകരതയ്ക്കെതിരേ സാമൂഹ്യജാഗ്രത'' എന്ന സിമ്പോസിയം (ജാഗ്രത ന്യൂസ്, 271, പേജ് 3-7). ''മതഭീകരതയ്ക്കു വളംവയ്ക്കുന്ന രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക ഘടകങ്ങൾ കേരള പശ്ചാത്തലത്തിൽ'' എന്ന സെമിനാർ (ജാഗ്രത ന്യൂസ് 272, പേജ് 21) എന്നിവ ഇതിന് ചില ഉദാഹരണങ്ങളാണ്. "ക്രൈസ്തവർ എന്തുകൊണ്ട് തീവ്രവാദികളുടെ ഇരകളാകുന്നു?" (ജാഗ്രത ന്യൂസ് 270, പേജ് 5) "ഭീകരതയോടുള്ള മൃദുസമീപനം നിയമവാഴ്ച തകർക്കും" (ജാഗ്രത ന്യൂസ് 272, പേജ് 13) "ഭീകരവാദത്തിന്റെ വഴികൾ കേരളത്തിലേക്കും നീളുമ്പോൾ" (ജാഗ്രത ന്യൂസ് 273, പേജ് 8-9) "ക്രൈസ്തവർക്കെതിരേ വർദ്ധിച്ചു വരുന്ന പീഡനങ്ങൾ ആശങ്കാജനകം" (ജാഗ്രത ന്യൂസ് 273, പേജ് 17) "ഭരണഘടനയും ജിഹാദും, പരിഗണിക്കപ്പെടേണ്ട ചില യാഥാർത്ഥ്യങ്ങളും" (ജാഗ്രത ന്യൂസ് 273, പേജ് 18-19) "ലവ് ജിഹാദ്: സത്യവും മിഥ്യയും" (ജാഗ്രത ന്യൂസ് 274-275, പേജ് 8-10) ''മതങ്ങൾ വിമർശനവിധേയമാകുമ്പോൾ'' (ജാഗ്രത ന്യൂസ് 274-275, പേജ് 20-23) മുതലായ ചില പഠനങ്ങളും ഇതിന് ഉദാഹരണങ്ങളാണ്.

വ്യക്തമായ രീതിയിൽ തീവ്രവാദ - വർഗ്ഗീയ അജണ്ടകൾ ഇവിടെ നടപ്പാകുമ്പോഴും അതിനെ തമസ്കരിക്കുകയും മൂടിവയ്ക്കുകയും ചെയ്യും വിധമുള്ള രാഷ്ട്രീയ സംവിധാനങ്ങൾ പ്രബലമായിക്കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ് ഇന്നത്തെ രാഷ്ട്രീയത്തെ അടുത്തുനിന്ന് നിരീക്ഷിക്കുന്നവരുടെ പ്രതികരണങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ഇസ്ലാമിക ഭീകരത, പൊളിറ്റിക്കൽ ഇസ്ലാം തുടങ്ങിയ ആഗോള യാഥാർത്ഥ്യങ്ങൾ അതിന്റെ തീവ്രതയിൽ മനസ്സിലാക്കിയവർ സമുദായങ്ങൾക്കും രാഷ്ട്രീയത്തിനും അതീതമായി മുന്നോട്ടുവരുക മാത്രമാണ് പ്രതിരോധത്തിനുള്ള ഏക മാർഗ്ഗം. കഴിഞ്ഞ ദിവസം ഈ വിഷയത്തെക്കുറിച്ച് സമൂഹമാധ്യമങ്ങളിൽ പരസ്യപ്രതികരണത്തിന് തയ്യാറായ, ദീപികയുടെ ലേഖനത്തിന് കാരണമായ റോണി ബാസ്റ്റ്യൻ എന്ന ചെറുപ്പക്കാരൻ ഇത്തരത്തിൽ മികച്ചൊരു മാതൃകയാണ് നല്കിയിരിക്കുന്നത്.

ഇസ്ലാമിക തീവ്രവാദത്തിനെതിരെയുള്ള പ്രതികരണങ്ങളെ ഒരുമിച്ച് സംഘപരിവാർ പാളയത്തിൽ കൊണ്ടുപോയി കെട്ടുന്നതിനുള്ള സംഘടിത ശ്രമങ്ങളും ഇവിടെ പ്രകടമാണ്. 'വാരിയംകുന്നൻ' സംബന്ധിച്ച വിവാദമാണ് ഏറ്റവും മികച്ച ഉദാഹരണം. സൂക്ഷ്മമായി വസ്തുതകളെ വിശകലനം ചെയ്യുന്ന ചിലരൊഴികെ ബഹുഭൂരിപക്ഷം പേരും, ആ വിഷയത്തിൽ നടന്നത് ഒരു 'സംഘി' ആക്രമണമാണ് എന്ന് കരുതുംവിധം സോഷ്യൽമീഡിയയിൽ തങ്ങൾക്ക് അനുകൂല തരംഗം സൃഷ്ടിക്കുന്നതിൽ, ഒരു പരിധിവരെ, അവർ വിജയിച്ചിരിക്കുന്നു! വിവാദങ്ങളെ തുടർന്ന്, 'താൻ പിന്മാറുന്നു' എന്ന് പ്രഖ്യാപിക്കൽ നാടകത്തിനു നിർബ്ബന്ധിതനായ തിരക്കഥാകൃത്തിന്റെ തീവ്രവാദ പശ്ചാത്തലം പോലും വെള്ളപൂശാൻ സംഘടിത ശ്രമങ്ങളുണ്ടായി. സംഘപരിവാർ ഭീകരതയെ ചെറുക്കാൻ പൊളിറ്റിക്കൽ ഇസ്ലാമി

സ്റ്റുകളെ പിന്തുണയ്ക്കണം എന്ന് കരുതുന്നവരാണ് നിഷ്പക്ഷരും മതേതരരും എന്നതും ദുഃഖകരമാണ്.

പൊളിറ്റിക്കൽ ഇസ്ലാമിസ്റ്റുകളുടെയും, പല കാരണങ്ങളാലും അവരെ പിന്തുണയ്ക്കുന്നവരുടെയും ആശയപ്രചാരണങ്ങളിലെ വൈരുദ്ധ്യങ്ങൾ എണ്ണമറ്റതാണ്. അവയിൽ ചിലതാണ്, ചില വിഷയങ്ങളിലെ തന്ത്രപരമായ നിശ്ശബ്ദത, സാമൂഹിക വിഷയങ്ങളിൽ ഇടപെടുന്നതിലെ വൈരുദ്ധ്യാത്മകതകൾ, മറ്റു മതസമൂഹങ്ങളോടുള്ള ഇടപെടലുകൾ തുടങ്ങിയവ. തങ്ങൾക്ക് ഏത് വിഷയത്തിലും ഇടപെടാം, എന്നാൽ, തങ്ങളുടെ കാര്യത്തിൽ ആരും ഇടപെടാൻ പാടില്ല എന്ന അലിഖിത നിയമമാണ് ഇവർ ഇതിനകം സൃഷ്ടിച്ചിരിക്കുന്ന പൊതുബോധങ്ങളിൽ ഒന്ന്. മതസമൂഹങ്ങൾ എന്ന നിലയിൽ ഏവരും പുറത്തുനിന്നുള്ള കൈകടത്തലുകൾ അനഭിലഷണീയമായി കരുതുന്നവരാണ്. മറ്റുള്ളവർക്ക് ഗ്രഹിക്കാൻ എളുപ്പമല്ലാത്ത സ്വകീയതകളുടെ ഒരു തലം ഏതൊരു മതത്തിനും ഉണ്ടാകും. തങ്ങൾക്ക് വേണ്ടത്ര ഗ്രാഹ്യമില്ലാത്ത കാര്യങ്ങളിൽ കഴിഞ്ഞ കുറെ കാലങ്ങളായി, വിദഗ്ധാഭിപ്രായവും സെൻസേഷനൽ മാധ്യമ പ്രവർത്തനവും നടത്താൻ ചില മാധ്യമങ്ങൾ മുന്നോട്ടു വരുന്നത് അപഹാസ്യമാണെന്നു പറയാതെ വയ്യ. സ്വന്തം കണ്ണിലെ തടികളഞ്ഞാലല്ലേ അപരന്റെ കണ്ണിൽ കരടുണ്ടോ ഇല്ലയോ എന്നു തിരിച്ചറിയാൻ സാധിക്കൂ?! ചരിത്രത്തിലേക്കു തിരിഞ്ഞുനോക്കി ഗൗരവതരമായ ആത്മശോധന ചെയ്യാനുള്ള ആർജവം ഇസ്ലാമിസ്റ്റുകൾക്കുണ്ടാകണം.

സാമൂഹിക, സാംസ്കാരിക, പരിസ്ഥിതി വിഷയങ്ങളിൽ ചർച്ചകളുടെ പ്രമുഖസ്ഥാനങ്ങൾ കരസ്ഥമാക്കി, ഇന്ന് കൂടുതൽ അപകടകരമായ രാഷ്ട്രീയ സമവാക്യങ്ങളുടെ പിന്തുണയിൽ ജനാധിപത്യ വ്യവസ്ഥിതിയെ അട്ടിമറിക്കാൻ ഇത്തരക്കാർ തുനിഞ്ഞിറങ്ങിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, പൊതുസമൂഹം യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുകയാണ് പ്രധാനം. ദീപിക പോലുള്ള മാധ്യമങ്ങൾ തുറന്നെഴുതാൻ തയ്യാറാകുന്നതോടൊപ്പം, കൂടുതൽ രാഷ്ട്രീയ നിരീക്ഷകർ സത്യം തുറന്നു പറയാൻ തയ്യാറാവുകയും വേണം. അല്ലാത്തപക്ഷം കേരളത്തെ കാത്തിരിക്കുന്നത് തീരെ ശുഭകരമല്ലാത്ത ഒരു ഭാവിയാണ്. മറ്റു മതസ്ഥർക്കും, വേറിട്ട രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നവർക്കും മാത്രമല്ല, കേരളത്തിലെ മുസ്ലീം സമുദായത്തിനും, പൊളിറ്റിക്കൽ ഇസ്ലാമിസ്റ്റുകൾക്ക് രാഷ്ട്രീയ അഭയം നല്കുന്ന രാഷ്ട്രീയ പാർട്ടികൾക്കും തന്നെയുമാകും ഇത് കൂടുതൽ വിനയാവുക.

*******

## 2019 ജൂൺ – 14ലെ പത്രക്കുറിപ്പ്

Jagratha News 19 270 Edition



### സംസ്ഥാനത്ത് കള്ളക്കടത്തു – തീവ്രവാദസഖ്യം ശക്തി പ്രാപിക്കുന്നതായി സംശയിക്കുന്നു: ഐക്യജാഗ്രതാ കമ്മീഷൻ

**കൊച്ചി:** സംസ്ഥാനത്തു വർധിച്ചുവരുന്ന സ്വർണം-മയക്കുമരുന്നു കള്ളക്കടത്ത് ആശങ്കയുണ്ടാക്കുന്നു. ശ്രീലങ്കയിലും മറ്റും തീവ്രവാദ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ കള്ളക്കടത്തിലൂടെയും മറ്റും ഒഴുകിയെത്തിയ കണക്കില്ലാത്ത പണം മുഖ്യപങ്കുവഹിച്ചതായി ഇന്റലിജൻസ് ഏജൻസികൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യാപിക്കുന്ന സ്വർണം-മയക്കുമരുന്ന് കള്ളക്കടത്ത് ശൃംഖലയെ കണ്ടെത്തുന്നതിനോ അതിനു പ്രോത്സാഹനവും സംരക്ഷണവും നല്കുന്നവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനോ, നിലവിലുള്ള നിയമ സംവിധാനങ്ങൾ ഫലപ്രദമായി കാണുന്നില്ല. കോടിക്കണക്കിനു രൂപ വിലവരുന്ന സ്വർണവും മയക്കുമരുന്നുകളും പിടിച്ചെടുത്തതായുള്ള വാർത്തകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നതല്ലാതെ, നാളിതുവരെ അതിനുപിന്നിൽ പ്രവർത്തിക്കുന്ന വ്യക്തികളെയോ ശക്തികളെയോ സംഘടനകളെയോ നിയമത്തിനു മുമ്പിലെത്തിക്കാനോ ശിക്ഷ ഉറപ്പാക്കി നിയന്ത്രിക്കാനോ കഴിയുന്നില്ല. താഴെക്കിടയിലുള്ള ചുരുക്കം ചില ഇടനിലക്കാർ മാത്രമാണ് അറസ്റ്റു ചെയ്യപ്പെടുന്നതും ശിക്ഷിക്കപ്പെടുന്നതും. നിയമ സംവിധാനങ്ങളിലെ പഴുതുകൾ സമർത്ഥമായി ഉപയോഗിച്ചുകൊണ്ടും കള്ളക്കടത്തു സംഘങ്ങൾക്കു ലഭിക്കുന്ന രാഷ്ട്രീയ - സാമുദായിക സാഹചര്യങ്ങളും സംരക്ഷണവും സമർത്ഥമായി ചൂഷണം ചെയ്തു കൊണ്ടും കള്ളക്കടത്തു-തീവ്രവാദ സഖ്യം ശക്തി പ്രാപിക്കുന്നതായി സംശയിക്കുന്നു. ഇതിനെ ഫലപ്രദമായി നേരിടാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൈകോർത്തുപ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. തീവ്രവാദസംഘടനകൾ ശക്തി പ്രാപിക്കുന്നതായും അവ സമൂഹത്തിലെ ചില പ്രത്യേക വിഭാഗങ്ങളെ ലക്ഷ്യം വയ്ക്കുന്നതായുമുള്ള വാർത്തകൾ ആശങ്കയുണ്ടാക്കുന്നതാണ്. ഉത്തരവാദിത്വപ്പെട്ട അധികാരികളുടെയും പൊതുസമൂഹത്തിന്റെയും അടിയന്തരശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്ന് പിഒസിയിൽ ചേർന്ന കെസിബിസി ജാഗ്രതാ സമിതിയുടെ പ്രത്യേക സമ്മേളനം ആവശ്യപ്പെട്ടു. **(14/5/2019)**

*ജാഗ്രതാന്യൂസ് 2019 ജൂൺ – ജൂലൈ ലക്കത്തിൽ പ്രസിദ്ധീകരിച്ചത്, പേജ് 19*



# ഡിപ്ലോമാറ്റിക് ബാഗേജുകൾ പലയിനം!



**ഫാ. ജോഷി മയ്യാറ്റിൽ**
**പി.ഒ.സി പാലാരിവട്ടം**

രാജ്യത്തെ ഞെട്ടിച്ച വാർത്തയായിരുന്നു അത്. ദുബായിൽ നിന്ന് യുഎഇ കൊൺസുലേറ്റിന്റെ ഡിപ്ലോമാറ്റിക് ബാഗേജു വഴി പതിനഞ്ചു കോടിയോളം വിലമതിക്കുന്ന 30 കിലോ സ്വർണം തിരുവനന്തപുരം വിമാനത്താവളത്തിൽ കള്ളക്കടത്തായി എത്തിയത്രേ! അതിന് മുഖ്യമന്ത്രിയുടെ വിശ്വസ്തനായ മുൻ പഴ്സണൽ സെക്രട്ടറി എം ശിവശങ്കറിന്റെ ശുപാർശപ്രകാരം സർക്കാരിന്റെ ഐറ്റിവകുപ്പിൽ ഉദ്യോഗസ്ഥയായി കയറിപ്പറ്റിയ സ്വപ്ന എന്ന സ്ത്രീക്ക് മുഖ്യപങ്കുണ്ടത്രേ! ഇവർ യുഎഇ കൊൺസുലേറ്റിൽ ജോലിചെയ്തിരുന്നുവെന്നും തെളിഞ്ഞിട്ടുണ്ട്. 180 കിലോ സ്വർണത്തോളം കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് ഡിപ്ലോമാറ്റിക് പരിരക്ഷയിൽ കേരളത്തിലേക്ക് എത്തിയിട്ടുണ്ടെന്ന് അന്വേഷണോദ്യോഗസ്ഥന്മാർ അനുമാനിക്കുന്നു...

ഏതായാലും, ഡിപ്ലോമാറ്റിക് സർവീസുകളിൽ ഇത്തരമൊരു സർവീസും പെടും എന്നതു തിരിച്ചറിയാൻ കഴിഞ്ഞതു നന്നായി. കൊൺസുലേറ്റിനെ അപകീർത്തിപ്പെടുത്താനും യുഎഇയുടെ വിശ്വാസ്യത തകർക്കാനുമുള്ള ഗൂഢശ്രമത്തിന്റെ ഭാഗമാണിതെന്ന് യുഎഇ അംബാസഡർ പറഞ്ഞാൽ അതു മുഖവിലയ്ക്കെടുക്കണമോ? ഇരുപതു പ്രാവശ്യത്തെ സ്വർണക്കടത്തുകൾക്കുശേഷമാണ് ഇപ്പോൾ പിടിക്കപ്പെട്ടതെന്ന യാഥാർത്ഥ്യം ഇത്തരം കടത്തുകൾക്ക് ഏറ്റവും എളുപ്പമുള്ള കോറിഡോറായി യുഎഇയുടെ നയതന്ത്ര സംവിധാനങ്ങൾ ദുരുപയോഗിക്കപ്പെടുന്നു എന്നു സംശയിക്കുന്നവരെ തെറ്റുപറയാനാവുമോ? അറ്റാഷെയുടെ നാടുവിടലും ഗൺമാന്റെ നാടകവും ചോദ്യംചെയ്യലുകളിൽ പ്രതികൾ വ്യക്തമാക്കുന്ന കോൺസുലേറ്റുബന്ധവും മന്ത്രി ജലീലിന്റെ അറ്റാഷെ ഹോട്ട്ലൈനും മന്ത്രി ചെയർമാനായിരിക്കുന്ന സി-ആപ്റ്റിലേക്ക് സക്കാത്തായി എത്തിയ ഖുറാനുകളും പിന്നെ രഹസ്യബോക്സുകളും എല്ലാം കൂടി ഈ ഡിപ്ലോമാറ്റിക് ബാഗേജുകേസിനെ ആകെ സങ്കീർണമാക്കിയിരിക്കുകയാണ്...

## ഡിപ്ലോമസിയുടെ സാംസ്കാരിക ബാഗേജുകൾ

സാംസ്കാരിക മേഖലയിലെ ഇന്നത്തെ പരമദയനീയമായ കാഴ്ച കഴുത്തിൽ ബെൽറ്റു വീണ സാംസ്കാരിക നായകന്മാരാണ്. സമൂഹത്തെ അതിഗുരുതരമായി ബാധിക്കുന്ന പൊതുവായുള്ള വിഷയങ്ങൾ ബോധപൂർവം ഒഴിവാക്കി തികച്ചും അപ്രസക്തങ്ങളായ വിഷയങ്ങൾ ഉയർത്തിക്കാട്ടാൻ കഷ്ടപ്പെടുകയാണ് കേരളത്തിലെ ഒട്ടുമിക്ക സാംസ്കാരിക നേതാക്കളും. വിഷയദാരിദ്ര്യമുള്ളവരായി അഭിനയിക്കുന്നതോടൊപ്പം അവർ പേരിന് ചില ഇടപെടലുകൾ ഇടയ്ക്കിടെ നടത്തുകയും ചെയ്യും. ആ ഇടപെടലുകളുടെ പ്രതിപാദ്യവിഷയമാകട്ടെ, മിക്കവാറും കത്തോലിക്കാസഭയായിരിക്കും. അവർക്ക് ഏറ്റവും എളുപ്പമുള്ള ടാർജറ്റാണ് കത്തോലിക്കാസഭ!

ആഗസ്റ്റ് മൂന്നാം തീയതിയിലെ *ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സിലെ* എഡിറ്റോറിയൽ പേജിലെ പി. സക്കറിയായുടെ ലേഖനം ഇതിനു കൃത്യമായ ഒരു ഉദാഹരണമാണ്. ആത്മീയപ്രസ്ഥാനമായ സഭ ഒരു കോർപ്പറേറ്റുപ്രസ്ഥാനമായി മാറിയെന്നും ബ്രഹ്മചര്യമെന്ന അസാധ്യകാര്യം നിർബന്ധിതമാക്കിയതിലൂടെ വൈദികരെയും സന്ന്യസ്തരെയും സഭ അതിന്റെ നിലനില്പിനായി നേർച്ചക്കോഴികളാക്കി മാറ്റിയെന്നും ആരോപിക്കുകയാണ് ഈ മഹാൻ. തെളിവുകൾ നിരത്താതെ, ഏകപക്ഷീയമായി, സഭയ്ക്ക് ഇല്ലാത്തത് സത്യസന്ധതയാണെന്ന് പറഞ്ഞുവയ്ക്കുകയും കൂടി ചെയ്യുന്നുണ്ട്, അദ്ദേഹം! സാമാന്യബോധമുള്ള ആർക്കും ഈ ലേഖനത്തിന്റെ പൊള്ളത്തരം എളുപ്പത്തിൽ വ്യക്തമാകും. സക്കറിയായുടെ കൃതികളിൽ കാണാറുള്ള യുക്തിയുടെ ഏഴയലത്തുപോലും എത്താത്ത ഇത്തരമൊരു കുറിപ്പ് ഇദ്ദേഹം എന്തിനെഴുതി എന്ന് അതു വായിക്കുന്ന ആരും സ്വയം ചോദിച്ചുപോകും! കേരളസമൂഹത്തിൽ പൊള്ളുന്ന പ്രശ്നങ്ങളില്ലാത്തതിനാലാണോ സാംസ്കാരിക കേരളം ആദരിക്കുന്ന എഴുത്തുകാർ ഇത്തരം പരദൂഷണക്കുറിപ്പുകളുമായി ഇറങ്ങുന്നത്? അതോ, യഥാർത്ഥപ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ തിരിച്ചുവിടാൻ ഇവരെ ആരൊക്കെയോ നിയോഗിച്ചിരിക്കുകയാണോ?

ഈ മഹാമാരിക്കാലത്ത് ജനം കടന്നുപോകാൻ സാധ്യതയുള്ള പട്ടിണിയും, പിഎസ്സിയുടെ വാതിൽക്കൽ ജോലി സ്വപ്നം കണ്ടു കാവൽകിടക്കുന്ന ചെറുപ്പക്കാരെ ചതിക്കുന്ന പിൻവാതിൽ നിയമനങ്ങളും, ജനാധിപത്യത്തിനു തുരങ്കംവയ്ക്കുന്ന പണാധിപത്യവും, രാഷ്ട്രീയത്തെ മലീമസമാക്കുന്ന പാർട്ട്യാധിപത്യവും, ദളിതരും പിന്നാക്കക്കാരും നേരിടുന്ന വിവേചനങ്ങളും ഇവർക്ക് വിഷയമല്ലാതാകുന്നതെങ്ങനെ? തീവ്രവാദപ്രസ്ഥാനങ്ങളുമായുള്ള മുസ്ലീം ലീഗിന്റെ പരിണയമോ പാണക്കാട് തങ്ങളുടെ നെറിവില്ലാത്ത എർദോഗൻസ്തുതിയോ കേരളത്തിൽ

ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ഐഎസ് ഭീകര സംഘടനയെക്കുറിച്ചുള്ള ഐക്യരാഷ്ട്രസംഘടനയുടെ അമ്പരപ്പിക്കുന്ന റിപ്പോർട്ടോ ഡിപ്ലോമാറ്റിക് പരിരക്ഷ ഉപയോഗപ്പെടുത്തിയുള്ള സ്വർണക്കടത്തോ അതിന്റെ തീവ്രവാദബന്ധങ്ങളോ ഇക്കാര്യങ്ങൾക്ക് മുഖ്യ മന്ത്രിയുടെ ഓഫീസിന്റെ പങ്കാളിത്തമോ കേരള രാഷ്ട്രീയത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മതേ തരത്വത്തിന്റെ ക്ഷയമോ ഒന്നും ഇത്തരം മഹാന്മാരായ കൂലിയെഴുത്തുകാരുടെ ഇടപെടലുകൾക്ക് വിഷയീ ഭവിക്കുന്നില്ല എന്നതല്ലേ യഥാർത്ഥത്തിൽ സത്യ സന്ധതയില്ലായ്മ? സാംസ്കാരികനായകർ നാടിന്റെ ഗുരുതരമായ വിഷയങ്ങളിൽ ഒട്ടുമിക്കപ്പോഴും ബധിരരും മൂകരുമായിപ്പോകുന്നു! ഈന്തപ്പഴ ങ്ങളുടെയും വിമാനടിക്കറ്റുകളുടെയും വിലപിടിച്ച സമ്മാനങ്ങളുടെയും മാസ്മരികശക്തിയാൽ അവർ വല്ലാതെ 'സിലക്ടിവ്' ആയിപ്പോകുകയും സമൂഹ ത്തിന്റെ പൊതുനന്മയെപ്പറ്റി ചിന്തയില്ലാത്തവരായി ത്തീരുകയും വെറും നാരദന്മാരുടെ നിലവാരത്തിലേക്ക് താഴ്ന്നുപോകുകയുംചെയ്യുന്നത് ഭയാശങ്കകളോടെയേ കണ്ടുനില്ക്കാനാകൂ...

## മാധ്യമങ്ങൾ കൈപ്പറ്റുന്ന മുപ്പതു വെള്ളിക്കാശ്...

തീവ്രവാദവിഷയത്തിൽ മലയാളത്തിലെ മുഖ്യധാരാമാധ്യമങ്ങളെല്ലാം മുപ്പതു വെള്ളിക്കാശ് കൈപ്പറ്റിക്കഴിഞ്ഞെന്നു തോന്നുന്നു! കുപ്രസിദ്ധമായ 'ഹമാരാ മോക്കാ' പ്രഭാഷണം നടത്തുകയും അണി യറയിൽ ആയുധങ്ങൾ തേച്ചുമിനുക്കിക്കൊണ്ടിരിക്കു കയാണെന്ന് മറയില്ലാതെ വ്യക്തമാക്കുകയും യാതൊരു പ്രകോപനവും കൂടാതെ അഭിപ്രായ പ്രകടനങ്ങളിൽ കത്തോലിക്കാസഭയെ നിരന്തരം ആക്രമിക്കുകയും ചെയ്യുന്ന ഒരു കടുത്ത വർഗീയവാദിയെ മതേ തരവാദിയുടെ മുഖംമൂടി അണിയിച്ച് അന്തിച്ചർച്ചകളിൽ പങ്കെടുപ്പിക്കുന്നതിൽ എപ്പോഴും നിഷ്കർഷ പുലർത്തുന്നത് 'മാധ്യമം' ചാനലല്ല എന്നത് പ്രത്യേകം ശ്രദ്ധി ക്കണം.




ട്രെന്റിനനുസരിച്ചാണ്, സത്യത്തിനനു സരിച്ചല്ല മുഖ്യധാരാമാധ്യമങ്ങൾ നീങ്ങേ ണ്ടത് എന്ന അഭിപ്രായം കേരളത്തിലെ ഒരു സീനിയർ ദൃശ്യമാധ്യമപ്രവർത്തകൻ ഒരു ഉളുപ്പും കൂടാതെ പറയുന്നതു കേൾക്കാനിടയാ യത് ഈയിടെയാണ്! ട്രെന്റു സൃഷ്ടിക്കുന്നത് സാമൂ ഹ്യമാധ്യമങ്ങളാണെന്നും അദ്ദേഹം പറഞ്ഞുവച്ചു. അതിന്റെയർത്ഥം, ജിഹാദിമനസ്സോടെ കൃത്യമായി പദ്ധ തികളൊരുക്കി സോഷ്യൽമീഡിയയെ സംഘാതമായി ഉപയോഗിക്കുന്നവരുടെ കൂടെയേ മുഖ്യധാരാമാധ്യമ ങ്ങൾ ഉണ്ടാവൂ എന്നുകൂടിയാണ്! പക്ഷേ, അദ്ദേഹം പറയുന്നതെല്ലാം മുഖവിലയ്ക്കെടുക്കണമെന്നില്ല. കാര ണം, ഹാഗിയാസോഫിയ വിഷയത്തിൽ ഉണ്ടായത്ര കോളിളക്കം ഈയിടെയൊന്നും സാമൂഹ്യമാധ്യമമേഖ ലയിൽ ഉണ്ടായിട്ടില്ലെങ്കിലും മുഖ്യധാരാമാധ്യമങ്ങ ളെല്ലാംതന്നെ ആ ട്രെന്റിനെ തമസ്കരിക്കുന്നതിൽ വീഴ്ചവരുത്തിയില്ല എന്നതു നാം നേരിൽ കണ്ട താണ്!

രണ്ടും മൂന്നും ക്ലാസ്സുകളിലെ കുട്ടികളുടെ മന സ്സിൽ വർഗീയവിഷം കുത്തിവയ്ക്കുന്ന പാഠഭാഗങ്ങൾ വിളമ്പുന്ന പീസ് സ്കൂളിന്റെയും ലൗജിഹാദിൽപ്പെട്ട പെൺകുട്ടികളെ മതംമാറ്റത്തിനായി ഒരുക്കുന്ന സത്യ സരണിയുടെയും അന്യമതങ്ങൾക്കെതിരേ വിഷംവ മിപ്പിക്കുന്ന ഗ്രന്ഥങ്ങൾ പുറത്തിറക്കുന്ന നിഷ് ഓഫ് ട്രൂത്ത് എന്ന പ്രസ്ഥാനത്തിന്റെയും ബുദ്ധികേന്ദ്രവും ഭീകരപ്രവർത്തനത്തിന് കേന്ദ്രഗവണ്മെന്റ് അറസ്റ്റുവാ റണ്ട് പുറപ്പെടുവിച്ചിട്ടുള്ള സക്കീർ നായിക്കിന്റെ വലം കൈയുമായ ഒരു മാന്യന്റെ മകന്റെ വിവാഹം കളർഫുൾ ആക്കാൻ ആഗസ്റ്റു മൂന്നാം തീയതിയിലെ പ്രമുഖദിനപ്പത്രങ്ങൾ മത്സരിച്ച കാഴ്ചയും കേരളം കണ്ടതാണ്.

പരസ്യപ്പണത്തിന്റെ വശ്യനാദത്തിൽ കയറു പൊട്ടിക്കുന്ന ഒഡീസെവൂസുമാരായി മാധ്യമങ്ങൾ മാറി ക്കഴിഞ്ഞു. കേരള മനസ്സുകളെ രമിപ്പിച്ചിരുന്ന ഒരു പത്രം കഴിഞ്ഞ ഏതാനും വർഷങ്ങളായി തീവ്രവാദ തമസ്കരണത്തിൽ നിരന്തര ജാഗ്രത പുലർത്തുന്ന തിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നുണ്ട്: പഴയ മാപ്പിളയല്ല ഇന്നത്തെ മാപ്പിള!

## സിനിമയെന്ന ഡിപ്ലോമാറ്റിക് ബാഗേജ്

സിനിമാലോകം വല്ലാത്ത ഒരു ഡിപ്ലൊ മാറ്റിക് ബാഗേജാണെന്നു തിരിച്ചറിയാൻ, കഴിഞ്ഞ അഞ്ചാറു വർഷങ്ങളായി മലയാള സിനിമ തുടരെത്തുടരെ വിളമ്പുന്ന വിഭവങ്ങൾ ശ്രദ്ധിച്ചാൽ മാത്രം മതി. ഇസ്ലാം പ്രകീർത്തനം ലക്ഷ്യമാക്കുന്നതും ഖാലിഫേറ്റ് ആശയങ്ങളും ലൗജിഹാദും പിന്തുണയ്ക്കു ന്നതും മറ്റു മതങ്ങളെ ഇകഴ്ത്തി ചിത്രീകരിക്കു ന്നതുമായ സിനിമകളുടെ ഘോഷയാ ത്രയായിരുന്നു ഇവിടെ. ഒടുവിൽ ഉയർന്നുവന്നിരിക്കുന്ന വാരിയൻകുന്നത്തു സിനിമാ വിവാദവും ഇത്തരം ബാഗേജിന്റെ നേർക്കാഴ്ചയാണ്. സ്വർണക്കടത്തിലെ മുഖ്യകണ്ണി ഫൈസൽ ഫരീദാണ് കേരളത്തിൽ റിലീസുചെയ്യപ്പെട്ട 'ട്രാൻസ്' ഉൾപ്പെടെയുള്ള നാലോളം സിനിമക ൾക്കായി പണമിറക്കിയതെന്ന അന്വേഷണസംഘ

ത്തിന്റെ കണ്ടെത്തൽ, മലയാളസിനിമയുടെ ക്രൈസ്തവവിരുദ്ധതയുടെ യഥാർത്ഥ കാരണങ്ങളുടെ പ്രാരംഭക്കാഴ്ചകളാണ്. ഇനിയും, ചുരുങ്ങിയത് ഇത്തരം പന്ത്രണ്ടു സിനിമകളുടെയെങ്കിലും പിന്നാമ്പുറക്കഥകൾ പുറത്തുവരാനുണ്ട്.

## പ്രീണനബാഗേജുകളുമായി മുന്നണികൾ

രാഷ്ട്രീയക്കാരുടെ കാര്യമാണെങ്കിൽ, പറയാനുമില്ല! കള്ളക്കടത്തും ഹവാലപ്പണവും നാടിന്റെ അടിത്തറ തകർക്കുമെന്ന തിരിച്ചറിവ് ഇല്ലാത്ത മൂഢന്മാരൊന്നുമല്ല നമ്മുടെ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും. പക്ഷേ, അതിനോടു പൊരുത്തപ്പെടാനായി മെരുക്കപ്പെട്ടു കഴിഞ്ഞ ഹതഭാഗ്യരാണവർ! ജനാധിപത്യം പണാധിപത്യമായി മാറുമ്പോൾ ഇതു സംഭവിച്ചില്ലെങ്കിലേ അദ്ഭുതപ്പെടേണ്ടതുള്ളൂ. രാജ്യത്തിന്റെ കാവലാളുകളാകേണ്ടവർ ക്രമേണ രാജ്യദ്രോഹത്തിന് ഒത്താശചെയ്യുന്നവരായി മാറിയിരിക്കുന്നു. നാട്ടിൽ കള്ളപ്പണവും മയക്കുമരുന്നും ഭീകരതയും പെരുക്കാനുള്ള നാടൻ ഡിപ്ലോമാറ്റിക് ബാഗേജുകളായി കേരളത്തിലെ രാഷട്രീയപ്പാർട്ടികൾ ഇടത്തു-വലത്തു വ്യത്യാസമില്ലാതെ ഇന്നു മാറിക്കഴിഞ്ഞിരിക്കുന്നു.

അഞ്ചാം മന്ത്രിവാദം ഉയർന്നപ്പോൾ, കേരളത്തിന്റെ മതേതരമനസ്സിനെ അത്തരം ശ്രമങ്ങൾ മുറിവേല്പിക്കുമെന്നു പറയാൻ ആർജവമുള്ള ഒരു നേതാവിനെയും ഭരണകക്ഷിയിൽ അന്നു കണ്ടില്ലെന്നോർക്കണം. ഈയിടെ ഹാഗിയാസോഫിയ വിഷയത്തിലും അവർക്കു സ്വരമുണ്ടായിരുന്നില്ല. സ്വസമുദായത്തിനു വേണ്ടിയാണ് താൻ മന്ത്രിയായിരിക്കുന്നതെന്നു ധരിച്ചുവശായ ഒരാൾ ഇന്ന് ഒരു കമ്മ്യൂണിസ്റ്റുമന്ത്രിസഭയിൽ ഇരുന്ന് ചെയ്തുകൂട്ടുന്ന കോപ്രായങ്ങൾ നാടു മുഴുവൻ കണ്ടുകൊണ്ടിരിക്കുകയാണ്. ചുമപ്പിന്റെ നിറവും പച്ചയാണെന്നു തോന്നുംവിധമാണ് കാര്യങ്ങളുടെ പോക്ക്. ഏതായാലും, പത്രക്കാരോടുള്ള മുഖ്യമന്ത്രിയുടെ നിഷ്കളങ്കമായ ആ ചോദ്യം പ്രസക്തമാണ്: 'സക്കാത്തുപെട്ടിയായിരുന്നോ സ്വർണപ്പെട്ടിയായിരുന്നോ അത്?'

ഉദ്യോഗസ്ഥനിയമനങ്ങളുടെ കണക്കെടുത്താൽ, അതിഭീകരമായ പക്ഷപാതം വ്യക്തമാകും. രാഷ്ട്രീയപരമായി, ന്യൂനപക്ഷമെന്നാൽ മുസ്ലീമുകൾ മാത്രം എന്ന അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. ഭൂരിപക്ഷസമുദായങ്ങൾക്കും മറ്റു ന്യൂനപക്ഷങ്ങൾക്കും അസൂയയും അങ്കലാപ്പും ഉളവാകുംവിധം ഭരണത്തിലെ പ്രധാന വകുപ്പുകൾ തുടർച്ചയായി കൈകാര്യംചെയ്തുകൊണ്ട്, ചുരുങ്ങിയ കാലംകൊണ്ടുതന്നെ സ്വസമുദായത്തിന് അനുകൂല മായ നിരവധി നിലപാടുകളും ക്ഷേമപദ്ധതികളും ഈ നിർണായകശക്തി നടപ്പിലാക്കി. ഇവിടത്തെ വ്യവസായമേഖലയും വിദ്യാഭ്യാസവും പൊതുമരാമത്തുമെല്ലാം ഇസ്ലാംന്യൂനപക്ഷാഭിമുഖ്യം യാതൊരു മറയുമില്ലാതെ പ്രകടമാക്കി എന്നതു കേരളം കണ്ട കാഴ്ചയാണ്.

ന്യൂനപക്ഷ ആനുകൂല്യങ്ങളുടെ വിതരണകാര്യത്തിൽ തികച്ചും അന്യായപരമായി 80:20 അനുപാതം നടപ്പിലാക്കാൻ എല്ലാ ഒത്താശയും ചെയ്തുകൊടുത്തത് മതേതരമെന്ന് സ്വയം വിശേഷിപ്പിക്കുന്ന രാഷ്ട്രീയപ്പാർട്ടികളാണ്. മുസ്ലീം സമുദായത്തിന്റെ പിന്നാക്കാവസ്ഥയെക്കുറിച്ചു പഠിക്കാൻ കേന്ദ്രസർക്കാർ നിയമിച്ച സച്ചാർ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് ഭാരതത്തിലാകെയുള്ള ജനസംഖ്യാക്കണക്കിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ 80:20 അനുപാതം എങ്ങനെയാണ് കേരളത്തിലെ ന്യൂനപക്ഷങ്ങളുടെയും അനുപാതമായി പാലൊളിക്കമ്മിറ്റിക്കു തീരുമാനിക്കാനായത്? പതിമൂന്നാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ട ചോദ്യത്തിന് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി നല്കിയ മറുപടിയിൽ "കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി മുസ്ലീം പിന്നോക്കാവസ്ഥ പരിഹരിക്കാൻ പര്യാപ്തമായ ശുപാർശകളാണ് പാലൊളിക്കമ്മിറ്റി സമർപ്പിച്ചിട്ടുള്ളത്'' എന്നാണു കാണുന്നത്. എന്താണ് 'കേരളത്തിലെ സാഹചര്യങ്ങൾ'? ന്യൂനപക്ഷങ്ങളെ പരിഗണിക്കാനുള്ള മാനദണ്ഡം അടിസ്ഥാനപരമായി ജനസംഖ്യയാണ്. 2011-ലെ സെൻസസ് അനുസരിച്ച്, മുസ്ലീങ്ങൾ 14.5% : ക്രൈസ്തവർ 2.3% : സിക്കുകാർ 1.7% : ബുദ്ധർ 0.7% : ജൈനർ 0.4% എന്നിങ്ങനെയാണ് ഇന്ത്യയിലെ ന്യൂനപക്ഷ നില. കേരളത്തിലെ അവസ്ഥയാകട്ടെ, മുസ്ലീങ്ങൾ 26.56% : ക്രൈസ്തവർ 18.38% : മറ്റുള്ളവർ 0.33% എന്നിങ്ങനെയാണ്. നിയമസഭയിൽ ലഭിച്ച മറുപടിയിൽ കാണുന്നതുപോലെ, കേരളത്തിലെ സാഹചര്യം പരിഗണിച്ചാൽ 60:40 എന്ന അനുപാതമാണ് പാലിക്കേണ്ടത്. അതിനുള്ള ഇച്ഛാശക്തിയും മര്യാദയും ഇരുമുന്നണികളും പാലിക്കാതെപോയതെന്തേ? ഈ വിഷയത്തിൽ കേരളക്രൈസ്തവർ നേരിടുന്ന അനീതിയെക്കുറിച്ച് നിരന്തരമായി ശബ്ദമുയർത്തിയിട്ടും ഇരുമുന്നണികളും എന്തേ മൗനം പാലിക്കുന്നു?

ഇത്തരം ഡിപ്ലോമാറ്റിക് ബെൽറ്റുകളുടെയും വെള്ളിക്കാശിന്റെയും മെരുക്കലുകളുടെയും ഒതുക്കലുകളുടെയും കൈരളിക്കഥകൾ എണ്ണിയെണ്ണി പറയാനാണെങ്കിൽ, വാല്യങ്ങൾ എഴുതാനാകും. ത്രിവർണങ്ങളും രക്തച്ചോപ്പും ഒരുപോലെ കടുംപച്ചയായി മാറുന്ന പ്രതിഭാസം വർണിക്കാനാണെങ്കിൽ, മാസങ്ങളോളം വിവരിക്കാനാകും. തത്കാലം നിറുത്തുന്നു...

*******

# ചെല്ലാനം
# "കോവിഡ് രോഗബാധയ്ക്കൊപ്പം രൂക്ഷമായ കടലാക്രമണവും"



വിനോദ് നെല്ലയ്ക്കൽ

**ചെല്ലാനത്തെ പാവപ്പെട്ടവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തത്തിൽ നിന്ന് സർക്കാർ ഒഴിഞ്ഞു മാറരുത്.**

മധ്യകേരളത്തിനും തെക്കൻ കേരള ത്തിനും ഒരിക്കലും മറക്കാൻ കഴിയാത്ത ഓർമ്മക്കാല മായിരുന്നു 2018ലെ മഴക്കാലം. ആ നാളുകളിൽ പ്രളയവുമായി ബന്ധപ്പെട്ട ദുരനുഭവങ്ങളിലൂടെ കടന്നുപോയവർ അനവധിയാണ്. ആ ഓർമ്മകൾ ഇന്നും ഒരു പേടിസ്വപ്നമായി മനസ്സിൽ തങ്ങി നിൽക്കുന്നവരുണ്ട്. അന്നത്തെ പ്രളയത്തിൽ കുടുങ്ങി മരണത്തെ മുഖാഭിമുഖം കണ്ട അനേകായിര ങ്ങൾക്ക് രക്ഷകരായി പാഞ്ഞെത്തിയവരാണ് മുക്കുവർ. തങ്ങളുടെ ജീവൻ പണയം വച്ചും, ഒരായുഷ്കാലത്തെ സമ്പാദ്യങ്ങളായ ബോട്ടുകളും വള്ളങ്ങളും നഷ്ടപ്പെടുത്തിയും അവർ ചെയ്ത സേവനമാണ് പ്രളയത്തിലെ മരണസംഖ്യയെ പിടിച്ചുനിർത്തിയത്. ഇപ്പോൾ പുതിയൊരു മഴക്കാലം കൂടി വന്നെത്തി യിരിക്കുന്നു. ഈ കാലവർഷകാലത്ത് കരകടന്ന് കടലിൽ ഒഴുകിയെത്തുന്ന മഴവെള്ളത്തിൽ കേരളത്തിന്റെ രക്ഷകരുടെ കണ്ണീരിന്റെ ഉപ്പുരസം കൂടി അടങ്ങിയിട്ടുണ്ട് എന്ന വാസ്തവത്തെ നാം മലയാളികൾ എത്രമാത്രം ലജ്ജയോടെ നോക്കിക്കാണണം?

ഇത്തവണത്തെ കാലവർഷത്തോടനു ബന്ധിച്ച് കേരളത്തിൽ ഫോർട്ട്കൊച്ചിക്ക് അടുത്തുള്ള ചെല്ലാനത്തെ ദുരിതങ്ങൾ ഇതിനകം തന്നെ മാധ്യമങ്ങളിൽ ചർച്ചയായിക്കഴിഞ്ഞിരിക്കുന്നു. ഈ പ്രദേശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ അടിസ്ഥാനം സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ഗുരുതരമായ അശ്രദ്ധയും കെടുകാര്യസ്ഥതയുമാണ് എന്നതാണ് വാസ്തവം. വർഷങ്ങളായി പലപ്പോഴും വാഗ്ദാനങ്ങൾ നൽകിയിട്ടും അത് പാലിക്കുവാൻ മനസ്സാകാതിരുന്നതിന്റെ ഫലമായ ദുരിതമാണ് ഇന്ന് അവർ നേരിടുന്നത്.

ചെല്ലാനം തീരദേശ വാസികളുടെ വർഷങ്ങളായി തുടരുന്ന ദുരിത കഥകൾ കേരളം ചർച്ച ചെയ്യുന്നത് കാലവർഷക്കാലത്ത് മാത്രമാണ്. ഒരിക്കൽ കേരളത്തിന്റെ അഭിമാനമായി മാറിയ, ഇനിയും ആപൽഘട്ടങ്ങളിൽ മറ്റുള്ളവർക്ക് തുണയാകാൻ മടിയില്ലാത്ത വലിയൊരു മുക്കുവ സമൂഹവും കൂടിയാണ് സർക്കാരിന്റെ അശ്രദ്ധയും കെടുകാര്യ സ്ഥതയും മൂലം ദുരിതക്കയത്തിൽ അകപ്പെട്ടിരി ക്കുന്നത്. നാല് പതിറ്റാണ്ടുകൾക്ക് മുമ്പ് നിർമ്മിച്ച കടൽഭിത്തിക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ പോലും നടത്താതെ പോയതിനാൽ അവർ വർഷങ്ങളായി നേരിടുന്നത് രൂക്ഷമായ കടലാക്രമണമാണ്. ഓരോ വർഷം കഴിയുംതോറും ആക്രമണത്തിന്റെ രൂക്ഷത ഏറി വരുന്നു. ഈ വർഷം ഇതിനകം തന്നെ നിരവധി വീടുകളും കെട്ടിടങ്ങളും വെള്ളത്തിൽ മുങ്ങിക്കഴിഞ്ഞിരിക്കുന്നു. കാരിത്താസ് ഉൾപ്പെടെയുള്ള സംഘടനകൾ സഹായത്തിനുണ്ടെ ങ്കിലും സർക്കാരിന്റെ സത്വരമായ ഇടപെടൽ മാത്രമാണ് ഇവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം. കൊച്ചിൻ പോർട്ട് ട്രസ്റ്റ്, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, പുതുവൈപ്പ് എൽഎൻജി, മിനി ഫിഷിംഗ് ഹാർബർ തുടങ്ങി കടലിനോട് ചേർന്നുള്ള നിരവധി നിർമ്മിതികൾ മൂലമാണ് ചെല്ലാനം ഭാഗത്ത് കടലാക്രമണം വർദ്ധിച്ചത് എന്നുള്ളതിനാൽ, ഈ തീരം സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്തത്തിൽ നിന്നും സർക്കാരിന് ഒഴിഞ്ഞുമാറാനാവില്ല. ആ അർത്ഥത്തിൽ, സർക്കാരിന്റെയും കേരളസമൂഹ ത്തിന്റെയും ഭാഗത്തുനിന്ന് കാലങ്ങളായി ചെല്ലാനം വാസികൾ നേരിടുന്നത് കടുത്ത വഞ്ചനയാണ്. വർഷങ്ങളായി വിവിധ വാഗ്ദാനങ്ങൾ ഇതുപോലുള്ള സന്ദർഭങ്ങളിൽ അവർക്ക് ലഭിക്കുന്നുണ്ടെങ്കിലും അവയിലൊന്നും ഒരിക്കലും പാലിക്കപ്പെടുന്നില്ല.

2017ഡിസംബർ ആരംഭത്തിൽ ഓഖി കൊടുങ്കാറ്റ് രൂപത്തിൽ ദുരന്തം വിതച്ച പ്രദേശമാണ് ചെല്ലാനം. ഒരുപരിധിവരെ അതിന്റെ ബാക്കിപത്രമാണ് ഇന്നും ആ നാട്ടുകാർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. പ്രളയകാലത്ത് അവർ ചെയ്ത സേവനങ്ങളുടെ പേരിലെങ്കിലും അവരുടെ പ്രശ്നങ്ങൾ അൽപ്പംകൂടി ആത്മാർത്ഥതയോടെ പരിഗണിച്ചിരുന്നുവെങ്കിൽ ഇപ്പോൾ കിടപ്പാടം നഷ്ടപ്പെട്ടുനിൽക്കുന്ന അനേകായിര ങ്ങളിൽ ഭൂരിപക്ഷത്തിനും സമാധാനമായി സ്വഭവനത്തിൽ അന്തിയുറങ്ങാൻ കഴിയുമായിരുന്നു. തങ്ങളുടെ പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരം വളരെ വിദൂരമാണ് എന്ന് അവർ മനസ്സിലാക്കുന്നു.

ഒരേ മനസ്സോടെ കേരള സമൂഹം മുഴുവൻ ഒറ്റക്കെട്ടായി അവർക്കൊപ്പം നിന്നാൽ മാത്രമേ, സകലതും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവരിൽ അനേകർക്ക് ജീവിതത്തിൽ പിടിച്ചുനിൽക്കാൻ കഴിയൂ. ഈ കോവിഡ് കാലത്ത് വലിയ ആശങ്ക വിതച്ചുകൊണ്ട് രോഗം പടർന്നുപിടിക്കുകകൂടി ചെയ്യുമ്പോൾ, ഇവർ കടുത്ത സമ്മർദ്ദത്തിൽ അകപ്പെട്ടിരിക്കുന്നു. ഈ മഴക്കാലം പിന്നിട്ടുകഴിയുമ്പോൾ തങ്ങളിൽ എത്രപേർ ജീവനോടെ ഉണ്ടാകുമെന്ന അവരുടെ ആശങ്കയെ മനഃസാക്ഷിയുള്ളവർക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല.


### ചെല്ലാനത്ത് സംഭവിച്ചതെന്ത്?

ചെല്ലാനം തീരം എന്നത് ഏകദേശം പതിനേഴു കിലോമീറ്റർ നീളമുള്ള തീരമാണ്. 1980 കാലഘട്ട ത്തിലാണ് അവിടെ കടൽഭിത്തി നിർമ്മാണം നടന്നത്. എന്നാൽ, കഴിഞ്ഞ *20* വർഷങ്ങൾക്കിടെ അതുമായി ബന്ധപ്പെട്ട അറ്റകുറ്റ പണികളൊന്നും തന്നെ നടന്നിട്ടില്ല. പലസ്ഥലങ്ങളിലും കടൽഭിത്തി പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. അതിൽ അഞ്ചിടങ്ങളിൽ വളരെ അപകടകരമായ രീതിയിൽ കടൽഭിത്തി നശിച്ചിരിക്കുന്നു. വാച്ചാട്ട്, കമ്പനിപ്പടി, ബസാർ, വേളാങ്കണ്ണി, ചെറിയകടവ് തുടങ്ങിയ ഭാഗങ്ങളാണ് അവ. പൂർണമായി തകർന്ന കടൽഭിത്തിയുടെ നീളം ഏകദേശം ആയിരത്തി ഒരുനൂറ് മീറ്റർ വരും. ഓഖി സമയത്ത് ശക്തമായ കടൽക്ഷോഭമുണ്ടാവുകയും, രണ്ടുപേർ ചെല്ലാനത്ത് മരണമടയുകയും ചെയ്തപ്പോൾ കുറേപേർ ക്യാമ്പുകളിൽ പ്രതിഷേധവും നിരാഹാരസമരവും ആരംഭിക്കുകയുണ്ടായി. പതിമൂന്നു ദിവസം നീണ്ടുനിന്ന സമരത്തിനിടയിൽ മൂന്നു തവണ ചർച്ചകൾ നടന്നിരുന്നു. ഒടുവിൽ, കളക്ടർ നൽകിയ ഉറപ്പിലാണ് സമരം അവസാനിപ്പിച്ചത്. കളക്ടർ ചെല്ലാനംകാർക്ക് നൽകിയ പ്രധാന ഉറപ്പ്, 2018 ഏപ്രിൽ മുപ്പതിന് മുമ്പ് തകർന്നുകിടക്കുന്ന അഞ്ചു സ്ഥലങ്ങളിലും കടൽഭിത്തി പുനർനിർമ്മിച്ചു നൽകും എന്നുള്ളതായിരുന്നു. അതോടൊപ്പം, മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി, ഫോർട്ടുകൊച്ചി മുതലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ, ഐ ഐ ടി നിർദ്ദേശിച്ച രണ്ട് പുലിമുട്ടുകളുടെ പണി, കടൽ കയറുമ്പോൾ വെള്ളം ഒഴുകിപ്പോകുവാൻ നിർമ്മിച്ചിരിക്കുന്ന ഓവുചാലുകളും തോടുകളും പ്രവർത്തനക്ഷമമാക്കൽ എന്നിങ്ങനെയുള്ള ഉറപ്പുകളും അവർക്ക് കളക്ടർ നല്കിയിരുന്നു.

എന്നാൽ, ആ സമയത്തിനുള്ളിൽ ഒന്നും നടന്നില്ല. 2018 ജൂലായ് മാസത്തിൽ കടൽഭിത്തിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ചു. മേൽപ്പറഞ്ഞ ആയിരത്തി ഒരുനൂറ് മീറ്റർ നീളത്തിൽ അഞ്ചിടങ്ങളിൽ ജിയോട്യൂബുകൊണ്ടുള്ള കടൽഭിത്തി നിർമ്മിക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ, ഇറിഗേഷൻ വകുപ്പ് ഇതിനായി ടെണ്ടർ വിളിച്ചതിൽ പിഴവ് പറ്റി. പ്രീക്വാളിഫിക്കേഷൻ ഉള്ളവരെയല്ല അവർ ക്ഷണിച്ചത്. അങ്ങനെ, ക്വാളിഫിക്കേഷനോ, ആവശ്യമായ യന്ത്രസംവിധാനങ്ങളോ, സാങ്കേതിക പരിചയമോ ഇല്ലാത്ത ഒരു പിഡബ്ല്യുഡി ബി ക്ലാസ് കോൺട്രാക്ടർ കരാർ ഏറ്റെടുക്കുകയുണ്ടായി. അദ്ദേഹത്തിന് അത് പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

**ജിയോട്യൂബുകൾ ഉപയോഗിച്ചുള്ള കടൽ ഭിത്തി നിർമ്മാണം, അതും പാതിവഴിയിൽ മുടങ്ങി.**

വ്യാസം അഞ്ച് മീറ്ററും, നീളം ഇരുപത്തഞ്ച് മീറ്ററുമുള്ള ഏകദേശം നൂറ്റിനാൽപ്പത്തഞ്ച് ജിയോട്യൂബുകളാണ് അവിടെ സ്ഥാപിക്കപ്പെടേണ്ടിയിരുന്നത്. രണ്ടു ട്യൂബുകൾ അടിയിലും ഒരു ട്യൂബ് മുകളിൽ മധ്യത്തിലുമായാണ് നിരത്തിവച്ച് പോകേണ്ടിയിരുന്നത്. അങ്ങനെ ക്രമീകരിച്ചു കഴിയുമ്പോൾ അതിന് അഞ്ച് മീറ്റർ ആകെ ഉയരം വരും. കടലിൽനിന്നെടുക്കുന്ന മണൽ ഉപയോഗിച്ച് ട്യൂബുകൾ നിറയ്ക്കുകയാണ് വേണ്ടിയിരുന്നത്. എന്നാൽ, കരാറുകാരന് അതിനാവശ്യമായ യന്ത്രസംവിധാനങ്ങൾ ഇല്ലാത്തതിനാൽ അത്



ചെല്ലാനത്തെ സഹോദരങ്ങൾ നമ്മുടെ ചിന്തയിലും പ്രാർത്ഥനയിലും ഉണ്ടാകണമെന്നും ജില്ലാ ഭരണകൂടത്തിന്റെയും ആരോഗ്യപ്രവർത്തകരുടെയും സത്വര ശ്രദ്ധ അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് മേൽ ഉണ്ടാകണമെന്നും കെസിബിസി പ്രസിഡന്റ് **കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി** പറഞ്ഞു. കെസിബിസി തലത്തിൽ കേരളാ സോഷ്യൽ സർവീസ് ഫോറവും, വിവിധ രൂപതകളും സമൂഹവും ഇക്കാര്യത്തിൽ കൂടുതൽ സഹായങ്ങൾ എത്തിക്കണം. കോവിഡ് 19 പകരുന്ന സാഹചര്യവും നിലനില്ക്കുന്നതിനാൽ പ്രത്യേക ശ്രദ്ധയും പരിഗണനയും അവർക്ക് നൽകണം എന്നും അദ്ദേഹം ആവശ്യപ്പെട്ടു.

നടന്നില്ല. 2019 ജനുവരിയിൽ പണികൾ ആരംഭിച്ചെങ്കിലും അത് പൂർത്തിയാക്കാൻ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും, ഉപകരണങ്ങളും അവർക്കില്ല, പണി പൂർത്തിയാക്കാൻ അവർക്ക് കഴിയില്ല എന്ന് ചെല്ലാനം നിവാസികൾ ഉദ്യോഗസ്ഥരെ അറിയിച്ചിരുന്നു. എന്നാൽ, യാതൊരു നടപടികളും സ്വീകരിക്കപ്പെടുകയുണ്ടായില്ല. അതിനും മുമ്പ് തന്നെ ഏറ്റെടുത്തിരുന്ന ജോലിയാണ്. നാല് മാസത്തെയ്ക്കാ യിരുന്നു കരാർ. ജൂലായ് മാസത്തിലെ കരാർ അനുസരിച്ച് 2018 നവംബറിൽ പണികൾ പൂർത്തി യാക്കേണ്ടിയിരുന്നതാണ്. എന്നാൽ, പലപ്പോഴായി ഉദ്യോഗസ്ഥർ കരാറുകാരന് കരാർ പുതുക്കി നൽകുകയാണ് ഉണ്ടായത്. നാല് തവണ അയാൾക്ക് അപ്രകാരം കരാർ പുതുക്കി നല്കി. ഒടുവിൽ, കാലവർഷം വളരെ അടുത്തെത്തിയ സമയത്ത്, അതായത് മെയ്മാസം അവസാനത്തോടെ കരാർ റദ്ദാക്കപ്പെട്ടു.

ആദ്യ കരാറുകാരന്റെ കരാർ റദ്ദായതിനെ തുടർന്ന് രണ്ടാമതൊരു കോൺട്രാക്ടർ ജിയോട്യൂബ് സ്ഥാപിക്കുന്ന ജോലി ഏറ്റെടുത്തിരുന്നു. എന്നാൽ, അതും പകുതിവഴിക്ക് മുടങ്ങുകയാണുണ്ടായത്. കഴിഞ്ഞ മാസം (ജൂൺ 2020) അവസാനത്തോടെ അനുബന്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിരുന്ന ഡ്രെഡ്ജർ വെള്ളത്തിൽ മുങ്ങിയതായിരുന്നു കാരണം. അതിനാൽ ഇത്തവണയും ജിയോട്യൂബ് സ്ഥാപിക്കുന്ന ജോലി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഇത്രമാത്രം ഗുരുതരമായ ഒരു വിഷയമായിരിക്കെ അതിന്റെ ഗൗരവം ഉൾക്കൊണ്ട് പരിഹാരമുണ്ടാക്കാൻ അധികൃതർ ശ്രമിച്ചില്ല എന്നുള്ളതാണ് ഇവിടെ വിനയായത്. പകരമായി താൽക്കാലിക സംവിധാനം എന്നനിലയിൽ ജിയോ ബാഗുകൾ നിറയ്ക്കുന്ന ജോലി നടക്കുന്നുണ്ടെങ്കിലും. അത് ഈ സാഹചര്യത്തിൽ തീരെയും ഫലപ്രദമല്ല എന്നാണ് റിപ്പോർട്ടുകൾ. ഫലത്തിൽ, നൂറുകണക്കിന് കുടുംബങ്ങളെ നേരിട്ട് ബാധിക്കുന്ന ഒരു വലിയ ദുരന്തമാണ് സംഭവിക്കാൻ പോകുന്നതെന്ന് അറിഞ്ഞുകൊണ്ടുതന്നെ സർക്കാർ സംവിധാനങ്ങൾ അതിന് ഇടവരുത്തുകയാണ് ഉണ്ടായത്. ഇതിനിടയിൽ, ഇനിയൊരു ദുരന്തം ഉണ്ടായാൽ ആളുകളെ എവിടെ മാറ്റിപ്പാർപ്പിക്കും എന്ന് കണ്ടെത്തി നടപടികളെടുക്കാൻ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാകളക്ടറോട് 2020 ജൂൺ ഇരുപതിന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ചർച്ചകളും ഒത്തുതീർപ്പ് ശ്രമങ്ങളും ഇതിനകം നടന്നെങ്കിലും ഇപ്പോഴും ചെല്ലാനം വാസികൾ ഗുരുതരമായ പ്രതിസന്ധിയെ നേരിടുന്നു.



വികസനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചു പഠിക്കാതെ അതിന്റെ തിക്താനുഭവങ്ങളിലേക്ക് ജനങ്ങളെ തള്ളിവിടുന്ന സർക്കാരിന്റെ, ഭരണപരമായ ഇച്ഛാശക്തിയുടെ അഭാവമാണ് തീരദേശങ്ങളിലെ ഇന്നത്തെ പ്രതിസന്ധികൾക്ക് കാരണമെന്ന് കൊച്ചി രൂപതാധ്യക്ഷനും, കെസിബിസി ഐക്യജാഗ്രതാ കമ്മീഷന്റെ ചെയർമാനും, കെആർഎൽസിസി പ്രസിഡന്റുമായ **ബിഷപ്പ് ഡോ. ജോസഫ് കരിയിൽ** പത്രസമ്മേളനത്തിൽ ആരോപിച്ചു. ജനങ്ങളെ അവരുടെ ആവാസ വ്യവസ്ഥിതികളിൽ നിന്നും അതിജീവന സാധ്യതകളിൽ നിന്നും ആട്ടിപ്പായിച്ച് തീരം കയ്യേറാനുള്ള അന്താരാഷ്ട്ര ഏജൻസികളുടെ ഇടപെടലാണ് ഭരണപരമായ ഈ നിസംഗതയ്ക്ക് കാരണമെന്ന സംശയം ബലപ്പെടുകയാണ്. പൊതുജനങ്ങളുടെ നന്മയ്ക്ക് എന്ന ഭാവേന നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളല്ല, ഇരകളാണ് തീരദേശ ജനത എന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ മഴക്കാലത്തും രൂക്ഷമായ കടലാ ക്രമണം നേരിട്ടതിനെത്തുടർന്ന് അധികൃതർ ഇടപെടുകയും വാഗ്ദാനങ്ങൾ നൽകുകയും ചെയ്തിരുന്നു. താൽക്കാലികമായി ജിയോ ബാഗുകളിൽ മണൽനിറച്ച് പരിഹാരം കാണാനായിരുന്നു തീരുമാനം. എങ്കിലും അതും ഫലപ്രദമായില്ല. ഒരു വർഷംകൂടി കഴിഞ്ഞ് ഈ 2020ൽ അതിരൂക്ഷമായ കടലാക്രമണത്തോടൊപ്പം കോവിഡ് രോഗ ബാധയുടെ കടുത്ത ഭീഷണിയുമാണ് അവർ നേരിടുന്നത്.

ജിയോട്യൂബുകൾ ഉപയോഗിച്ചുള്ള കടൽഭിത്തിനിർമ്മാണം കടൽക്ഷോഭത്തിനുള്ള ശാശ്വത പരിഹാരമല്ല. പലയിടങ്ങളിലും ജിയോട്യൂബ് പരീക്ഷിച്ചിട്ടുണ്ടെങ്കിലും പൂർണ്ണ വിജയകരമല്ല എന്ന് അനുഭവസ്ഥർ പറയുന്നു. ഇപ്പോഴും ശാസ്ത്രീയമായി നിർദ്ദേശിക്കപ്പെടുന്നത് ഒരു മീറ്റർ നീളവും വീതിയും ഉയരവുമുള്ള കരിങ്കല്ലുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കടൽഭിത്തിയാണ്. എന്നാൽ, കരിങ്കല്ലിന്റെ ക്ഷാമം അധികൃതരെ കുഴക്കുന്ന ഒന്നാണ്. വിദേശ രാജ്യങ്ങളിൽ വ്യക്തമായ പഠനങ്ങളുടെ വെളിച്ചത്തിൽ ഫലപ്രദമായി ജിയോട്യൂബുകൾ ഉപയോഗിച്ച് കരയെ

സംരക്ഷിക്കുന്നുണ്ട്. അതുപോലെ തന്നെ, വിദഗ്ധ പഠനങ്ങളുടെ പിൻബല ത്തിൽ കൂടുതൽ മികച്ച രീതിയിൽ നമുക്കും ജിയോട്യൂബുകൾ ഉപയോഗിച്ച് കടൽ ക്ഷോഭത്തെ നേരിടാൻ കഴിയും എന്ന അഭിപ്രായങ്ങളുമുയരുന്നുണ്ട്.



ചെല്ലാനംകാർ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശം ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമായി കല്ലുകൊണ്ടുള്ള കടൽ ഭിത്തിതന്നെ നിർമ്മിക്കുക എന്നുള്ളതാണ്. ഫോർട്ട് കൊച്ചിയിൽ ദ്രോണാചാര്യ എന്ന പേരിൽ ഇന്ത്യൻനേവിയുടെ നേവൽ ബേസിനായി ചെയ്തിട്ടുള്ളതുപോലെ ശക്തമായ നിർമ്മിതി വേണം എന്ന് അവർ ആവശ്യപ്പെടുന്നു. അത്തരത്തിൽ നിർമ്മിക്കപ്പെട്ടാൽ ഒരുവിധ കടൽക്ഷോഭങ്ങളെയും ഭാവിയിൽ ഭയക്കേണ്ടതില്ല എന്ന് പ്രദേശവാസികൾ അഭിപ്രായപ്പെടുന്നു. ഐഐടി പോലുള്ള ഏജൻസികളുടെ പഠനങ്ങളുടെ വെളിച്ചത്തിൽ അത് പരിഗണിക്കാം എന്നാണ് അധികാരികൾ വാക്ക് നല്കിയിട്ടുള്ളത്.

### ഫോർട്ട്കൊച്ചി, ചെല്ലാനം ഭാഗങ്ങളിലെ വർദ്ധിച്ച കടലാക്രമണത്തിന് കാരണമെന്ത്?

കടലിലോ, കടൽ തീരത്തോ, വലിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ വ്യക്തമായ പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്തി, ആവശ്യമായ മുൻകരുതലുകളും, സുരക്ഷാ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ, ഇക്കാര്യങ്ങളൊന്നും ശരിയാംവിധം കടൽത്തീരത്തെ നിർമിതികളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതാണ്. ഇന്ന് തീരദേശവാസികൾ നേരിടുന്ന വലിയ വെല്ലുവിളികൾക്കുള്ള അടിസ്ഥാന കാരണം എന്ന് വിദഗ്ദർ അഭിപ്രായപ്പെടുന്നു.

കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ആരംഭം മുതലാണ് കൊച്ചിയുടെ, പ്രത്യേകിച്ച് ഫോർട്ട് കൊച്ചിയുടെ തീരഭാഗങ്ങളിൽ കടലാക്രമണം വർദ്ധിച്ചുതുടങ്ങിയത്. അതിനുശേഷം, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, പുതുവൈപ്പ് എൽഎൻജി, മിനി ഫിഷിംഗ് ഹാർബർ തുടങ്ങിയവയും സമീപകാലത്ത് പണികഴിക്കപ്പെട്ടു. കടലിലേയ്ക്ക് ഇറങ്ങിയുള്ള നിർമ്മാണപ്രവൃത്തികൾ വർദ്ധിക്കുന്നതിനനുസരിച്ച് ആവശ്യമായ അധിക മുൻകരുതലുകളും, തീരദേശ സംരക്ഷണത്തിന് ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടത് അനിവാര്യമായിരുന്നു. പഠനങ്ങൾ പലപ്പോഴും നടക്കുന്നുണ്ടെങ്കിലും, അതനുസരിച്ചുള്ള പ്രതിവിധികൾ പലപ്പോഴും നടപ്പാക്കപ്പെടുന്നില്ല എന്നതാണ് വാസ്തവം. സമീപകാല അനുഭവങ്ങൾ വെളിപ്പെടുത്തുന്നത് അതാണ്.

വൈപ്പിൻ ചെറുദ്വീപ് സമൂഹങ്ങളിൽ പെടുന്ന പുതുവൈപ്പ് ചെല്ലാനം മേഖലയിൽനിന്നുള്ള കടൽതീരമണ്ണ് ചെന്നുചേർന്ന് രൂപപ്പെട്ടതാണ് എന്ന് പറയപ്പെടുന്നു. ഇന്ന് ആ പ്രദേശം ഒരു വലിയ ഇൻഡസ്ട്രിയൽ ഹബ് ആയി രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. എൽഎൻജി ടെർമിനൽ സ്ഥിതി ചെയ്യുന്നത് അവിടെയാണ്. അത്തരത്തിൽ വ്യവസായങ്ങൾക്കായി വലിയ നിർമ്മിതികൾ അവിടെ നടത്തുകയും ഭീമമായ ലാഭം സർക്കാർ നേടുകയും ചെയ്തിട്ടും മറുകരയിൽ കടലാക്രമണം നേരിടുന്ന അനേകായിരങ്ങളെ അവഗണിക്കുന്നതിൽ പ്രദേശ വാസികൾക്ക് വലിയ അമർഷമുണ്ട്.



പശ്ചിമകൊച്ചി തീരത്തെയും ചെല്ലാനത്തെയും ജനങ്ങൾ ഇരട്ട പ്രഹരത്തിന്റെ ആഘാതത്തിലാണ്. കോവിഡും കടലാക്രമണവും ഇവിടുത്തെ ജനതയെ അതീവ ഗുരുതരമായ സാമൂഹ്യ സ്ഥിതിവിശേഷങ്ങളിലേയ്ക്ക് എത്തിച്ചിരിക്കുന്നു. നിരവധി വീടുകൾ തകർന്നു. നൂറുകണക്കിന് വീടുകളിൽ വെള്ളം കയറി. ജനജീവിതം ദുസ്സഹമായിരിക്കുന്നു. സമ്പർക്കത്തിലൂടെ കോവിഡ് വ്യാപിക്കുന്നതുകൊണ്ട് ചെല്ലാനത്തുനിന്ന് ആളുകളെ മാറ്റി താമസിപ്പിക്കാൻ സാധ്യമല്ലാത്ത സ്ഥിതിവിശേഷവുമുണ്ട്. ഈ സങ്കീർണ്ണ സാഹചര്യത്തിൽ രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും ക്ലേശം നിറഞ്ഞതാവുന്നു. സംസ്ഥാന സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും സവിശേഷമായ സഹായവും ശ്രദ്ധയും ഇടപെടലുകളും അനിവാര്യമായിത്തീർന്നിരിക്കുന്നു.

**ഷാജി ജോർജ്ജ്, കെആർഎൽസിസി പ്രസിഡന്റ്**

ഭാരതത്തിന്റെ കടൽത്തീരങ്ങൾ രാജ്യാതിർത്തികൾ തന്നെയാണ്. സ്വന്തം രാജ്യത്തിന്റെ അതിർത്തി ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കേണ്ട ഭരണകൂടത്തിന്റെ വലിയ ഉത്തരവാദിത്തത്തിൽ പെടുന്നതാണ് കടൽത്തീരങ്ങളുടെ സംരക്ഷണവും. അത്തരത്തിലുള്ള ഒരു പരിഗണനയും അടിയന്തരമായി കടലാക്രമണ ഭീഷണി നേരിടുന്ന ഈ ഭാഗങ്ങൾക്ക് ലഭിക്കണം എന്ന് തന്നെയാണ് ഇവരുടെ ആവശ്യം. പ്രത്യേകിച്ച്, സർക്കാർ നേതൃത്വത്തിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ പരിണിതഫലമായാണ് ഇവിടെ ഇത്തരത്തിൽ ഭീഷണി നേരിടുന്നത് എന്നതിനാൽ സംരക്ഷണം ഒരുക്കേണ്ടത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കൂട്ടുത്തരവാദിത്തമാണ് എന്ന് പ്രദേശവാസികൾ പറയുന്നു.

ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഒരുക്കുന്നതിനാവശ്യമായ ഫണ്ട് നിലവിൽ കേരള സർക്കാരിന് ഇല്ലാത്തതിനാൽ, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബോർഡ് ഫണ്ടിന്റെ (KIIFB) പരിഗണനയിലേയ്ക്ക് റിപ്പോർട്ടുകളും പ്രോജക്ടുകളും സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ സമർപ്പിക്കപ്പെട്ട പ്രോജക്ടുകളിൽ അടിയന്തിരമായി തീരുമാനങ്ങൾ എടുക്കാം എന്ന ഉറപ്പാണ് കഴിഞ്ഞ ദിവസം ചർച്ചയിൽ പങ്കെടുത്ത പ്രതിനിധികൾക്ക് ലഭിച്ചത്. സെൻട്രൽ ഗവൺമെന്റിന്റെ മേജർ ഇറിഗേഷൻ വകുപ്പിൽനിന്ന് നേരിട്ട് കേന്ദ്ര ഫണ്ട് ഉപയോഗിച്ചാണ് വർഷങ്ങൾക്ക് മുമ്പ് കടൽഭിത്തി നിർമ്മാണം നടന്നത്. എന്നാൽ, ഇന്ന് അത്തരത്തിൽ ഒരു ഡിപ്പാർട്ട്മെന്റ് ഇല്ല. അതിനാൽ, കേന്ദ്രസർക്കാർ ഈ ആവശ്യത്തിനായി നേരിട്ട് ഫണ്ട് നൽകുന്നില്ല. സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് ലഭിക്കുന്ന ഫണ്ട് സംസ്ഥാനം തന്നെയാണ് ചെലവഴിക്കേണ്ടത്. ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാരിനുമുന്നിൽ ഈ വിഷയം അവതരിപ്പിക്കാം എന്ന ഉറപ്പും ചർച്ചയിൽ അധികൃതർ നല്കിയിട്ടുണ്ട്. പലപ്പോഴും കേന്ദ്രസർക്കാരുകൾ വേണ്ടത്ര പരിഗണിക്കുന്നില്ല എന്ന വാദം മുന്നോട്ടുവച്ചുകൊണ്ട് സംസ്ഥാനസർക്കാരുകൾ സ്വയം ന്യായീകരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ, ഓഖിയുടെ സമയം മുതൽ തീരദേശ സംരക്ഷണത്തിനായി കേന്ദ്രം അനുവദിച്ചിട്ടുള്ള തുകയുടെ മുപ്പത് ശതമാനം പോലും ചെലവഴിക്കപ്പെട്ടിട്ടില്ല എന്ന ആരോപണം കണക്കുകളുടെ വെളിച്ചത്തിൽ ഉയർന്നിട്ടുണ്ട്. ഇത്തരത്തിൽ, മാറി മാറിവരുന്ന വിവിധ സർക്കാരുകൾക്ക് ഇത്രമാത്രം പ്രധാനമായ ഒരു വിഷയത്തിൽ പോലും കടുത്ത ഉദാസീനതയാണ് ഉള്ളത് എന്ന് ചെല്ലാനം നിവാസികൾ ആരോപിക്കുന്നു.

ജലസേചനവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആർച്ച് ബിഷപ്പ് ഹൗസിൽ വച്ച് നടന്ന ചർച്ചയിൽ, ആർച്ച് ബിഷപ്പ് സൂസപാക്യം, കെആർഎൽസിസി വൈസ് പ്രസിഡൻറ് ഷാജി ജോർജ്ജ്, ഇറിഗേഷൻ ചീഫ് എൻജിനീയർ, ഇറിഗേഷൻ എക്സിക്യൂട്ടിവ് എൻജിനീയർമാർ, സർക്കാർ സെക്രട്ടറിമാർ, വിവിധ ഉദ്യോഗസ്ഥർ, ചെല്ലാനത്ത് നിന്നും വലിയ തുറയിൽ നിന്നും, രൂക്ഷമായ കടലാക്രമണം നടക്കുന്ന ആലപ്പുഴയുടെ തീരപ്രദേശങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ തുടങ്ങിയവരാണ് സംബന്ധിച്ചത്.

### അവഗണനകളുടെ തുടർക്കഥ

ചെല്ലാനത്തെ ജനസംഖ്യയുടെ മുപ്പത് ശതമാനവും മത്സ്യത്തൊഴിലാളികളാണ്. പാവപ്പെട്ടവരായ ഈ തീരദേശവാസികൾക്ക് വേണ്ടി സംസാരിക്കാനും, രാഷ്ട്രീയമായോ ഉദ്യോഗസ്ഥതലങ്ങളിലോ അവർക്കുവേണ്ടി ഇടപെടുവാനും കാര്യമായി ആരുംതന്നെ ഉണ്ടാവാറില്ല. നാളിതുവരെയും അവരുടെ പ്രശ്നങ്ങൾക്കായി ശബ്ദമുയർത്തുവാൻ കത്തോലിക്കാസഭാനേതൃത്വവും, കെ ആർ എൽ സി സി പോലുള്ള ചില സംഘടനകളും മാത്രമാണ് പലപ്പോഴും ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ പ്രളയത്തിന്റെ കാലത്ത് കേരളത്തിന്റെ സൈന്യം എന്നാണ് ഈ ദേശവാസികളായ മുക്കുവരടക്കം വിശേഷിപ്പിക്കപ്പെട്ടത്. വിദേശ മാധ്യമങ്ങൾ പോലും അവരെ പുകഴ്ത്തി ലേഖനങ്ങൾ എഴുതി. എന്നാൽ, ഇന്ന് ഈ സൈന്യം നേരിടുന്ന പ്രധാന ദുരവസ്ഥ അപമാനകരമായ അവഗണനയാണ്. അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടിരിക്കുന്നു.

പ്രളയ രക്ഷാപ്രവർത്തനങ്ങൾക്കായി രംഗത്തിറങ്ങിയ മുക്കുവർ ഉപയോഗിച്ച വള്ളങ്ങൾക്കും ബോട്ടുകൾക്കും പലതിനും ഗുരുതരമായ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. അതിനെല്ലാം ഉടനടി പരിഹാരം നല്കുമെന്ന് ഉറപ്പുപറഞ്ഞ സർക്കാരിന് ആ വാക്ക് പാലിക്കാൻ പോലും ഇനിയും കഴിഞ്ഞിട്ടില്ല എന്ന സത്യം കൂടി നാം മനസ്സിലാക്കണം. തകർന്നുപോയ ബോട്ടുകൾക്കും, അതിന്റെ എൻജിനുകൾക്കും, മറ്റു യന്ത്രസംവിധാനങ്ങൾക്കും നഷ്ടപരിഹാരം ലഭിക്കുന്നതിനായുള്ള അപേക്ഷയുമായി അവർ നടക്കാൻ തുടങ്ങിയിട്ട് ഒരു വർഷമാകുന്നു. തെളിവുകളുടെയും, സർട്ടിഫിക്കേഷനുകളുടെയും പേരിൽ ഇന്നും നഷ്ടപരിഹാര നടപടികൾ മുടങ്ങിക്കിടക്കുകയാണ് എന്ന് അനുഭവസ്ഥർ നിരാശയോടെ വെളിപ്പെടുത്തുന്നു. പ്രളയ രക്ഷാപ്രവർത്തനങ്ങൾക്കായി മുന്നിട്ടിറങ്ങിയ അവർ യാതൊന്നും പ്രതിഫലമായി പ്രതീക്ഷിച്ചിരുന്നില്ല. എങ്കിലും, അവർക്ക് നഷ്ടപ്പെട്ടതു പോലും അനുവദിച്ചു നല്കുവാൻ തയ്യാറാകാത്ത ദുരനുഭവം നേരിടുന്നതിനിടെയാണ് മറ്റൊരു ദുരന്തം അവരെ തേടിയെത്തിയിരിക്കുന്നത്. പ്രളയം പോലെ തന്നെ ചരിത്രത്തിൽ രേഖപ്പെടുത്താവുന്നത്ര തീവ്രമാണ് തങ്ങൾക്കു നേരെയുള്ള ക്രൂരമായ അവഗണനയുമെന്ന് അവർ തിരിച്ചറിയുന്നു.



# മനുഷ്യാവസ്ഥയുടെ സംത്രാസങ്ങൾ!

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡയറക്ടർ, പി.ഒ.സി.

'ആധുനിക സാഹിത്യത്തിൽ പ്രയുക്തമാകുന്ന കറുത്ത ഹാസ്യത്തിനുള്ള മികച്ച ഉദാഹരണമായി' ഒരു സാഹിത്യ അധ്യാപകന്റെ മനസ്സിൽ വികാസം നേടിക്കൊണ്ടിരുന്ന ഒരു സംഭാഷണം, ബികോം ചോദ്യപേപ്പറിൽ ചിഹ്നം ചേർത്തെഴുതാൻ നല്കിയത് കേരളത്തിലെ 'മനുഷ്യാവസ്ഥയുടെ സംത്രാസം വെളിപ്പെടുത്തുന്ന ഒരു സംവാദമായി' പരിണമിച്ചിട്ടു പതിറ്റാണ്ടു പിന്നിട്ടിരിക്കുന്നു! അതിലെ 'കറുത്ത ഹാസ്യം' ഇന്നും അനേകരെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും വിഷമിപ്പിക്കുകയും ചെയ്യുന്നു എന്നതു തന്നെയാകാം അതിന്റെ സമകാലിക പ്രസക്തി.

ചോദ്യപേപ്പർ ഡി. ടി. പി. എടുത്ത കുട്ടി ആ സംഭാഷണ ഭാഗം വായിച്ചിട്ട് 'സാറ് തന്നെയാണോ ഇതെഴുതിയത്' എന്നു ചോദിച്ചു ചിരിച്ചു! 'അതിലെ ഹ്യൂമർ ആ കുട്ടിയെ രസിപ്പിച്ചതിൽ' ചോദ്യ കർത്താവിനു ചാരിതാർഥ്യമുണ്ടാവുകയും ചെയ്തു! പരീക്ഷ എഴുതിയ 32കുട്ടികളിലൊരാൾ അതിലെ കഥാപാത്രങ്ങളുടെ പേര് മാറ്റിയെഴുതിയിട്ടു അധ്യാപകനോടു പറഞ്ഞു: 'സർ, ഈ പേരുവച്ച് ഇത്തരം സംഭാഷണമെഴുതാൻ വിശ്വാസം അനുവദിക്കാത്തതിനാലാണ് ഞാൻ ഇങ്ങനെ എഴുതുന്നത്.' വിശ്വാസിയാണെങ്കിലും ആ ചോദ്യം വിട്ടുകളയാതെ ഉത്തരമെഴുതിയ കുട്ടിക്ക് 'ബുദ്ധിയുണ്ട്' എന്ന തിരിച്ചറിവാണ് അപ്പോൾ അധ്യാപകനുണ്ടായത്!

എന്നാൽ ചില 'മണ്ടന്മാർ' ചോദ്യത്തിന്റെപേരിൽ വികാരം കൊള്ളുകയും അക്രമത്തിനു മുതിരുകയും 'വിശ്വാസം അനുശാസിക്കുന്ന ശിക്ഷ' ഒറ്റയടിക്കു നടപ്പാക്കുകയും ചെയ്തു. അവരുടെ ശുദ്ധഗതിയിൽ അധ്യാപകന് സഹതാപമുണ്ട്. ശിക്ഷ ഒറ്റയടിക്കു നടപ്പാക്കിയെങ്കിലും തുടർന്നുള്ള അവരുടെ ഭീഷണിക്കും സമ്മർദ്ദത്തിനും വഴങ്ങിയ മാനേജ്മെന്റ് അധ്യാപകനെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിന്റെയും യൂണിവേഴ്സിറ്റി ചട്ടങ്ങളുടെയും വെളിച്ചത്തിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചു. മത സാമുദായിക സൗഹാർദം കാത്തു സൂക്ഷിക്കാനുള്ള ഏകപക്ഷീയമായ തത്രപ്പാടിൽ ചോദ്യകർത്താവായ അധ്യാപകനെ പിരിച്ചു വിടുന്നതിൽവരെ ആ നടപടികൾ നീട്ടിക്കൊണ്ടു പോവുകയും ചെയ്തു.

സാഹിത്യ സംബന്ധമായ ഒരു ചോദ്യം മതവികാരത്തെ ആഴമായി വ്രണപ്പെടുത്തുകയും അതിൽ കുപിതരായ മതസംഘടനകൾ മതനിയമം സ്വമേധയാ നടപ്പാക്കുകയും നാട്ടിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്ത് മലയാളക്കരയിലെ മനുഷ്യാവസ്ഥയുടെ 'സംത്രാസം വെളിപ്പെടുത്തിയത്' നാളിതുവരെ നടന്ന സംവാദങ്ങളിലൊന്നുംതന്നെ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടതായി കണ്ടില്ല. അതു തന്നെയാണ് മലയാളിയുടെ 'മനുഷ്യാവസ്ഥയുടെ സംത്രാസമായി' ഈ സംഭവം നിലനില്ക്കുന്നതിന്റെ പ്രധാന കാരണവും.

ജീവിതത്തെ താരതമ്യേന നർമ്മബോധ ത്തോടെ നോക്കിക്കാണുന്ന പ്രസ്തുത അധ്യാപകൻ താൻ ചോദിച്ച ചോദ്യത്തിലെ 'മണ്ടത്തരം' (കറുത്ത ഹാസ്യം) ഓർത്ത് ഒരു തമാശയും പറഞ്ഞിട്ടുള്ളതായി അദ്ദേഹത്തിന്റെ ആത്മകഥയിലെങ്ങും കണ്ടില്ല. അദ്ദേഹം അതിന്റെ സാഹിത്യ ഭംഗി മാത്രമാണ് അതിൽ വിശദീകരിക്കുന്നത്. എന്നാൽ, കേവലമായ ഹാസ്യം മാത്രം ചോദ്യത്തിൽ കാണുന്ന അദ്ദേഹം, അത്തരം ഒരു ചോദ്യത്തിലെ സംഭാഷണംകൊണ്ട് വ്രണിതമാകുകയും അക്രമാസക്തരാവുകയും ചെയ്യുന്ന ഒരു സമൂഹത്തിനു സംഭവിച്ചു കൊണ്ടിരിക്കുന്ന 'സംത്രാസത്തിനു' പിന്നിൽ എന്താണുള്ളത് എന്നു പറയുന്നുമില്ല.

മത സൗഹാർദ്ദത്തിനു പേരുകേട്ട കേരളം പോലൊരു സംസ്ഥാനത്തു വളർന്നുവന്നുകൊണ്ടിരിക്കുന്ന തീവ്ര മതചിന്തയുടെ രാഷ്ട്രീയത്തെ അഭിസംബോധന ചെയ്യുന്നതിൽ എല്ലാ വിശകലന വിദഗ്ധരും ഒരുപോലെ 'സംത്രാസം' അനുഭവിക്കുന്നതാണ് ചോദ്യ പേപ്പർ വിവാദത്തിലെ കേന്ദ്രബിന്ദു!

കോളേജിനെതിരെ ഉയർന്നുവന്ന പ്രക്ഷോഭത്തിൽ തുടക്കത്തിൽ അധ്യാപകനെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ച് അന്വേഷണം നടത്തിയ മാനേജ്മെന്റ്, തുടർന്ന് നടന്ന അക്രമ സംഭവങ്ങൾക്കു ശേഷവും അധ്യാപകനെതിരെയുള്ള നടപടിയിൽ ഉറച്ചുനിന്നത്, എല്ലാ പ്രശ്നങ്ങൾക്കുമുള്ള കാരണം അധ്യാപകനിട്ട ചോദ്യമാണ് എന്നു കണ്ടെത്തിയതു കൊണ്ടാണെങ്കിൽ, ആ കണ്ടെത്തലും ഭാഗികം മാത്രമായിരുന്നില്ലേ എന്ന ചോദ്യം അവശേഷിക്കുന്നു.

കാലത്തിന്റെ അടയാളങ്ങൾ ഗ്രഹിക്കുന്നതിൽ ഒരു വിഷയം അപഗ്രഥിക്കുന്നവരെല്ലാം ഒരുപോലെ പരാജയപ്പെടുമോ?

ഒരു ഇടതുപക്ഷ സർക്കാർ അധികാരത്തിലിരിക്കുകയും അതിലെ വിദ്യാഭ്യാസ വകുപ്പ് മതമില്ലാത്ത

കോളേജ് അധ്യാപകൻ മറ്റൊരു മതത്തിലെ വിശ്വാസികളെ പ്രകോപിപ്പിക്കും വിധം ചോദ്യം തയ്യാറാക്കിയത് മാനേജ്മെന്റ് കൂട്ടിവായിച്ചിരിക്കുമോ? അന്നത്തെ വിദ്യാഭ്യാസ മന്ത്രി പ്രസ്തുത അധ്യാപകനെ 'മണ്ടൻ' എന്നു വിശേഷിപ്പിച്ചത് ഈ പശ്ചാത്തലം മനസ്സിലാക്കിയിട്ടായിരുന്നോ? 'അറ്റു പോകാത്ത ഓർമ്മകൾ' എന്ന ജോസഫ് സാറിന്റെ ആത്മകഥയിൽ ആവർത്തിച്ചുവരുന്ന 'മണ്ടൻ' എന്ന വാക്ക് സവിശേഷ ശ്രദ്ധ അർഹിക്കുന്നതായി എനിക്കു തോന്നിയത് ആകസ്മികമായിരിക്കാം. എങ്കിലും, എല്ലാവരെയും മണ്ടൻ കളിപ്പിക്കുന്ന ഒരു 'സംത്രാസമായി' ചോദ്യപേപ്പർ വിവാദവും അനന്തര സംഭവങ്ങളും അവശേഷിക്കുകയാണല്ലോ! എന്തുതരം ജാഗ്രതയാണ് സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കേരളംപോലെ പ്രബുദ്ധമായ ഒരു സമൂഹം പുലർത്തേണ്ടത് എന്ന ചോദ്യമാണ് ഈ 'വായനാ ദിനത്തിൽ' ഏറെ പ്രസക്തമായി എനിക്കു തോന്നുന്നത്.... !

*******

കെസിബിസി പ്രസ്താവന

## പരിസ്ഥിതി ആഘാത വിലയിരുത്തൽ കരടുവിജ്ഞാപനം: കെസിബിസി നിർദ്ദേശങ്ങൾ സമർപ്പിച്ചു

കൊച്ചി: പരിസ്ഥിതി ആഘാത വിലയിരുത്തൽ സംബന്ധിച്ച് കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന കരടു നിർദ്ദേശങ്ങൾ സംബന്ധിച്ച് പൊതുസമൂഹത്തിന്റെ പ്രതികരണം ആരാഞ്ഞുകൊണ്ടുള്ള അറിയിപ്പിൽ കെസിബിസിയുടെ നിർദേശം സർക്കാരിനു സമർപ്പിച്ചു.

കരടു വിജ്ഞാപനം കോർപ്പറേറ്റു മുതൽമുടക്കിനെ പ്രോത്സാഹിപ്പിക്കുന്നതും വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്തുന്നതുമാണ്. ഇത് രാജ്യത്തിന്റെ പുരോഗതിയെ ലക്ഷ്യമിട്ടുകൊണ്ടുള്ള നയസമീപനമെന്ന് സർക്കാരിനു ന്യായീകരിക്കാമെങ്കിലും പാരിസ്ഥിതികമായും മാനുഷികമായും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നതിൽ സംശയമില്ല. പല വ്യവസായങ്ങളുടെയും വികസനസംരംഭങ്ങളുടെയും കാര്യത്തിൽ പൊതുസമൂഹത്തിനുള്ള ഉത്ക്കണ്ഠയും നിർദേശങ്ങളും പങ്കുവയ്ക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള മാർഗം ഇല്ലാതായിരിക്കുന്നു. ബി 2 വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇത്തരം സംരംഭങ്ങൾ സംബന്ധിച്ച് കൃത്യമായ പാരിസ്ഥിതിക വിലയിരുത്തൽ നടത്തുന്നതിനും പരിഹാരം നേടുന്നതിനുമുള്ള വകുപ്പുകൾ ഡ്രാഫ്റ്റിൽ തുടർന്നും ഉണ്ടാകണം.

നിലവിലുള്ള സംരംഭങ്ങളുടെ വികസനത്തിനും വിപുലീകരണത്തിനും പരിസ്ഥിതി വിലയിരുത്തൽ ആവശ്യമില്ല എന്ന നിർദ്ദേശവും പദ്ധതികളുടെ നടത്തിപ്പിനുശേഷം പാരിസ്ഥിതിക പഠനത്തിനുള്ള അനുമതി നേടിയാൽ മതിയെന്ന നിർദേശവും പുനഃപരിശോധിക്കപ്പെടേണ്ടതാണ്. പാരിസ്ഥിതിക അനുമതിയോടെ മാത്രമേ വൻവികസനപദ്ധതികളും വ്യവസായ സംരംഭങ്ങളും തുടങ്ങാവൂ എന്ന നിബന്ധന തുടർന്നും നിലനിറുത്തേണ്ടതാണ്. ആഗോളതലത്തിൽ നിലനില്ക്കുന്ന പാരിസ്ഥിതിക മാനദണ്ഡങ്ങളും മനുഷ്യാവകാശങ്ങളും മാനിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും 'പാരിസ്ഥിതിക ധാർമികത' ഗൗരവമായി പരിഗണിക്കപ്പെടുകയും വേണം. രണ്ടു ഹെക്ടറിലധികം വ്യാസമുള്ള ക്വാറികളുടെ പ്രവർത്തനത്തിന് പാരിസ്ഥിതിക അനുമതി നേടണമെന്ന നിർദേശം കേരളംപോലെയുള്ള പരിസ്ഥിതി ദുർബലപ്രദേശങ്ങളിൽ തുടർന്നും പാലിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്.

ഖനനം, ഡാമുകളുടെ നിർമാണം തുടങ്ങിയ സംരംഭങ്ങളിൽ ഏറ്റവും കൂടുതൽ ആഘാതമേല്ക്കുന്നത് ആദിവാസി-ഗോത്രവർഗ സമൂഹങ്ങൾക്കാണ്. വികസനത്തിന്റെ പേരിൽ അവരുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടാൻ ഇടയാകരുത്. വ്യവസായിക സംരംഭങ്ങൾക്കുവേണ്ടി കുടിയിറക്കപ്പെടുകയും കിടപ്പാടവും ജീവിതമാർഗവും നഷ്ടമാകുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ നഷ്ടപരിഹാരത്തിനു മാത്രമല്ല, കുടിയിറക്കപ്പെടുന്നവരുടെ മാന്യമായ പുനരധിവാസത്തിനും വ്യവസ്ഥയുണ്ടാകണം. **(11/8/2020)**

## ദൈവിക സമാശ്വാസത്തിനായി കെസിബിസി ആരാധനായജ്ഞം നടത്തി

**കൊച്ചി:** ഈ കാലഘട്ടത്തിന്റെ സങ്കീർണതകൾക്ക് ദൈവികമായ പരിഹാരം തേടി വിവിധ ധ്യാനകേന്ദ്രങ്ങളുടെ സഹകരണത്തോടെ കേരള കത്തോലിക്കാ മെത്രാൻസമിതി ആരാധനായജ്ഞം നടത്തി. ജൂലായ് 24-ാം തീയതി ആരംഭിച്ച് ഓഗസ്റ്റ് 2-ന് അവസാനിച്ച പ്രാർത്ഥനായജ്ഞം കെസിബിസി കരിസ്മാറ്റിക് കമ്മീഷന്റെ ആസ്ഥാനകാര്യാലയമായ കളമശ്ശേരി എമ്മാവൂസിൽ വെള്ളിയാഴ്ച വൈകിട്ട് 6.30-ന് കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുഗ്രഹസന്ദേശം നല്കി ഉദ്ഘാടനം ചെയ്തു. **(23/7/2020)**

# കള്ളക്കടത്തിലൂടെ തഴയ്ക്കുന്ന തീവ്രവാദം...



ഫാ. നോബിൾ തോമസ് പാറയ്ക്കൽ

കേരളത്തിൽ സ്വർണ്ണ മയക്കുമരുന്നു കള്ളക്കടത്ത് വർദ്ധിച്ചുവരുന്നുവെന്നത് ഒരു സത്യമാണ്. ശ്രീലങ്കയിലും മറ്റും തീവ്രവാദ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ കള്ളക്കട ത്തിലൂടെയും മറ്റും ഒഴുകിയെത്തിയ കണക്കില്ലാത്ത പണം മുഖ്യപങ്കു വഹിക്കുന്നതായി ഇന്റലിജൻസ് ഏജൻസികളുടെ റിപ്പോർട്ടുകളുണ്ട്. കേരളത്തിലെ ഇത്തരം കള്ളക്കടത്തുകൾ വല്ലപ്പോഴുമൊക്കെ പിടിക്കപ്പെടുന്നതായുള്ള വാർത്തകൾ വരുന്നു എന്നതല്ലാതെ അവയുടെ ഉറവിടമോ ലക്ഷ്യമോ തിരഞ്ഞുപോകാനോ ഉദ്ദേശലക്ഷ്യങ്ങൾ പുറത്തു കൊണ്ടുവരാനോ സംസ്ഥാനത്തെ നിയമഭരണ സംവിധാനങ്ങൾക്ക് സാധിച്ചിരുന്നില്ല. വ്യാപകവും സംഘടിതവുമായ ഇത്തരം കള്ളക്കടത്തുകൾക്ക് പിന്നിൽ പ്രവർത്തിക്കുന്നത് വ്യക്തികളല്ലെന്നും അവയൊന്നും തന്നെ ഒറ്റപ്പെട്ടതോ കേവലം സാമ്പത്തികലാഭം മാത്രം ലക്ഷ്യം വെച്ചുള്ളതോ അല്ലെന്നും അറിയാമെങ്കിലും അവയുടെ നിയന്ത്രണവും അവക്കെതിരേയുള്ള നടപടികളും ചോദ്യചിഹ്നമായി അവശേഷിക്കുക യായിരുന്നു. ഈ സന്ദർഭത്തിലാണ് ഡിപ്ലോമാറ്റിക് ബാഗിലൂടെയുള്ള സ്വർണ്ണക്കടത്ത് കേസ് വാർത്തയാകുന്നത്. പ്രസ്തുത സ്വർണ്ണക്കടത്തിന് തീവ്രവാദവുമായി ബന്ധമു ണ്ടെന്നും അത് കേരളത്തിലെ സ്വർണ്ണവ്യവസായം, റിയൽ എസ്റ്റേറ്റ്, സിനിമ, മറ്റ് വ്യവസായമേഖലകൾ എന്നിവയോട് മാത്രമല്ല, ഭരണത്തിലിരിക്കുന്ന ഉന്നതരോടും ഉദ്യോഗസ്ഥവൃന്ദത്തോടും കൂടി ബന്ധപ്പെട്ടതാണ് എന്നുമുള്ള ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പുറത്ത് വരുന്നത്.

### സ്വർണ്ണക്കടത്തും വിവാദങ്ങളും

ഭരണ രാഷ്ട്രീയ മേഖലകളിൽ കോളിളക്കങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ഡിപ്ലോമാറ്റിക് ബാഗിലൂടെയുള്ള സ്വർണ്ണക്കടത്ത് കേസ് മുന്നോട്ട് പോയിക്കൊണ്ടിരി ക്കുന്നത്. 2020 ജൂലൈ 5ന് തിരുവനന്തപുരത്തെ യു.എ.ഇ കോൺസുലേറ്റിലേക്ക് വന്ന 15 കോടി രൂപയുടെ സ്വർണം കസ്റ്റംസ് പിടിച്ചെടുത്തതോടെ യാണ് വിവാദങ്ങൾക്ക് തുടക്കമാകുന്നത്. കേസിൽ കോൺസുലേറ്റിലെ മുൻ പി.ആർ.ഒ. ആയ സരിത്തിനെ കസ്റ്റംസ് അറസ്റ്റ് ചെയ്തിരുന്നു. മുഖ്യ ആസൂത്രക യെന്ന് കസ്റ്റംസ് അധികൃതർ ആരോപിക്കുന്നത് മുൻ കോൺസുലേറ്റ് ഉദ്യോഗസ്ഥയും ഐ.ടി വകുപ്പിലെ കരാർ ജീവനക്കാരിയുമായ സ്വപ്ന സുരേഷിനെ യാണ്. സംഭവം പുറത്ത് വന്നതിനെത്തുടർന്ന് സ്വപ്നയെ പുറത്താക്കി. കൂടാതെ ഇതിന്റെ പേരിൽ ആരോപണ വിധേയനായ ഐ.ടി സെക്രട്ടറി ശിവശങ്കരനേയും സർക്കാർ മാറ്റി. സ്വർണ്ണക്കടത്തു കേസ് നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി (എൻ.ഐ.എ) അന്വേഷിക്കാൻ കേന്ദ്ര സർക്കാർ ഉത്തരവിറക്കുകയും അന്വേഷണം ആരംഭിക്കുകയും ചെയ്തു. നയതന്ത്രചാനൽ വഴിയുള്ള സ്വർണ്ണക്കടത്ത് ദേശീയസുരക്ഷയെ ബാധിക്കുന്ന വിഷയമായതിനാൽ യുഎപിഎ പ്രകാരമുള്ള കുറ്റങ്ങൾ ചുമത്തിയാണ് ദേശീയ അന്വേഷണ ഏജൻസി കേസ് രജിസ്റ്റർ ചെയ്തത്. സ്വർണക്കടത്തിലൂടെ രാജ്യത്ത് എത്തിയ പണം ദേശീയ സമ്പദ്‌വ്യവസ്ഥയെ ബാധിക്കുന്നതി നാലും പണം ഭീകരവാദ, വിധ്വംസക പ്രവർത്തന ങ്ങൾക്ക് ഉപയോഗിച്ചിരിക്കാനുള്ള സാധ്യതയും പരിഗണിച്ചാണ് നടപടി എന്നാണ് എൻ.ഐ.എ അഭിഭാഷകൻ കോടതിയെ അറിയിച്ചത്.

തിരുവനന്തപുരത്തിന് പുറമേ ഹൈദരാബാദ് അടക്കമുള്ള മറ്റു വിമാനത്താവളങ്ങളിലും ഡിപ്ലോ മാറ്റിക് ബാഗേജിലൂടെ സ്വർണ്ണക്കടത്തു നടത്തിയിരുന്നതായി അന്വേഷണ ഏജൻസികൾക്ക് വിവരം ലഭിച്ചിട്ടുണ്ട്. അക്കാരണത്താൽത്തന്നെ അന്വേഷണം കൂടുതൽ ഉന്നതരിലേക്ക് എത്തു മെന്നാണ് കേന്ദ്രസർക്കാരിന്റെ വിലയിരുത്തൽ. സ്വർണ്ണക്കടത്തിൽ രാജ്യസുരക്ഷയെ ബാധിക്കുന്ന വലിയ ഗൂഢാലോചന നടന്നിട്ടുണ്ടെന്നാണ് എൻഐഎ നിലപാട്.

കേരളത്തിലേക്കെത്തുന്ന സ്വർണം എവിടേക്കു പോകുന്നു, എവിടെ നിന്ന് വരുന്നു, എന്തിനെല്ലാമാണ് ഉപയോഗിക്കപ്പെടുന്നത് എന്നിങ്ങനെ പല ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കാനുണ്ട്. അതിനായി പ്രതികളുടെ ഇടപാടുകളും ബന്ധങ്ങളും കണ്ടെത്തണം. പ്രതിയായ ഫൈസൽ ഫരീദ് യുഎഇയിൽ നിർമ്മിച്ച വ്യാജമുദ്ര ഉപയോഗിച്ചാണ് സ്വർണ്ണക്കടത്ത് നടത്തിയിരിക്കുന്നത്. ഇങ്ങനെ കേരളത്തിലെത്തിച്ച സ്വർണ്ണം ആഭരണനിർമ്മാണ ത്തിനല്ല, മറിച്ച് തീവ്രവാദപ്രവർത്തനങ്ങൾക്കാണ് പ്രധാനമായും ഉപയോഗപ്പെടുത്തുന്നത് എന്നാണ് എൻഐഎ കോടതിയെ അറിയിച്ചിട്ടുള്ളത്. ഈ സ്വർണ്ണം ജ്വല്ലറി ഉടമകൾക്കോ മറ്റ് ആളുകൾക്കോ കൈമാറുന്നതിലൂടെ ലഭിക്കുന്ന സാമ്പത്തികലാഭമാണ് ഇത്തരം രാജ്യവിരുദ്ധപ്രവർത്തനങ്ങൾക്ക് ചില വഴിക്കപ്പെടുന്നത്. മലപ്പുറം സ്വദേശിയായ റമീസിനെ അറസ്റ്റ് ചെയ്തതിൽ നിന്നും സ്വർണ്ണം ജ്വല്ലറികളിലേക്കും തമിഴ്നാട്ടിലേക്കുമൊക്കെ

വിതരണം ചെയ്യപ്പെടുന്നതിനെക്കുറിച്ച് കസ്റ്റംസിന് മനസ്സിലാക്കാൻ കഴിഞ്ഞു.

റമീസിൽ നിന്ന് സ്വർണ്ണം വാങ്ങിയതിലൂടെ അറസ്റ്റിലായ ജലാൽ യത്തീംഖാനയിൽ വളർന്ന വ്യക്തിയാണ്. തമിഴ്നാട്ടിൽ കോഴിഫാം നടത്തിയിരുന്ന ജലാൽ ഏതാനും വർഷങ്ങൾക്കു മുമ്പ് മാത്രമാണ് ദുബായിലേക്ക് പോകുന്നത്. എന്നാൽ കണ്ണടച്ച് തുറക്കുന്നതിന് മുമ്പേ ജലാൽ അതീവസമ്പന്നനായിത്തീർന്നു. സ്വർണ്ണക്കടത്തും മറ്റുമായി ബന്ധപ്പെട്ട പല കേസുകളിലും പ്രതിയായ ജലാൽ പിടികിട്ടാപ്പുള്ളിയായിരുന്നു.

## സാമ്പത്തികലാഭം തീവ്രവാദത്തിന്

സ്വർണ്ണക്കടത്തിന് തീവ്രവാദവുമായി ബന്ധമുണ്ടോയെന്ന എൻഐഎ അന്വേഷണം കേരളത്തിൽ വേരുകളുള്ള തീവ്രവാദസംഘടനകളിലേക്കുകൂടി വ്യാപിക്കുന്നുണ്ട്. സ്വർണ്ണക്കടത്തിന് ദേശീയ അന്തർദേശീയ ബന്ധങ്ങൾ ഇത്തരം സാധ്യതകളിലേക്കുള്ള ശക്തമായ സൂചനകളാണ് നല്കുന്നത്. ഇന്ത്യയിൽ നിരോധിക്കപ്പെട്ട തീവ്രവാദ സംഘടനകൾ പലതും പേരുമാറി കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നത് ഒരു പരസ്യമായ രഹസ്യമാണ്. ഇത്തരം സംഘടനകളിലെ ആളുകൾ രാഷ്ട്രീയപാർട്ടികളിലും സാമൂഹ്യസാംസ്കാരിക സംഘടനകളിലും നുഴഞ്ഞു കയറിയിട്ടുള്ളതായും കാണാൻ കഴിയും.

കേരളത്തിലെ മതസാമുദായികപ്രശ്നങ്ങളിൽ ഇടപെട്ട് സമരം നയിക്കാനും സമുദായസ്പർധ സൃഷ്ടിക്കാനും ഇക്കൂട്ടർ ശ്രമം നടത്തുന്നുണ്ട്. സമരങ്ങൾക്ക് വേണ്ടി തട്ടിക്കൂട്ടിയിരിക്കുന്ന സാംസ്കാരികസംഘടനകളും പലതാണ്. സോഷ്യൽ മീഡിയയിലൂടെയും മറ്റ് മാധ്യമങ്ങളെ വിലക്കെടുത്തും തങ്ങളുടെ ലക്ഷ്യത്തിലേക്ക് രാജ്യത്തെ നയിക്കാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിൽ നടന്നിരിക്കുന്ന സമരങ്ങളുടെ പലതിന്റെയും സ്പോൺസർമാർ ഇത്തരത്തിലുള്ള തീവ്രവാദബന്ധങ്ങളുള്ളവരാണ് എന്ന് അന്വേഷണ ഏജൻസികൾക്ക് വിവരം ലഭിച്ചിട്ടുണ്ട്. കസ്റ്റംസിന്റെ പിടിയിലായ റമീസ് തന്നെയും കൊച്ചി വിമാനത്താവളം വഴി ആറു തോക്കുകൾ കടത്തിയതിന് പിടിയിലായിട്ടുണ്ട്.

## ഭരണകൂടങ്ങളുടെ നിഷ്ക്രിയത്വം

കേരളത്തിൽ ഏതു മുന്നണി ഭരിച്ചാലും തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിയും വിധം രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കകത്ത് നുഴഞ്ഞ് കയറാനും അധികാരസ്ഥാനങ്ങൾ കരസ്ഥമാക്കാനും തീവ്രവാദപ്രസ്ഥാനങ്ങൾ ശ്രമിച്ചതിന്റെ ഭാഗമായി അവരുടെ സാന്നിദ്ധ്യം എല്ലാ രാഷ്ട്രീയപാർട്ടികളിലും ഇപ്പോൾ കാണാവുന്നതാണ്. രാഷ്ട്രീയം കൊണ്ട് പലതാണെങ്കിലും ഉദ്ദേശം കൊണ്ട് എല്ലാവരും ഒരേ ലക്ഷ്യത്തിലേക്കാണ് ഈ പ്രസ്ഥാനങ്ങളെ നയിക്കുന്നത്. ഭരിക്കുന്ന പാർട്ടിയിലായാലും പ്രതിപക്ഷത്തായാലും ബലം അളന്നുനോക്കിയാൽ ഇക്കൂട്ടർ ഏതാണ്ട് ഒരേയളവിൽ എല്ലായിടത്തും കാണും. അതിനാൽത്തന്നെ പലതും കണ്ടില്ലെന്നും കേട്ടില്ലെന്നും അറിഞ്ഞില്ലെന്നും ഭാവിക്കുകയല്ലാതെ മാറിമാറി വരുന്ന ഗവൺമെന്റുകൾക്ക് മറ്റൊന്നും ചെയ്യുക സാധ്യമല്ല. ഭരണകൂടത്തെ നിഷ്ക്രിയമാക്കിക്കൊണ്ടും താക്കോൽസ്ഥാനങ്ങളിലുള്ള വരെ സ്വാധീനിച്ചുകൊണ്ടും നടത്തുന്ന നീചമായ ബൗദ്ധികയുദ്ധമാണ് ഇപ്പോൾ കേരളത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്.

ഇതിനും പുറമേ, ലോക്സഭാ, നിയമസഭ, തദ്ദേശ തെരഞ്ഞെടുപ്പുകളിൽപ്പോലും വൻതോതിൽ പണമിറക്കാൻ ഇവർക്ക് സാധിക്കാറുണ്ട്. എല്ലാത്തിനും കൂറുകാണിക്കാൻ വേണ്ടി മാത്രം തിരഞ്ഞെടുക്കപ്പെട്ടവർക്ക് അവരുടെ ഭരണകാലം മതിയാകാതെ വരുമെന്നതാണ് സത്യം. അതിനേറ്റവും വലിയ തെളിവാണ് സ്വർണ്ണക്കടത്തിനും ഹവാലക്കും തീവ്രവാദവുമായി ബന്ധമുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ട് ഇരുമുന്നണികളുടെയും ഭരണകാലത്തായി മുക്കിക്കളഞ്ഞത്. കേന്ദ്ര, സംസ്ഥാന രഹസ്യാന്വേഷണ വിഭാഗം ഈ വിഷയം ചൂണ്ടിക്കാട്ടി റിപ്പോർട്ടുകൾ നല്കിയിരുന്നുവെങ്കിലും യാതൊരു നടപടികളും ഉണ്ടായില്ല എന്നതാണ് സത്യം. കസ്റ്റംസ്, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ്, പോലീസ് തുടങ്ങിയ ഏജൻസികൾ കേസുകൾ പിടികൂടുന്നതിന് പിന്നാലെ രഹസ്യാന്വേഷണ ഏജൻസികൾ പ്രതികളുടെ വിവരങ്ങൾ തിരക്കാറുണ്ട്. പ്രതികളിൽ പലർക്കും തീവ്രവാദസ്വഭാവമുള്ള വ്യക്തികളുമായും സംഘടനകളുമായും ബന്ധമുണ്ടെന്ന് പലപ്പോഴായി ഇത്തരം അന്വേഷണങ്ങളിൽ മനസ്സിലായതിൻ പ്രകാരമാണ് രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ടുകൾ നല്കിയത്. എന്നാൽ അത്തരം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടികളൊന്നും തന്നെ ഉണ്ടായിട്ടില്ലെന്നാണ് രഹസ്യാന്വേഷണ വിഭാഗം തന്നെ ആരോപിക്കുന്നത്.

സർക്കാരുകളുടെ താത്പര്യം സംരക്ഷിക്കാൻ ശ്രമിക്കുന്ന നിയമപാലകർക്കും ഒരു പരിധി കഴിഞ്ഞ് ഇത്തരം വിഷയങ്ങളിൽ ഇടപെടുക അസാദ്ധ്യമാണ്. ഇപ്പോഴത്തെ സ്വർണ്ണക്കടത്ത് പോലും ഒരു പരിധിക്കപ്പുറത്തേക്കുള്ള അന്വേഷണവഴികൾ താണ്ടുമോയെന്നത് സംശയകരമാണ്. ഉന്നതസ്ഥാനങ്ങളിലേക്ക് എത്തുന്തോറും അന്വേഷണത്തിന്റെ വേഗത കുറഞ്ഞ് കുറഞ്ഞ് വരും. സാവധാനം സ്വർണ്ണക്കടത്ത് തികച്ചും

സദുദ്ദേശപരമായിരുന്നുവെന്നുപോലും കോടതി മുറിയിൽ തെളിയിക്കപ്പെടുക അസാദ്ധ്യമല്ലാത്ത കാലത്താണ് നാം ജീവിക്കുന്നത്. എങ്കിലും എൻ.ഐ.എ. അന്വേഷണം പ്രാപ്തിയിലെത്തു മെന്നാണ് പൊതു സമൂഹത്തിന്റെ പ്രതീക്ഷ

### സ്വർണ്ണക്കടത്തും വ്യവസായങ്ങളും സാമൂഹിക സേവനവും

സ്വർണ്ണക്കടത്തിന്റെ ലാഭം പറ്റുന്ന വ്യവസായ മേഖലകൾ കേരളത്തിലുണ്ട് എന്നതും ഏവർക്കു മറിയാവുന്ന സത്യമാണ്. സ്വർണ്ണം, ടെക്സറ്റൈൽസ്, ടൂറിസം, ഷോപ്പിംഗ് മാളുകൾ, വാഹനങ്ങൾ, മൊത്തവ്യാപാരസ്ഥാപനങ്ങൾ, റിയൽ എസ്റ്റേറ്റ്, സിനിമ എന്നിങ്ങനെ അത് വ്യാപിച്ച് കിടക്കുകയാണ്. രാജ്യത്തോടും തങ്ങളായിരിക്കുന്ന സമൂഹത്തോടു മുള്ള പ്രതബദ്ധതയോടെ ബിസിനിസ് ചെയ്യുകയും മാന്യമായ ലാഭം പ്രതീക്ഷിക്കുകയും ചെയ്യുന്ന മറ്റെല്ലാ മനുഷ്യർക്കും ഇവർ ഒരു ഭീഷണിയാണ്. വലിയ തുകകൾ ഒരുമിച്ച് ഇറക്കി റിയൽ എസ്റ്റേറ്റ് ഡീലുകൾ ഉറപ്പിക്കുകയും കച്ചവടം നടത്തുകയും കണ്ണടച്ചു തുറക്കുന്ന സമയം കൊണ്ട് വലിയ വ്യാപാരസ്ഥാപന ങ്ങൾ നിർമ്മിച്ചെടുക്കുകയു മൊക്കെ ചെയ്യുന്നതിന് പണം എങ്ങനെ, എവിടെ നിന്നാണ് എന്നത് ഇപ്പോൾ നമുക്ക് ഉത്തരമുള്ള ചില ചോദ്യങ്ങളാണ്.

സിനിമ മേഖലയു മായി ബന്ധപ്പെട്ട പരാമർശ ങ്ങളും ചോദ്യം ചെയ്യലുകളു മൊക്കെ സ്വർണ്ണക്കടത്ത് കേസുകളിലുണ്ടായിട്ടുണ്ട്. മലയാളത്തിലെ സിനിമാ രംഗം ഹൈജാക്ക് ചെയ്യപ്പെട്ടുവെന്നും ഒരു പ്രത്യേക വിഭാഗത്തെ വെള്ളപൂശുന്നതിനും ന്യായീകരണ ത്തിനുമായി മലയാളസിനിമാരംഗം ഉപയോഗിക്ക പ്പെടുന്നുവെന്നുമുള്ള വിമർശനം കുറച്ചു നാളുകളായി ഉയരുന്നതാണ്. ക്രൈസ്തവസമുദായത്തെയും ക്രൈസ്തവസമുദായത്തിന്റെ നേതൃത്വത്തെയും ഇകഴ്ത്തിക്കാട്ടിയും കൂദാശകളേയും ദൈവാരാധന യേയും പരിഹസിച്ചും സിനിമകൾ രൂപം കൊള്ളുന്ന തിന്റെ കാരണവും മറ്റൊന്നല്ല എന്നത് തർക്കമെന്യേ ഏവർക്കും മനസ്സിലാകുന്നു. സിനിമാക്കാരുടെ യാത്രകളും വാഹനങ്ങളും സ്വർണ്ണക്കടത്തിനായി ഉപയോഗപ്പെടുത്തിയെന്ന സംശയത്തിലാണ് അന്വേഷണസംഘം ഉള്ളത്. വിദേശപ്രോഗ്രാമുകളും മറ്റും ഇത്തരം കാര്യങ്ങൾക്കുള്ള മറയായിരുന്നു വോയെന്നാണ് ഇപ്പോഴത്തെ സംശയം.

സോഷ്യൽ മീഡിയ ചാരിറ്റി സംഘടനകൾ പലതും കള്ളപ്പണം വെളുപ്പിക്കാനും തട്ടിപ്പിനും ഉള്ള മാർഗങ്ങൾ ആണെന്ന് ഉള്ള പരാതികളും അനുബന്ധ പ്രശ്നങ്ങളും അടുത്ത കാലത്തായി ഉയരുന്നുണ്ട്. 30 ലക്ഷം ചികിത്സക്ക് ആവശ്യപ്പെടുമ്പോൾ ഒരാൾ തന്നെ 60 ലക്ഷം കൈമാറുന്നതും തുടർന്നും പണം വരുന്നതു മെല്ലാം ഇപ്പോൾ ചർച്ചയായ വിഷയങ്ങളാണ്. നന്മമരങ്ങളെ ന്യായികരിച്ചും പ്രോത്സാഹിപ്പിച്ചും സോഷ്യൽമീഡിയ വാർ റൂമുകളും ഇവിടെ സജീവമാണ്.

### കേരളത്തിൽ തഴയ്ക്കുന്ന മതഭീകരതയും തുടരുന്ന നിശ്ശബ്ദതയും

കേരളത്തിൽ മതഭീകരത ശക്തമാകുന്നുണ്ട് എന്നതിന് നിരവധിയായ സൂചനകൾ ലഭിച്ചിട്ടുണ്ട് എങ്കിലും അറിയേണ്ടവർ മൗനം പാലിക്കുകയാണ് ചെയ്യുന്നത്. മാധ്യമങ്ങൾ വിലക്കെടുക്ക പ്പെടുകയോ, നിശബ്ദമാക്കപ്പെടു കയോ ചെയ്യുന്നുവെന്നത് ഭീകര തയെ തൊട്ടടുത്ത് അഭിമുഖീകരി ക്കുന്ന ഒരു സമൂഹമെന്ന നിലയിൽ കേരളത്തിന് ഭീഷണിയാണ്. നിശബ്ദമാകുന്നു എന്നതിലുപരി നുണകൾ കൊണ്ട് പലരെയും ഭീകരതയിലേക്ക് അടുപ്പി ക്കാൻപോലും സഹായകമാം വിധം മാധ്യമപ്രവർത്തനം അധപതിക്കു ന്നതിനും ഈ കാലം സാക്ഷ്യമാണ്. തീവ്രവാദവുമായി ബന്ധപ്പെട്ടും ഭീകരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും ഏതു വാർത്തയും തത്പരകക്ഷികൾക്ക് വേണ്ടി വളച്ചൊടിക്കാനും അവഗണിക്കാനും ഭൂരിപക്ഷം മാധ്യമങ്ങൾ തയ്യാറാകുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. കേരളത്തിൽ നിന്ന് ഐഎസിലേക്ക് റിക്രൂട്ട് ചെയ്യപ്പെട്ടവരിലെ സ്ത്രീകൾ ലൗജിഹാദിന്റെ ഇരകളാണെന്ന് പറയാൻ ധൈര്യമുള്ള എത്ര മാധ്യമങ്ങളുണ്ട്?

### സമാപനം

ഇസ്ലാമികഭരണം നിലനിൽക്കുന്ന ഒരു ഖാലിഫേറ്റ് ആഗോള പൊളിറ്റിക്കൽ ഇസ്ലാമിന്റെ പ്രഖ്യാപിതലക്ഷ്യമാണ്. ഈ ചിന്താഗതിയിൽ ആകൃഷ്ടരായ അനേകം യുവാക്കൾ ലോകത്തിന്റെ പലഭാഗങ്ങളിലുമുണ്ട്, കേരളത്തിലുമുണ്ട്. അവർ ഒരു മുസ്ലീം രാഷ്ട്രംമുസ്ലീം ഖിലാഫത്ത് ഉണ്ടാക്കാൻ

മാധ്യമങ്ങളും സാംസ്കാരികനായകരും ഭരണകൂടവും നിശബ്ദത പാലിക്കുകയും വർദ്ധിച്ചുവരുന്ന തീവ്രമതവർഗ്ഗീയസ്വാധീനങ്ങളെ നിസംഗതയോടെ വളരാൻ അനുവദിക്കുകയും ചെയ്യുമ്പോൾ കേരളസമൂഹം കൂടുതൽ അരക്ഷിതാവസ്ഥ യിലേക്ക് നീങ്ങും എന്നതാണ് സത്യം. സമാധാനത്തോടെ നമുക്ക് അന്തിയുറങ്ങാൻ കഴിയുന്ന നാളുകൾ എണ്ണപ്പെട്ടുവോയെന്നാണ് അപ്പോൾ സംശയം. എപ്പോഴാണ് നമുക്കിടയി ലേക്ക് കടന്നുവരുന്ന ഒരാൾ ചാവേറായി പൊട്ടിത്തെറിക്കുകയെന്ന് നമുക്കറിയില്ലല്ലോ?

യത്നിക്കുന്നു. വാളെടുത്തുള്ള യുദ്ധം തത്കാലം സാദ്ധ്യമല്ലെന്ന് കരുതുന്നതിനാൽ ബൗദ്ധികമായ നീക്കങ്ങളും മുന്നേറ്റങ്ങളും അവർ നടത്തുന്നു. അതിന് ആരും തടസ്സം നില്ക്കരുതെന്നും തങ്ങളുടെ ജന്മനാട്ടിൽ തങ്ങളുടെ രാഷ്ട്രം നിർമിക്കുന്നതിന് തങ്ങൾക്കവകാശമുണ്ട് എന്നവർ കരുതുന്നു. ഇതിനായി മരിക്കാൻ തയ്യാറാണെന്നും അവർ പ്രഖ്യാപിക്കുന്നു. ഇസ്ലാമിക് കാലിഫേറ്റിന് വേണ്ടി തങ്ങൾ ലോകമാകെ പ്രവർത്തിക്കും എന്നുള്ളതാണ് അവരുടെ നിലപാട്. ഈ ചിന്താഗതിയോടു ചേർന്നു പ്രവർത്തിക്കുന്ന ഒരു വിഭാഗം കേരളത്തിലുണ്ട്. കൂടുതൽ ജാഗ്രതയോടെയും കരുതലോടെയും ആലോചനയോടെയും കൂട്ടായ്മയോടെയും മുന്നോട്ട് പോയില്ലെങ്കിൽ കേരളത്തിലെ ക്രൈസ്തവരെ സാവധാനം പൊതുസമൂഹത്തിന് മുന്നിൽ അപഹാസ്യരാക്കാനും അപ്രസക്തരാക്കാനും അവരുടെ സാമുദായികബോധത്തിന് തുരങ്കം വെച്ച് അവരെ ചിതറിച്ചുകളയാനും ഇവർക്ക് സാധിക്കും എന്നത് നിസംശയം. കേരളത്തിലേക്കെത്തുന്ന കിലോക്കണക്കിന് സ്വർണ്ണവും മയക്കുമരുന്നും അനുബന്ധ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും പരിശോധിച്ചുകൊണ്ട് തീവ്രവാദം കേരളത്തിന്റെ പടിവാതിൽക്കലെത്തിനിൽക്കുന്നുവെന്ന് മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ പറഞ്ഞത് അദ്ദേഹം തന്നെ ഓർക്കുമല്ലോ?

*******

കെസിബിസി
പ്രസ്താവന

## ഹാഗിയ സോഫിയ മോസ്കാക്കി മാറ്റുന്നത് അപലപനീയം: കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ

**കൊച്ചി:** ഇസ്താംബൂളിലെ ചരിത്രപ്രസിദ്ധമായ ഹാഗിയ സോഫിയ മ്യൂസിയം മോസ്കാക്കി മാറ്റാനുള്ള തുർക്കി ഭരണകൂടത്തിന്റെ തീരുമാനം അപലപനീയമാണ്. തുർക്കിയിലെ പരമോന്നത അഡ്മിനിസ്ട്രേറ്റീവ് കോടതിയായ കൗൺസിൽ ഓഫ് സ്റ്റേറ്റ് ആണ് കഴിഞ്ഞ ദിവസം 1934-ലെ കാബിനറ്റ് തീരുമാനത്തിനു നിയമസാധുത ഇല്ലായെന്നു വിധിക്കുകയും ഹാഗിയ സോഫിയായുടെ മ്യൂസിയം പദവി എടുത്തുകളയുകയും ചെയ്തത്.

കോസ്റ്റാന്റിനോപ്പിൾ കേന്ദ്രമാക്കിയ കിഴക്കൻ റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തി യായിരുന്ന ജസ്റ്റീനിയൻ ഒന്നാമൻ ആണ് 537-ൽ ഹാഗിയ സോഫിയ കത്തീഡ്രൽ പണികഴിപ്പിച്ചത്. കോസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയാർക്കീസിന്റെ സ്ഥാനിക ദേവാലയമായിരുന്നു ഈ കത്തീഡ്രൽ. 1453-ൽ കോസ്റ്റാന്റിനോപ്പിൾ കീഴടക്കിയ ഓട്ടോമൻ തുർക്കികൾ കത്തീഡ്രലിനെ മോസ്ക് ആക്കി. പിന്നീട് ഓട്ടോമൻ സാമ്രാജ്യത്തിന്റെ പതനത്തിനു ശേഷം അധികാരത്തിൽ വന്ന മുസ്തഫ കമാൽ പാഷ തന്റെ മതേതരനയത്തിന്റെ വലിയ അടയാളമായി 1935-ൽ ഇതിനെ മ്യൂസിയം ആക്കി. ബൈസന്റൈൻ ശിൽപകലാ ശൈലിയുടെ ഉദാത്ത മാതൃകയായി നിലകൊള്ളുന്ന ഹാഗിയ സോഫിയ യുനെസ്കോ യുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ടതാണ്. യുനെസ്കോയുടെയും ഓർത്തഡോക്സ് സഭയുടെയും ശക്തമായ എതിർപ്പു മറികടന്നാണ് ഈ തീരുമാനം.

ആഗോളതലത്തിൽ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഇസ്ലാമിക മതതീവ്രവാദത്തിന് വലിയ ഉദാഹരണമാണ് ഈ തീരുമാനം. മതത്തിന്റെ പേരിൽ വോട്ടു തേടാനും അസഹിഷ്ണുത വളർത്തുവാനും മതതീവ്രവാദ ചിന്തകൾ പ്രോത്സാഹിപ്പിക്കുവാനുമേ ഈ നീക്കം സഹായിക്കുകയുള്ളൂ. മതതീവ്ര വാദത്തിന്റെ ഭാഗമായി ഇന്ന് ചരിത്രങ്ങൾ മാറ്റി എഴുതപ്പെടുകയാണ്. ദൈവമഹത്വത്തിനും മനുഷ്യസാഹോദര്യത്തിനുംവേണ്ടി നിലകൊള്ളുന്ന കത്തോലിക്കാസഭയ്ക്കും മതേതരത്വത്തെ ഉയർന്ന മൂല്യമായി കരുതുന്ന പൊതുസമൂഹത്തിനും ഈ നടപടി ഏറെ വേദനാജനകമാണ്. ക്രൈസ്തവികതയ്ക്കു നേരെയുള്ള ഈ കടന്നുകയറ്റത്തിൽ കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. (12/7/2020)

# ഹാഗിയ സോഫിയ മോസ്ക് ആയി മാറുമ്പോൾ



ഹാഗിയ സോഫിയ എന്ന ദേവാലയത്തിന് പതിനേഴ് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ആയിരം വർഷക്കാലമെങ്കിലും ലോകത്തിലെ ഏറ്റവും വലിയ ക്രിസ്ത്യൻ ദേവാലയം എന്ന ബഹുമതി ഈ പള്ളിക്കുണ്ടായിരുന്നു. ഹാഗിയ സോഫിയ ഒരു പള്ളി മാത്രമായിരുന്നില്ല, രാഷ്ട്രം എന്ന നിലയിലും ക്രൈസ്തവ സമൂഹം എന്ന നിലയിലും ഒരുകാലത്ത് ഏറ്റവും പ്രബലരായിരുന്ന ഒരു സമൂഹത്തിന്റെ അഭിമാന സ്തംഭം തന്നെയായിരുന്നു അത്. ഹാഗിയ സോഫിയ എന്നാൽ, ഹോളി വിസ്ഡം അഥവാ വിശുദ്ധ ജ്ഞാനം എന്നാണ് അർത്ഥം. ദൈവിക ജ്ഞാനത്തിന് സമർപ്പിക്കപ്പെട്ടിരിക്കുന്ന ദേവാലയമാണ് ഇത്. മനുഷ്യനാൽ പണിയപ്പെട്ടതിൽ ഏറ്റവും മികച്ചതായിരിക്കണം ഈ ദേവാലയം എന്ന് സോളമൻ രാജാവിനെപ്പോലെ ആഗ്രഹിച്ച ആറാം നൂറ്റാണ്ടിലെ ബൈസന്റൈൻ ചക്രവർത്തിയായ ജസ്റ്റീനിയനാണ് ഈ ദേവാലയം ഒടുവിൽ പുതുക്കി പണിതത്. അതിനുമുമ്പ് രണ്ടുതവണ ഈ ദേവാലയം തകർക്കപ്പെട്ടിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ ഭരണാധികാരിയായിരുന്ന കോൺസ്റ്റാൻസിയൂസ് രണ്ടാമനാണ് ആദ്യ ദേവാലയത്തിന്റെ ശില്പി. എ.ഡി.360-ലാണ് നിർമ്മാണം പൂർത്തിയാക്കിയത്. പ്രാചീന ലത്തീൻ വാസ്തുകലാശൈലിയിൽ നിർമ്മിച്ച ആ കെട്ടിടം അക്കാലത്തെ മികച്ച ക്രിസ്തീയ ദേവാലയങ്ങളിലൊന്നായിരുന്നു. എ.ഡി. 440-ലുണ്ടായ കലാപപരമ്പരകളിൽ ആദ്യ പള്ളിയുടെ സിംഹഭാഗവും കത്തിനശിച്ചു. തിയോഡോഷ്യസ് രണ്ടാമന്റെ നേതൃത്വത്തിൽ 405 ഒക്ടോബർ 10നാണ് രണ്ടാമത്തെ ദേവാലയം ഉദ്ഘാടനം ചെയ്യപ്പെടുന്നത്. 532 ജനുവരിയോടെ അതും നശിപ്പിക്കപ്പെടുകയാണ് ഉണ്ടായത്.

തുടർന്ന്, 532 ഫെബ്രുവരി 23നാണ് ജസ്റ്റീനിയൻ ഒന്നാമൻ ചക്രവർത്തി മൂന്നാമതൊരു ദേവാലയം നിർമ്മിക്കാൻ തീരുമാനിച്ചത്. പ്രഗത്ഭ ശാസ്ത്രജ്ഞർ കൂടിയായിരുന്ന ഇസിഡോർ മിലെറ്റസും, അന്തീമിയസുമാണ് ശില്പികളായി തിരഞ്ഞെടുക്കപ്പെട്ടത്. പതിനായിരത്തോളം ആളുകൾ ദേവാലയ നിർമ്മിതിയുടെ ഭാഗമായ വിവിധ ജോലികളിൽ ഏർപ്പെട്ടിരുന്നതായി ചരിത്രം പറയുന്നു. ഗ്രീസിൽ നിന്നും ഈജിപ്റ്റിൽ നിന്നും സിറിയയിൽ നിന്നും ഇറക്കുമതി ചെയ്ത വിവിധ വർണങ്ങളിലുള്ള മാർബിൾ പാളികളും മറ്റ് അസംസ്കൃത വസ്തുക്കളും ഉപയോഗിച്ചായിരുന്നു നിർമ്മാണം. 537 ഡിസംബർ 27ഓടുകൂടി നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി. പില്ക്കാലത്തുണ്ടായ ഭൂകമ്പവും മറ്റും മൂലം ചില കേടുപാടുകൾ ദേവാലയത്തിന് സംഭവിച്ചിരുന്നുവെങ്കിലും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തിയ ആ മഹത്തായ നിർമ്മിതി ആയിരത്തഞ്ഞൂറോളം വർഷങ്ങൾക്കിപ്പുറം ഇന്നും തലയെടുപ്പോടെ നിലനില്ക്കുന്നത് സമാനതകളില്ലാത്ത ഒരു ലോകാത്ഭുതം തന്നെയാണ്. ബൈസന്റൈൻ വാസ്തുകലയുടെ ഉത്കൃഷ്ടരൂപമായി എക്കാലവും ലോകം ഹാഗിയ സോഫിയയെ കാണുന്നു.

എഡി 330-ൽ കിഴക്കൻ റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനമായി നിശ്ചയിക്കപ്പെട്ടതുമുതലാണ് ഇന്നത്തെ തുർക്കിയിലെ കോസ്റ്റാന്റിനോപ്പിൾ ലോകചരിത്രത്തിൽ ഇടം നേടുന്നത്. ആ നൂറ്റാണ്ട് മുതൽ ബൈസന്റൈൻ സാമ്രാജ്യത്തിന്റെ അവസാനം വരെയും വലിയ പ്രാധാന്യമാണ് കോൺസ്റ്റാന്റിനോപ്പിളിനും ഈ ദേവാലയത്തിനുമുണ്ടായിരുന്നത്. ഭരണാധികാരികളുടെ കിരീടധാരണം ഹാഗിയ സോഫിയയിൽ വച്ചായിരുന്നു നടന്നിരുന്നത്.

നാലാം കുരിശുയുദ്ധം ബൈസന്റൈൻ സാമ്രാജ്യത്തിന്റെ ശക്തി ക്ഷയിക്കാൻ കാരണമായിട്ടുണ്ട്. മുസ്ലീങ്ങൾ കൈയടക്കിവച്ചിരുന്ന ജറുസലെം മോചിപ്പിക്കുക എന്നതായിരുന്നു പതിമൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നടന്ന ആ കുരിശുയുദ്ധത്തിന്റെ ഉദ്ദേശ്യം. അക്കാലത്തെ ഏറ്റവും ശക്തിയേറിയ മുസ്ലീം സുൽത്താനേറ്റ് ആയിരുന്ന ഈജിപ്തിനെ ആക്രമിക്കാൻ ആണ് അവർ പുറപ്പെട്ടത്. എന്നാൽ ചില പ്രത്യേക കാരണങ്ങളാൽ ഈജിപ്തിനു പകരം അവർ അന്നത്തെ പൗരസ്ത്യസഭയുടെ തലസ്ഥാനം എന്നു വിളിക്കാവുന്ന കോൺസ്റ്റാന്റിനോപ്പിളിനെ ആണ് ആക്രമിച്ചത്. ആ ആക്രമണം ബൈസന്റൈൻ സാമ്രാജ്യത്തെ തീർത്തും ദുർബലപ്പെടുത്തി. ഇത്

പാശ്ചാത്യസഭയെയും പൗരസ്ത്യ സഭയെയും തമ്മിൽ അകറ്റി എന്നു മാത്രമല്ല, ദുർബലമായ ബൈസന്റൈൻ സാമ്രാജ്യം പതിനഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഓട്ടോമാൻ സാമ്രാജ്യത്തിനു കീഴടങ്ങാനും ഇടയാക്കി. കോൺസ്റ്റാന്റിനോപ്പിൾ പിന്നീട് ഈസ്താംബുൾ ആവുകയും പൂർണ്ണമായും ക്രൈസ്തവരാജ്യമായിരുന്ന ബൈസന്റൈൻ സാമ്രാജ്യം ഇസ്ലാമിക് തുർക്കി ആയി പിന്നീട് പരിണമിക്കുകയും ചെയ്തു. ബൈസന്റൈൻ സാമ്രാജ്യത്തെയും അതുവഴി പൗരസ്ത്യ സഭയെയും ദുർബലപ്പെടുത്തിയ ഈ നാലാമത്തെ കുരിശു യുദ്ധത്തെപ്രതി ജോൺ പോൾ രണ്ടാമൻ പാപ്പ 2001ൽ മാപ്പ് ചോദിച്ചിരുന്നു.

1453ൽ ഓട്ടോമൻ സുൽത്താൻ മെഹ്മെത് രണ്ടാമൻ, കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയതോടെ ഹാഗിയ സോഫിയയും അദ്ദേഹത്തിന്റെ അധീനതയിലായി. ആ വർഷം മെയ് ഇരുപത്തേഴാം തീയതിയാണ് ഓട്ടോമൻ സുൽത്താൻ മെഹ്മെത് രണ്ടാമനും സൈന്യവും കോൺസ്റ്റാന്റിനോപ്പിൾ ആക്രമിച്ചത്. ആക്രമിച്ചു കീഴ്പ്പെടുത്തിയ പട്ടണം കൊള്ളയടിക്കാൻ തന്റെ സൈന്യത്തിന് സുൽത്താൻ മൂന്നു ദിവസം നല്കിയിരുന്നു. അതനുസരിച്ച്, ആയിരക്കണക്കിന് സൈനികർ കോൺസ്റ്റാന്റിനോപ്പിൾ കൊള്ളയടിക്കാനിറങ്ങി. ഹാഗിയ സോഫിയ കത്തീഡ്രലിൽ ഒരുപാട് സമ്പത്ത് ഉണ്ട് എന്ന ധാരണയിൽ അനേകം അക്രമികൾ അവിടെ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ആ ദിവസങ്ങളിൽ ആ ദേവാലയത്തിൽ അഭയം തേടിയിരുന്ന അനേകായിരങ്ങളുണ്ടായിരുന്നു. സ്ത്രീകളും, കുട്ടികളും, വൃദ്ധരും, രോഗികളുമായിരുന്നു ഭയപ്പെട്ട് അവിടെ ഒളിച്ചു കഴിഞ്ഞിരുന്നവരിൽ കൂടുതലും. സുൽത്താന്റെ സൈന്യം ദേവാലയം കൊള്ളയടിക്കുക മാത്രമല്ല, വൃദ്ധരും രോഗികളുമായ നൂറുകണക്കിന് പേരെ അവിടെവച്ചു വധിക്കുകയും, ആൺകുട്ടികളെ അടിമകളാക്കുകയും, സ്ത്രീകളെയും പെൺകുട്ടികളെയും മാനഭംഗപ്പെടുത്തുകയും ലൈംഗിക അടിമകളാക്കുകയും ചെയ്തു. ഇസ്ലാമിന്റെ തുടക്കം മുതൽ ഇന്നോളവും നടക്കുന്ന ഇസ്ലാമിക ആക്രമങ്ങളിൽ പതിവായി അരങ്ങേറുന്ന സംഭവപരമ്പരകൾ തന്നെയാണ് അവിടെയും ലോകം കണ്ടത്.

ഒരു സഹസ്രാബ്ദക്കാലം ക്രൈസ്തവ വിശ്വാസത്തിന്റെ സിരാകേന്ദ്രമായി പരിഗണിക്കപ്പെട്ടിരുന്ന ഒരു ദേവാലയവുമായി ബന്ധപ്പെട്ട മഹത്തായ ചരിത്രത്തെ തന്നെ ഇല്ലായ്മ ചെയ്യുവാൻ ഓട്ടോമൻ സുൽത്താന് മുന്നിലുണ്ടായിരുന്ന മാർഗ്ഗങ്ങൾ, അത് പൂർണ്ണമായി നശിപ്പിക്കുകയോ, ആർക്കും അവകാശപ്പെടാനാവാത്തവിധം സ്വന്തമാക്കുകയോ ആയിരുന്നു. രണ്ടാമത്തെ വഴി അദ്ദേഹം തെരഞ്ഞെടുക്കുകയും, കൈവശപ്പെടുത്തിയ ഉടൻ തന്നെ ആ പുരാതന ക്രിസ്ത്യൻ ദേവാലയത്തെ ഒരു മുസ്ലീം പള്ളിയാക്കി മാറ്റുകയുമാണ് ഉണ്ടായത്.

കഴിഞ്ഞ നൂറ്റാണ്ടുവരെ ഹാഗിയ സോഫിയ അങ്ങനെ തന്നെ തുടർന്നു. എന്നാൽ, 1935ൽ തുർക്കിയിലുണ്ടായ ഭരണമാറ്റത്തെ തുടർന്നുണ്ടായ പരിഷ്കരണങ്ങളിൽ ഹാഗിയ സോഫിയയ്ക്കും മാറ്റം സംഭവിച്ചു. തുർക്കി റിപ്പബ്ലിക്കിന്റെ പിതാവും, തുർക്കിയുടെ ആദ്യ പ്രസിഡന്റുമായ മുസ്തഫ കെമാൽ അത്തത്തുർക്ക് ഹാഗിയ സോഫിയയെ ഒരു മ്യൂസിയമാക്കി മാറ്റി. സമ്പൂർണ്ണ ഇസ്ലാമികവൽക്കരണം എന്ന പൊളിറ്റിക്കൽ ഇസ്ലാമിസ്റ്റുകളുടെ നയത്തിന് വിരുദ്ധമായിരുന്നു അത്തത്തുർക്കിന്റെ രീതികൾ. 1938-ൽ മരിക്കുന്നതുവരെ തുർക്കിയെ ഒരു മതേതര രാഷ്ട്രമാക്കാനായി തുർക്കി റിപ്പബ്ലിക്കിന്റെ ആ പിതാവ് കഠിനപ്രയത്നം നടത്തിയിരുന്നു. രാജ്യത്തിന്റെ ഔദ്യോഗിക മതം ഇസ്ലാമാണെന്നു പ്രഖ്യാപിക്കുന്ന ഭരണഘടനയിലെ വകുപ്പ് റദ്ദാക്കുകയും, സ്ത്രീകൾക്ക് വോട്ടവകാശവും ഇലക്ഷനിൽ മത്സരിക്കാനുള്ള അവകാശവും അനുവദിക്കുകയും ചെയ്തിരുന്നു. അദ്ദേഹം സ്ത്രീകളുടെ പർദ്ദ ധാരണം വിലക്കിയത് മറ്റൊരു വിപ്ലവകരമായ നടപടിയായിരുന്നു.

അത്തത്തുർക്കിന്റെ കാലശേഷം തുർക്കിയുടെ ഭാവി, മാറിവന്ന സർക്കാരുകളുടെ കൈയിൽ അത്രമാത്രം ഭദ്രമായിരുന്നില്ല. നാലുതവണ പട്ടാളം ഭരണമേറ്റെടുക്കുകയുണ്ടായി. എങ്കിലും, ആധുനിക തുർക്കിയുടെ പിതാവായി അറിയപ്പെടുന്ന മുസ്തഫ കെമാൽ അത്തത്തുർക്കിന്റെ പരിഷ്കരണങ്ങളിൽ മിക്കവയും രാജ്യത്ത് ഇന്നും തുടരുന്നുണ്ട്. ഇപ്പോഴത്തെ പ്രസിഡന്റ് ആയ റെജെബ് തയ്യിപ്പ് എർദുഗാൻ തന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ അത്തരം ചില വാഗ്ദാനങ്ങൾ നല്കിയിരുന്നെങ്കിലും യൂറോപ്യൻ യൂണിയനിലുള്ള അംഗത്വത്തിന് ശ്രമിക്കുന്നതിനാൽ ഇസ്ലാമികവത്ക്കരണം പ്രത്യക്ഷത്തിൽ മുഖ്യലക്ഷ്യമായെടുത്തിരുന്നില്ല. എന്നാൽ എർദുഗാൻ സ്ഥാപകനും ചെയർമാനുമായിട്ടുള്ള എ കെ പാർട്ടിയിലൂടെ അത്തരം പ്രവർത്തനങ്ങൾ മുന്നേറുന്നുണ്ടായിരുന്നുതാനും. യൂറോപ്യൻ യൂണിയനിൽ ചേരാൻതക്കവിധം മതേതരാഭമുഖ്യമുള്ള ഒരു രാജ്യം എന്ന നിലയിൽ നിന്നും തീവ്ര ഇസ്ലാമിക നിലപാടുകളുള്ള ഒരു രാജ്യം എന്ന അവസ്ഥയിലേക്ക് തുർക്കിയെ തരംതാഴ്ത്തുന്ന ഒന്നാണ് ഇപ്പോൾ അവർ സ്വീകരിച്ചിരിക്കുന്ന നിലപാടുകൾ. മാനവികതയും മത

സ്വാതന്ത്ര്യചിന്തയും ജനാധിപത്യബോധവുമുള്ള ഒരു ജനതയെ വെട്ടിപ്പിടിക്കലിന്റെയും വർഗീയതയുടെയും മതസ്വാതന്ത്ര്യന്തനിരാസത്തിന്റെയും ഗോത്രസംസ്കാരത്തിന്റെയും തലത്തിലേക്ക് ചുരുക്കിക്കളയുന്നു.

ഹാഗിയ സോഫിയയെ വീണ്ടും മോസ്കായി മാറ്റുക എന്നുള്ളത് 2014ൽ പ്രസിഡന്റായി അധികാരമേറ്റ എർദുഗാന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. 2018 മാർച്ച് 31ന് അദ്ദേഹം അത് പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി. 1915-ൽ പത്തുലക്ഷത്തിലധികം ക്രൈസ്തവരെ കൊന്നൊടുക്കിയ, ഓട്ടോമൻ സാമ്രാജ്യം നടത്തിയ അർമേനിയൻ കൂട്ടക്കൊലയെ വംശഹത്യയെന്ന് അതിന്റെ നൂറാം വാർഷികവേളയിൽ 2015ലും 2016ലും മാർപ്പാപ്പ വിശേഷിപ്പിച്ചത് തുർക്കി ഭരണകൂടത്തെ പ്രകോപിപ്പിച്ചു. അതെത്തുടർന്ന് തുർക്കിയുടെ വത്തിക്കാനുമായുള്ള നയതന്ത്രബന്ധം വഷളാവു കയും ചെയ്തിരുന്നു. ഹാഗിയ സോഫിയ ഒരു മോസ്ക് ആകുന്നതിന്റെ നടപടികൾ മാർപ്പാപ്പയുടെ ഈ പ്രസ്താവന, ത്വരിതപ്പെടുത്തുമെന്ന് അങ്കാറയിലെ മുഫ്തി മുന്നറിയിപ്പ് നല്കിയിരുന്നു. അത്തരമൊരു പശ്ചാത്തലംകൂടി ഹാഗിയ സോഫിയയുടെ ഇപ്പോഴത്തെ പരിവർത്തനത്തിന് പിന്നിൽ നിരീക്ഷിക്കാവുന്നതാണ്.

എന്നാൽ, എൺപത്തഞ്ച് വർഷങ്ങൾക്ക് മുമ്പ്, ഇന്നും രാഷ്ട്രപിതാവായി അംഗീകരിക്കപ്പെടുന്ന അന്നത്തെ ഭരണാധിപൻ ദീർഘവീക്ഷണത്തോടെ നടത്തിയ പരിവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് റദ്ദാക്കുവാൻ അതേ രാജ്യത്തിന്റെ ഇപ്പോഴത്തെ ഭരണാധിപൻ തീരുമാനിച്ചതിന്റെ പിന്നിലെ മറ്റുചില വസ്തുതകൾ കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ആറുവർഷം പ്രസിഡന്റ് സ്ഥാനത്തും, അതിനുമുമ്പ് ഒരു ദശാബ്ദത്തോളം പ്രധാനമന്ത്രിയായും അധികാരത്തിലിരുന്ന എർദുഗാന്റെ രാഷ്ട്രീയം പൊളിറ്റിക്കൽ ഇസ്ലാമിന്റെ ഭാഗമല്ലാതെ മറ്റൊന്നല്ല എന്നുള്ളതാണ് പ്രധാനപ്പെട്ട വസ്തുത. ലോകമെമ്പാടും ഇസ്ലാമിസ്റ്റുകൾ ലക്ഷ്യം വയ്ക്കുന്നതെന്തോ അതുതന്നെയാണ് എർദുഗാൻ ഈ ദിവസങ്ങളിൽ ആധുനിക ലോകത്തിന് നല്കുന്ന സന്ദേശവും. ഹാഗിയ സോഫിയയെ ഒരു മോസ്കായി പ്രഖ്യാപിച്ച വേളയിൽ അവിടെ ആർപ്പുവിളി മുഴക്കിയ ആയിരക്കണക്കിന് തീവ്ര ഇസ്ലാമിസ്റ്റുകളുടെ സാന്നിധ്യവും ലോകമെമ്പാടുമുള്ള അത്തരക്കാരുടെ സമാനമായ പ്രതികരണങ്ങളും ഇതേ സന്ദേശം ആവർത്തിച്ചുറപ്പിക്കുന്നു. ഈ കാലഘട്ടത്തിൽ ലോകം അത്യന്തം വിലമതിക്കുന്ന ഒരു പുരാതന വാസ്തുശിൽപത്തെ വർക്ഷീയവത്ക്കരിക്കുന്നതിനെതിരേ കഴിഞ്ഞ ദിവസങ്ങളിൽ ഉയർന്ന



പ്രതികരണങ്ങളോടെല്ലാം അത്യന്തം നിഷേധാത്മകമായി പ്രതികരിച്ച ഇസ്ലാമിസ്റ്റുകളുടെ നീണ്ട നിര നമുക്കിടയിലുൾപ്പെടെ പ്രകടമായിരുന്നു.

ഒന്നര സഹസ്രാബ്ദത്തോളം പഴക്കമുള്ള പുരാതന നിർമ്മിതി എന്ന നിലയിൽ ലോക ചരിത്രത്തിൽ തന്നെ നിർണ്ണായക പ്രാധാന്യമുള്ള ഹാഗിയ സോഫിയയ്ക്ക് ലോക പൈതൃക പ്രദേശം എന്ന നിലയിൽ പ്രത്യേകമായ സ്ഥാനം യുനെസ്കോ നൽകിയിരുന്നു. പിൽക്കാലത്ത് രൂപംകൊണ്ട തുർക്കി എന്ന രാജ്യത്തിന്റെ മാത്രം സ്വത്തായിരുന്നില്ല ഹാഗിയ സോഫിയ. മറിച്ച് ലോകത്തിന്റെ പൊതുസ്വത്തായിരുന്ന സാംസ്കാരിബോധമുള്ള ലോകരാഷ്ട്രങ്ങൾക്കിടയിൽ സ്വയം ഒറ്റപ്പെടാനിടയാക്കുന്ന ഒരു നടപടിയാണ് മതഭ്രാന്തനായ ഈ ഭരണാധികാരി കൈക്കൊണ്ടിരിക്കുന്നത്. ക്രൈസ്തവ ചരിത്രത്തിലും ലോക ചരിത്രത്തിലും പ്രാധാന്യമർഹിക്കുന്ന അത്തരമൊരു ദേവാലയത്തോട് ഇന്നത്തെ തുർക്കി നേതൃത്വം ചെയ്തത് ആ അർത്ഥത്തിൽ വലിയ പാതകമാണ്. തുർക്കി എന്ന രാജ്യത്തെയും ഇസ്ലാമിക സമൂഹത്തെയും ഒരു നൂറ്റാണ്ട് പിന്നോട്ടടിക്കുന്ന തീരുമാനമാണ് ഹാഗിയ സോഫിയയെ വീണ്ടും മോസ്ക് ആക്കി മാറ്റുക എന്നുള്ളത്.

ക്രിസ്തുമതത്തെയും, ക്രൈസ്തവ പ്രതീകങ്ങളെയും പരമ ശത്രുതാ മനോഭാവത്തോടെ കാണുന്ന ആയിരക്കണക്കിന് ഇസ്ലാമിസ്റ്റുകളുടെ അജണ്ടകളും, ലോകത്തെ മുഴുവൻ തങ്ങളുടെ വരുതിയിലാക്കാനുള്ള അത്തരക്കാരുടെ വ്യഗ്രതയും മാത്രമാണ് ഇവിടെ പ്രകടമാകുന്നത്. നൂറ്റാണ്ടുകൾ കഴിയുന്തോറും നിലപാടുകളുടെ തീവ്രത ഏറുന്ന ഒന്നാണ് പൊളിറ്റിക്കൽ ഇസ്ലാം എന്ന് ഒരിക്കൽക്കൂടി വ്യക്തമാകുന്നു. ഹാഗിയ സോഫിയ എന്ന പുരാതന ക്രൈസ്തവ ദേവാലയം മുസ്ലീം പള്ളിയാക്കി മാറ്റുന്നതുകൊണ്ട് യഥാർത്ഥ ഇസ്ലാം മതവിശ്വാസികൾക്ക് ഒരു നേട്ടവും ഉണ്ടാകുവാനില്ല. ആഗോള സമൂഹത്തിന് മുന്നിൽ ഇസ്ലാം അല്പംകൂടി ചെറുതാകുവാൻ അത് കാരണമാകുമെന്ന് മാത്രം. കേരളത്തിലുൾപ്പെടെ ലോകമെമ്പാടുമുള്ള തീവ്ര ഇസ്ലാമിസ്റ്റുകൾ ഇക്കാര്യംകൂടി ഓർക്കുന്നത് നന്നായിരിക്കും.

**വിജിലന്റ് കാത്തലിക്ക് ഫേസ്ബുക്ക് പോസ്റ്റ്**

## പ്രതികരണം

# ഹാഗിയ സോഫിയയെ മോസ്ക്കാക്കി മാറ്റിയ ചടങ്ങിലേക്ക് മാർപ്പാപ്പയ്ക്ക് ക്ഷണം: എർദുഗാന്റെ നടപടി ആഗോള ക്രൈസ്തവ സമൂഹത്തെ അവഹേളിക്കുന്നത്

ലോകം മുഴുവൻ വലിയ നടുക്കത്തോടെ ശ്രവിച്ച ഒരു തീരുമാനമായിരുന്നു ഹാഗിയ സോഫിയ മോസ്ക്കാക്കി മാറ്റുന്നു എന്ന തീരുമാനം തുർക്കി പ്രസിഡന്റ് റജബ് തയ്യിബ് എർദുഗാൻ ലോകത്തോട് പ്രഖ്യാപിച്ചത്. ഒന്നര സഹസ്രാബ്ദം പഴക്കമുള്ള ക്രിസ്ത്യൻ കത്തീഡ്രലും യുനെസ്കോയുടെ ലോക പൈതൃക പ്രദേശവുമായ ഹാഗിയ സോഫിയയെ മോസ്കാക്കി മാറ്റാനുള്ള ആ തീരുമാനത്തിനെതിരെ വിവിധ ലോകരാജ്യങ്ങൾ കടുത്ത വിമർശനം പ്രകടിപ്പിച്ചതിന് പിന്നാലെ കൂടുതൽ പ്രകോപനവുമായി എർദുഗാൻ വീണ്ടും വാർത്തകളിൽ നിറഞ്ഞു.

ക്രൈസ്തവരുടെ ആത്മാഭിമാനത്തിലും, ആഗോള സമൂഹത്തിന്റെ മതേതരത്വനിലപാടിലും തുരങ്കം വച്ച എർദുഗാൻ, ജൂലായ് ഇരുപത്തിനാലാം തീയതി ഹാഗിയ സോഫിയ മോസ്ക്കാക്കി മാറ്റിയ ചടങ്ങിലേക്ക് കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ പോപ്പ് ഫ്രാൻസിസിനെ ക്ഷണിക്കുകയുണ്ടായിരുന്നു. ആഗോള ക്രൈസ്തവ സമൂഹത്തെ അപമാനിക്കുന്ന പ്രസ്തുത നടപടിയോട് വത്തിക്കാൻ പ്രതികരിച്ചിരുന്നില്ല. ഹാഗിയ സോഫിയയെ മോസ്കാക്കി മാറ്റാനുള്ള തീരുമാനം എർദുഗാൻ പ്രഖ്യാപിച്ചപ്പോഴും, താൻ 'ഹാഗിയ സോഫിയയെക്കുറിച്ചോർത്ത് ഞാൻ അങ്ങേയറ്റം വേദനിക്കുന്നു' എന്ന് മാത്രമായിരുന്നു തികഞ്ഞ പക്വതയോടെയുള്ള പാപ്പയുടെ പ്രതികരണം. വരും ഭാവിയിൽ വർഗീയ സംഘർഷങ്ങൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയുള്ള സംയമനമാണ് പാപ്പ അവിടെ പ്രകടിപ്പിച്ചത് എന്ന് വ്യക്തം.

വിവിധ ലോക നേതാക്കളെ ചടങ്ങിലേക്ക് വിളിച്ചതിനൊപ്പമാണ് ഫ്രാൻസിസ് പാപ്പയെയും ക്ഷണിച്ചിരിക്കുന്നത് എന്നാണ് തുർക്കി സർക്കാരിന്റെ പ്രതിനിധി ഇബ്രാഹിം കലിൻ മാധ്യമങ്ങളോട് വിശദീകരിച്ചത്. എന്നാൽ, ആ ക്ഷണത്തെ ആഗോള ക്രൈസ്തവ സമൂഹത്തോടുള്ള അവഹേളനമായും, മതേതര സമൂഹത്തോടുള്ള വെല്ലുവിളിയായും അനേകർ വിലയിരുത്തി.

പരിഷ്കൃത ലോകത്തിന്റെ മഹത്ത്വത്തിനും മാന്യതയ്ക്കും നിരക്കാത്ത പ്രാകൃത ഗോത്ര ശൈലികൾ സാമാന്യവത്കരിക്കാനും വെട്ടിപ്പിടുത്തത്തിന്റെ കാടൻ ശൈലി ലജ്ജയില്ലാതെ എല്ലാ മേഖലകളിലും പ്രയോഗിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്ന പൊളിറ്റിക്കൽ ഇസ്ളാമിന്റെ ഭാഗമായിത്തീരാനുള്ള തുർക്കി ഭരണകൂടത്തിന്റെ അവഹേളനാപരമായ തീരുമാനത്തിന് തക്കതായ മറുപടി നല്കാൻ ആഗോളസമൂഹം തയ്യാറാകണം.

**വിജിലന്റ് കാത്തലിക്ക്**

## പ്രതികരണം

# ഹാഗിയ സോഫിയ: കെസിവൈഎം വിലാപദിനം ആചരിച്ചു

ഒരു സഹസ്രാബ്ദത്തോളം ക്രൈസ്തവ പാരമ്പര്യം പേറി നിന്ന ഇസ്താംബൂളിലെ ഹാഗിയ സോഫിയ കത്തീഡ്രൽ മോസ്ക് ആക്കി മാറ്റിയ തുർക്കി ഭരണകൂടത്തിന്റെ ഏകപക്ഷീയ നടപടിക്കെതിരെ ലോകം മുഴുവ‍ർ ഉയർന്ന പ്രതിഷേധങ്ങളിൽ ഐക്യദാർഢ്യം പ്രകടിപ്പിച്ച് കെസിവൈഎം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ 12 മണിക്കൂർ നീണ്ട ഓൺലൈൻ പ്രതിഷേധ കാമ്പയിൻ നടത്തി. മുഴുവൻ ക്രൈസ്തവരുംടേയും മനസ്സിൽ വേദനയായി തീർന്ന ആ കറുത്ത വെള്ളിയാഴ്ചയിൽ കേരളത്തിലെ 3 റീത്തുകളിലെയും 32 കാത്തോലിക്കാ രൂപതകളിലെയും യുവജന നേതാക്കൾ തങ്ങളുടെ പ്രതിഷേധം പ്രകടമാക്കി. കെസിവൈഎം സംസ്ഥാന സമിതിയുടെ ഔദ്യോഗ ഫേസ്ബുക്ക് പേജിലൂടെ രാവിലെ 10 മുതൽ രാത്രി 10 വരെ ലൈവ് ആയി നടന്ന പ്രതിഷേധ കാമ്പയിനിൽ ആയിരക്കണക്കിന് യുവജനങ്ങൾ പങ്കാളികളായി. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗ്ഗീസ് വള്ളിക്കാട്ടിൽ സന്ദേശം നല്കി കൊണ്ട് കാമ്പയിൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് സംസ്ഥാന പ്രസിഡന്റ് ബിജോ പി. ബാബുവും, 3 വ്യക്തി സഭകളിലെ യുവജന പ്രസ്ഥാനങ്ങളുടെ പ്രസിഡന്റുമാരും തങ്ങളുടെ പ്രതിഷേധം അറിയിച്ചു. അതിനു ശേഷം 32 രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ ഈ വിഷയത്തിൽ നിലപാട് വ്യക്തമാക്കി. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ് സമാപന സന്ദേശം നല്കി. സംസ്ഥാന ജനറൽ സെക്രട്ടറി ക്രിസ്റ്റി ചക്കാലക്കൽ നന്ദി പറഞ്ഞു.

റീത്തുകൾക്കതീതമായി കേരളത്തിലെ 32 രൂപതകളിലേയും യുവജനങ്ങൾ ഒരു കുടക്കീഴിൽ അണിനിരന്ന്, ഇസ്ലാമീക അധിനിവേശത്തിന്റേയും ഭീകര പ്രവർത്തനത്തിന്റേയും അടയാളമായ ഈ നീച പ്രവർത്തിക്കെതിരെ ഒരേ സ്വരത്തിൽ പ്രതികരിച്ചത് കൂടുതൽ യുവജനങ്ങളിലേക്ക് ഈ വിഷയം എത്തുന്നതിന് കാരണമായി.

**ഫാ. സ്റ്റീഫൻ തോമസ് ചാലക്കര**
കെസിവൈഎം സംസ്ഥാന ഡയറക്ടർ

പ്രതികരണം

# അടർന്നുവീഴുന്ന മതേതരത്വ മുഖംമൂടികൾ

**ഫാ. സാജു കൂത്തോടിപുത്തൻപുരയിൽ CST**
**സെക്രട്ടറി, കെസിബിസി ഐക്യജാഗ്രത കമ്മീഷൻ**

ഹാഗിയ സോഫിയ എന്ന പുരാതന ക്രൈസ്തവ ദേവാലയം ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മോസ്‌ക്കാക്കി മാറ്റുന്നതിലൂടെ കഴിഞ്ഞ പതിമൂന്ന് നൂറ്റാണ്ടുകളായി ഈ ലോകം കണ്ടുകൊണ്ടിരിക്കുന്ന അതേ നയങ്ങളാണ് മുസ്‌ലീം ഭരണാധികാരികളെ ഇന്നും നയിക്കുന്നത്. ഇസ്ലാമിന്റെ വിവിധ രീതികളിലുള്ള അധിനിവേശങ്ങളും ജിഹാദുകളും ഇന്നോളമുള്ള ഒരു തലമുറയ്ക്കും അജ്ഞാതമല്ല. അവശരായും അഭയാർത്ഥികളായും അടുത്തുകൂടുക, ക്രമേണ ശക്തിപ്രാപിക്കുക, അവസരം വരുമ്പോൾ ആക്രമിച്ചു കീഴടക്കുക എന്ന തന്ത്രം യൂറോപ്പിന്റെ ചരിത്രത്തിൽ മുമ്പും കണ്ടിട്ടുള്ളതാണ്. ഹാഗിയ സോഫിയയെപ്പറ്റി പാണക്കാട് സാദിഖ് അലി തങ്ങൾ ചന്ദ്രികയിലൂടെ പറഞ്ഞതല്ല യഥാർത്ഥ ചരിത്രം. ഹാഗിയ സോഫിയയും യൂറോപ്പിന്റെ ചരിത്രവും സംബന്ധിച്ച് ചരിത്രയാഥാർത്ഥ്യങ്ങൾ പലതുണ്ട്.

സ്പെയിനിലും ഗ്രീസിലും മോസ്‌ക്കുകൾ തീയേറ്ററുകളും പള്ളികളുമായി മാറിയിട്ടുണ്ട് എന്ന് സാദിഖ് അലി തങ്ങൾ പറഞ്ഞതിന് ഒരു മറുവശമുണ്ട്. ഇസ്ലാം മതം രൂപംകൊണ്ട ഏഴാം നൂറ്റാണ്ടിന് മുമ്പും ആ രാജ്യങ്ങൾ ഉണ്ടായിരുന്നു എന്നുമാത്രമല്ല, അവ ക്രൈസ്തവ രാജ്യങ്ങളായിരുന്നു, അവിടെ എണ്ണമറ്റ ദേവാലയങ്ങളും ഉണ്ടായിരുന്നു. അതിനുശേഷം യൂറോപ്പിനെ മാത്രമല്ല, ലോകം മുഴുവൻ പിടിച്ചടക്കി തങ്ങളുടേത് മാത്രമാക്കാൻ പുറപ്പെട്ട ഇസ്ലാമിക ഭരണാധികാരികൾ പല ദേശങ്ങളും കീഴടക്കുകയുണ്ടായി. അത്തരത്തിൽ യൂറോപ്പിൽ ഏറ്റവും ആദ്യം ആക്രമിച്ചു കീഴടക്കപ്പെട്ട രാജ്യമാണ് സ്പെയിൻ. പിടിച്ചെടുക്കപ്പെട്ട ദേശങ്ങളിലുണ്ടായിരുന്ന ക്രൈസ്തവ ദേവാലയങ്ങൾ ഏറിയപങ്കും നശിപ്പിക്കപ്പെടുകയും മറ്റുള്ളവ മോസ്‌ക്കാക്കി മാറ്റപ്പെടുകയുമാണ് ഉണ്ടായിട്ടുള്ളത്.

പിൽക്കാലത്ത് സ്പെയിൻ ഉൾപ്പെടെ ചില പ്രദേശങ്ങൾ മുസ്ലീം ആധിപത്യത്തിൽനിന്ന് തിരിച്ചുപിടിക്കാൻ കഴിഞ്ഞപ്പോൾ മുസ്‌ലീങ്ങൾ നാടുവിടുകയുണ്ടായി. സ്പെയിനിലും ഗ്രീസിലും മറ്റും അത്തരത്തിൽ ഉപേക്ഷിക്കപ്പെട്ടുകിടന്ന കെട്ടിടങ്ങളിൽ ചിലത് തീയേറ്ററുകളും ജയിലുകളും കച്ചവട സ്ഥാപനങ്ങളുമായിട്ടുണ്ടാകാം. പള്ളികൾ തകർത്ത് മോസ്‌ക്ക് ആക്കി മാറ്റിയ ദേവാലയങ്ങളിൽ ചിലത് തിരികെ പള്ളികളായിട്ടുണ്ടാകാം. ഇടക്കാലത്ത് തങ്ങൾക്ക് കൈവിട്ടുപോയത് തിരികെ ലഭിക്കുമ്പോൾ മറ്റെന്താണ് ഒരു ജനത ചെയ്യുക? അതിൽ അധാർമ്മികതയെന്താണുള്ളത്? ഇസ്ലാം എന്ന ആശയം പോലും ജന്മം കൊള്ളുന്നതിന് എത്രയോ വർഷങ്ങൾക്ക് മുമ്പ് നിർമ്മിക്കപ്പെട്ട ഒരു മഹത്തായ ദേവാലയം യുദ്ധം ചെയ്ത് പിടിച്ചെടുത്ത് തങ്ങളുടേതാക്കി മാറ്റിയതുമായി എങ്ങനെയാണ് മേൽപ്പറഞ്ഞതിനെ താരതമ്യം ചെയ്യാൻ കഴിയുക?

ഹാഗിയ സോഫിയ എന്ന ക്രൈസ്തവ ദേവാലയം വെറുമൊരു ക്രിസ്ത്യൻ പള്ളിയായിരുന്നില്ല. ലോകത്തിലെ ഏറ്റവും പ്രബലമായിരുന്ന രാഷ്ട്രീയ സാമ്രാജ്യത്തിന്റെ ഐക്കൺ കൂടിയായിരുന്നു അത്. എക്കാലത്തെയും ക്രൈസ്തവരുടെ അഭിമാനവും ഓർത്തഡോക്സ് സഭയുടെ ആസ്ഥാനവുമായിരുന്നു ഹാഗിയ സോഫിയ. ഏറ്റവും പ്രബലമായിരുന്ന ഒരു ഭരണകൂടത്തിന്റെയും ക്രൈസ്തവ സമൂഹത്തിന്റെയും മേൽ ഒരേസമയം അധീശത്വം സ്ഥാപിച്ചിരിക്കുന്നതായി പ്രതീകാത്മകമായി പ്രഖ്യാപിക്കുക കൂടിയായിരുന്നു ഓട്ടോമൻ സുൽത്താന്റെ ലക്ഷ്യം. അതിനാലാണ് പതിനഞ്ചാം നൂറ്റാണ്ടിൽ ബൈസന്റൈൻ സാമ്രാജ്യം കീഴ്പ്പെടുത്തിയതോടൊപ്പം ഈ ദേവാലയത്തെ പിടിച്ചെടുക്കാനും അദ്ദേഹം തീരുമാനിച്ചത്. ഈ ശൈലി ഇസ്ലാമിക അധിനിവേശങ്ങളിലുടനീളം കാണാവുന്നതാണ്. അതേ പ്രതീകാത്മകതയിൽ ഇന്നത്തെ ഇസ്‌ലാമും വിശ്വസിക്കുന്നു എന്നതാണ് വീണ്ടും ഒരിക്കൽക്കൂടി ഹാഗിയ സോഫിയ മോസ്‌ക്ക് ആയി മാറിയതിലൂടെ വെളിപ്പെടുന്നത്. ക്രൈസ്തവ മതവികാരങ്ങളെ വ്രണപ്പെടുത്തുന്നത് അവസാനിപ്പിക്കാനും ഒരു ക്രൈസ്തവ ദേവാലയം എന്നതിനേക്കാൾ ഹാഗിയ സോഫിയയുടെ ചരിത്രപരവും, വാസ്തുശില്പപരവുമായ പ്രാധാന്യത്തെ വിലമതിക്കാനും സന്നദ്ധനായതിനാലാണ് മുസ്തഫ കമാൽ അത്തത്തുർക്ക് 1934ൽ അതൊരു മ്യൂസിയമാക്കി സംരക്ഷിക്കാൻ തീരുമാനിച്ചത്. അതിനുവിരുദ്ധമായ നിലപാടെടുക്കുന്നവരെ മഹത്വവൽക്കരിക്കുന്നവർ മതേതരത്വവിരുദ്ധരാണ്.

ഏതൊക്കെ കാരണങ്ങൾ കൊണ്ടായാലും, നൂറ്റാണ്ടുകൾക്ക് മുമ്പ് കൈവിട്ടുപോയി മറ്റൊരു ജനതയുടേതായി മാറിയ ഒരു ദേശത്തെ സമഭാവനയോടെ കാണാൻ ക്രൈസ്തവ സമൂഹത്തിനും ലോകരാജ്യങ്ങൾക്കും കഴിയുന്നതിനാലാണ് ചരിത്രമുയർത്തി കാണിച്ച് ആ ദേവാലയത്തിനുമേൽ അവർ അവകാശവാദങ്ങൾ ഉന്നയിക്കാത്തത്. ഒരു റിപ്പബ്ലിക്ക് ആയി അന്താരാഷ്ട്രസമൂഹം അംഗീകരിക്കുന്ന രാജ്യത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ചരിത്ര

സ്മാരകത്തിനുമേൽ 'അവകാശവാദം ഉന്നയിക്കാത്തത്' ചരിത്രപരമായി അതിന് സാധുതയില്ലാത്തതിനാലാണ് എന്ന സാദിഖ് അലി തങ്ങളുടെ വാദം അപഹാസ്യമാണ്.

മുസ്ലീങ്ങൾക്ക് നിസ്കാര സ്വതന്ത്ര്യമില്ലാത്ത യൂറോപ്യൻ രാജ്യങ്ങളുണ്ട് എന്ന പ്രസ്താവവും വസ്തുതാപരമല്ല. ഇന്ന് മുസ്ലീങ്ങൾ പോലും സമാധാനമായി കഴിയുന്ന രാജ്യങ്ങൾ ലോകത്തുണ്ടെങ്കിൽ അത് ക്രൈസ്തവ ഭൂരിപക്ഷമുള്ള യൂറോപ്യൻ രാജ്യങ്ങളും അമേരിക്കയും മറ്റുമാണ്. മധ്യപൂർവ ദേശങ്ങളിൽ തീവ്രവാദത്തിലധിഷ്ഠിതമായ ആഭ്യന്തര യുദ്ധങ്ങളും സാമ്പത്തിക ഞെരുക്കവും മൂലം പാശ്ചാത്യരാജ്യങ്ങളിലേക്ക് പത്തേമാരികളിൽ കയറി എത്തി, അഭയത്തിനായി വാതിലിൽ മുട്ടിയപ്പോൾ അവരെ ഇരുകരങ്ങളും നീട്ടി സ്വീകരിച്ചതും ഇന്നും സ്വീകരിക്കുന്നതും ക്രൈസ്തവ രാജ്യങ്ങളാണെന്ന വസ്തുത വിസ്മരിക്കരുത്. അതിന് യൂറോപ്യൻ രാജ്യങ്ങളെ ആഹ്വാനം ചെയ്തത് കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ തന്നെയാണ്.

ഒരു ജനതയുടെയും ആരാധനാ സ്വാതന്ത്ര്യം വിലക്കിയിട്ടുള്ള യൂറോപ്യൻ രാജ്യമോ ക്രൈസ്തവ രാജ്യമോ ഇല്ല എന്നിരിക്കെ, ഇസ്ലാമിക രാജ്യങ്ങളിൽ മറ്റു മതസ്ഥരോടുള്ള സമീപനം എന്താണെന്ന് ചിന്തിക്കുന്നതും യുക്തമാണ്. മതവിശ്വാസത്തിന്റെ പേരിൽ മുസ്ലീം തീവ്രവാദികളാൽ പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്നവരുടെ എണ്ണം ഈ കാലഘട്ടത്തിലും കുറവല്ല.

ഓട്ടോമൻ സുൽത്താനായ മെഹ്മത് രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിളിനോട് ചെയ്തത് സമാനതകളില്ലാത്ത ക്രൂരതകളാണ് എന്നുള്ളതും, തുടർന്ന് വന്ന ഭരണാധികാരികൾ അമുസ്ലീങ്ങളായ ജനലക്ഷങ്ങളെ കൊന്നൊടുക്കുകയും നാടുകടത്തുകയും ചെയ്തിട്ടുണ്ട് എന്നുള്ളതും മൂടിവച്ചുകൊണ്ടാണ് തുർക്കിയിലെ മതസൗഹാർദ്ദത്തെക്കുറിച്ച് സാദിഖ് അലി തങ്ങൾ വാചാലനാകുന്നത്. ഓട്ടോമൻ ഭരണകൂടം തന്നെ നേതൃത്വം നല്കിയ അർമേനിയൻ വംശഹത്യയിൽ കൊല്ലപ്പെട്ടത് പതിനഞ്ച് ലക്ഷത്തിൽപ്പരം ക്രൈസ്തവരാണ് എന്ന ചരിത്രം വിസ്മരിക്കാനാവില്ല. പിന്നീടിങ്ങോട്ട് അത്തത്തുർക്കിന്റെ കാലശേഷവും ഗത്യന്തരമില്ലാതെ തുർക്കിയിൽനിന്ന് എല്ലാമുപേക്ഷിച്ച് പലായനം ചെയ്തത് പതിനായിരക്കണക്കിന് ക്രൈസ്തവ കുടുംബങ്ങളാണ്. സമീപകാലം വരെ യൂറോപ്യൻ യൂണിയനിലുള്ള അംഗത്വം കൊതിച്ചാണ് തുർക്കി ഒരു മതേതര മുഖം മൂടി അണിഞ്ഞിരുന്നത് എന്നതാണ് വാസ്തവം. ആ സ്വപ്നം പൊലിഞ്ഞപ്പോൾ, ആ മുഖമൂടിയും അഴിഞ്ഞുവീണു എന്നുമാത്രം.

'നിഷ്കളങ്കരായ' ഇസ്ലാമിക സമൂഹത്തെ വ്യവസ്ഥാപിതമായി വ്യാജ സെക്കുലറിസത്തിന്റെ



മറവിൽ വേട്ടയാടുന്നതിനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്ന് സ്ഥാപിക്കാനാണ്, തുർക്കി പിടിച്ചടക്കിയതു മുതൽ അവിടെ അരങ്ങേറുന്ന അക്രമ പരമ്പരകളെയും അടിച്ചമർത്തലുകളെയും കൊള്ളയെയും മറച്ചുവച്ചുകൊണ്ട് സാദിഖ് അലി ശ്രമിക്കുന്നത്. പാശ്ചാത്യ മതേതരത്വവും, പൗരസ്ത്യ മതേതരത്വവും എന്ന വേർതിരിവ് ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്ന സാദിഖ് അലി അറിയാതെ പറഞ്ഞുവയ്ക്കുന്നത് വെട്ടിപ്പിടിക്കലുകളും തട്ടിപ്പറിക്കലുകളുമാണ് കിഴക്കിന്റെ ശൈലി എന്നാണ്. അതാകട്ടെ, ഭാരതം പോലുള്ള സാത്വിക ലോകത്തിന് അന്യമാണുതാനും.

കേരളത്തിന്റെ പശ്ചാത്തലത്തിൽ സമീപകാലങ്ങളായി അരങ്ങേറുന്ന വിവിധ ഇസ്ലാമിക അധിനിവേശ ശ്രമങ്ങൾക്കും അതിക്രമങ്ങൾക്കും കൂടി പാണക്കാട് സാദിഖ് അലി ശിഹാബ് തങ്ങൾ വിശദീകരണം നല്കിയാൽ നന്നായിരിക്കും. തീവ്ര ഇസ്ലാമിക സംഘടനകളുടെ നേതൃത്വത്തിലുള്ള എണ്ണമറ്റ അക്രമങ്ങൾ മുതൽ, കച്ചവടങ്ങൾ പിടിച്ചടക്കുന്നതും, പ്രണയം നടിച്ച് ആയിരക്കണക്കിന് പെൺകുട്ടികളെ മതം മാറ്റുന്നതുമടക്കം വ്യക്തമായ പദ്ധതികൾ പ്രകാരം പലതും ഇവിടെ നടപ്പാക്കപ്പെടുന്നു. ക്രൈസ്തവ മാനേജ്മെന്റുകളുടെ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പലവിധത്തിൽ ആക്രമിക്കപ്പെടുകയും, കത്തോലിക്കാ സഭയ്ക്കെതിരായ അക്രമണപരമ്പരകളിൽ പതിവായി അവരിൽ ചിലർ അണിചേരുകയും, ദുഷ്പ്രചരണങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. ഇപ്പോൾ എൻഐഎ യുടെ അന്വേഷണം പുരോഗമിക്കുന്ന സ്വർണ്ണക്കടത്ത് കേസിൽ ഇതിനകം വെളിപ്പെട്ടിരിക്കുന്ന ഇസ്ലാമിക തീവ്രവാദ സംഘങ്ങളുടെ പങ്ക് നടുക്കത്തോടെ കേരളം മനസിലാക്കിക്കൊണ്ടിരിക്കുന്നു. ഇത്തരത്തിൽ ഇസ്ലാമിക അജണ്ടകളോടെ ചിലർ നടപ്പാക്കുന്ന പദ്ധതികളുടെ മറ്റൊരു രൂപമാണ് തുർക്കിയിൽ കഴിഞ്ഞ ദിവസം അരങ്ങേറിയത്. അതിന്റെ പിന്നിൽ പ്രവർത്തിച്ചവരെ ന്യായീകരിക്കുവാൻ വിഫലശ്രമം നടത്തുന്ന സാദിഖ് അലി പരോക്ഷമായി കേരളത്തിലുള്ള ഇസ്ലാമിസ്റ്റുകളെയും അവരുടെ പ്രവർത്തനങ്ങളെയും അംഗീകരിക്കുകയും പിന്തുണയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഈ നിലപാട് തിരുത്താൻ തയ്യാറായില്ലെങ്കിൽ കേരളത്തിലെ നല്ലവരായ മുസ്ലീം സഹോദരങ്ങളോട് തന്നെ സാദിഖ് അലി തങ്ങൾക്ക് ഒരിക്കൽ മറുപടി പറയേണ്ടതായി വരും.

*******

കെസിബിസി പ്രസ്താവന

# സ്പെഷൽ മാരേജ് ആക്ടിന്റെ ദുരുപയോഗത്തിന് സർക്കാർ കൂട്ടുനില്ക്കരുത്

## കെസിബിസി

**കൊച്ചി:** സ്പെഷൽ മാരേജ് ആക്ടിന്റെ ദുരുപയോഗത്തിന് സർക്കാർ കൂട്ടുനില്ക്കുന്നത് നിർഭാഗ്യകരമാണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന വിവാഹ ങ്ങളുടെ നോട്ടീസ് രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന പതിവ് അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകിയതായി അറിയിച്ചുകൊണ്ട്, പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ ഓഫീസിൽനിന്ന് 24/07/2020 ന് പത്രക്കുറിപ്പ് ഇറങ്ങുകയുണ്ടായി. തികച്ചും അശാസ്ത്രീയവും വിവേക രഹിതവുമായ ഒരു നടപടിയായി മാത്രമേ ഇതിനെ വിലയിരുത്താൻ കഴിയൂ. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ടിൽ, വിവാഹിത രാകുന്ന വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ ദുരുപയോഗിക്കുന്നത് നിർത്തലാക്കാൻ നടപടി സ്വീകരിക്കണം എന്ന് നിർദ്ദേശിച്ചിരുന്നതിന്റെ വെളിച്ചത്തിലാണ് പ്രസ്തുത തീരുമാനം എന്നാണ് പത്രക്കുറിപ്പിലെ വിശദീകരണം. മിശ്രവിവാഹ ങ്ങളെ കുറിച്ചുള്ള വിവരങ്ങൾ വെബ്സൈറ്റിൽ നിന്ന് ലഭിച്ചതിനെ തുടർന്ന് പെൺകുട്ടിയുടെ ബന്ധുക്കൾ ഇടപെടാനിടയായ സംഭവവുമായി ബന്ധപ്പെട്ട് ഒരു യുവാവിന്റെ പരാതിയിലാണ് ഈ നടപടി എന്നാണ് ചില മാധ്യമങ്ങൾ റിപ്പാർട്ടു ചെയ്തത്.


സ്വകാര്യ വിവരങ്ങൾ ദുരുപയോഗം ചെയ്യുന്നു എന്ന ആരോപണത്തിന് കൂടുതൽ വ്യക്തത നല്കേണ്ട ഉത്തരവാദിത്തം സർക്കാർ സംവിധാനങ്ങൾക്കുണ്ട്. അത്തരത്തിൽ വ്യക്തി വിവരങ്ങൾ ദുരപയോഗിക്കുന്നവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് പകരം അനാവശ്യമായ രഹസ്യാത്മകത രജിസ്ട്രേഷൻ നടപടികൾക്ക് ആവശ്യമാണെന്ന് വരുത്തുന്നതിന്റെ കാരണം ദുരൂഹമാണ്. കേരളത്തിന്റെ പശ്ചാത്തലത്തിൽ വിവാഹം എന്നത് രഹസ്യമായ നടപടിയല്ല. മാതാപിതാക്കളോ ബന്ധുക്കളോ സുഹൃത്തുക്കളോ അറിയാതെ വിവാഹം നടത്തണം എന്ന് ആരെങ്കിലും ചിന്തിക്കുന്നെങ്കിൽ അതിനുപിന്നിൽ നിഗൂഢമായ മറ്റുചില ലക്ഷ്യങ്ങൾ കൂടി ഉണ്ടായിരിക്കാനുള്ള സാധ്യതകളാണുള്ളത്. പ്രായപൂർത്തിയായി എന്ന ഒറ്റ കാരണത്താൽ വധൂവരന്മാർക്ക് ഇക്കാര്യത്തിൽ വ്യക്തിസ്വാതന്ത്ര്യമുണ്ടെന്നും അതിനാൽ വിവാഹ വിവരം രഹസ്യമായി സൂക്ഷിക്കുന്നത് യുക്ത മാണെന്നും അഭിപ്രായപ്പെടുന്നവർ, സമൂഹത്തിൽ വർധിച്ചുവരുന്ന സ്ത്രീപീഢനങ്ങളും പ്രണയക്കുരു ക്കുകളും കാണാൻ കൂട്ടാക്കാത്തവരാണ്.

മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി, വിവിധ ജില്ലകളിലും ദേശങ്ങളിലുമുള്ളവർ തമ്മിലുള്ള മിശ്ര വിവാഹങ്ങളും, രഹസ്യ സ്വഭാവത്തോടുകൂടിയ വിവാഹങ്ങളും, വിവാഹത്തിനുപിന്നിൽ ദുരുദ്ദേശ്യ ങ്ങൾ ഉണ്ടായിരിക്കാനുള്ള സാധ്യതകളും വളരെ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വിവാഹ നോട്ടീസ് ഓൺലൈനിൽ പ്രസിദ്ധപ്പെടുത്തുക എന്നുള്ളത് അത്യന്താപേക്ഷിതമാണ്. മാറിയ സാഹചര്യങ്ങൾ പരിഗണിച്ച് കൂടുതൽ സുതാര്യമായ രീതിയിലേയ്ക്ക് ഇത്തരം കാര്യങ്ങൾ പരിഷ്കരി ക്കേണ്ട സ്ഥാനത്ത് മറിച്ചു ചിന്തിക്കുന്നത് ശരിയല്ല.

വിവാഹങ്ങൾ സുതാര്യമാണെന്നും, ദുരുദ്ദേശ്യപരമല്ലെന്നും ഉറപ്പുവരുത്തുന്നതിനായി വധൂ വരന്മാരുടെ മാതാപിതാക്കളെ/ രക്ഷിതാക്കളെ വ്യക്തമായി വിവരം ധരിപ്പിക്കാനും, വധൂവരന്മാർക്ക് കൗൺസിലിംഗിനും മറ്റുമുള്ള സൗകര്യങ്ങൾ ഒരുക്കി നല്കാനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുകയാണ് വേണ്ടത്. വിവാഹങ്ങൾ മറ്റെന്തെങ്കിലും ലക്ഷ്യങ്ങളുടെ ഭാഗമായി ആസൂത്രണം ചെയ്യപ്പെട്ടതാണോ എന്ന് ശരിയായി നിരീക്ഷി ക്കുകയും ആവശ്യമായ ചോദ്യാവലിയും സാക്ഷ്യ പത്രവും രജിസ്ട്രേഷന്റെ ഭാഗമായി ഉൾപ്പെടുത്തു കയും വേണം. മിശ്ര വിവാഹങ്ങൾക്ക് പോലീസ് വെരിഫിക്കേഷനും റിപ്പോർട്ടും നിയമ വിധേയമായി നിർബ്ബന്ധിതമാക്കേണ്ടതും അനിവാര്യ മാണ്. സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്ത് സൂക്ഷിക്കാൻ ഉപയോഗിക്കുന്ന ഫോമുകൾ കാലാനുസൃതമായി പരിഷ്കരിക്കാനും, കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പാക്കാനുമുള്ള നടപടികളും ആവശ്യമാണ്.

സ്പെഷ്യൽമാര്യേജ് ആക്ട് അനുസരിച്ചുള്ള വിവാഹങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച അനാരോഗ്യകരമായ തീരുമാനങ്ങൾ പുനപരിശോധി ക്കുകയും കാലാനുസൃതവും സമൂഹം ആവശ്യ പ്പെടുന്നതുമായ പരിഷ്കരണങ്ങൾ വരുത്താനുമുള്ള നടപടികൾ ഉണ്ടാകുകയും വേണം. **(27/7/2020)**

# കെസിബിസി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി



**കൊച്ചി:** കേരള കത്തോലിക്കാ സഭ കോവിഡ് പ്രതിരോധ, ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജിതമാക്കി. കെസിബിസി തലത്തിൽ കേരള സോഷ്യൽ സർവീസ് ഫോറം ആണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഹെൽത്ത് കമ്മീഷനും യൂത്ത് കമ്മീഷനും കെസിഎംഎസും ഈ പ്രവർത്തനങ്ങളുമായി കൈകോർക്കുന്നു. രൂപത കളുടെയും സന്യാസ സമൂഹങ്ങളുടെയും സാമൂഹ്യ സേവന വിഭാഗങ്ങളെ ഏകോപി പ്പിച്ചാണു കോവിഡിനെതിരെ ജാഗ്രതയും പ്രതിരോധവും ശക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. കോവിഡ് 19 അതിവേഗം പടരുന്ന സാഹചര്യത്തിൽ, സഭയിലും സമൂഹത്തിലുമുണ്ടായേക്കാവുന്ന അടിയന്തര സാഹചര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നാം സജ്ജരാകണമെന്നു കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, വൈസ് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ, സെക്രട്ടറി ജനറൽ ബിഷപ് ഡോ. ജോസഫ് മാർ തോമസ് എന്നിവർ ആവശ്യപ്പെട്ടു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കു പ്രയാസമുള്ള രൂപതകളെ സഹായിക്കുന്നതിന് കേരള സോഷ്യൽ സർവീസ് ഫോറം സന്നദ്ധത അറിയിച്ചിട്ടുണ്ട്. സന്നദ്ധ പ്രവർത്തകർക്കുള്ള പരിശീലനം, പിപിഇ കിറ്റ് തുടങ്ങിയവ ഹെൽത്ത് കമ്മീഷന്റെ സഹകരണത്തോടെ കെഎസ്എസ് ഫോറംവഴി ക്രമീകരിക്കും. ഫോറത്തിന്റെ ഓഫീസായ ആമോസ് സെന്ററിൽനിന്നും സന്നദ്ധ പ്രവർത്തകരുടെ ഒരു ഹെൽപ് ലൈൻ ക്രമീകരിക്കും. രൂപതകളിൽ ഇക്കാര്യങ്ങൾക്കായി പ്രത്യേകം ഡയറക്ടർമാരെ നിയമിക്കുകയോ സോഷ്യൽ സർവീസ് സൊസൈറ്റികളെ ചുമതലപ്പെടുത്തുകയോ വേണം.

സന്ന്യാസ ഭവനങ്ങളിലും ആളുകൾ ഒരുമിച്ചു താമസിക്കുന്ന മറ്റിടങ്ങളിലും പ്രത്യേകമായ കരുതൽ ആവശ്യമാണ്. രോഗസാധ്യതയുള്ളവരുമായി ഇടപഴകേണ്ടിവരുന്ന സാഹചര്യമുള്ള ആരോഗ്യ രംഗത്തും മറ്റു സാമൂഹ്യ രംഗങ്ങളിലും പ്രവർത്തിക്കുന്നവർ ജാഗ്രത പുലർത്തണം.

സമർപ്പിതർ ഈ രംഗത്ത് അപകട സാധ്യത കൂടുതലുള്ള രംഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരാണ്. കഴിയുംവിധമുള്ള എല്ലാ മുൻകരുതലും സ്വീകരിക്കാൻ അവർ ശ്രദ്ധിക്കണം. സഭ നടത്തുന്ന കെയർ ഹോമുകൾ, വൃദ്ധ സദനങ്ങൾ തുടങ്ങിയ ഇടങ്ങളിലും പ്രത്യേകം കരുതലും ജാഗ്രതയും വേണം. 65 വയസു കഴിഞ്ഞവരുടെ ആത്മീയ, മാനസിക ആവശ്യങ്ങളിൽ സഹായിക്കാൻ വൈദികർ ശ്രദ്ധിക്കണം. കോവിഡ് രോഗബാധിതരായ ആർക്കും അജപാലനപരമായ ശ്രദ്ധ കിട്ടാതെപോകരുത്. കോവിഡ് രോഗലക്ഷണങ്ങളോടു കൂടി സന്യാസഭവനങ്ങളിലോ ഇടവകകളിലോ ആളുകൾ ഉണ്ടെന്നു ബോധ്യമായാൽ ആരോഗ്യ പ്രവർത്തകരുടെ സഹായം തേടണം. സംശയിക്കത്തക്ക കോവിഡ് രോഗ ലക്ഷണങ്ങളോടെ വൈദികർ വിശുദ്ധ കുർബാനയോ മറ്റു കൂദാശകളോ പരികർമം ചെയ്യരുത്. സഭയിലെ മെത്രാന്മാരും വൈദികരും സഭയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്ന മറ്റു ശുശ്രൂഷകരും ഇക്കാര്യത്തിൽ ഉയർന്ന ജാഗ്രത പുലർത്തണം.

ക്വാറന്റൈനിൽ കഴിയുന്നവരും ഒറ്റപ്പെട്ടു കുടുംബങ്ങളിൽ കഴിയുന്നവരും ഇടവക വൈദികരുമൊക്കെ ഏകാന്തതയും രോഗഭീതിയും മൂലമുള്ള മാനസിക സമ്മർദങ്ങളും അനുഭവിക്കുന്നുണ്ട്. അവിടെ നമ്മുടെ കരുതലും ബലപ്പെടുത്തുന്ന വാക്കുകളും വളരെ പ്രധാനപ്പെട്ടതാണ്. സാമൂഹ്യമായി അകലം പാലിക്കുമ്പോഴും ആത്മീയമായും മാനസികമായും പരസ്പരം ശക്തിപ്പെടുത്താൻ ജാഗ്രതയുള്ളവരാകണം. കൗൺസിലിംഗ് സേവനം ആവശ്യമുള്ളവർക്ക് ലഭ്യമാക്കണം.

കോവിഡ് 19 ബാധിച്ചു മരിച്ചവരുടെ മൃതസംസ്കാരം, മൃത ശരീരങ്ങൾ ദഹിപ്പിക്കൽ, ശ്മശാന ഭൂമി തയാറാക്കൽ തുടങ്ങിയ കാര്യങ്ങളിൽ വൈദികരെയും സർക്കാർ സംവിധാനങ്ങളെയും സഹായിക്കുന്നതിനുമായി ഓരോ രൂപതയിലും സന്നദ്ധ പ്രവർത്തകരുടെ ഒന്നോ അതിലേറെയോ സംഘങ്ങളെ തയ്യാറാക്കണം. രൂപതയിലെ സോഷ്യൽ സർവീസ് സൊസൈറ്റിയും യുവജന സംഘടനയും ആരോഗ്യ പ്രവർത്തകരും വൈദികരും ഉൾപ്പെട്ട ഒരു സംവിധാനമാണ് ഉണ്ടാകേണ്ടത്. കണ്ടെയിൻമെന്റ് സോണുകളിൽ ഇടവകകൾ ആവശ്യമായ സഹായം എത്തിക്കണമെന്നു നിർദേശം നല്കിയിട്ടുണ്ടെന്നും കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ഫാ. വർഗീസ് വള്ളിക്കാട്ട് അറിയിച്ചു. **(23/7/2020)**

# കോവിഡ് പ്രതിരോധം: കത്തോലിക്കാസഭ ചെലവഴിച്ചത് 50.16 കോടി രൂപ

**കൊച്ചി:** കോവിഡ് മാഹമാരിയെ പ്രതിരോധിക്കാനും ലോക്ക്ഡൗണിലെ അതിജീവന പ്രവർത്തനങ്ങൾക്കുമായി കേരള കത്തോലിക്കാ സഭ ചെലവഴിച്ചത് 50,16,73,954 രൂപ. കേരളത്തിലെ 32 രൂപതകളുടെയും സന്യാസ സമൂഹങ്ങളുടെയും സാമൂഹ്യസേവന വിഭാഗങ്ങൾ വഴി ജൂൺ 30 വരെ ചെലവഴിച്ച തുകയാണിത്. കോവിഡ് പ്രതിരോധ ത്തിന്റെ ഭാഗമായുള്ള കേരളസഭയുടെ സേവന, കാരുണ്യ പദ്ധതികൾ 39.72 ലക്ഷം പേരിലേക്ക് എത്തിയെന്നു കെസിബിസിയുടെ കീഴിലുള്ള കേരള സോഷ്യൽ സർവീസ് ഫോറം (കെഎസ്എസ്എഫ്) സമാഹരിച്ച കണക്കുകൾ വ്യക്തമാക്കുന്നു.

വിവിധ സർക്കാർ വകുപ്പുകളുടെയും ജില്ലാ പ്രാദേശിക ഭരണസംവിധാനങ്ങളുടെയും സഹകരണത്തൊടെയാണു സഭയുടെ കോവിഡ് പ്രതിരോധ, കാരണ്യപ്രവർത്തനങ്ങൾ നടത്തിയത്. 58312 അതിഥി തൊഴിലാളികൾക്കു സഭ ഇക്കാലത്തു സേവനങ്ങളെത്തിച്ചു, സഭാംഗങ്ങളായ യുവാക്കൾ ഉൾപ്പെടെ 37,283 സന്നദ്ധപ്രവർത്തകർ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു കെസിബിസിയും വിവിധ രൂപതകളും നല്കിയ സംഭാവനകൾ, പ്രാദേശിക തലങ്ങളിൽ ഇടവകകളും സഭാസ്ഥാപനങ്ങളും ചെലവഴിച്ച തുക എന്നിവയ്ക്കു പുറമെയുള്ള കണക്കുകളാണു കെഎസ്എസ്എഫ് സമാഹരിച്ചതെന്നു എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ അറിയിച്ചു.

1.3 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു കെസിബിസി ആദ്യഘട്ടത്തിൽ നല്കിയെന്നു ഡെപ്യൂട്ടി സെക്രട്ടറി റവ. ഫാ. വർഗീസ് വള്ളിക്കാട്ട് പറഞ്ഞു.

കോവിഡ് ചികിത്സയ്ക്ക് ആശുപത്രികളും അനുബന്ധ സംവിധാനങ്ങളും വിട്ടുനല്കാൻ കെസിബിസി ഹെൽത്ത് കമ്മീഷനും ചായ്കേരളും സർക്കാരിനോടു നേരത്തെ തന്നെ സന്നദ്ധത അറിയിച്ചിരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നൂറുകണക്കിനു സഭാസ്ഥാപനങ്ങൾ ക്വാറന്റൈൻ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ട്. **(17/7/2020)**

കെസിബിസി പ്രസ്താവന

# വിദ്യാർത്ഥികളുടെ പൗരബോധം തളർത്താൻ കോവിഡ് ഉപകരണമാക്കരുത്: കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

വിദ്യാഭ്യാസമെന്നാൽ യുവതലമുറയുടെ ഉദ്ബോധന പ്രക്രിയയാണ്. സോഷ്യൽ മീഡിയയിൽ ഇന്ന് നടന്നുവരുന്ന ആസൂത്രിതമായ ക്യാംപെയ്നിംഗുകൾ കൗമാരപ്രായം മുതലുള്ള കുട്ടികളുടെ ദേശീയതാ ബോധത്തെയും പൗരബോധത്തെയും തന്നെ നിഷേധാത്മകമായി സ്വാധീനിക്കുന്ന കാലമാണിത്. ഈ കാലഘട്ടത്തിൽ പക്വമായ അവബോധം കുട്ടികൾക്ക് നില്കേണ്ട ബാധ്യത എഡ്യുക്കേഷണൽ ബോർഡുകൾക്കുണ്ട്. അങ്ങനെയിരിക്കെ അടിസ്ഥാനപരമായി ഒരു വിദ്യാർത്ഥിക്ക് ലഭിക്കേണ്ട നാമ മാത്രമായ പാഠ്യഭാഗങ്ങൾ കൂടി സിലബസിൽ നിന്ന് ഒഴിവാക്കുവാൻ സിബിഎസ്ഇ തീരുമാനിച്ചിരിക്കുന്നു എന്ന വാർത്ത ഞെട്ടിപ്പിക്കുന്നതാണ്.

കോവിഡ് - 19 പശ്ചാത്തലത്തിൽ കുട്ടികളുടെ പഠനഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായാണ് താരതമ്യേന അപ്രധാനമെന്ന് ഉത്തരവാദിത്തപ്പെട്ടവർ വിലയിരുത്തിയ ചില വിഷയങ്ങൾ 9 മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളുടെ വിവിധ ടെക്സ്റ്റ് ബുക്കുകളിൽ നിന്ന് നീക്കം ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അതിൽ, സാമൂഹ്യശാസ്ത്രം, പൊളിറ്റിക്കൽ സയൻസ്, ചരിത്രം, എക്കണോമിക്സ് തുടങ്ങിയ വിഷയങ്ങളിൽ നിന്ന് തന്ത്രപ്രധാനമായ ചില ഭാഗങ്ങൾ ഒഴിവാക്കുന്നത് ദുരുദ്ദേശ്യപരമാണ് എന്ന് പറയാ തിരിക്കാനാവില്ല. പൗരത്വം, ദേശീയത, ഇന്ത്യയുടെ ഭരണഘടന, ജനാധിപത്യവും അതിന്റെ വൈവിധ്യങ്ങളും, മതേതരത്വം, ജനാധിപത്യ അവകാശങ്ങൾ, ജനകീയ പോരാട്ടങ്ങളും മുന്നേറ്റങ്ങളും തുടങ്ങിയ വിഷയങ്ങൾ നീക്കം ചെയ്യുന്നത് ഒരു തലമുറയുടെ പക്വമായ ജനാധിപത്യ ബോധത്തെ ഇല്ലാതാക്കാൻ കൂടിയാണ് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൽ ഇന്ന് നടപ്പായിക്കൊണ്ടിരിക്കുന്ന വർഗീയ അജണ്ടകളുടെ ഭാഗമാണ് ഈ നീക്കം ചെയ്യൽ എന്നുവേണം കരുതാൻ. അതിനാൽ, ജനാധിപത്യബോധമുള്ള പൗരസമൂഹം ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി പ്രതിഷേധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത്തരം ഗൂഢനീക്കങ്ങളിൽ കേരള കത്തോലിക്കാ സഭയുടെ ഐക്യജാഗ്രതാകമ്മീഷൻ ആശങ്ക അറിയിക്കുകയും പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്നു. **(11/7/2020)**

**പ്രതികരണം**

# ഒരു മൃതസംസ്കാരവുമായി ബന്ധപ്പെട്ട വിവാദങ്ങൾ വിരൽചൂണ്ടുന്നത്...

ജൂലായ് പതിനഞ്ചിന് അന്തരിച്ച സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റിയൂട്ട് (SD) സന്ന്യാസിനീസമൂഹത്തിലെ അംഗം സി. ക്ലെയറിന്റെ സംസ്കാരം ആലുവ ചുണങ്ങംവേലിയിലുള്ള എസ് ഡി ജനറലേറ്റിന് കീഴിലുള്ള സെമിത്തേരിയിൽ നടന്നതുമായി ബന്ധപ്പെട്ട് ചില വിവാദങ്ങൾ ഉയരുകയുണ്ടായിരുന്നു. തങ്ങൾ സന്ന്യാസിനിയുടെ മൃതസംസ്കാര കർമ്മങ്ങൾ നടത്തി എന്ന അവകാശവാദവുമായി പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ സമൂഹമാധ്യമങ്ങളിൽ പ്രചാരണം നടത്തിയതാണ് വിവാദങ്ങൾക്ക് തിരികൊളുത്തിയത്. മൃത സംസ്കാര വേളയിൽ വൈദികരുടെ സാന്നിധ്യം ഇല്ലാതിരുന്നതും, പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ മൃതസംസ്കാരം നടത്തിയതുമായി ബന്ധപ്പെട്ട ചിത്രങ്ങൾ പ്രചരിച്ചതും അനേകരെ പ്രകോപിപ്പിച്ചു. രൂപതാധികൃതരും വൈദികരും ചടങ്ങിനെത്താൻ വിസമ്മതിക്കുകയായിരുന്നു എന്ന പ്രചാരണം സോഷ്യൽമീഡിയയിൽ പരക്കെയുണ്ടാവുകയും സഭയെയും എറണാകുളം അങ്കമാലി അതിരൂപതയേയും ആക്ഷേപിച്ചുകൊണ്ട് അനേകർ രംഗത്തിറങ്ങുകയുമുണ്ടായി.

വൈപ്പിൻ കുഴുപ്പിള്ളി എസ് ഡി കോൺവെന്റിലെ അന്തേവാസിയായിരുന്നു ഹൃദ്രോഗി കൂടിയായിരുന്ന സി. ക്ലെയർ. പ്രസ്തുത സന്ന്യാസിനി കോവിഡ് രോഗബാധിതയായിരുന്നു എന്ന മെഡിക്കൽ റിപ്പോർട്ട് വരുകയും ചുണങ്ങംവേലിയിലെ മദർഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം കണ്ടൈന്റ്മെന്റ് സോൺ ആയിരിക്കുകയും സന്ന്യാസിനിമാരിൽ ഉത്തരവാദിത്തപ്പെട്ടവരിൽ പലരും ക്വാറന്റൈനിൽ പോകേണ്ടി വരുകയും ചെയ്ത പശ്ചാത്തലത്തിൽ, പരിചയക്കുറവിന്റെയും പെട്ടെന്നുണ്ടായ ആശങ്കാജനകമായ സാഹചര്യത്തിന്റെയും ഫലമായി ശരിയായ ആശയവിനിമയം നടക്കാതെപോവുകയാണ് വാസ്തവത്തിൽ ഉണ്ടായത്. സർക്കാർ സംവിധാനങ്ങളുടെ സഹായം സർവാത്മനാ സ്വീകരിക്കാം എന്ന് നിലപാടെടുത്തതാണ് അവർക്ക് വിനയായി ഭവിച്ചത്. സർക്കാർ സംവിധാനങ്ങളുടെ ഭാഗമായി വരുന്നവർ അവസരം വർഗീയമായി മുതലെടുക്കുമെന്ന് അവർ ചിന്തിച്ചിരുന്നില്ല.

സന്ന്യാസിനിമാർക്ക് ഇക്കാര്യത്തിൽ പിന്തുണ നല്കിയ ഹെൽത്ത് ഇൻസ്പെക്ടറുടെ നിലപാടുകൾ ഇക്കാര്യത്തിൽ സംശയകരമാണ്. എല്ലാം ഹെൽത്ത് ഡിപ്പാർട്ടുമെന്റുതന്നെ ക്രമീകരിക്കുമെന്നു നിലപാടെടുക്കുകയും മൃതദേഹം ദഹിപ്പിക്കുന്നതിനായി എറണാകുളത്തേക്കു പുറപ്പെടാനുള്ള ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കേ സെമിത്തേരിയിൽ അടക്കണമെന്നു പറയുകയും അതിനായി സന്നദ്ധ പ്രവർത്തകരെ സംഘടിപ്പിക്കുകയും ചെയ്ത ആരോഗ്യവകുപ്പ് അധികാരികൾക്ക് പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ എന്ന തീവ്രവർഗീയ സംഘടനക്ക് മുതലെടുപ്പിനുള്ള അവസരമൊരുക്കിയത് പ്രതിഷേധാർഹമാണ്.

പോപ്പുലർ ഫ്രണ്ട് എന്ന ഇസ്ലാമിക സംഘടനയെക്കുറിച്ച് കൂടുതൽ പറയേണ്ടതില്ല. ഈ നാട്ടിൽ ഒട്ടേറെ വർക്ഷീയ പ്രതിസന്ധികൾ പലപ്പോഴായി സൃഷ്ടിക്കാൻ നേതൃത്വം നല്കിയിട്ടുള്ള, വർക്ഷീയ കലാപങ്ങൾക്കും എണ്ണമറ്റ അക്രമ പ്രവർത്തനങ്ങൾക്കും വഴിയൊരുക്കിയിട്ടുള്ള തീവ്ര ഇസ്ലാമിക സംഘടനകളിൽ ഒന്നാണ് പോപ്പുലർ ഫ്രണ്ട്. തൊടുപുഴ ന്യൂമാൻ കോളേജിലെ ജോസഫ് മാസ്റ്ററുടെ കൈവെട്ടിയത് പോപ്പുലർ ഫ്രണ്ട് പ്രവർത്തകരായിരുന്നു. നിരോധിത സംഘടനയായ സിമിയുടെ മുൻ ദേശീയ സെക്രട്ടറിയാണ് പോപ്പുലർ ഫ്രണ്ടിന്റെ ഇപ്പോഴത്തെ ചെയർമാൻ എന്നുകൂടി വരുമ്പോൾ ഇവരുടെ പ്രത്യയശാസ്ത്രത്തെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും കൂടുതൽ വിശദീകരിക്കേണ്ടതില്ല. എല്ലാറ്റിനും പുറമെ, കേരളപോലീസിലെ രഹസ്യാന്വേഷണ വിഭാഗം ഹൈക്കോടതിയിൽ നൽകിയിട്ടുള്ള റിപ്പോർട്ട് അനുസരിച്ച്, നിരോധിത സംഘടനയായ സ്റ്റുഡന്റ്സ് ഇസ്ലാമിക്ക് മൂവ്മെന്റ് ഓഫ് ഇന്ത്യ (സിമി)യുടെ പുതിയ മുഖമാണ് പോപ്പുലർ ഫ്രണ്ട്. മാത്രമല്ല, ഇവർ ദേശദ്രോഹപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും, വർക്ഷീയ ധ്രുവീകരണം സൃഷ്ടിക്കുകയും ചെയ്യുന്നു എന്ന പോലീസ് റിപ്പോർട്ടും ഉണ്ട്. ഈ പശ്ചാത്തലത്തിൽ ഇത്തരക്കാരുടെ ഇടപെടലുകളെയും മുഖംമൂടി ധരിച്ചുള്ള പ്രവർത്തനങ്ങളെയും നാം കൂടുതൽ കരുതലോടെ സമീപിക്കേണ്ടതുണ്ട്.

കോവിഡ് രോഗബാധയെ തുടർന്നുള്ള പ്രത്യേക സാഹചര്യങ്ങളെ നേരിടാനായി കേരള കത്തോലിക്കാ സഭ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു. സഭയുടെ നേതൃത്വത്തിലുള്ള സന്നദ്ധ സംഘടനകളും, ഒട്ടേറേ ആശുപത്രികളും, ഈ രംഗത്തെ എണ്ണമറ്റ പ്രവർത്തകരും വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളിൽ ഇപ്പോൾ മുഴുകിയിരിക്കുകയാണ്. ജാതിമത ഭേദമില്ലാതെയും പരിധികളില്ലാതെയും മനുഷ്യർ തമ്മിൽ സഹകരിച്ചു പ്രവർത്തിക്കേണ്ട സമയമാണിത്. ഇത്തരമൊരു ഘട്ടത്തിൽ സഭാസംവിധാനങ്ങൾ ഒരു പരസ്യവും കൂടാതെ എല്ലാവർക്കും വേണ്ടി പ്രവർത്തിക്കുമെന്നതിന് ചരിത്രം സാക്ഷി. എന്നാൽ, സഭയ്ക്കുള്ളിൽ സംഭവിക്കുന്ന ഒരു കോവിഡ് മരണത്തെ പക്വതയോടെയും കാര്യപ്രാപ്തിയോടെയും നേരിടുവാൻ

പ്രത്യേക ശ്രദ്ധയും മനസ്സാന്നിധ്യവും വേണ്ടതുണ്ടെന്ന് ഈ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

കോവിഡ് മരണത്തെ ഭയപ്പാടോടെ കണ്ടതോ, സംസ്കാര ശുശ്രൂഷയ്ക്ക് ആരും തയ്യാറാകാതിരുന്നതോ അല്ല കഴിഞ്ഞ ദിവസം ചുണങ്ങം വേലിയിൽ സംഭവിച്ചത്. ശരിയായ രീതിയിലുള്ള ആശയവിനിമയവും, കാര്യനിർവഹണവും ഉണ്ടാകാത്ത പക്ഷം സംവിധാനങ്ങൾ ഫലപ്രദമാകാതെ പോയേക്കാം എന്നതിന്റെ വ്യക്തമായ ഉദാഹരണമാണിത്. സമയബന്ധിതമായും കാര്യക്ഷമമായും ഇത്തരം സാഹചര്യങ്ങളിൽ ഇടപെടാനുള്ള ടീമുകളെ സജ്ജമാക്കാൻ ഈ ദിവസങ്ങളിൽത്തന്നെ രൂപതകളും സന്ന്യാസ സമൂഹങ്ങളും സംഘടനകളും നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

കോവിഡ് രോഗബാധ നിയന്ത്രിക്കാനും രോഗികളുടെ ജീവൻ രക്ഷിക്കാനും രോഗബാധിതർക്കും ശുശ്രൂഷകർക്കും ആശ്വാസമാകാനും കോവിഡുമൂലം വിവിധ ക്ലേശങ്ങൾ അനുഭവിക്കുന്നവർക്ക് കൈത്താങ്ങാകാനും നിർഭാഗ്യവശാൽ മൃതിയടയുന്നവർക്ക് സമുചിതമായ ശവസംസ്കാരം നല്കാനും ജാതിമതഭേദമെന്യേ നമുക്കേവർക്കും കൈകോർക്കാം. സങ്കുചിതമായ ജാതിമത ചിന്തകളോ പരസ്യത്തിനായുള്ള ഭ്രമങ്ങളോ പ്രത്യയശാസ്ത്ര പ്രചാരണങ്ങളോ തീണ്ടാതെ, ദൈവമക്കൾ എന്ന നിലയിൽ പരസ്പരം സഹോദരങ്ങളെന്നു തിരിച്ചറിഞ്ഞ് നല്ല അയൽക്കാരാകാൻ നമുക്കു കഴിയട്ടെ.

**വിജിലന്റ് കാത്തലിക്**

*******

കെസിബിസി പ്രസ്താവന

## ദലിത് ക്രൈസ്തവർക്കുള്ള വിദ്യാഭ്യാസ സഹായം അട്ടിമറിക്കരുത്: കെസിബിസി

**കൊച്ചി :** ദലിത് ക്രൈസ്തവ (പരിവർത്തിത ക്രൈസ്തവ) വിദ്യാർത്ഥികൾക്കുള്ള നാമമാത്രമായ വിദ്യാഭ്യാസ സഹായം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കണമെന്ന് കെസിബിസി എസ്.സി.എസ്.റ്റി കമ്മിഷൻ ചെയർമാൻ സർക്കാരിനോട് ആവശ്യപ്പെട്ടു. ദലിത് ക്രൈസ്തവർ (പരിവർത്തിത ക്രൈസ്തവർ) തങ്ങളുടെ സഹോദരന്മാരായ പട്ടിക ജാതി-പട്ടികവർഗ്ഗക്കാരെപ്പോലെതന്നെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ- തൊഴിൽപരമായി വളരെ പിന്നോക്കമാണെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമിച്ചിട്ടുള്ള കമ്മീഷൻ റിപ്പോർട്ടുകളെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ദലിത് ക്രൈസ്തവർക്ക് ഒ.ഇ.സി. പദവി നല്കിയിട്ടുള്ളത് (അർഹതപ്പെട്ട മറ്റ് ജനവിഭാഗങ്ങൾ). ദീർഘകാലത്തെ ദലിത് ക്രൈസ്തവരുടെ സമരത്തിന്റെയും സമ്മർദ്ദത്തിന്റെയും നിവേദനത്തിന്റെയും ഫലമായി ലഭിച്ചിട്ടുള്ളതുമാണ് ഒ.ഇ.സി. പദവി. സൂചനാ കത്തിൽ മറ്റർഹ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജാതിക്കോളത്തിൽ ഒ.ബി.സി. എന്നു മാത്രമേ ചേർക്കാൻ പാടുള്ളു എന്ന ജോയിന്റ് കമ്മീഷണറുടെ കത്ത് എല്ലാ വിദ്യാഭ്യാസ ഉപജില്ലാ ഡയറക്ടർമാർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ ഓഫീസർമാർ നല്കിയിരിക്കുന്നു. ദളിത് ക്രൈസ്തവ (പരിവർത്തിത ക്രൈസ്തവരെ) വിദ്യാഭ്യാസ അനുകൂല്യത്തിന് ഒ.ഇ.സിയും, ഉദ്യോഗത്തിന് സംസ്ഥാന സർവ്വീസിൽ ഒ.എക്സും കേന്ദ്ര സർവ്വീസിൽ ക്രീമിലെയർ പരിധിയിൽ ഒ.ബി.സി. പട്ടികയിലുമാണ് ചേർത്തിട്ടുള്ളത്. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ ജാതി നോക്കിയാണ് ഒ.ഇ.സി, ഒ.എക്സ്, ഒ.ബി.സി എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്താൻ അർഹത നിശ്ചയിക്കുന്നത്. സംവരണത്തിന്റെ മാനദണ്ഡം ജാതിയാണ്, ഒ.ബി.സി. എന്നത് ജാതിയല്ല, ദലിത് ക്രൈസ്തവവിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ ജാതിക്കോളത്തിൽ അവരുടെ ജാതി (ചേരമർ, സാംബവർ, അയനവർ, ചക്രവർ, സിദ്ധനർ) ചേർത്താണ് എഴുതുന്നത്. ഒ.ഇ.സിയും ഒ.ബി.സിയും പല ജാതിയിൽ ഉൾപ്പെടുന്നതാണ്. ജാതിക്കോളത്തിൽ ഒ.ബി.സി. മാത്രമേ ചേർക്കാവൂ എന്ന് നിഷ്ക്കർഷിക്കുന്നത് നിലവിലുള്ളതും, ഭാവിയിലേയ്ക്കുള്ളതുമായ പഠന, ഉദ്യോഗ, സർക്കാർ അവകാശങ്ങൾക്ക് സർക്കാർ അധികാരികളുടെ സർട്ടിഫിക്കറ്റ് നല്കുന്നതിന് തടസ്സമുണ്ടാകും. ഇത് ഈ വിഭാഗങ്ങളുടെ പഠന, ഉദ്യോഗ, മറ്റിതര സർക്കാർ അവകാശങ്ങൾക്ക് തടസ്സമുണ്ടാക്കുന്നതിനും, ദ്രോഹിക്കുന്നതിനും മാത്രമേ സാധിക്കുകയുള്ളു. ആയതിനാൽ ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ ജാതിക്കോളത്തിൽ നിലവിലുള്ളതുപോലെ തന്നെ ജാതിപ്പേര് ചേർക്കുന്നതിന് നിർദ്ദേശം നല്കി. അതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് കമ്മീഷൻ ചെയർമാൻ ബിഷപ് ജേക്കബ് മുരിക്കൻ, വൈസ് ചെയർമാൻമാരായ സെൽവിസ്റ്റർ പൊന്നുമുത്തൻ, ബിഷപ് തിയോഡേഷ്യസ് എന്നിവരുടെ സംയുക്തപ്രസ്താവനയിൽ ആവശ്യപ്പെട്ടു. (16/7/2020)

# India: Christian Woman Killed, the Fifth Victim in Two Months




In the wake of the recent murder of a young Christian woman in Jharkhand, Bishop Binay Kandulana of Khunti appeals for religious tolerance, saying that “we have to respect all.’’

A Young woman, constantly harassed for her Christian faith, has been murdered by unknown assailants in Redhadi, a village in the Khunti district of Jharkhand. Suman Munda, a 25-year-old Christian, was discovered dead in a deserted place near her home on 19 July after a search by family relatives who had come to visit her but could not find her. This sad development makes Suman Munda the fifth victim in a disturbing trend of murders of Christians in India in the past two months. On 24 June, another Christian, Ramji Munds, 27, was killed on the outskirts of his village in Khunti district in Jharkhand, Eastern India.

Lamenting the situation, Bishop Binay Kandulna of Khunti said that ‘’it is a matter of serious concern because the state witnessed a Christian man killed only last month in the same district.’’ Local media reports indicate that the Police are questioning four suspects in connection with the murder.

**Christians worried**

According to a local pastor, Munda converted to Christianity about six years ago and had since then been continuously harassed by some radical Hindu nationalists for her decision. He pointed out that other Christians in that area are still faced with that challenge, ‘’We are scared and our prople are shattered,’’ the pastor said expressing his concerns. ‘’We have to respect all’’ Calling for religious tolerance, Bishop Kanduna said, ‘’Persons of faith are a creation of God and we have to respect all.’’

But, he pointed out, "some vested interest groups are trying to target minorities in the state to spread hatred among various faiths who are otherwise peace-loving people." "We condemn the killing and appeal to the administration to take strict action against the culprits," he said, adding that "it is very unfortunate that we have lost a precious life."

**Other victims**

Between 25 May and 10 July, four Christians - a man, a woman, a teenage boy and a pastor have been killed for their faith in the Asian country. The killings took place in Chhattisgarh, Jharkhand, Odisha, and Maharashtra. Persecution Relief, an ecumenical forum that supports persecuted Christians in India, recorded 527 cases of Christian persecution in 2019 compared to 447 in 2018, 440 in 2017, and 330 in 2016, with 293 cases in the first half of 2020. Between January 2016 and June 2020, therefore, there were 2,067 crimes inspired by religious intolerance against Christians in India. **(Vatican News, https: www.vaticannews.va/en/.)**

## പ്രതികരണം

മതസഹിഷ്ണുതയ്ക്ക് പേരുകേട്ട ഇന്ത്യയിൽ തികച്ചും ലജ്ജാകരമായ ക്രൈസ്തവ പീഡനം ഓരോ വർഷവും വർധിച്ചു വരുന്നത് വലിയ ആശങ്കയാണ് ഉളവാക്കുന്നത്. കഴിഞ്ഞവർഷം 527 ക്രൈസ്തവർ പീഡിപ്പിക്കപ്പെട്ടെങ്കിൽ ഈ വർഷത്തിൽ ആറുമാസത്തിനുള്ളിൽ 300 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. ക്രൈസ്തവർ മതപീഡനത്തിന് ഇരയാകുന്നതു വർധിച്ചു വരുമ്പോഴും ഇന്ത്യയിലെ മാധ്യമലോകം ഈ വാർത്തകളെ പൂർണമായും തമസ്കരിക്കുകയാണ്. ശബ്ദിക്കുന്നവരെ പലവിധത്തിൽ നിശബ്ദരാക്കുന്ന ഒരു മതാധിപത്യ ഭൂരിപക്ഷാധിപത്യ പ്രവണതയും ഇവിടെ വർദ്ധിച്ചുവരുന്നതായി സൂചിപ്പിക്കേണ്ടിയിരിക്കുന്നു. ഈ വിഷയം സഭാനേതൃത്വത്തിന്റെ ശ്രദ്ധയിലേക്കും പ്രതികരണത്തിലേക്കും കൂടുതലായി പ്രതിഫലിക്കേണ്ടതാണെന്ന് **കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ** വിലയിരുത്തുന്നു.



# ലൗജിഹാദ്: ക്രൈസ്തവസമൂഹം ശ്രദ്ധിക്കേണ്ട ചില യാഥാർത്ഥ്യങ്ങൾ



**നിഷ ജോസ് എം.എസ്.സി**
കൗൺസിലിംഗ് സൈക്കോളജിസ്റ്റ്

ഇന്ന് ഏറെ വിവാദങ്ങൾക്കും ആശയക്കുഴപ്പങ്ങൾക്കും കാരണമാകുന്ന ഒരു പദമാണല്ലോ ലൗജിഹാദ്. ലൗജിഹാദ് എന്നത് വെറും കെട്ടുകഥയാണെന്നും അവ സാധാരണ പ്രണയങ്ങൾ മാത്രമാണെന്നും വാദിക്കുന്ന ഏറെപ്പേർ ക്രൈസ്തവ സമൂഹത്തിൽ തന്നെയുണ്ട്. എന്നാൽ, വിഷയം ശരിയായി പഠിക്കാതെ, അനുമാനങ്ങൾ നടത്തുന്നവർക്കേ ലൗജിഹാദ് എന്ന യാഥാർത്ഥ്യത്തെയും അപകടത്തെയും നിഷേധിക്കാൻ കഴിയൂ എന്നതാണ് സത്യം. നേരിട്ട് ഇടപെട്ട ചില കേസുകളുടെ കൂടെ പശ്ചാത്തലത്തിലാണ് ഈ ലേഖനം ഇവിടെ കുറിക്കുന്നത്.

### 1. എന്താണ് ലൗജിഹാദ്?

തങ്ങളുടെ മതത്തിലെ ആളുകളുടെ എണ്ണം വർദ്ധിപ്പിക്കാനായി പ്രണയം നടിച്ചോ, പ്രണയിച്ചോ മറ്റു സമുദായങ്ങളിലെ പെൺകുട്ടികളെ മതംമാറ്റി ഇസ്ലാമാക്കുന്നതിനെയാണ് ലൗജിഹാദ് എന്ന് വിളിക്കുന്നത്. ചില പ്രണയങ്ങൾ തുടക്കം മുതൽ തന്നെ സംഘടിതമായി പ്ലാൻ ചെയ്ത് നടപ്പിലാക്കുന്നവയാണ്. വളരെ സാധാരണം എന്നു തോന്നിപ്പിക്കുന്ന പ്രണയങ്ങളും ഇക്കൂട്ടത്തിലുണ്ട്. പ്രണയം പുരോഗമിക്കുന്ന വിവിധ ഘട്ടങ്ങളിൽ സംഘടനകളുടെയും, വ്യക്തികളുടെയും, നിയമ രാഷ്ട്രീയ മേഖലകളിലുമുള്ളവരുടെയും സഹായവും സാമ്പത്തിക പിന്തുണയും ലഭിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ചുരുക്കത്തിൽ സംഘടിതമായി അല്ലാതെ ആരംഭിക്കുന്ന സാധാരണ പ്രണയങ്ങൾ പോലും പിന്നീട് സംഘടിത ശക്തികളുടെ പിൻബലത്തിലാണ് പുരോഗമിക്കുന്നത്.

### 2. എന്തുകൊണ്ട് സാധാരണ പ്രണയമല്ല എന്നു വാദിക്കുന്നു ?

ലൗജിഹാദ് സാധാരണ പ്രണയത്തിൽ നിന്ന് വ്യത്യസ്തമാണ് എന്ന് പറയുവാൻ പ്രധാന കാരണം ഇത്തരം കേസുകളിൽ എല്ലാം പൊതുവായി കാണപ്പെടുന്ന ചില പ്രത്യേക പാറ്റേണുകളാണ്.

**a.** മതേതരരായി അഭിനയിച്ചുകൊണ്ടായിരിക്കും മിക്കവാറും പ്രണയത്തിന്റെ തുടക്കം. നമുക്ക് രണ്ടുപേർക്കും മതം വേണ്ട, എന്നോ അവനവന്റെ മതത്തിൽ തന്നെ തുടരാമെന്നോ ആയിരിക്കും ആരംഭത്തിലുള്ള വാഗ്ദാനം. 'എനിക്ക് ക്രിസ്തുമതം ഇഷ്ടമാണ് ഞാൻ നിന്റെ മതം സ്വീകരിക്കാൻ ആഗ്രഹിക്കുന്നു' എന്ന് പറഞ്ഞു പ്രണയിച്ചു തുടങ്ങുകയും പിന്നീട്ഇസ്ലാമിക വിശ്വാസം അടിച്ചേല്പിക്കുകയും ചെയ്ത ഒരു സംഭവം ഓർമിക്കുന്നു.

**b.** പല സംഭവങ്ങളിലും കൂടെയുള്ള മുസ്ലിം പെൺകുട്ടികൾക്കാവും ഈ കൂട്ടിച്ചേർക്കൽ ദൗത്യം. പരിചയപ്പെടുത്താനും, നമ്പർ കൈമാറാനും, പിന്നീട് എല്ലാവിധ പ്രോൽസാഹനവും പിന്തുണയും നല്കാനും ഇവർ കൂടെയുണ്ടാകും.

**c.** വിശ്വാസ്യത നേടിയതിനുശേഷം ചതിയിൽ പെടുത്തിയോ അല്ലാതെയോ ഉള്ള ലൈംഗിക ചൂഷണം മിക്കവാറും സംഭവങ്ങളിൽ നടന്നിട്ടുള്ളതായി കാണാം.

**d.** വീഡിയോകളും ഫോട്ടോകളും കാണിച്ചും വീട്ടുകാരെയും പെൺകുട്ടിയെ തന്നെയും അപായപ്പെടുത്തും എന്നു പറഞ്ഞും ഭീഷണിയും ബ്ലാക്ക്മെയിലിങ്ങും നടത്തിയ അനുഭവങ്ങൾ പലതുണ്ട്.

**e.** ഇസ്ലാമിക വിശ്വാസവുമായി ബന്ധപ്പെട്ട വീഡിയോകളോ ലഘുലേഖകളോ തുടങ്ങിയവ ഫോണിലൂടെയോ നേരിട്ടോ കൈമാറുക, ഫോണിൽ ഖുർആൻ ഇൻസ്റ്റാൾ ചെയ്തു കൊടുക്കുക, ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചും ബൈബിളിനെക്കുറിച്ചും സംശയങ്ങളും ആശയക്കുഴപ്പങ്ങളും ജനിപ്പിക്കുക, ക്രൈസ്തവ സഭകളിലെ കുറവുകൾ മാത്രം എടുത്തു കാണിച്ചും ഇസ്ലാമിന്റെ നന്മകൾ പുകഴ്ത്തിയും ഇസ്ലാം മാത്രമാണ് ഏറ്റവും ശ്രേഷ്ഠം എന്ന ചിന്തയും ബോധ്യവും കുത്തിവെക്കുക, മെല്ലെ ഇസ്ലാമിക ആചാരങ്ങളും അനുഷ്ഠാനങ്ങളും പിൻതുടരുവാൻ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുക തുടങ്ങിയവ പതിവാണ്.

ഈ ഘട്ടം മുതൽ പെൺകുട്ടികൾ മെല്ലെ വ്യക്തിപരമായ പ്രാർത്ഥന, കുടുംബപ്രാർത്ഥന, കൂദാശകൾ എന്നിവയിൽ നിന്നൊക്കെ അകന്നു തുടങ്ങും.

കേരളത്തിനു വെളിയിൽ പഠിച്ചുകൊണ്ടിരുന്ന ഉന്നത വിദ്യാഭ്യാസമുള്ള, റാങ്ക് ജേതാവായിരുന്ന പെൺകുട്ടി പത്താം ക്ലാസ് വിദ്യാഭ്യാസം മാത്രമുള്ള യുവാവിന്റെ കൂടെ ഒളിച്ചോടിയ സംഭവം അടുത്ത് മനസ്സിലാക്കുവാൻ ഇടയായിട്ടുണ്ട്. പ്ലസ് ടു-വിൽ പഠിക്കുമ്പോൾ തുടങ്ങിയ ബന്ധമായിരുന്നു അത്. ഒന്നര വർഷം മുൻപ് മുതൽ അവൾ ഹോസ്റ്റലിൽ സായാഹ്ന പ്രാർത്ഥനകളിൽ നിന്നും വിശുദ്ധ കുർബാനയിൽ നിന്നും ഒഴിഞ്ഞു മാറിയിരുന്നു. വീട്ടിൽ വരുമ്പോൾ ബൈബിൾ വായിക്കാനും സന്ധ്യാ പ്രാർത്ഥനയിൽ പങ്കെടുക്കുവാനും അവൾ മടി കാണിച്ചിരുന്നു. പക്ഷേ ഹോസ്റ്റൽ വാർഡൻ ആയിരുന്ന സിസ്റ്ററിനോ മാതാപിതാക്കൾക്കോ അവളുടെ മാറ്റങ്ങൾക്ക് പിന്നിലുണ്ടായിരുന്നു യഥാർത്ഥ കാരണം കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.

നഴ്സിങ് മൂന്നാംവർഷ വിദ്യാർഥിനിയായിരുന്ന മറ്റൊരു പെൺകുട്ടി പഠനത്തിന്റെ രണ്ടാം വർഷത്തിലേക്ക് കയറിയപ്പോൾ മുതൽ വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും പല മാറ്റങ്ങളും കാണിച്ചു തുടങ്ങി. കൈ നീളമുള്ള ചുരിദാറുകൾ മാത്രം തയ്പ്പിക്കുവാനും ധരിക്കുവാനും തുടങ്ങി. വെയിലുകൊണ്ട് കൈ കറുത്തു പോകുന്നു എന്നതാണ് വീട്ടുകാരോട് അവൾ പറഞ്ഞ കാരണം. അവർക്ക് അതിൽ സംശയമോ അസ്വഭാവികതയോ തോന്നിയതുമില്ല. മെല്ലെ അവൾ കൊന്ത ഊരി വയ്ക്കുകയും, പൊട്ടു തൊടുന്ന ശീലം ഉപേക്ഷിക്കുകയും ചെയ്തു. കൊന്ത മുടിയിൽ ചുറ്റി പിടിക്കുന്നു എന്നതായിരുന്നു അത് ഉപേക്ഷിച്ചപ്പോൾ നല്കിയ വിശദീകരണം. ആ വർഷത്തിനൊടുവിലാണ് മാതാപിതാക്കൾ തിരിച്ചറിയുന്നത്, മകൾ കൂടെ പഠിച്ചിരുന്ന മുസ്ലിം യുവാവുമായി പ്രണയത്തിലാണെന്നും വിശ്വാസത്തിൽ നിന്ന് അവൾ ഏറെ അകന്നു പോയിരിക്കുന്നു എന്നും.

ഇത്തരത്തിൽ വിശ്വാസത്തിന്റെ തലത്തിലുള്ള ബ്രെയിൻ വാഷിംഗ്, പ്രണയത്തിൽ വീഴുന്നതിനു മുൻപും നടത്തപ്പെടാറുണ്ട്. കൂട്ടുകാരികൾ ആയ മുസ്ലിം പെൺകുട്ടികളും ഇതിന് ഉപകരണങ്ങളാകാറുണ്ട് എന്ന് മുൻപ് സൂചിപ്പിച്ചുവല്ലോ. എറണാകുളം ജില്ലയിലെ ഒരു പ്രശസ്തമായ കോളേജിൽ ഡിഗ്രി വിദ്യാർത്ഥിയായിരുന്ന ഹൈന്ദവ പെൺകുട്ടി ഇത്തരത്തിൽ കൂട്ടുകാരികളുടെ നിരന്തരമായ ബ്രെയിൻ വാഷിംഗ് മൂലം രഹസ്യമായി മതം മാറാൻ തീരുമാനിച്ചു. വീട്ടുകാർ പോലും അറിയാതെ ഇസ്ലാം മത പഠന കേന്ദ്രത്തിലേക്ക് പോകാൻ എല്ലാ ഒരുക്കങ്ങളും കൂട്ടുകാരികൾ ചെയ്തുകൊടുത്തു. പോകുന്നതിന്റെ തലേ ദിവസം, മറ്റൊരു ഉറ്റ സുഹൃത്തായിരുന്ന ക്രിസ്ത്യൻ പെൺകുട്ടിയോട് രഹസ്യം വെളിപ്പെടുത്തുകയും അവൾ വഴി മാതാപിതാക്കൾ വിവരമറിഞ്ഞ് തക്കസമയത്ത് പെൺകുട്ടിയെ തടയുകയും ചെയ്ത സംഭവം നടന്നിട്ട് അധികം നാളുകളായിട്ടില്ല.

**f.** മിക്കപ്പോഴും വീട്ടുകാർ പോലും അറിയാതെ രജിസ്റ്റർ വിവാഹമോ മതപരമായ വിവാഹമോ നടക്കും.

**g.** ഏതെങ്കിലും മതപഠന കേന്ദ്രത്തിലേക്ക് മാറ്റുക എന്നതാണ് അടുത്ത സ്റ്റെപ്പ്. ഈ അവസരത്തിൽ മതം മാറാൻ താല്പര്യമില്ല എന്ന് പറഞ്ഞു തിരിച്ചു പോന്ന ചുരുക്കം ചില യുവതികളും നമ്മുടെ ഇടയിൽ ഉണ്ട്. ഇനി നിവൃത്തിയില്ല അതുകൊണ്ട് ഞാനിവിടെ തുടരുന്നു എന്നുപറഞ്ഞ് ഭീഷണിയെ ഭയന്ന് തിരിച്ചു വരാതിരുന്ന മക്കളെ കുറിച്ച് ചില മാതാപിതാക്കൾ പറയുകയുണ്ടായി.

**h.** മത പഠനത്തിനുശേഷം, ചിലരെ, പ്രണയിച്ച യുവാവിനു പകരം മറ്റാരെങ്കിലും വിവാഹം കഴിക്കുന്ന സംഭവത്തിനും, ഭീകര പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിനും കേരളം ദൃക്സാക്ഷിയായതാണ്. ചിലർ വിവാഹശേഷം പീഡനങ്ങൾ മടുത്ത് വീടുകളിലേക്ക് തിരിച്ചു പോന്നിട്ടുണ്ട്. ആത്മഹത്യ ചെയ്തവരും ദുരൂഹമരണം സംഭവിച്ചവരുമുണ്ട്.

## *3. കാരണങ്ങളും ചില നിർദ്ദേശങ്ങളും*

### 1. പ്രായത്തിന്റെ പ്രത്യേകതകൾ

ഭൂരിപക്ഷം പെൺകുട്ടികളും ലവ് ജിഹാദിന്റെ വലയിൽ പെട്ടിരിക്കുന്നത് കൗമാരപ്രായത്തിലാണ്. ഈ പ്രായത്തിന്റെ പ്രത്യേകതകളെക്കുറിച്ചും പ്രണയത്തിന്റെ സാധ്യതകളെക്കുറിച്ചും നമുക്കറിയാം. ഇവിടെ വളരെയധികം ശ്രദ്ധിക്കേണ്ടത് ശരിയായി വികാരങ്ങളെ കൈകാര്യം ചെയ്യേണ്ടതെങ്ങനെയാണെന്ന് കുട്ടികളെ പരിശീലിപ്പിക്കുന്നതിനാണ്. ഒപ്പം ഇത്തരം വലകളിൽ വീണുപോകുന്ന പെൺകുട്ടികളോട് അനുഭാവം കാണിക്കുകയെന്നതും പ്രധാനമാണ്. ചിലപ്പോഴെങ്കിലും തെറ്റ് പറ്റുന്നവരെ വിധിക്കുകയും പരിഹസിക്കുകയും അവരുടെ വീട്ടുകാരെയടക്കം ഒറ്റപ്പെടുത്തുകയും ചെയ്യുന്ന പ്രവണത ഒരുപക്ഷേ നമ്മുടെ സമുദായത്തിൽ കൂടുതലാണ് എന്നു തന്നെ പറയാം. പെൺകുട്ടികൾ ശരിയല്ലാത്തതു കൊണ്ടാണ്, അല്ലെങ്കിൽ അവരുടെ മാതാപിതാക്കൾ ശരിയല്ലാത്തതു കൊണ്ടാണ് എന്നൊക്കെയുള്ള വിലയിരുത്തലുകളും മുഖം തിരിക്കലുകളും ക്രിസ്തീയമല്ല. ഇടറി പോകുന്നവരെയും വീണുപോയവരെയും കരുണയോടെ എഴുന്നേല്പ്പിക്കുവാനും ബലപ്പെടുത്തുവാനുമുള്ള ചുമതല ഓരോ ക്രൈസ്തവനുമുണ്ട്.

### 2. മൂല്യബോധം

വിശ്വാസം ഉപേക്ഷിച്ച് മുസ്ലിം യുവാവിനൊപ്പം പോകാനുറച്ചിരുന്ന ഒരു പെൺകുട്ടിയോട് സംസാരിക്കുമ്പോൾ അവൾ പറഞ്ഞതിങ്ങനെയായിരുന്നു: 'ചിലർ പറയുന്നു ഇത് തെറ്റാണെന്ന്, മറ്റു ചിലർ പറയുന്നു ഇതാണ് ശരിയെന്ന്. അതുകൊണ്ട് ഞാനിപ്പോൾ ചെറിയൊരു കൺഫ്യൂഷനിലാണ്. സത്യത്തിൽ എനിക്കല്ലേ അറിയൂ എനിക്ക് എന്താണ് വേണ്ടതെന്ന്. ഞാനല്ലേ എന്റെ തെറ്റും ശരിയും നിശ്ചയിക്കേണ്ടത്.'

തെറ്റും ശരിയും ആപേക്ഷികമാണെന്നും വ്യക്തിഗതം ആണെന്നും മറ്റുള്ളവർക്ക് ഉപദ്രവകരമാകാത്ത സന്തോഷങ്ങൾ എല്ലാം ശരിയാണെന്നുമുള്ള ചിന്താഗതി ഇന്നത്തെ യുവതലമുറയിൽ വർദ്ധിച്ചു വരുന്ന ഒന്നാണ്. ക്രൈസ്തവ ധാർമികത എങ്ങനെ ലോകത്തിന്റെ ധാർമികതയിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നു എന്നും അതിന്റെ അടിസ്ഥാനമെന്താണെന്നും തെറ്റും ശരിയും നിർവചിക്കാൻ ഒരു ക്രൈസ്തവ വിശ്വാസി ഉപയോഗിക്കേണ്ട മാനദണ്ഡം ഏത് എന്നും ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന മൂല്യാധിഷ്ഠിത പാഠ്യ പരിശീലന പദ്ധതികൾ കാലഘട്ടത്തിന്റെ ആവശ്യമാണ്.

### 3. മതബോധന പരിശീലനത്തിലെ ന്യൂനതകൾ

വിശ്വാസസത്യങ്ങളെക്കുറിച്ചും മതത്തെക്കുറിച്ചും ശരിയായ അറിവില്ലായ്മ ഇത്തരക്കാരുടെ ചോദ്യങ്ങൾക്കും ആശയങ്ങൾക്കും മുൻപിൽ നമ്മുടെ കുട്ടികൾ പതറിപ്പോകാൻ ഇടയാക്കുന്നു.

ക്രിസ്തുവിനെയും വിശുദ്ധഗ്രന്ഥത്തെയും സഭയെയും കുറിച്ച് ശരിയായ, ആഴത്തിലുള്ള അറിവും ബോധ്യങ്ങളും നമ്മുടെ കുട്ടികളിൽ എത്രമാത്രം




രൂപപ്പെടുന്നുണ്ട് എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വിശ്വാസം എന്നത് വൈകാരിക തലത്തിലും ആചാരങ്ങളിലും മാത്രമൊതുങ്ങുന്ന അവസ്ഥയിൽ നിന്ന് ആഴത്തിലുള്ള അറിവിലേക്കും ബോധ്യങ്ങളിലേക്കും കൂടി വളരേണ്ടിയിരിക്കുന്നു. സഭയെക്കുറിച്ച് വലിയ തോതിൽ നെഗറ്റിവ് ആയ പ്രചാരണങ്ങൾ മാധ്യമങ്ങളിലൂടെയും അല്ലാതെയും നടക്കുമ്പോൾ, താൻ അംഗമായിരിക്കുന്ന സഭയെക്കുറിച്ചും സ്വന്തം വിശ്വാസത്തെക്കുറിച്ചും അഭിമാനം തോന്നത്തക്ക വിധത്തിൽ സഭയുടെ നേട്ടങ്ങളും ലോകത്തിനു മുഴുവൻ സഭ നല്കിയിട്ടുള്ള സംഭാവനകളും അവർ അറിയേണ്ടിയിരിക്കുന്നു. യേശുവിന്റെ ദൈവത്വം, പരിശുദ്ധത്രീത്വം, യേശു ഏക രക്ഷകൻ തുടങ്ങി അടിസ്ഥാന വിശ്വാസങ്ങളിൽ മറ്റുള്ളവരുടെ ചോദ്യങ്ങളെയും സംശയങ്ങളെയും നേരിടാൻ തക്ക വിധത്തിൽ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു.

**4. കുടുംബപശ്ചാത്തലം**

എല്ലാത്തരം കുടുംബ പശ്ചാത്തലങ്ങളിൽ നിന്നുമുള്ള കുട്ടികൾ കെണിയിൽ പെടുന്നുണ്ട് എന്നതാണ് വാസ്തവം. ഉയർന്ന സാമ്പത്തികവും വിദ്യാഭ്യാസവും ഉള്ളതും വിശ്വാസവും, സമാധാനവും നിറഞ്ഞതുമായ കുടുംബാന്തരീക്ഷങ്ങളിൽ നിന്നു പോലും പെൺകുട്ടികൾ ഇത്തരം വലകളിൽ പെടുന്നുണ്ട് എങ്കിലും, മറ്റു ചില സാഹചര്യങ്ങൾ കൂടുതലായി ഇതിന് കാരണമാകുന്നു എന്ന് നിരീക്ഷിച്ചിട്ടുണ്ട്. മാതാപിതാക്കളിൽ ഒരാൾ മാത്രം (single parenting)ഉള്ള കുടുംബങ്ങൾ, വീട്ടിൽ അസമാധാനവും വഴക്കുകളും മൂലം കുട്ടികൾക്ക് വേണ്ടത്ര സ്നേഹവും സുരക്ഷിതത്വവും കിട്ടാത്ത കുടുംബങ്ങൾ, ഏതെങ്കിലും കാരണങ്ങളാൽ വിശ്വാസ സമൂഹത്തിൽ നിന്ന് അകന്നു കഴിയുന്ന കുടുംബങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ. ഇത്തരത്തിലുള്ള പശ്ചാത്തലങ്ങളിൽ നിന്നും വരുന്ന കുട്ടികളെ അവരുടെ ബലഹീനതകൾ മനസ്സിലാക്കി മുതലെടുക്കുവാൻ ഇത്തരക്കാർക്ക് എളുപ്പമാണ്. വീട്ടിലെ സാഹചര്യങ്ങളാൽ വൈകാരിക അരക്ഷിതത്വം അനുഭവിക്കുന്നവരും സ്നേഹത്തിനായി കൊതിക്കുന്നവരും ഇത്തരം വലകളിൽ എളുപ്പത്തിൽ പെട്ട് പോകുന്നത് സ്വഭാവികം. സാമ്പത്തിക സഹായങ്ങളും എല്ലാ വിധത്തിലുള്ള കരുതലും നല്കി ഇത്തരം കുട്ടികളെ കെണിയിൽപ്പെടുത്താൻ ഏറെ എളുപ്പമാണ്. ഇവിടെയാണ് നമ്മുടെ ഇടവകകളും കൂട്ടായ്മകളും പ്രത്യേകം കരുതുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ടത്. നമ്മുടെ ഇടവകയിലോ കൂട്ടായ്മയിലോ ഏതെങ്കിലും സാഹചര്യങ്ങളാൽ ഒറ്റപ്പെട്ടും തകർന്നും കഴിയുന്ന കുടുംബങ്ങളെ പ്രത്യേകമായി കരുതുവാനും സഹായിക്കുവാനും നമുക്ക് കഴിയണം. ഏതെങ്കിലും വിധത്തിൽ തകർന്ന കുടുംബ പശ്ചാത്തലത്തിൽ നിന്നുമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണയും സഹായവും സ്നേഹവും നല്കാൻ വികാരിയച്ചനും സിസ്റ്റേഴ്സും മാതാധ്യാപകരുമടക്കമുള്ള ഇടവകാ സമൂഹം പ്രത്യേകം ശ്രദ്ധിക്കണം. വീണു പോയവരെ വിധിക്കുന്നതിനേക്കാൾ വീഴാൻ സാധ്യതയുള്ള വരെ താങ്ങുന്നത് ആണല്ലോ ശരിയായ വഴി.

**5. മുൻഗണനകൾ**

ആത്മീയ കാര്യങ്ങൾക്ക് ഭൗതിക കാര്യങ്ങളേക്കാൾ കുറഞ്ഞ പ്രാധാന്യം മാത്രം നല്കുകയും, പഠനം, ജോലി, സമ്പത്ത് എന്നിവയ്ക്ക് പ്രാഥമിക പരിഗണന നല്കുകയും ചെയ്യുന്ന സമുദായം തീർച്ചയായും ഇത്തരം ദുരന്തങ്ങൾ നേരിടുക തന്നെ ചെയ്യും. ഭക്തിയും വിശ്വാസവും എല്ലാം ഭൗതികജീവിതം സുരക്ഷിതമാക്കാനും നേട്ടങ്ങൾ ഉണ്ടാക്കുവാനും മാത്രമാണ് എന്ന് ചിന്തിക്കുന്ന തലത്തിലാണ് ഇന്നിന്റെ പല പ്രബോധനങ്ങളും പ്രാർത്ഥനാ രീതികളും. ഭൗതിക നേട്ടങ്ങൾ ആവശ്യമാണെന്നിരിക്കിലും അവക്കുമപ്പുറം പ്രാധാന്യമർഹിക്കുന്ന ആത്മീയ ലക്ഷ്യങ്ങളെ മുന്നിൽ കാണുന്ന ഒരു ജനമായി നമ്മുടെ യുവതലമുറയെ രൂപപ്പെടുത്തേണ്ടത് ഏറ്റവും അത്യാവശ്യമാണ്. ഇല്ലെങ്കിൽ വിശ്വാസം ത്യജിക്കുന്നതോ പ്രണയത്തിനായി മതം മാറുന്നതോ ഒന്നും വലിയ പ്രശ്നമായി അവർക്ക് തോന്നുകയില്ല.

**6. കൂട്ടായ്മകൾ സജീവമാക്കുക**

ക്രൈസ്തവ ആധ്യാത്മികതയുടെ സാരാംശം സ്നേഹവും പങ്കുവെക്കലും ആണെങ്കിലും അത് എവിടെയൊക്കെയോ നമുക്ക് നഷ്ടപ്പെടുന്നതാണ് നമ്മുടെ കുഞ്ഞുങ്ങളെ ചെന്നായ്ക്കൾ പിടികൂടാൻ കാരണമെന്ന് ചിന്തിക്കാറുണ്ട്. 'ഭീകരപ്രവർത്തനങ്ങളും അതുപോലെയുള്ള ചില കാര്യങ്ങളും ഇല്ലായിരുന്നെങ്കിൽ ഞാൻ ഒരു മുസ്ലിം ആയേനെ. കാരണം അവർക്ക് പരസ്പരമുള്ള സഹകരണവും സ്നേഹവും എന്നെ ആകർഷിക്കാറുണ്ട്' എന്ന് പറഞ്ഞ സുഹൃത്തിനെ ഓർമ്മിക്കുന്നു. മതിൽക്കെട്ടുകളുടെയും സമ്പത്തിന്റെയും സുരക്ഷിതത്വത്തിന്റെയുമുള്ളിൽ ഒതുങ്ങാനും, അപരന്റെ ജീവിതത്തിലേക്ക് കഴിയുന്നതും കടന്നുചെല്ലാതിരിക്കുവാനും ശ്രമിക്കുന്ന, സ്വാർത്ഥവും അക്രൈസ്തവമായ ഒരു സംസ്കാരം അർബുദം പോലെ നമ്മുടെ സമുദായത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്നു. വളർന്നു വരുന്ന തലമുറകൾക്ക് എന്റെ ഇടവക, എന്റെ സഭ, എന്റെ വിശ്വാസം എന്ന ഒരു വികാരവും കൂട്ടായ്മയിലുള്ള മതിപ്പും ഉണ്ടാക്കുന്ന രീതിയിൽ നമ്മളെന്ന് മതിൽക്കെട്ടുകൾക്ക് പുറത്തേക്കു വരികയും പരസ്പര സഹകരണവും സ്നേഹവും വീണ്ടെടുക്കുകയും ചെയ്യുന്നുവോ അന്നേ നമുക്ക് നമ്മുടെ യുവജനങ്ങളുടെ വിശ്വാസത്യാഗവും തകർച്ചകളും തടയുവാൻ കഴിയൂ എന്നതാണ് സത്യം.

**7. സംഘടനകളുടെ ശക്തിപ്പെടുത്തൽ**

കൂട്ടായ്മകൾ ബലപ്പെടുത്തുവാൻ പ്രധാനമായി

ചെയ്യേണ്ട ഒരു കാര്യമാണ് സംഘടനകളുടെ ശാക്തീകരണം. ചെറിയ പ്രായം മുതൽ ഇടവക കൂട്ടായ്മയോട് കഴിയുന്നതും ചേർന്ന് നില്ക്കുവാനും സംഘടനകളിൽ സജീവമായി പ്രവർത്തിക്കുവാനും കുട്ടികളെ പ്രോൽസാഹിപ്പിക്കുന്നതു വഴി സമുദായത്തിനുള്ളിൽ തന്നെ നല്ല സുഹൃദ് ബന്ധങ്ങളും കൂട്ടുകെട്ടുകളും രൂപപ്പെടുത്താൻ സാധിക്കും. ഇത് പുറമെ നിന്നുള്ള peer Pressureനെ പ്രതിരോധിക്കാനും സഹായിക്കും. സ്വന്തം ഇടവകക്കൂട്ടായ്മകളിൽ സജീവമായി ചേർന്ന് നില്ക്കുന്നവർ പഠനത്തിനോ ജോലിക്കോ ആയി പുറം നാടുകളിൽ പോയാൽ അവിടെയും ഇടവകക്കൂട്ടായ്മകളോട് ചേർന്ന് നില്ക്കാൻ സാധ്യത കൂടുതലാണ്. ഇത് വഴിതെറ്റുവാനുള്ള സാധ്യതകളും സാഹചര്യങ്ങളും കുറയ്ക്കും. അതിനേറ്റവും നല്ല മാർഗ്ഗം സംഘടനാ പ്രവർത്തനങ്ങളാണ്.

### *ഉപസംഹാരം*

മേൽപ്പറഞ്ഞവയ്ക്കൊപ്പം തങ്ങളുടെ ചുറ്റും വിരിയ്ക്കപ്പെട്ടിരിക്കുന്ന വലകളെക്കുറിച്ചും ഒരുക്കപ്പെട്ടിരിക്കുന്ന ചതിക്കുഴികളെക്കുറിച്ചും ശക്തമായ ബോധവത്ക്കരണം ഏറ്റവും അവശ്യവും അനിവാര്യവുമാണ്. ഒരു കുട്ടി അല്ലെങ്കിൽ കുടുംബം ഇത്തരത്തിലൊരു പ്രതിസന്ധി നേരിടുമ്പോൾ അവരെ കുറ്റപ്പെടുത്താതെ സമുദായം ഒരുമിച്ച് നിന്ന് പിന്തുണയ്ക്കുകയും എല്ലാവിധ സഹായങ്ങളും നല്കുകയും വേണം. ആൺ കുട്ടികളെയും യുവാക്കളെയും കൂടുതൽ ശാക്തീകരിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. നമ്മൾ സുരക്ഷിതരാണ് എന്ന മൗഢ്യത്തിൽ നിന്നുണർന്ന് ജാഗ്രതയും തീക്ഷണതയുമുള്ള ഒരു സമൂഹമായി നമുക്ക് മാറാൻ കഴിയട്ടെ.

*******

കെസിബിസി പ്രസ്താവന

# കർഷകർ ശത്രുക്കളല്ല!

## മത്തായിയുടെ കുടുംബത്തിന് നീതി ലഭിക്കണം: കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

**കൊച്ചി:** പൗരന്മാരുടെ സംരക്ഷണത്തിനും നാടിന്റെ സുരക്ഷിതത്വത്തിനും വേണ്ടി നിലകൊള്ളേണ്ട ഫോറസ്റ്റ്-പോലീസ് സേനാംഗങ്ങൾ നാടിനും പൗരന്മാർക്കും ദ്രോഹികളായി മാറുന്നത് അങ്ങേയറ്റം അപലപനീയമാണ്. കർഷകനായ ചിറ്റാർ കുടപ്പനക്കുളം പടിഞ്ഞാറേചരുവിൽ പിപി മത്തായിയുടെ ദാരുണമായ അന്ത്യവും, പതിനാലു ദിവസങ്ങൾക്ക് ശേഷവും ശരിയായ നടപടികൾ സ്വീകരിക്കപ്പെടാതെ തുടരുന്ന സാഹചര്യവും കേരളത്തിനുതന്നെ നാണക്കേടാണ്. ഒൻപതു പേരടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമായ മത്തായിയെ കസ്റ്റഡിയിലെടുക്കാനും മരണത്തിന് വിട്ടുകൊടുക്കാനും ഇടയാക്കിയ പശ്ചാത്തലത്തെക്കുറിച്ച് ഫോറസ്റ്റ് അധികൃതർ ഇതുവരെയും പറഞ്ഞ വിശദീകരണങ്ങളൊന്നും മുഖവിലയ്ക്കെടുക്കാൻ കഴിയുന്നതല്ല. ഇതേ കാരണത്താൽ രണ്ട് വനപാലകരെ സസ്പെൻഡ് ചെയ്യുകയും അഞ്ചുപേരെ സ്ഥലമാറ്റുകയും മാത്രമാണ് ചെയ്തിട്ടുള്ളത്.

വനംവകുപ്പ് സ്ഥാപിച്ച ക്യാമറയിലെ മെമ്മറികാർഡ് എടുത്തു എന്ന ആരോപണം ഉന്നയിച്ച് കഴിഞ്ഞ മാസം ഇരുപത്തെട്ടിന് വനംവകുപ്പ് ഉദ്യോഗസ്ഥർ വീട്ടിൽ നിന്നും കസ്റ്റഡിയിലെടുത്ത മത്തായി പിന്നീട് ഏഴു കിലോമീറ്റർ അകലെയുള്ള തന്റെ കൃഷിയിടത്തിനു സമീപമുള്ള കിണറ്റിൽ മരിച്ച നിലയിൽ കാണപ്പെടുകയായിരുന്നു. കുറ്റവാളികളെന്ന് സംശയിക്കുന്നെങ്കിലും മരണത്തിന് കാരണക്കാരായ വനംവകുപ്പ് ഉദ്യോഗസ്ഥരെ രക്ഷപെടുത്താൻ ഉദ്യോഗസ്ഥ തലങ്ങളിൽ പരിശ്രമങ്ങൾ നടക്കുന്നതായി വ്യക്തമായതിനെത്തുടർന്ന് നീതിലഭിക്കുന്നതുവരെ മത്തായിയുടെ മൃതസംസ്കാരം നടത്തുകയില്ല എന്ന് തീരുമാനിച്ച വീട്ടുകാർക്കൊപ്പം കേരള ജനത ഒറ്റക്കെട്ടായി നില്ക്കുന്നതാണ്.

സാധാരണക്കാരായ കർഷകർ വനപരിപാലനത്തിന്റെ പേരിൽ ഇന്ന് അഭിമുഖീകരിക്കുന്ന നിരവധി പീഡനങ്ങൾക്ക് ഉദാഹരണം കൂടിയാണ് മത്തായിയുടെ മരണം. വനം പരിപാലിക്കപ്പെടുക തന്നെ വേണം എന്നതിൽ സംശയമില്ല. എന്നാൽ, മനുഷ്യജീവനും അവന്റെ സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട ഉത്തരവാദിത്തമാണ് സർക്കാരിനും ഉദ്യോഗസ്ഥർക്കും പ്രാഥമികമായുള്ളത്.

മത്തായിയുടെ മരണവുമായി ബന്ധപ്പെട്ട് സംഭവിച്ചവയുടെ വാസ്തവങ്ങൾ പുറത്തുവരുന്നതോടൊപ്പം കുറ്റവാളികളായ വനം വകുപ്പ് ഉദ്യോഗസ്ഥരും, അവരെ വഴിവിട്ട് സഹായിക്കാൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥരും മാതൃകാപരമായി ശിക്ഷിക്കപ്പെടുകയും വേണം. കർഷകർക്കും സാധാരണക്കാർക്കും എതിരെയുള്ള അനീതികൾ വനം വകുപ്പ്- പോലീസ് അധികൃതരിൽ നിന്ന് പതിവായ സാഹചര്യത്തിൽ ഇത്തരമൊരു സംഭവം ഇനി ആവർത്തിക്കുകയില്ല എന്ന ഉറപ്പും കേരളസമൂഹത്തിന് ലഭിക്കേണ്ടതുണ്ട്. ഈ സംഭവത്തിൽ കേരളകത്തോലിക്കാ സഭയുടെ പ്രതിഷേധം അറിയിക്കുന്നതോടൊപ്പം അന്തരിച്ച മത്തായിയുടെ കുടുംബത്തിന് ഐക്യദാർഢ്യം അറിയിക്കുകയും ചെയ്യുന്നു. (10.8.2020)

പ്രതികരണം

# ഐഎസ് മതവിരുദ്ധ പ്രസ്ഥാനമോ?



കേരളത്തിലെയും കർണ്ണാടകയിലെയും ഐഎസ് സാന്നിധ്യവുമായി ബന്ധപ്പെട്ട് മുന്നറിയിപ്പ് നല്കുന്ന ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ട് ആധാരമാക്കി മലയാളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ സഗൗരവം ഈ വിഷയം കൈകാര്യം ചെയ്യുന്നത് മതേതര സമൂഹത്തിന് ഏറെ ആശ്വാസപ്രദമാണ്. മുൻകാലങ്ങളിൽ രഹസ്യാന്വേഷണ ഏജൻസികൾ ഉൾപ്പെടെ സൂചിപ്പിക്കുകയുണ്ടായിട്ടുള്ളതാണെങ്കിലും വേണ്ടത്ര പ്രാധാന്യത്തോടെ ഇക്കാര്യം ചർച്ച ചെയ്യപ്പെട്ടിരുന്നില്ല എന്നുള്ളതാണ് വാസ്തവം. ഈ വിഷയം സംബന്ധിച്ച് മുമ്പും വാർത്തകൾ നൽകിയിരുന്ന മാതൃഭൂമി മുഖപ്രസംഗം (27 ജൂലായ്) എഴുതാൻ കാണിച്ച ആർജ്ജവവും അഭിനന്ദനീയമാണ്. എന്നാൽ, ഐഎസ് എന്നത് ഒരു മതവിരുദ്ധ പ്രസ്ഥാനമാണ് എന്നും, അവർക്ക് ആ പേരിലെ മതനാമവുമായോ മതത്തിന്റെ ആശയസംഹിതയുമായോ ബന്ധമേയില്ല എന്നുമുള്ള പ്രസ്താവനകൾ അനാവശ്യമായിരുന്നു എന്ന് പറയാതെവയ്യ. ഇതേ മതാശയത്തെ അടിസ്ഥാനപ്പെടുത്തിയാണല്ലോ അൽ ക്വെയ്ദ, ബൊക്കോ ഹറാം, താലിബാൻ, ലഷ്കർ ഇ തൊയ്ബ തുടങ്ങി മുന്നൂറിൽ പരം അറിയപ്പെടുന്ന ഭീകര സംഘടനകൾ ലോകമെമ്പാടുമായി നിലവിലുള്ളത്. മറ്റുമതസ്ഥരെ, പ്രത്യേകിച്ച് ക്രൈസ്തവരെ കൊന്നൊടുക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നത് ഐഎസ് ഭീകരരെ പോലെതന്നെ തക്ബീർ മുഴക്കിയാണ് എന്നതെങ്കിലും മാതൃഭൂമി പരിഗണിക്കേണ്ടിയിരുന്നതല്ലേ?

ചെറുതും വലുതുമായ ഇത്തരം സംഘടനകളെല്ലാം തമ്മിലുള്ള പ്രധാന സാമ്യം ഇസ്ലാമിക മതഗ്രന്ഥത്തെ പൂർണ്ണമായും ആശ്രയിച്ചുള്ള ആശയസംഹിതകളാണ്. അതിനാൽ ത്തന്നെ മതവുമായി ഇവയ്ക്ക് ബന്ധമില്ല എന്ന വാദം യുക്തിരഹിതമാണ്. ഇത്തരം സംഘടന കൾ തമ്മിലുള്ള അന്തർധാരകൾക്കും അവർ യോജിച്ചുള്ള തീവ്രവാദപ്രവർത്തനങ്ങൾക്കും തെളിവാണ് കേരളത്തിൽ കാര്യമായ ഐഎസ് സാന്നിധ്യമുണ്ടെന്നുള്ള റിപ്പോർട്ടുകൾ. തീവ്രസ്വഭാവമുള്ള ഇസ്ലാമിക സംഘടനകളുടെ നയങ്ങളോടും നിലപാടുകളോടും യോജിച്ചു പ്രവർത്തിക്കാൻ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തന്നെയും സന്നദ്ധത പ്രകടിപ്പിക്കുന്ന അന്തരീക്ഷമാണ് ഇന്ന് കേരളത്തിലുള്ളത് എന്നുള്ളത് ആശങ്കാജനകമാണ്. സമൂഹത്തിന്റെ കീഴ്ത്തട്ടു മുതൽ മുകളിൽ വരെയുള്ള നിരവധി കണ്ണികൾ ഐഎസ് പ്രവർത്തന പദ്ധതികളുമായി ബന്ധപ്പെട്ടിട്ടില്ലെങ്കിൽ ഇന്ന് അവർക്ക് ഇന്ത്യയിൽ സാന്നിധ്യമുറപ്പിക്കാൻ കഴിയുമായിരുന്നില്ല എന്ന് തീർച്ച. അപ്രകാരമല്ല സംഭവിച്ചിരിക്കുന്നതെങ്കിൽ, അവരെ തള്ളിപ്പറയേണ്ടതും അകറ്റി നിർത്തേണ്ടതും ഇവിടെയുള്ള ഇസ്ലാമിക സംഘടനകളും മത നേതൃത്വവുമാണ്. ദൗർഭാഗ്യവശാൽ അതിനു വിപരീതമായ കാഴ്ചകളാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്.

മത മൗലികവാദ രാജ്യദ്രോഹ പ്രവർത്തനങ്ങളെ അനുകൂലിക്കുന്നവരല്ല ഇസ്ലാം മതസ്ഥരായ ഭൂരിപക്ഷം എന്ന യാഥാർഥ്യം അംഗീകരിക്കുമ്പോഴും തീവ്രവാദ പ്രവർത്തനങ്ങൾക്കും അത്തരം ആശയങ്ങൾക്കും കേരളത്തിന്റെ മണ്ണിൽ വേരോട്ടമുണ്ട് എന്ന വസ്തുതയെ തമസ്കരിക്കാൻ പാടുള്ളതല്ല. ഐഎസ് എന്ന തീവ്രവാദ സംഘടനയെ മാത്രം പരാമർശിക്കുന്ന മാതൃഭൂമി മുഖ പ്രസംഗം, ഇപ്പോൾ നടക്കുന്ന സ്വർണ്ണ കള്ളക്കടത്തും തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധമുണ്ട് എന്ന സംശയവും പ്രകടിപ്പിക്കുന്നുണ്ട്. വാസ്തവത്തിൽ, ഇവയെയെല്ലാം പരസ്പരം ബന്ധിപ്പിക്കാവുന്നതാണ് എന്ന ആ ആശയം തന്നെ തീവ്രവാദ സംഘങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മാതൃഭൂമിയുടെ ആശങ്ക വെളിവാക്കുന്നതാണ്. അതുതന്നെയാണ് വാസ്തവവും. ദേശവിരുദ്ധ പ്രവർത്തനങ്ങളെയും, തീവ്രവാദ ശക്തികളെയും തുറന്നുകാണിച്ച് അതിന്റെ പിന്നണിയാളുകളെ സമൂഹത്തിൽ ഒറ്റപ്പെടുത്താനുള്ള ആർജ്ജവം കൂടി മാതൃഭൂമി പ്രകടിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു. ഇത് ഒരുകാരണവശാലും നല്ലവരായ നമ്മുടെ ഇസ്ലാം സഹോദരങ്ങളെ വേദനിപ്പിക്കുകയില്ല; മറിച്ച്, ഇത്തരം ക്രൂരന്മാരുടെ ചെയ്തികളിൽ നിന്നും സ്വാധീനത്തിൽ നിന്നും വിമുക്തരാകാൻ അവരെ സഹായിക്കുകയേ ഉള്ളൂ. സമൂഹത്തിന്റെ പൊതുനന്മ, അതാണല്ലോ മാധ്യമങ്ങൾ ലക്ഷ്യം വയ്ക്കേണ്ടത്.

**കടപ്പാട്: വാട്ട്സാപ്പ്**

# വാർത്തകൾ

## നൈജീരിയയിൽ ഈ വർഷം കൊല്ലപ്പെട്ടത് 620 ക്രൈസ്തവർ

**നൈറോബി:** ആഫ്രിക്കൻ രാജ്യമായ നൈജീരിയയിൽ ഈ വർഷത്തെ ആദ്യത്തെ അഞ്ചു മാസങ്ങളിലായി 620 ക്രൈസ്തവർ കൊല്ല പ്പെടുകയും നൂറുകണ ക്കിനു ദൈവാലയങ്ങളും വീടുകളും തകർക്കപ്പെടുകയും ചെയ്ത തായി ഇന്റർനാഷണൽ സൊസൈറ്റി ഫോർ സിവിൽ ലിബർട്ടീസ് ആൻഡ് റൂൾ ഓഫ് ലോ എന്ന സംഘടന ഒരു റിപ്പോർട്ടിൽ വ്യക്തമാക്കി.

ബോക്കോഹറാം, ഫുലാനി ഐഎസിന്റെ നൈജീരിയൻ ഘടകം എന്നിവ ക്രൈസ്തവർക്കെതിരെയുള്ള അതിക്രമങ്ങൾ വർധിപ്പിച്ചതായി സംഘടനയുടെ റിപ്പോർട്ടിൽ പറയുന്നു. ഫുലാനി എന്ന ഭീകര സംഘടനയാണ് ഇതിൽ ഭൂരിഭാഗം കൊലകളും നടത്തിയത്. സർക്കാർ നിസംഗമായി പെരുമാറുന്നതിന്റെയും വിദേശമാധ്യമങ്ങൾ കണ്ണടയ്ക്കുന്ന തിന്റെയും ഫലമായി അക്രമസംഘങ്ങൾ ശക്തമാവുകയാണ്. 2015 ജൂണിനുശേഷം 12000 ക്രൈസ്തവരാണ് നൈജീരിയയിൽ കൊല്ലപ്പെട്ടത്. ക്രൈസ്തവ മതമർദ്ദനം ഏറ്റവും ഭീകരമായി നടക്കുന്ന ലോകത്തിലെ 12-ാമത്തെ രാജ്യമാണ് നൈജീരിയ എന്ന് ഓപ്പൺ ഡോർസ് 2020-ന്റെ റിപ്പോർട്ടിൽ പറയുന്നു. **(ദീപിക, 9/6/2020)**

## ഇസ്ലാമിക നിയമങ്ങൾ ഉപേക്ഷിച്ച് സുഡാൻ

**ഖാർത്തൂം:** ഇസ്ലാമിക നിയമങ്ങൾ എടുത്തുകളഞ്ഞ് സുഡാൻ ഇസ്ലാം വിശ്വാസം ത്യജിക്കൽ ഇനി വധശിക്ഷ ലഭിക്കാവുന്ന കുറ്റമല്ല. സ്ത്രീകളുടെ ചേലാകർമം നിരോധിച്ചു. സ്ത്രീകൾക്ക് കുട്ടികൾ ക്കൊപ്പം പുറത്തിറങ്ങാൻ രക്ഷാധികാരിയായ പുരുഷന്റെ അനു മതിയും വേണ്ട. മൂന്നു പതിറ്റാണ്ട് ഏകാധിപതിയായിരുന്ന ഓമർ അൽ ബഷീർ ജനാധിപത്യപ്രക്ഷോഭത്തിൽ കഴിഞ്ഞവർഷം പുറത്തായതിനെത്തു ടർന്നുള്ള പരിഷ്കാരങ്ങളുടെ ഭാഗ മാണിത്. ഇപ്പോൾ ഭരണം നടത്തുന്ന സിവിലിയൻ-മിലിട്ടറി സമിതിയാണ് പുതിയ നിയമങ്ങൾ കൊണ്ടുവന്നിരി ക്കുന്നത്. മനുഷ്യാവ കാശങ്ങൾ ലംഘി ക്കുന്ന നിയമങ്ങളെല്ലാം ഉപേക്ഷിക്കുക യാണെന്നു നിയമമന്ത്രി നസ്രിദീൻ അബ്ദുൾബാരി പറഞ്ഞു.

**(ദീപിക, 13/7/2020)**

## മതസ്വാതന്ത്ര്യം: യുഎസ് സമിതിക്ക് വിസ നിഷേധിച്ചു

**ന്യൂഡൽഹി:** മതസ്വതന്ത്ര്യം വിലയിരുത്തുന്ന യുഎസ് സമിതിക്ക് ഇന്ത്യ വിസ നിഷേധിച്ചു. ഇന്ത്യൻ പൗരന്മാരുടെ ഭരണഘടനാ അവകാശങ്ങൾ വില യിരുത്താൻ വിദേശ ഏജൻസികൾക്ക് അധികാരമില്ലെന്നു ചൂണ്ടിക്കാട്ടിയാണ് അപേക്ഷ നിരസിച്ചത്.

2014ൽ നരേന്ദ്ര മോദി അധികാരമേറ്റതിനു ശേഷം മുസ്ലീങ്ങൾക്കെതിരെ അതിക്രമങ്ങൾ വർധിച്ചെന്നും സ്ഥിതി ആശങ്കാജനകമാണെന്നും യു.എസ്. കമ്മീഷൻ ഓൺ ഇന്റർനാഷണൽ റിലീജിയസ് ഫ്രീഡം കഴിഞ്ഞ ഏപ്രിലിൽ റിപ്പോർട്ടു നല്കിയിരുന്നു.

എന്നാൽ യുഎസ് റിപ്പോർട്ട് പക്ഷപാതപരവും മുൻവിധികൾ നിറഞ്ഞതു മാണെന്നു വിദേശകാര്യമന്ത്രി എസ്. ജയശങ്കർ പറഞ്ഞു. **(മലയാള മനോരമ, 12/6/2020)**

## സാമ്പത്തിക പിന്നാക്ക സംവരണം നടപ്പാക്കണം: ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്

**കൊച്ചി:** സാമ്പത്തികമായി പിന്നാക്കവസ്ഥയിലുള്ള സംവരണേതര വിഭാഗങ്ങളിലുള്ളവർക്കു സർക്കാർ ജോലികളിലും വിദ്യാഭ്യാസ പ്രവേശനത്തിലും പത്തു ശതമാനം സംവരണത്തിനുള്ള സർക്കാർ ഉത്തരവ് കാര്യക്ഷമമായി നടപ്പാക്കണമെന്നാവശ്യപ്പെട്ടു സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാർ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യമന്ത്രിക്കു നിവേദനം നല്കി. **(ദീപിക, 4/8/2020)**

## നാന്റസ് കത്തീഡ്രലിൽ തീപിടിത്തം, തീകൊളുത്തിയ തെന്നു സംശയം

**പാരീസ്:** പടിഞ്ഞാറൻ ഫ്രാൻസിലെ (ഫ്രഞ്ച് ഭാഷയിൽ നോന്ത്) നഗരത്തിലെ കത്തോലിക്കാകത്തീഡ്രലിലുണ്ടായ തീപിടിത്തം മനഃപ്പൂർവ മുള്ള കൊള്ളിവയ്ക്കലെന്ന സംശയത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു. വിശുദ്ധ പത്രോസിന്റെയും പൗലോസിന്റെയും നാമധേയത്തിലുള്ള പള്ളിയിൽ രാവിലെയാണു തീപിടുത്ത മുണ്ടായത്. നൂറോളം അഗ്നിശമനസേനാംഗങ്ങൾ മണിക്കൂറുകൾ പരിശ്രമിച്ച് തീയണച്ചു. **(ദീപിക, 19/7/2020)**

## Nearly 6000 converted to Islam in Kerala: TOI Report

**Thiruvananthapuram:** According to an intelligence report submitted to the state police chief seven months ago, and accessed by TOI, two ‘recognized’ religious conversion centers in Kozhikode and Malappuram converted as many as 5,793 people to Islam between 2011 and 2015. Conversions happening in unrecognized centers in the state could be much higher, fear top government officials who, for obvious reasons didn’t want to be named.

The report states that almost half of those who converted to Islam are women, and that the majority of these women, (76%) are below 35 years. Of those converted, 4,719 were Hindus and the remaining 1,074 mostly Christian. The conversions happened at Tharbiyathul Islam Sabha in Kozhikode and Monunsthil Islam Sabha at Ponnani, two traditional religious institutions in the state ‘authorized’ to convert people from other religions to Islam. **(K.P. Saikiran@timesgroup.com)**

## KERALA BISHOPS SEEK ACTION AGAINST TERROR NETWORK

Catholic bishops in Kerala have warned about the increasing influence of international terrorist outfits such as Islamic State in the southern Indian state.

The bishops’ call follows a United Nations report which said there are Islamic State-related terrorists in the southern states of Kerala and Karnataka.

Groups like al-Qaida on the Indian Subcontinent (AQIS) and Islamic State have a “significant” number of members in the two states, said the report of the UN’s analytical support and sanctions monitoring team released on July 25.

The bishops want to create “greater awareness” among people about the terror outfits and their motives to keep their countrymen, “especially the youth, away from the destructive elements.”

Kerala Catholic Bishops’ Council made the call at the end of its five-day monsoon gathering on Aug. 8. The online meeting was attended by 47 bishops from all 29 dioceses in the state. The Covid-19 pandemic restrained physical meeting.

The UN report should become “an eye-opener to officials in Kerala state,” it said. It wanted them “to take appropriate steps to check the growth of such elements from getting rooted.” According to the UN report, a member state said the Indian unit of Islamic State has 180-200 members and “significant numbers” are from Kerala and Karnataka states.

The bishops’ statement said that “people should seriously view the growing influence of terrorism and other divisive forces in society.” The bishops also appealed to the media to play a very active role and not close their eyes towards “this serious problem of terrorism and protecting society.”

**Bishop Alex Vadakumthala** of Kannur said that bishops had taken the “UN report as a warning for all of us to protect our children and the nation.” “Our effort is to ensure peace and harmony in society, and the Islamic terror outfits are a real threat to such efforts,” he told UCA News on Aug. 9. He said the bishops want “everyone including people, media and the government to keep a watch on such elements that are bent upon destroying our peace and harmony.”**(UCA News)**

## അനുഭവങ്ങൾ അനുധ്യാനങ്ങൾ പ്രകാശനം ചെയ്തു



**കൊച്ചി:** കൊച്ചി രൂപതാദ്ധ്യക്ഷനും കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ ചെയർമാനും കേരള ലത്തീൻ സഭാധ്യക്ഷനും കെആർഎൽസിസി പ്രസിഡന്റുമായ ബിഷപ് **ഡോ. ജോസഫ് കരിയിലി**ന്റെ കത്തുകളുടെ പുസ്തകസമാഹാരം **‘അനുഭവങ്ങൾ അനുധ്യാനങ്ങൾ’** പി.ഒ.സി.യിൽ വച്ച് പ്രകാശനം ചെയ്തു. **(19/7/2020)**



# ജാഗ്രതയോടെ സന്ന്യാസിനീ കൂട്ടായ്മ

## വോയ്സ് ഓഫ് നൺസ്

ഈ കാലഘട്ടത്തിൽ സമൂഹമാധ്യമങ്ങളിലും മുഖ്യധാരാമാധ്യമങ്ങളിലും കത്തോലിക്കാസഭയെയും സന്ന്യസ്തരെയും അപകീർത്തിപ്പെടുത്തുകയും അവഹേളിക്കുകയും ചെയ്യുന്നത് ചിലർ പതിവാക്കി മാറ്റിയിരിക്കുന്നു. സഭയെ അവഹേളിക്കുക എന്നുള്ളത് മുഖ്യലക്ഷ്യമായെടുത്ത് മുന്നിട്ടിറങ്ങിയിരിക്കുന്നവരിൽ പ്രധാനികളായി തീവ്ര ഇസ്‌ലാമിക സംഘടനകൾ പോലുമുണ്ട് എന്നുള്ളതാണ് വാസ്തവം. സഭയുടെയും സഭാസംവിധാനങ്ങളുടെയും അനന്തമായ നന്മയെയും ഈ പൊതുസമൂഹത്തിലുള്ള പ്രസക്തിയെയും നിസ്സാരവൽക്കരിക്കാനും തകർക്കാനുമുള്ള ഇത്തരക്കാരുടെ ആസൂത്രിത ശ്രമങ്ങളാണ് സോഷ്യൽ മീഡിയയിൽ നടക്കുന്ന പല ആക്രമണങ്ങൾക്ക് പിന്നിലുമുള്ളത്.

ഏറ്റവും സാധാരണക്കാരും, യുവജനങ്ങളും, പ്രത്യേകിച്ച് അക്രൈസ്തവരായ ബഹുഭൂരിപക്ഷവും ചെറുതും വലുതുമായ നിരവധി തെറ്റിദ്ധാരണകളിൽ അകപ്പെട്ടുപോകുന്ന ഈ സാഹചര്യത്തെ കണ്ടില്ലെന്നു നടിക്കുന്നത് വിവേകശൂന്യതയാണ് എന്ന തിരിച്ചറിവാണ് 'വോയ്സ് ഓഫ് നൺസ്' എന്ന സന്യസ്തരുടെ കൂട്ടായ്മ രൂപീകരിക്കപ്പെടാൻ കാരണമായത്. സന്ന്യസ്തർക്കെതിരെ കരുതിക്കൂട്ടിയുള്ള ദുഷ്പ്രചാരണങ്ങൾ അനുദിനം വർദ്ധിക്കുന്ന സാഹചര്യത്തിലും പതിനായിരക്കണക്കിനായ സന്ന്യസ്തർ നിശബ്ദത പാലിക്കുകയും, അവരുടെ മൗനത്തെ ശത്രുക്കൾ ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്യുന്ന സാഹചര്യമാണ് ഇന്നുള്ളത്. ആ പശ്ചാത്തലത്തിൽ, ഇന്ത്യയിലും മറ്റ് വിവിധ രാജ്യങ്ങളിലും ശുശ്രൂഷ ചെയ്തുവരുന്ന സന്ന്യസ്തർ 'വോയ്സ് ഓഫ് നൺസ്' കൂട്ടായ്മയുടെ ഭാഗമായി നിന്ന് സമൂഹമാധ്യമങ്ങളിലൂടെ പൊതുസമൂഹവുമായി സംവദിക്കുകയും, യഥാർത്ഥ സന്ന്യസ്തർ ആരാണെന്നും അവരുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവരെ ധരിപ്പിക്കുകയും ചെയ്തുവരുന്നു. ഒപ്പം, അതാത് സമയങ്ങളിൽ ഉയരുന്ന വിവാദങ്ങളെക്കുറിച്ച് വിശദമായി അന്വേഷിക്കുകയും വ്യക്തമായ വിശദീകരണങ്ങൾ സമൂഹത്തിന് നല്കുകയും ചെയ്യുന്നുണ്ട്. ഇത്തരം ഇടപെടലുകൾ ഫലപ്രദമാണ് എന്ന് ചുരുങ്ങിയ നാളുകൾക്കുള്ളിൽ വ്യക്തമായിട്ടുണ്ട്. സമൂഹമാധ്യമങ്ങളെ അവഗണിച്ചോ, ഭയന്ന് മാറിനിന്നോ ഈ കാലഘട്ടത്തിൽ സഭ നേരിടുന്ന ഇത്തരം പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ കഴിയില്ല എന്ന തിരിച്ചറിവുകൂടി ഈ ചെറുസമൂഹത്തിന്റെ ആരംഭത്തിന് പിന്നിലുണ്ട്.

സന്ന്യസ്ത സമൂഹങ്ങളുടെ കൂട്ടായ്മയായ കെസിഎംഎസിന്റെയും, കെസിബിസി ഐക്യജാഗ്രതാ കമ്മീഷന്റെയും മേൽനോട്ടത്തിലാണ് 'വോയ്സ് ഓഫ് നൺസി'ന്റെ പ്രവർത്തനങ്ങൾ മുന്നേറുന്നത്.

### ആശംസകൾ




കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെസിബിസി വക്താവ്, പി.ഒ.സി. ഡയറക്ടർ എന്നീ നിലകളിൽ ശുശ്രൂഷ ആരംഭിച്ച ബഹുമാനപ്പെട്ട ജേക്കബ് പാലയ്ക്കാപ്പിള്ളി അച്ചന് **കെസിബിസി ഐക്യജാഗ്രതാകമ്മീഷന്റെ** പ്രാർത്ഥനകളും ആശംസകളും.

### ഹൃദയം തൊട്ട നന്ദി...



കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെസിബിസി വക്താവ്, പി.ഒ.സി. ഡയറക്ടർ എന്നീ നിലകളിൽ ആറു വർഷക്കാലം സുസ്ത്യർഹമായ ശുശ്രൂഷചെയ്ത ബഹുമാനപ്പെട്ട വർഗീസ് വള്ളിക്കാട്ട് അച്ചന് **കെസിബിസി ഐക്യജാഗ്രതാ കമ്മീഷന്റെ** നന്ദിയും കൃതജ്ഞതയും.



“I think of Hagia Sophia, and I am very saddened.”
ചരിത്രവഴിയിൽ കണ്ണീരണിഞ്ഞ് ഹാഗിയ സോഫിയ!
മതരാഷ്ട്രീയത്തിന്റെയും ഏകാധിപത്യത്തിന്റെയും പാതയിൽ,
അത് “തട്ടിവീഴ്ത്തുന്ന കല്ലും ഇടർച്ചയ്ക്കുള്ള പാറയുമായിരിക്കും”
(cf. 1 പത്രോ 2:8).